ധനകാര്യം

2014–2015 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ

ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മി. സ്പീക്കർ: ബഹുമാനപ്പെട്ട പട്ടികജാതി–പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി ശ്രീ. എ. പി. അനിൽ കുമാർ പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV -ാം നമ്പർ ധനാഭ്യർത്ഥനയുടെയും വിനോദസഞ്ചാരം എന്ന XLII -ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവര പട്ടിക യിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 7–ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2014–2015 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

പട്ടികജാതി–പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV -ാം നമ്പർ ധനാഭ്യർത്ഥനയുടെയും വിനോദസഞ്ചാരം എന്ന XLII -ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 7–ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2014-2015 സാമ്പത്തിക വർഷത്തെ ചെലവുകൾ

പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ബഡ്ജറ്റ് എസ്റ്റിമേറ്റ് 2014–2015 | | | | | | |
|---|---|---|---|---|---|---|
| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | 03–02–2014–ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക. | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | ആകെ രൂപ. |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| XXV | പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | 723,44,02,000 | 91,01,06,000 | 1446,88,04,000 | 182,02,12,000 | 1628,90,16,000 |
| XLII | വിനോദസഞ്ചാരം | 49,33,87,000 | 47,14,01,000 | 98,67,74,000 | 94,28,01,000 | 192,95,75,000 |

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV ാം നമ്പർ ധനാഭ്യർത്ഥനയേയും വിനോദസഞ്ചാരം എന്ന XLII ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശകളിന്മേൽ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

## ധനാഭ്യർത്ഥന നമ്പർ – XXV- പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നോക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക **1628,90,16,000** ക.

## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV- ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1628,90,16,000 ക ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള കാർഷിക സഹായം കടലാസുകളിൽ ഒതുങ്ങുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. ദാസൻ: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നോക്ക/ന്യൂന പക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV- ാം നമ്പർ ധനാഭ്യർത്ഥ നയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1628,90,16,000 ക ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പട്ടികജാതി ഹോസ്റ്റലുകളിൽ ഉള്ളതായി പറയപ്പെടുന്ന ദുരവസ്ഥ ചർച്ച ചെയ്യുന്നതിന്)

**ധനാഭ്യർത്ഥന നമ്പർ – XLII – വിനോദസഞ്ചാരം**

**സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക 192,95,75,000 ക.**

**നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ**

ശ്രീ. സി. കെ. സദാശിവൻ : സർ, വിനോദസഞ്ചാരം എന്ന XLII- ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 192,95,75,000 ക ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(വിനോദസഞ്ചാര മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനാവശ്യമായ ഫണ്ട് നീക്കിവയ്ക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്)

ശ്രീ. സാജു പോൾ : സർ, വിനോദസഞ്ചാരം എന്ന XLII- ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 192,95,75,000 ക ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സീപ്ലെയിൻ പദ്ധതിക്കായി സർക്കാർ ഖജനാവിൽനിന്നും കോടികൾ ചെലവഴിച്ചതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

മി. സ്പീക്കർ: ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചിരിക്കുന്നു.

(പൊതു ചർച്ച – ശ്രീ. കെ. രാധാകൃഷ്ണൻ)

<u>ശ്രീ. കെ. രാധാകൃഷ്ണൻ:</u> സർ, ഇവിടെ അവതരിപ്പിച്ച പട്ടികജാതി/ പട്ടികവർഗ്ഗ/മറ്റുപിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം, വിനോദസഞ്ചാരം എന്നീ ഡിമാന്റുകളെ ഞാൻ എതിർക്കുകയാണ്. നമ്മുടെ സമൂഹത്തിലെ ഏറ്റവും അവശത അനുഭവിക്കുന്ന ജനവിഭാഗത്തിന്റെ പ്രശ്ന ങ്ങളാണ് ഇന്നിവിടെ പ്രധാനമായിട്ടും ചർച്ച ചെയ്യപ്പെടുന്നത്. എല്ലാവർക്കും വിശപ്പുള്ള സമയമാണ്. ഭക്ഷണം കഴിയ്ക്കാൻ പിരിയുകയും ചെയ്തു. പട്ടിക ജാതി/പട്ടികവർഗ്ഗ ജനവിഭാഗത്തിന്റെ പ്രശ്നങ്ങളാണ് ഈ ചർച്ചയിൽ ഉയർത്താൻവേണ്ടി ഞാൻ ആഗ്രഹിക്കുന്നത്. പിന്നോക്ക ന്യൂനപക്ഷ ജനവിഭാ ഗത്തിന്റെയും അതുപോലെ വിനോദസഞ്ചാര വകുപ്പിന്റെയുമൊക്കത്തന്നെ കാര്യങ്ങൾ മറ്റ് ബഹുമാനപ്പെട്ട അംഗങ്ങൾ പറയും എന്നാണ് ഞാൻ കരുതു ന്നത്. നമ്മുടെ രാജ്യത്തെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ വലിയ പ്രയാസവും പ്രതിസന്ധിയും അനുഭവിക്കുന്ന ഒരു കാലഘട്ടമാണ്. ദേശീയത ലത്തിൽ തന്നെ ഇത് ചർച്ചയായിക്കൊണ്ടിരിക്കുന്ന സന്ദർഭമാണ്. നമുക്ക റിയാം ദേശീയ സ്വാതന്ത്ര്യസമര കാലഘട്ടത്തിൽ തന്നെ മഹാനായ രാഷ്ട്ര പിതാവ് മഹാത്മജി ഉൾപ്പെടെയുള്ള ആളുകൾ നമ്മുടെ സമൂഹത്തിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന ജനവിഭാഗത്തിന്റെ സാമൂഹ്യമായ വളർച്ചയെ സംബന്ധിച്ച് ചർച്ച ചെയ്യാൻവേണ്ടി തയ്യാറായിരുന്നു. അതിന്റെ എല്ലാം ഭാഗമായിട്ടാണ് നമ്മുടെ ദേശീയ പ്രസ്ഥാനം ഏറ്റവും പ്രധാനപ്പെട്ട മുദ്രാവാക്യമായി ഹരിജനോദ്ധാരണം എന്ന പ്രവൃത്തി ഏറ്റെടുക്കാനൊക്കെ തയ്യാറായത്. 1947 ആയപ്പോൾ നമുക്ക് സ്വാതന്ത്ര്യം ലഭിച്ചു. ആ സ്വാതന്ത്ര്യം ലഭിച്ച് ഏകദേശം 67 വർഷം തികയാൻ വേണ്ടി പോകുകയാണ്. ഈ 67 വർഷം തികയാൻ വേണ്ടി പോകുന്ന സന്ദർഭത്തിൽ ദേശീയ സ്വാതന്ത്ര്യ

സമരത്തിൽ ഉയർത്തിയ മുദ്രാവാക്യം ഇന്നും നമ്മുടെ സമൂഹത്തിൽ ശാശ്വത മാക്കാൻ കഴിഞ്ഞിട്ടില്ല എന്ന് കാണാൻ കഴിയും. 1947-ൽ നാം സ്വാതന്ത്ര്യം നേടുകയും 1950-ൽ നമ്മൾ ഒരു ഭരണഘടന തയ്യാറാക്കുകയും ചെയ്തു. ആ ഭരണഘടന തയ്യാറാക്കുന്നതിൽ നേതൃത്വപരമായ പങ്കു വഹിച്ച മഹാനായ ഡോ. ബി. ആർ. അംബേദ്കർ, നമ്മുടെ ഭരണാഘടനാ ശിൽപ്പി അന്നു പറഞ്ഞത് ഇപ്പോഴും നമ്മുടെ മനസ്സിലുണ്ടാകണം. അദ്ദേഹം പറഞ്ഞത്, നിയമപരവും ഭരണഘടനാ പരവുമായ മാർഗ്ഗങ്ങളിലൂടെ ദളിതരുടെ പ്രശ്ന ങ്ങൾ പരിഹരിക്കാൻ കഴിയുമെന്നാണ്. അതനുസരിച്ചുകൊണ്ടാണ് ഭരണഘട നയിൽ ചില ഉറപ്പുകൾ നൽകാൻ വേണ്ടി അദ്ദേഹം ശ്രമിച്ചത്. നമുക്കറിയാം ഭരണഘടനയിൽ 15(4), 16(4), 46, 253 അനുസരിച്ച് പട്ടികജാതി/പട്ടിക വർഗ്ഗ ജനവിഭാഗത്തിന്റെ അവകാശങ്ങൾ ഉറപ്പാക്കുന്നതിന് നമുക്ക് കഴിയേ ണ്ടതായിരുന്നു. പക്ഷേ സ്വാതന്ത്ര്യം ലഭിച്ച് 67 വർഷം കഴിഞ്ഞിട്ടും ഭരണഘട നാപരമായിട്ടുള്ള അവകാശങ്ങൾ ഈ ജനവിഭാഗത്തിന് നിഷേധിക്കപ്പെടുന്ന അവസ്ഥയാണ് നമ്മുടെ രാജ്യത്തുള്ളത്. പട്ടിജാതിക്കാരുടെയും പട്ടികവർഗ്ഗ ക്കാരുടെയും ഉന്നമനത്തിനായി കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ പല പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. ആയിരക്കണക്കിന് കോടി രൂപ ആവരുടെ ക്ഷേമത്തിനുവേണ്ടി ചിലവഴിച്ചു. എന്നിട്ടും അവർക്ക് എന്ത് നേട്ടങ്ങളുണ്ടായി എന്ന് നാം പരിശോധിക്കേണ്ട അവസ്ഥയാണുള്ളത്. മാറിമാറി വന്ന കേന്ദ്ര ഗവൺമെന്റുകൾ പ്രത്യേക ചില പദ്ധതികളെല്ലാം നടപ്പിലാക്കി.

ഏറ്റവും പ്രധാനപ്പെട്ട പദ്ധതികൾ നടപ്പിലാക്കിയത് ജനതാ ഗവൺമെന്റ് നമ്മുടെ രാജ്യത്ത് അധികാരത്തിൽ വന്നപ്പോഴാണ്. പട്ടികജാതി/പട്ടികവർഗ്ഗ

വിഭാഗത്തിനു വേണ്ടി നടപ്പിലാക്കുന്ന പദ്ധതികൾ കുറേക്കൂടി മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കണമെന്ന കാഴ്ചപ്പാടോടുകൂടിയാണ് എസ്.സി.പി. ടി.എസ്.പി പദ്ധതി അന്ന് നിലവിൽ വന്നത്. ജനസംഖ്യാ ആനുപാതികമായിട്ട് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന്റെ ക്ഷേമത്തിനുവേണ്ടി ഫണ്ട് ഉപയോഗിക്കണമെന്നുള്ളതാണ് അതിന്റെ കാഴ്ചപ്പാട്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന്റെ ക്ഷേമത്തിനു വേണ്ടിയുള്ള ഒട്ടേറെ പദ്ധതികളും, നിയമങ്ങളും കൊണ്ടുവരികയുണ്ടായി. 1985-ലെ പ്രൊട്ടക്ഷൻ ഓഫ് സിവിൽ റൈറ്റ് ആക്ട്. വന്നു. ആ ആക്ട് പോരാ എന്നുകണ്ടതുകൊണ്ടാണ് 1989-ൽ പ്രിവൻഷൻ ഓഫ് അട്രോസിറ്റി ആക്ട് കൊണ്ടുവരാൻ തയ്യാറായത്. അങ്ങനെ പല പദ്ധതികളും, നിയമങ്ങളും വന്നു. ഒരുപാട് കോടികളും ചിലവഴിച്ചു. എന്നിട്ടും അവരുടെ ജീവിതത്തിന് ഒരു മാറ്റവും ഉണ്ടായിട്ടില്ല അത് നാം പരിശോധിക്കപ്പെടേണ്ടതാണ്. ഇൻഡ്യയിൽ കൂടുതൽ ദാരിദ്രം അനുഭവിക്കുന്നവരുടെ കണക്ക് എടുത്ത് നോക്കിയപ്പോൾ അതിൽ ഏറ്റവും കൂടുതൽ പട്ടികജാതിക്കാരാണ്. ലോകത്ത് ആകെ ദാരിദ്രം അനുഭവിക്കുന്ന ആളുകളിൽ മൂന്നിലൊന്ന് ഇൻഡ്യയിൽ എന്നാണ് പറയുന്നത്. അതിൽ ഭൂരിപക്ഷവും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളാണ്. ലോകത്തിൽ ആകെയുള്ള നിരക്ഷരിൽ പകുതിയോളം പേരും ഇൻഡ്യയിലും ആ പകുതിയോളം നിരക്ഷരിൽ ഭൂരിപക്ഷവും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളാണ് എന്നാണ് ദേശീയ സർവ്വേകൾ പറയുന്നത്. പ്രിവൻഷൻ ഓഫ് അട്രോസിറ്റി ആക്ടും അതുപോലെയുള്ള നിയമങ്ങൾ എല്ലാം ഉണ്ടായെങ്കിലും നമ്മുടെ രാജ്യത്ത് നിരന്തരമായ പീഠനത്തിനും, മർദ്ധനത്തിനും എല്ലാം തന്നെ ഈ ജനവിഭാഗങ്ങൾ ഇന്നും വിധേയമായിക്കൊണ്ടിരിക്കുന്നു. നിരന്തരമായ പീഠനങ്ങളുടെ വാർത്ത ഓരോ സംസ്ഥാനത്തുനിന്നും വന്നുകൊണ്ടിരിക്കുകയാണ്. അടിച്ചമർത്തലു

കൾ നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. ഇപ്പോഴും വഴി നടക്കുവാനുള്ള സ്വാതന്ത്ര്യം ഇല്ലാത്ത അവസ്ഥയാണ്. അമ്പലങ്ങളിൽ കയറാനുള്ള സ്വാതന്ത്ര്യമില്ല. ജീവിതം വളരെ ദുരിതപൂർണ്ണമാണ്. ഭൂരിപക്ഷത്തിനും സ്വന്തമായി കേറിക്കിടക്കാൻ ഇടമില്ല, ഭൂമി ഇല്ലാത്ത ആളുകളാണ്, പാർപ്പിട മില്ലാത്തവരാണ്. ദുരിതങ്ങളുടെ പേമാരി ആ ജനവിഭാഗത്തിനു മുകളിൽ പെയ്തുകൊണ്ടിരിക്കുകയാണ്. എന്തുകൊണ്ട് ഇതിനൊക്കെ പരിഹാരം കാണുവാൻ കഴിയുന്നില്ല എന്നത് തീർച്ചയായിട്ടും നമ്മൾ ചിന്തിക്കേണ്ടതാണ്. അവർ അനുഭവിക്കുന്ന പീഠനങ്ങളെക്കുറിച്ചുള്ള വാർത്തകൾ ഓരോ ദിവസവും വന്നുകൊണ്ടിരിക്കുന്നു. നമ്മൾ ആധുനിക യുഗത്തിലാണ് ജീവിക്കുന്നത്. എല്ലാ അർത്ഥത്തിലും പീഠനത്തിന് ഇരയാകുകയാണവർ. ബലാൽസംഗം ചെയ്യുന്നു, കൂട്ടബലാൽസംഗം ചെയ്യുന്നു, കെട്ടിതൂക്കുന്നു, ചുട്ടുകരിക്കുന്നു ആ രീതിയിലുള്ള പീഠനങ്ങളെല്ലാം തന്നെ ഇപ്പോഴും നടന്നു കൊണ്ടിരിക്കുകയാണ്. ആരും ചോദിക്കാനില്ലാത്ത ഒരവസ്ഥ, നമ്മുടെ രാജ്യത്ത് ഉണ്ടാകുകയാണ്. നമ്മുടെ ബഹുമാന്യനായ മുഖ്യമന്ത്രി എപ്പോഴും പറയാറുണ്ട് ‘നിയമം നിയമത്തിന്റെ വഴിക്ക് പോകുമെന്ന്’ രാജ്യത്ത് ഇപ്പോൾ കാണുന്നത് നിയമം നിയമത്തിന്റെ വഴിക്ക് പോകുകയല്ല, അത് ഇവിടെ സമ്പന്നരുടേയും, പ്രമാണിമാരുടേയും താൽപര്യത്തിന് അനുസരിച്ച് പോകു ന്നതാണ് കാണുന്നത്. ഇത് വെറുതെ പറയുന്നതല്ല, ചില കണക്കുകൾ പുറത്ത് വന്നുകൊണ്ടിരിക്കുകയാണ്. രാഷ്ട്രീയമായിട്ട് പറയാൻ വേണ്ടി പറയുന്നതല്ല. ചില സാമൂഹിക സന്നദ്ധസംഘടനകൾ ഇതു സംബന്ധിച്ച് സമഗ്രമായിട്ടുള്ള, സ്വതന്ത്രമായിട്ടുള്ള ഏജൻസികളെല്ലാം തന്നെ പഠനം നടത്തിക്കൊണ്ടിരിക്കുന്നു. നാഷണൽ സാംപിൾ സർവ്വേ ഓഫ് ഇന്ത്യ

നടത്തിയ ഒരു സർവ്വേയിൽ അടുത്ത കാലത്ത് പുറത്തുവന്ന റിപ്പോർട്ടിൽ പറയുന്നത്, പരമ്പരാഗതമായ സാമൂഹിക വിവേചനം നിലനിൽക്കുന്നത് കൊണ്ടാണ് ഈ പാവപ്പെട്ട ആൾക്കാർക്ക് ഉയർന്നുവരുവാൻ കഴിയാത്തത് എന്ന്. ആ വിവേചനം നിലനിൽക്കുന്നത് എന്തുകൊണ്ടാണ്? അത് സാമ്പത്തിക ഘടകങ്ങളെ ആശ്രയിച്ചുകൊണ്ടാണ്. ഈ മഹാഭൂരിപക്ഷം വരുന്ന ഇൻഡ്യയിലെ 25 ശതമാനത്തോളം വരുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ ഇന്നും സമ്പത്തിന് ഉടമകൾ അല്ല. സമ്പത്തും, സ്വത്തും, ഭൂമി യും സ്വന്തമായിട്ട് ഇല്ലാത്ത മഹാഭൂരിപക്ഷമാണ്. അത് ഈ വിഭാഗത്തിനെ വലിയരീതിയിൽ സാമൂഹ്യമായി പിന്നോക്കാവസ്ഥയിൽ തളച്ചു നിർത്തുന്നു. 70 ശതമാനം പേർക്കും സ്വന്തമായി ഭൂമിയില്ലന്നാണ് കണക്കുകൾ പറയുന്നത്. 90 ശതമാനം ആളുകൾക്ക് യാതൊരു തരത്തിലുള്ള സ്വത്തും ഇല്ല. വിദ്യാഭ്യാ സത്തിന്റെ കാര്യത്തിലും വളരെ പുറകോട്ടു പോകുകയാണ്. സ്ത്രീകളുടെ വിദ്യാഭ്യാസമെന്നുപറയുന്നത് വളരെ, വളരെ പുറകിലാണ്. ജാതി വിവേചന വും, അയിത്തവും നിലനിൽക്കുന്നു. സാമ്പത്തിക, സാമൂഹിക, സാംസ്കാരിക രാഷ്ട്രീയ രംഗങ്ങളിൽ കഴിവുണ്ടെങ്കിൽപ്പോലും അവസരം കൊടുക്കുന്നില്ല. അവസരം കിട്ടിയാൽ പോലും ഉയർത്തിയെടുക്കാൻ ശ്രമിക്കുന്നില്ല. ഇതിന് പ്രധാന കാരണം അയിത്തമാണ്. അയിത്തം ഇപ്പോഴും നമ്മുടെ സമൂഹത്തിൽ നിലനിൽക്കുകയാണ്. അയിത്തത്തിനുകാരണം സാമ്പത്തിക വളർച്ചയില്ലായ്മയാണ്. സാമ്പത്തിക വളർച്ച ഈ വിഭാഗത്തിനു നേടാൻ കഴിഞ്ഞെങ്കിൽ മാത്രമേ അയിത്തമുൾപ്പെടെയുള്ള ആ സാമൂഹിക പിന്നോക്കാവസ്ഥയിൽ നിന്നും മുന്നോട്ടു പോകുവാൻ കഴിയുകയുള്ളൂ. ജനസംഖ്യാ വർദ്ധനവിനനുസരിച്ച്, രാജ്യത്ത് ഏകദേശം 133 കോടി ജനങ്ങ ളുണ്ട് എന്നാണ് പറയുന്നത്. ആ ജനസംഖ്യാ വർദ്ധനവിന്

അനുസരിച്ചുകൊണ്ട് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന്റെ ജനസംഖ്യ വർദ്ധിക്കുന്നില്ല എന്നതും കണ്ടെത്തിയിട്ടുണ്ട്. പ്രോജക്ട് ഓൺ അഗ്രേറിയൻ റിലേഷൻ ഇൻ ഇൻഡ്യ എന്നുപറയുന്ന സംഘടന നടത്തിയ സാംപിൾ സ്റ്റഡിയിൽ പറയുന്ന്, പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ വരുമാനം കുറച്ച് വർദ്ധിച്ചിട്ടുണ്ട്. ആ വർദ്ധനവിനനുസരിച്ച് അവരുടെ അസറ്റ് വർദ്ധിക്കുന്നില്ല. ഗ്ലോബലൈസേഷന്റെ ഭാഗമായി വരുമാനം വർദ്ധിച്ചിട്ടുണ്ട്. ആ വരുമാനം വർദ്ധിച്ചുവെങ്കിലും അവർക്ക് അതിനേക്കാൾ ചിലവ് വരികയാണ്. അതുകൊണ്ടാണ് അസറ്റ് വർദ്ധിക്കാത്തത്. വിലക്കയറ്റവുമായി ബന്ധപ്പെട്ട് കിട്ടുന്ന അധികവരുമാനം ചിലവഴിക്കേണ്ടി വരികയാണ്. അപ്പോൾ വർദ്ധിച്ചു വരുന്ന അധികവരുമാനം അസറ്റായി മാറുന്നില്ല എന്ന ഒരു കുറവ് നില നിൽക്കുന്നു. അത് ആഗോളവൽക്കരണത്തിന്റേയും വിലക്കയറ്റത്തിന്റേയു മെല്ലാം ദുരന്തമാണെന്ന് കണ്ടെത്തുകയും ചെയ്തിരിക്കുകയാണ്. ടാറ്റാ ഇൻസ്റ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസ് നടത്തിയ ഒരു പഠനത്തിൽ പറയു ന്നത്, ഒരു വർഷം രണ്ടു ലക്ഷത്തിലധികം ആളുകളാണ് വിവിധതരത്തിലുള്ള അട്രോസിറ്റിക്ക് വിധേയമായിക്കൊണ്ടിരിക്കുന്നത്. എന്നാൽ കേസ്സെടുക്കു ന്നത് വളരെ പരിമിതമായിട്ടാണ്. നാമമാത്രമായ ആളുകളുടെ പേരിൽ മാത്ര മാണ് കേസ്സെടുക്കുന്നത്. അതിൽ ശിക്ഷിക്കപ്പെടുന്നത് അതിനേക്കാൾ വളരെ ക്കുറച്ച് ആളുകളാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരായി അതിക്രമം നടത്തിക്കഴിഞ്ഞാൽ കേസ്സെടുക്കാൻ വകുപ്പുണ്ട്, പക്ഷെ കേസ്സെടുക്കുന്നില്ല. സമ്പന്നരായിട്ടുള്ള ആളുകൾ, പ്രമാണികൾ ആ കേസ്സിൽ നിന്നെല്ലാം രക്ഷപ്പെട്ടുപോകുന്ന ഒരു സ്ഥിതിയാണുള്ളത്. അതുകൊണ്ട് തന്നെയാണ് ഇൻഡ്യയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ വളരെ പ്രയാസപ്പെടുന്ന ഒരു അവസ്ഥയിലേക്ക് പോകുന്നത്. അൺസെക്കുവേർഡ്

ആണെന്നുള്ള വിചാരത്തിലേക്ക് നമ്മുടെ രാജ്യത്തെ ജനവിഭാഗങ്ങൾ മാറിക്കൊണ്ടിരിക്കുന്നു. സ്വാതന്ത്ര്യം കിട്ടി 67 വർഷത്തിനുശേഷവും നമ്മുടെ സ്ഥിതി ഇതാണ്. 1947–ന് ശേഷം നമ്മുടെ രാജ്യം കൂടുതൽ ഭരിച്ചത് ആരാണ്? ചർച്ചചെയ്യപ്പെടേണ്ട ഒരു വിഷയമാണ്, കോൺഗ്രസ്സാണ് ഭരിച്ചത്. ആ കോൺഗ്രസ്സ് ഭരിച്ച രാജ്യത്തിന്റെ സ്ഥിതിയാണിത്. 67 വർഷത്തിൽ കൂടുതലും ഭരിച്ചത് കോൺഗ്രസ്സാണ്. ഒരു കാലഘട്ടത്തിൽ കോൺഗ്രസ്സിന് ഇൻഡ്യയിൽ വലിയ മുന്നേറ്റമുണ്ടായിരുന്നു. ആ മുന്നേറ്റത്തിന്റെ പ്രധാനപ്പെട്ട ഘടകം എന്നു പറയുന്നത്, അവരുടെ പിന്നിൽ അണിനിരന്ന അവശജനവിഭാഗമാണ്. ആ അവശ ജനവിഭാഗങ്ങളുടെ താൽപ്പര്യം സംരക്ഷിക്കപ്പെടാൻ വേണ്ടി അധികാരത്തിൽ എത്തിയശേഷം കോൺഗ്രസ്സിന് കഴിയാതെ പോയതിന്റെ ദുരന്തമാണ് സ്വാതന്ത്ര്യം കിട്ടി 67 വർഷം കഴിയാൻ പോകുമ്പോഴും ഈ ജനവിഭാഗത്തിന്റെ ദുരിതത്തിനുകാരണം എന്ന കാര്യത്തിൽ ഒരു സംശയവുമില്ല. അത് ഇൻഡ്യയിൽ മാത്രമല്ല. വിവിധ സംസ്ഥാനങ്ങളിലും നിലനിന്നിട്ടുണ്ട്. കോൺഗ്രസ്സ് ഒരുപാട് സംസ്ഥാനങ്ങളിൽ സ്ഥിരമായിട്ട് ഭരിച്ചിട്ടുണ്ട്. ആ സംസ്ഥാനങ്ങളിലോക്കെ തന്നെ അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയാതെ പോയി എന്നുള്ളത് തന്നെയാണ് ഏറ്റവും വലിയ ദുരന്തം. ജാതി, ജെന്മി, നാടുവാഴികളുടേയും, സമ്പന്നരുടേയും താൽപ്പര്യം സംരക്ഷിക്കുവാൻ വേണ്ടിയാണ് കോൺഗ്രസ്സ് പ്രാമുഖ്യം കൊടുത്തത് അതുകൊണ്ടാണ് ഈ ദുരന്തം ഉണ്ടായത്.

<u>ശ്രീ. റ്റി.എൻ. പ്രതാപൻ</u>: സർ, ഇൻഡ്യയിൽ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സാണ് ആദിവാസി, ദളിത്, പിന്നോക്കസമുദായങ്ങൾക്ക് അധികാരത്തിലും, അവകാശത്തിലും ഏറ്റവും കൂടുതൽ കൈയ്യൊപ്പുണ്ടാക്കി കൊടു

ത്തത്. ഇൻഡ്യയുടെ രാഷ്ട്രപതിയുടെ സ്ഥാനത്ത് ഒരു പിന്നോക്ക ദളിത് വിഭാഗത്തിൽപ്പെട്ട ഒരാളെ ഉപരാഷ്ട്രപതി സ്ഥാനം മുതൽ കൊണ്ടുവന്ന് ആ സ്ഥാനത്ത് എത്തിച്ചതും ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സാണ്. ഈ കാര്യം അങ്ങയുടെ മനസ്സിൽ വച്ചുകൊണ്ടാണോ അങ്ങ് പറയുന്നത്.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, അതൊന്നും ശ്രദ്ധിക്കാതെയല്ല ഞാൻ പറയുന്നത്. ഒരു രാഷ്ട്രപതി ആ ജനവിഭാഗത്തിൽ നിന്നും ആയി എന്നതു കൊണ്ടുമാത്രം ആ ജനവിഭാഗം രക്ഷപ്പെട്ടില്ല എന്നു പറയാനാണ്. വർത്തമാന കാലഘട്ടത്തിൽ അവരുടെ ദുരിതം മാറിയിട്ടില്ല എന്നു ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു.

ശ്രീ. സി.കെ. നാണു: സർ, ഭരണഘടനക്ക് നേതൃത്വം കൊടുത്തത് ദളിതനായ ഡോക്ടർ. അംബേദ്കർ ആണ്. ദളിതൻമാർ താമസിക്കുന്ന സ്ഥലത്ത് അവരുടെ ഭൂമിയുടെ മുഴുവൻ ഉടമസ്ഥാവകാശം ദളിതർക്കായി രിക്കും എന്ന് ഭരണഘടനാപരമായി വിധിച്ചതാണ്. പട്ടികജാതിക്കാരുടെയും, പട്ടികവർഗ്ഗക്കാരുടെയും ഭൂമി നഷ്ടപ്പെടുന്നതിനെക്കുറിച്ച് പറയുമ്പോൾ നിയമപരമായി ഭൂമി അവരുടെ കൈവശമാണ്. പക്ഷെ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു വിന് പോലും അദ്ദേഹത്തിന്റെ ജീവിതത്തിന്റെ അവസാന കാലഘട്ടത്തിൽ പറഞ്ഞു. നമ്മൾ സ്വാതന്ത്ര്യം സമ്പാദിച്ച് ഓരോ വർഷം കഴിയും തോറും കൃഷിഭൂമി കൃഷിക്കാരന് എന്നുപറഞ്ഞ് അധികാര ത്തിൽ വന്ന കോൺഗ്രസ്സ്, കൃഷി ഭൂമി കൃഷിക്കാരന് കൊടുക്കാൻ കഴി ഞ്ഞില്ല. നെഹ്റു പറഞ്ഞതാണ് ഞാനല്ല പറഞ്ഞത്. അതുകൊണ്ട് ഭരണ ഘടനാപരമായി നമ്മുടെ നാട്ടിൽ ദളിതൻമാരുടെ, പട്ടികവർഗ്ഗക്കാരുടെ അവകാശങ്ങൾ നിഷേധിക്കുന്നതിന്റെ ഫലമായിട്ടാണ് മാവോയിസ്റ്റുകൾ കേരളത്തിലടക്കം വരുന്നത് എന്നുള്ള യാഥാർത്ഥ്യം കാണാതിരിക്കരുത്.

മി.ചെയർമാൻ: ബഹുമാനപ്പെട്ട സ്പീക്കർ തുടക്കത്തിലേ സൂചിപ്പിച്ച കാര്യം ഓർക്കണം.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, അതുതന്നെയാണ് ഞാൻ പറഞ്ഞുവരുന്നത്. ഒരു സെകുവർ അല്ലാ എന്നു പറയുമ്പോൾ തീർച്ചയായിട്ടും മാവോയിസ്റ്റുകൾ അടക്കമുളള ആളുകൾ കൂടെ കൂടാൻ തയ്യാറാകും. നമ്മുടെ ദേശീയ നേതാക്കൾ സ്വപ്നം കണ്ട കാര്യങ്ങൾ സാക്ഷാൽക്കരിക്കുവാൻ കഴിയാതെ പോയ കുറവാണ് ഞാൻ പറഞ്ഞത്. മഹാത്മജിയും, പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവുമെല്ലാം കണ്ട സ്വപ്നം സാക്ഷാൽക്കരിക്കുവാൻ കഴിയാതെ പോയത്, നേരത്തെ ഞാൻ പറഞ്ഞ അധികാരത്തിൽ വന്നപ്പോൾ പാവപ്പെട്ട വരെ മറന്നതു കൊണ്ടാണ്. 1984–ൽ കോൺഗ്രസ്സ് ഇൻഡ്യൻ പാർലമെന്റിൽ വിജയിച്ചത് 404 സീറ്റിലാണ്. എന്റെ പ്രിയപ്പെട്ട കോൺഗ്രസ്സ് സുഹൃത്തുക്കൾ മനസ്സിലാക്കണം, ആ സ്ഥാനത്ത് 404–ലെ ആ നടുക്കത്തെ പൂജ്യം മാറ്റി, ഇപ്പോൾ 44 ലേക്ക് ചുരുങ്ങി. എന്തുകൊണ്ടാണ് 44 ലേക്ക് ചുരുങ്ങിയത്, ഞങ്ങളും ചിന്തിക്കണം. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ബാബു ചിരിക്കുന്നത് കണ്ടപ്പോൾ മനസ്സിലായി, ഞങ്ങളും ചിന്തിക്കണം. 404–ൽ നിന്ന് 44 ആയി ചുരുങ്ങി എന്നകാര്യം വിസ്മരിച്ചു കൂടാ. എന്തുകൊണ്ടാണ് ഗാന്ധി ഘാതകരുടെ ശിഷ്യൻമാർ നമ്മുടെ രാജ്യം ഭരിക്കേണ്ട അവസ്ഥയുണ്ടായി എന്നതും നാം ചിന്തിക്കേണ്ട സമയമാണ്. ഞാൻ വിശദാംശത്തിലേക്ക് കടക്കുന്നില്ല. നമ്മുടെ സമൂഹത്തിലെ പാവപ്പെട്ട ജനവിഭാഗങ്ങളുടെ അവസ്ഥ വളരെ ദയനീയമായി തുടരുകയാണ്. നമ്മുടെ രാജ്യം വൻപിച്ച രീതിയിൽ വളർച്ച നേടി എന്നാണു പറയുന്നത്. ലോകത്തിലേക്ക് കുതിച്ച് ഉയരുക യാണ്, അങ്ങനെ കുതിച്ച് ഉയരുമ്പോഴും ഒരു ജനത സമൂഹത്തിലെ പിന്നാമ്പു

റങ്ങളിലേക്ക് വീണ്ടും, വീണ്ടും ചവിട്ടി താഴ്ത്തുന്നു എന്നുള്ളത് നാം കാണാതെ പോകാൻ പാടില്ല.

ഇപ്പോൾ വേൾഡ് കപ്പ് ഫുട്ബോൾ നടക്കുന്ന സമയമാണല്ലോ; രാവും പകലുമൊക്കെ എല്ലാവരും ഫുട്ബോൾ മത്സരം കാണുകയാണ്. ഇന്ത്യയിലാകെ 133 കോടി ജനതയാണുള്ളത്. ബ്രസീലിൽ വേൾഡ് കപ്പ് ഫുട്ബോൾ നടക്കുമ്പോൾ നമുക്കതിൽ എന്ത് റോളാണുള്ളത്? വെറും കാണികൾ മാത്രമാണ്. ഇന്ത്യയിലെ പാവപ്പെട്ട പട്ടികജാതി – പട്ടികവർഗ്ഗ വിഭാഗങ്ങളുടെ കാര്യവും അതുപോലെതന്നെയാണ്. രാജ്യം വികസിക്കുമ്പോൾ അവർ വെറും കാണികളായി നിൽക്കേണ്ട അവസ്ഥയുണ്ടാകുന്നുവെന്ന് തിരിച്ചറിയേണ്ടതുണ്ട്. ഇന്ത്യയുടെ പൊതുസ്ഥിതി ഇതാണെങ്കിൽ അതിൽ നിന്നും വ്യത്യസ്തമായിട്ടുള്ള സ്ഥിതിയാണ് കേരളത്തിലുണ്ടായത്. കേരളത്തിൽ എങ്ങനെയാണ് ആ വ്യത്യസ്ത സ്ഥിതിയുണ്ടായത് എന്നുള്ളത് എല്ലാവർക്കുമറിയാവുന്നതാണ്. ഒട്ടേറെ സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങളും സാമൂഹ്യ പരിഷ്കർത്താക്കളും കേരളത്തിലുണ്ടായിരുന്നു. അവരെയൊന്നും നാം വിസ്മരിച്ചുകൂടാ. കേരളത്തിന്റെ സാമൂഹ്യ പരിവർത്തനത്തിനുവേണ്ടി മഹാരഥന്മാരായിട്ടുള്ള ഒരുപാട് ആളുകൾ സംഭാവന ചെയ്തിട്ടുണ്ട്. മഹാനായ വൈകുണ്ഠ സ്വാമി, ശ്രീനാരായണ ഗുരു, അയ്യങ്കാളി, ചട്ടമ്പിസ്വാമി, ശിവാനന്ദസ്വാമി, വാഗ്ഭടാനന്ദൻ, സഹോദരൻ അയ്യപ്പൻ, പണ്ഡിറ്റ് കറുപ്പൻ, കുമാര ഗുരുദേവൻ എന്നിവരെല്ലാം സാമൂഹ്യ പരിവർത്തനത്തിനുവേണ്ടി വലിയതോതിൽ പ്രവർത്തിക്കുകയും

സമൂഹത്തിലെ അടിച്ചമർത്തപ്പെട്ട ജനവിഭാഗത്തിന്റെ ഉയർച്ചയ്ക്കുവേണ്ടി ശ്രമിച്ചിട്ടുള്ളവരുമാണ്. അവരെല്ലാം നടത്തിയ പ്രവർത്തനങ്ങൾ മഹത്തരമാണ്. അതിനേക്കാൾ ഉപരിയായി ചരിത്രത്തിലാദ്യമായി ഇന്ത്യയിലെ ഒരു സംസ്ഥാനത്ത് 1957–ലാണ് കമ്മ്യൂണിസ്റ്റുകാർ ബാലറ്റ് പേപ്പറിലൂടെ അധികാരത്തിൽ വരുന്നത്. അങ്ങനെ കമ്മ്യൂണിസ്റ്റുകാർ ബാലറ്റ് പേപ്പറിലൂടെ അധികാരത്തിൽ വന്നതിനുശേഷം നടത്തിയ സാമൂഹ്യ പരിഷ്കരണ നിയമങ്ങളിലൂടെ സമൂഹത്തിലെ അടിച്ചമർത്തപ്പെട്ടവന്റെ ജീവിതം മെച്ചപ്പെടുത്താൻ കഴിഞ്ഞുവെന്ന് സംശയമില്ലാതെ പറയാൻ കഴിയും. കുടികിടപ്പവകാശം കൊടുത്തുകൊണ്ട് ഭൂപരിഷ്കരണ നിയമവും വിദ്യാഭ്യാസ പരിഷ്കാരവും നടപ്പിലാക്കിക്കൊണ്ട് വലിയ തോതിലുള്ള മുന്നേറ്റമുണ്ടാക്കിയെടുക്കാൻ 1957–ലെ ഗവൺമെന്റിന് കഴിഞ്ഞു. 1957–ലെ ഗവൺമെന്റ് കൊണ്ടുവന്ന ഏറ്റവും വലിയ നേട്ടമെന്ന് പറയുന്നത് എന്റേത്/ഞങ്ങളുടേതെന്ന് പറയാൻ ഒരിഞ്ചുഭൂമിപോലും ഇല്ലാത്തവരെ ഭൂമിക്ക് അവകാശികളാക്കി മാറ്റിയ കുടികിടപ്പവകാശ നിയമമാണ്. അതുവരെയും അന്യന്റെ പാടത്തും പറമ്പിലും കഴിയാൻ വിധിക്കപ്പെട്ട എന്റേതെന്നോ ഞങ്ങളുടേതെന്നോ പറയാൻ ഒരിഞ്ചുഭൂമിക്കുപോലും ഇത്തരക്കാർക്ക് അവകാശമില്ലായിരുന്നു. അതുകൊണ്ടാണ് സ്വന്തം അച്ഛനോ അമ്മയോ കുഞ്ഞോ മരിക്കുമ്പോൾ അത് മറവുചെയ്താൽ അത് മാന്തിയെടുക്കുന്ന അവസ്ഥ കേരളത്തിലുണ്ടായെന്ന് ചരിത്രം രേഖപ്പെടുത്തുന്നത്. ഈ അവസ്ഥയ്ക്കൊരു മാറ്റം വരുത്താൻ സാധിച്ചു വെന്നതാണ് 1957–ലെ ഇ.എം.എസ്. ഗവൺമെന്റ് ചെയ്ത ഏറ്റവും മഹത്തായ കാര്യമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. അതുപോലെതന്നെയാണ്

പാവപ്പെട്ടവന്റെ മക്കൾക്ക് പഠിക്കാനുള്ള അവസരമുണ്ടായി. 1937–ൽ മഹാനായ രാഷ്ട്രപിതാവ് മഹാത്മാഗാന്ധി മഹാനായ അയ്യങ്കാളിയെ കണ്ടുമുട്ടിയ സന്ദർഭത്തിൽ നിങ്ങൾക്കെന്താണ് ആവശ്യമെന്ന് ചോദിച്ചപ്പോൾ എന്റെ സമുദായത്തിൽപ്പെട്ട പത്തുപേരെയെങ്കിലും ബി.എ.–ക്കാരായി കണ്ട് കണ്ണടയ്ക്കണമെന്നാണ് എന്റെ ആഗ്രഹമെന്നാണ് അദ്ദേഹം പറഞ്ഞത്. 1943 –ൽ അയ്യങ്കാളി അന്തരിച്ചു. പിന്നീട് അദ്ദേഹത്തിന്റെ ആ സ്വപ്നം കേരളത്തിൽ സാക്ഷാത്കരിച്ചത് എങ്ങനെയാണ്? 1957–ൽ അധികാരത്തിൽവന്ന ഗവൺമെന്റ്, സഖാവ് മുണ്ടശ്ശേരി മാഷിലൂടെ നടപ്പിലാക്കിയ വിദ്യാഭ്യാസ പരിഷ്കരണത്തിലൂടെ കേരളത്തിലെ മുഴുവൻ പാവപ്പെട്ടവന്റെ മക്കൾക്കും പഠിച്ച് ബി.എ.–ക്കാരും, എം.എ.–ക്കാരും ഐ.എ.എസും, ഐ.എഫ്.എസുമൊക്കെ ആകാനുള്ള അവസരമുണ്ടായി. അങ്ങനെ പഠിക്കാനുള്ള സൗകര്യം ചെയ്തുകൊടുത്തു. ഇതൊക്കെ പറയുമ്പോഴും നമ്മൾ ആലോചിക്കേണ്ട മറ്റൊരു കാര്യം, ഇപ്പോഴും ഇന്ത്യയിലെ പകുതിയോളം ആളുകളും പേര് എഴുതാൻ അറിയാത്തവരാണെന്നാണ് പറയുന്നത്. മാത്രമല്ല, അതിൽ ഭൂരിപക്ഷവും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണ്. പക്ഷെ, അതിൽ നിന്നും വ്യത്യസ്തമായി കേരളത്തിലെ പട്ടികജാതി വിഭാഗങ്ങൾക്കും പാവപ്പെട്ട ആളുകൾക്കും വിദ്യാഭ്യാസവും അറിവും നേടാനുള്ള അവസരമുണ്ടായി. അതുകൊണ്ടാണ് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിന് മുന്നോട്ടു പോകാൻ കഴിഞ്ഞതെന്നാണ് എനിക്കിവിടെ സൂചിപ്പിക്കാനുള്ളത്. എന്നാൽ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് നാം നല്ലതുപോലെ ചിന്തിക്കണം. അങ്ങനെ പല കാര്യത്തിലും കേരളം ഇന്ത്യയ്ക്കാകെ മാതൃകയായി. പല രീതിയിലും കേരളം മുന്നേറുകയും ഈ ജനവിഭാഗത്തിന്റെ ജീവിതം മെച്ചപ്പെ

ടുത്താൻ കഴിഞ്ഞിട്ടുമുണ്ട്. പക്ഷെ, വർത്തമാനകാലഘട്ടത്തിൽ കേരളത്തിന്റെ സ്ഥിതിയെന്താണെന്ന് മനസ്സിലാക്കണം. പണ്ട് വിവേചനമുണ്ടായിരുന്നു. ഇന്ന് വിവേചനത്തെക്കാൾ കൂടുതൽ അവരെ എക്സ്ക്ലൂഡ് ചെയ്യുന്ന നിലപാടാണ് സ്വീകരിക്കുന്നത്. ഇക്കാര്യത്തിൽ ശ്രദ്ധിച്ച് മുന്നോട്ടുപോയില്ലെങ്കിൽ ഈ വിഭാഗം വീണ്ടും പഴയ അവസ്ഥയിലേയ്ക്ക് പോകുമെന്ന് ഓർമ്മിപ്പിക്കാൻ ഈ സന്ദർഭം വിനിയോഗിക്കുകയാണ്. ഇവിടെ എമർജിംഗ് കേരള, GIM, വിഷൻ 2030, മിഷൻ 676 തുടങ്ങിയ പല പദ്ധതികളും നടപ്പിലാക്കിയെങ്കിലും ഈ വിഭാഗത്തിന്റെ താൽപ്പര്യം സംരക്ഷിക്കാൻ വേണ്ടി എന്ത് നടപടിയാണ് സ്വീകരിച്ചത്. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ കരട് രേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഞാൻ അത് പരിശോധിച്ചു. അതിൽ ഒറ്റ വാചകം മാത്രമാണ് പട്ടികജാതി ജനവിഭാഗങ്ങളെക്കുറിച്ച് പറയുന്നത്. അവർക്ക് ഭൂമിയും വീടും കൊടുക്കുമെന്നുള്ള വാക്കല്ലാതെ വേറൊന്നും അവരെക്കുറിച്ച് പറയുന്നില്ല. ഈ വർത്തമാന കാലഘട്ടത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ അല്ലെങ്കിൽ പാവപ്പെട്ട ആളുകൾ അനുഭവിക്കുന്ന പ്രയാസങ്ങൾക്ക് ക്രിയാത്മകമായൊരു പരിഹാരം നിർദ്ദേശിക്കാൻ കഴിയുന്നില്ലെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഒരുപാട് കാര്യങ്ങൾ പറയണമെന്നുണ്ടെങ്കിലും സമയക്കുറവ് കാരണം അതിലേയ്ക്കൊന്നും കടക്കുന്നില്ല. ഒരു പ്രധാനപ്പെട്ട കാര്യം സൂചിപ്പിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. എസ്.സി/ എസ്.ടി. വിഭാഗങ്ങൾക്കുവേണ്ടി ഒരുപാട് പദ്ധതികൾ നടപ്പിലാക്കിയിട്ടും അതിന്റെ പ്രയോജനം കിട്ടിയില്ലെന്നുള്ള പരിദേവനം എല്ലാ ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ട്. പക്ഷെ, ഇത്തരം ചെറിയ ആനുകൂല്യങ്ങൾ കൊടുത്തതുകൊണ്ടുമാത്രം അവരെ രക്ഷപ്പെടുത്താൻ

കഴിയില്ല. അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് ഞാനിത് പറയുന്നത്. അതുകൊണ്ട് വ്യക്തിപരമായിട്ടുള്ള ചെറിയ സൗജന്യങ്ങളോ ആനുകൂല്യങ്ങളോ കൊടുത്തതുകൊണ്ട് മാത്രമായില്ല. ഇന്നലെ ഇവിടെ ചർച്ച നടക്കുമ്പോൾ അട്ടപ്പാടിയിൽ അഞ്ച് കോഴികുഞ്ഞുങ്ങളെ കൊടുക്കുന്നുവെന്ന് പറഞ്ഞു. അതിനെ ഞാൻ കളിയാക്കുകയല്ല. കോഴിയെ കൊടുത്തതുകൊണ്ടോ ആടിനെ കൊടുത്തതുകൊണ്ടോ കന്നുകാലിയെ കൊടുത്തതുകൊണ്ടോ വിത്തോ വളമോ കീടനാശിനിയോ സ്പെയറോ ട്രാക്ടറോ ഡ്രില്ലറോ കൊടുത്തതുകൊണ്ട് അവർ രക്ഷപ്പെടാൻ പോകുന്നില്ല. അവസാനം രക്ഷപ്പെടാൻ വേണ്ടി ആനയെയും കൊടുത്തുനോക്കി. എന്നിട്ടും രക്ഷപ്പെട്ടില്ല. അവർക്ക് രക്ഷപ്പെടാനുള്ള പുതിയ മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടതുണ്ട്. ആ പുതിയ മാർഗ്ഗങ്ങൾ കണ്ടെത്തണമെന്നുണ്ടെങ്കിൽ അതിനായി ഒരു മുദ്രാവാക്യം മുന്നോട്ടു വച്ചിട്ടുണ്ട്. നമ്മുടെ ഇന്ത്യയെ മുഴുവൻതന്നെ ശാശ്വതമാക്കണം. പ്രൈവറ്റ് സെക്ടറിൽ അടക്കം റിസർവ്വേഷൻ നിയമംമൂലം നടപ്പിലാക്കാൻ കഴിയണം. പ്രൈവറ്റ് സെക്ടറിൽ റിസർവ്വേഷൻ നിയമംമൂലം നടപ്പിലാക്കാൻ കഴിഞ്ഞെങ്കിൽ മാത്രമേ ഇവർക്ക് തൊഴിൽ രംഗത്തേയ്ക്ക് കടന്നുവരാൻ സാധിക്കുകയുള്ളൂ. ഇതൊക്കെ പറയുമ്പോൾതന്നെ കേരളത്തിൽ നടപ്പിലാക്കിയ പല കാര്യങ്ങളെപ്പറ്റിയും പുനർവിചിന്തനം നടത്തേണ്ടതുണ്ട് എന്നാണ് എനിക്കിവിടെ സൂചിപ്പിക്കാനുള്ളത്. കേരള ഖജനാവിലെ തുക ചെലവഴിക്കുമ്പോൾ അതിന്റെ പത്ത് ശതമാനം പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അർഹതപ്പെട്ടതാണ്. ആ പത്ത് ശതമാനം തുക അവർക്ക് കിട്ടുന്നുണ്ടോ; ഇവിടത്തെ എയ്ഡഡ് സ്ഥാപനങ്ങളിലെ അദ്ധ്യാപകരും അനദ്ധ്യാപകരും

ഉൾപ്പെടെ 1,16,000–ലധികം പേർക്കായി ഖജനാവിൽ നിന്നും ഒരു വർഷം 4000 കോടിയോളം രൂപയാണ് ചെലവഴിക്കുന്നത്. ആ 4000 കോടി രൂപയുടെ പത്ത് ശതമാനമെന്ന് പറഞ്ഞാൽ 400 കോടി രൂപയ്ക്ക് ഈ വിഭാഗക്കാർക്ക് അർഹതയുണ്ട്. എയ്ഡഡ് കോളേജുകളിലെയും സ്കൂളുകളിലെയും അദ്ധ്യാപകരിൽ കേവലം 444 പേർ മാത്രമേ പട്ടികവിഭാഗത്തിൽപ്പെട്ടവരായി ട്ടുള്ളൂവെന്നാണ് മനസ്സിലാക്കേണ്ടത്. പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗക്കാർ രക്ഷപ്പെടുന്നില്ലെന്ന് പറയുമ്പോൾ 1,16,000–ന്റെ പത്ത് ശതമാനമെന്ന് പറഞ്ഞാൽ ഏകദേശം 11,600–ഓളം ആളുകൾക്ക് ജോലി കിട്ടേണ്ടതാണ്. അത് ഒരു കൊല്ലത്തേതല്ല, നിരന്തരമായി. ആ ജോലി കൊടുത്താൽ മാത്രം അവർ രക്ഷപ്പെടുമായിരുന്നു. അതുകൊടുക്കുന്നതിനുപകരം ആടും മാടും കോഴിയും പശുവുമൊക്കെയാണ് കൊടുത്തത്. അക്കാര്യത്തിൽ ഞാൻ ഉൾപ്പെടെയുള്ളവരുടെ ഭാഗത്ത് വീഴ്ചയുണ്ടെന്ന് ഞാൻ സമ്മതിക്കുകയാണ്. അതുമാത്രം പോര, ഈ 1,16,000–ലധികം വരുന്ന ഒഴിവുകളിലേയ്ക്ക് കൃത്യമായി പട്ടികജാതി– പട്ടികവർഗ്ഗ–പിന്നോക്ക ജനവിഭാഗങ്ങൾക്കെല്ലാം തന്നെ റിസർവ്വേഷൻ ആനുകൂല്യമുണ്ട്. ആ റിസർവ്വേഷൻ നേടിക്കൊടുക്കാൻ കഴിയാതെ പോയിട്ടുണ്ട്. അത് കൊടുക്കാൻ കഴിയണം. ഇവിടെ ദേവസ്വം ബോർഡുകളുണ്ട്. ഇപ്പോൾ തിരുവിതാംകൂർ ദേവസ്വം ബോർഡിലെ കോളേജ് അദ്ധ്യാപകരുടെ എണ്ണം 186 എന്നാണ് മനസ്സിലാക്കുന്നത്. അതിൽ ഒരാൾപോലും പട്ടികവിഭാഗത്തിൽപ്പെട്ടവരല്ല. ഇത് കേരളത്തിനാകെ നാണക്കേടല്ലേ. ദേവസ്വം ബോർഡിലെ നിയമനം പി.എസ്.സി.–ക്ക് വിടണമെന്ന് കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് തീരുമാനിച്ചു. പക്ഷെ, ആ നിയമനം പി.എസ്.സി.–ക്ക് വിടാൻ യു.ഡി.എഫ്. ഗവൺമെന്റ്

തയ്യാറായോ; അതിനായി പ്രത്യേക റിക്രൂട്ട്മെന്റ് ബോർഡ് ഉണ്ടാക്കാനാണ് ഈ ഗവൺമെന്റ് തീരുമാനിച്ചത്. ആ റിക്രൂട്ട്മെന്റ് ബോർഡിലും ഈ പാവപ്പെട്ട ആളുകൾക്ക് നിയമനം കിട്ടാൻ പോകുന്നില്ലെന്നുള്ളതാണ് വസ്തുത. ഞാൻ പഠിച്ച കേരള വർമ്മ കോളേജിൽ 89 അദ്ധ്യാപകരാണുള്ളത്. എന്നാൽ അവിടെയും പട്ടികവിഭാഗത്തിൽപ്പെട്ട ഒരാൾ പോലുമില്ലെന്നുള്ളത് ഒരു വസ്തുതയാണ്. ഈ കോളേജ് കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിലാണ്. തിരുവിതാംകൂർ–കൊച്ചിൻ–ഗുരുവായൂർ ദേവസ്വം ബോർഡുകളിലെ നിയമനങ്ങളിൽ ഈ വിഭാഗക്കാർക്ക് ഭ്രഷ്ട് കൽപ്പിച്ച് നിർത്തുകയാണ്. ഗുരുവായൂർ അമ്പലത്തിൽ ബാബു എന്നൊരു കലാകാരന് ഭ്രഷ്ട് കൽപ്പിച്ച് മാറ്റി നിർത്തിയതുപോലെ തന്നെ ഇന്നും ദേവസ്വം ബോർഡുകളിൽ പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗങ്ങളെ ഭ്രഷ്ട് കൽപ്പിച്ച് മാറ്റി നിർത്തിയിരിക്കുകയാണ്. ആധുനിക യുഗത്തിലേയ്ക്ക് കുതിക്കുമ്പോഴും ഇപ്പോഴും നമ്മുടെ സമൂഹത്തിൽ ഭ്രഷ്ടുണ്ട് എന്നുള്ളതിന് ഒരുപാട് ഉദാഹരണങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. ഊർമ്മിളാ ദേവി ടീച്ചറിന്റെ ഭ്രഷ്ട് നമ്മൾ കണ്ടതാണ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കട ക്കുന്നില്ല. വീണ്ടും ഭ്രഷ്ട് കൽപ്പിക്കപ്പെടുന്ന അവസ്ഥയിലേയ്ക്ക് ഈ സമൂഹം മാറിക്കൊണ്ടിരിക്കുന്നു. അതാണ് ഞാൻ പറഞ്ഞത്, നേരത്തെ ഉണ്ടായിരുന്ന എക്സ്പ്ലോയിറ്റേഷനല്ല, ഇപ്പോൾ എക്സ്ക്ലൂഷനാണ് നടക്കുന്നത്. ഇത് മനസ്സിലാക്കിക്കൊണ്ട് ഈ വിഭാഗത്തെ സംരക്ഷിക്കാൻ വേണ്ടിയുള്ള പുതിയ നിലപാടുകൾ സ്വീകരിക്കാൻ ഈ ഗവൺമെന്റ് തയ്യാറാകണം. അങ്ങനെ തയ്യാറാവുകയാണെങ്കിൽ നിലവിലുള്ള മോഡൽ സ്കൂളുകളുടെ സ്ഥിതി മെച്ചപ്പെടുത്തണം. അവിടത്തെ സ്ഥിതി അതീവ

ദയനീയമാണ്. ഹോസ്റ്റലുകളുടെയും ഐ.റ്റി.-കളുടെയും സ്ഥിതി വളരെ മോശമാണ്. വിദ്യാഭ്യാസാനുകൂല്യങ്ങൾ കാലാനുസൃതമായി വർദ്ധിപ്പിച്ചു കൊടുക്കാനും അത് സമയബന്ധിതമായി കൊടുക്കാനും കഴിയണം. പാർപ്പിടനിർമ്മാണം പൂർത്തീകരിക്കാനും പുതിയ തൊഴിലവസരങ്ങൾ ഉണ്ടാക്കിക്കൊടുക്കാനും കഴിയണം. അതുപോലെ കോളനികൾ ഉണ്ടാക്കുകയല്ല വേണ്ടത്, കോളനികളാണ് ഈ ജനവിഭാഗത്തിന്റെ ശാപമെന്ന് മനസ്സിലാക്കിക്കൊണ്ട് പുതിയ കോളനികൾ ഉണ്ടാക്കുന്നതിനു പകരം സ്കാറ്റേർഡ് ഏരിയയിൽ അവർക്ക് നല്ല രീതിയിൽ ജീവിക്കാനുള്ള സൗകര്യമുണ്ടാകണം. ത്രിതല പഞ്ചായത്തുകൾക്ക് കൊടുത്ത അധികാരവും സമ്പത്തുമെല്ലാം പ്രോപ്പറായിട്ടാണോ വിനിയോഗിക്കുന്നതെന്ന് പരിശോധിക്കുവാനുള്ള സംവിധാനമുണ്ടാകണം. പട്ടികജാതി/പട്ടികവർഗ്ഗ ഉദ്യോഗസ്ഥന്മാരുടെ പ്രൊമോഷൻ അടക്കമുള്ള കാര്യങ്ങൾ ശ്രദ്ധിക്കാൻ കഴിയണമെന്ന് സൂചിപ്പിച്ചുകൊണ്ട് ഈ ജനവിഭാഗത്തിന്റെ താൽപ്പര്യം സംരക്ഷിക്കാൻ ക്രിയാത്മകമായിട്ടുള്ള സമീപനം സ്വീകരിക്കാൻ തയ്യാറാകണം. അങ്ങനെ തയ്യാറാകുന്ന കാഴ്ച ഒന്നുംതന്നെ കാണാത്തതു കൊണ്ട് ഈ ഡിമാന്റിനെ ഞാൻ ശക്തിപൂർവ്വം എതിർത്തുകൊണ്ട് എന്റെ ചെറിയ വാക്കുകൾ നിർത്തുന്നു. നന്ദി.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്തുണയ്ക്കുകയാണ്. ബഹുമാനപ്പെട്ട മുൻ മന്ത്രിയും സ്പീക്കറുമായിരുന്ന കെ. രാധാകൃഷ്ണൻ സാമൂഹിക വിവേചനത്തെക്കുറിച്ചും സാമ്പത്തിക പിന്നോക്കാവസ്ഥയെക്കുറിച്ചുമൊക്കെ ഇവിടെ പറയുകയുണ്ടായി. ഞാൻ അദ്ദേഹത്തിന്റെ അഭിപ്രായത്തോട് യോജിക്കുകയാണ്. പക്ഷേ അതിലും

അങ്ങ് രാഷ്ട്രീയം കാണുന്നുവെന്നുള്ളത് വളരെ ദുഃഖകരമായ കാര്യമാണ്. കാരണം, സാമ്പത്തിക പിന്നോക്കാവസ്ഥയും സാമൂഹികമായ വിവേചനവുമെല്ലാം കോൺഗ്രസ്സിന്റെ ഭരണത്താലുണ്ടായതാണെന്ന് അങ്ങയെപ്പോലെയുള്ള ആളുകൾ പറയാൻ പാടില്ലായിരുന്നു. 35½ വർഷക്കാലം പശ്ചിമബംഗാളിൽ നിങ്ങളുടെ ഭരണമായിരുന്നില്ലേ; അന്ന് അവിടത്തെ സ്ഥിതിയെന്തായിരുന്നു? ഇന്ന് കേരളത്തിലേയ്ക്ക് തൊഴിൽ അന്വേഷിച്ച് വരുന്നവരിൽ മഹാഭൂരിപക്ഷവും അവിടത്തെ പട്ടികജാതിക്കാരായ ആളുകളാണ്. എറണാകുളം ജില്ലയിലെ കുന്നത്തുനാട് താലൂക്കിന്റെ ആസ്ഥാനമായ പെരുമ്പാവൂരിൽ ഞായറാഴ്ച ദിവസങ്ങളിൽ നോക്കിയാൽ ആ പ്രദേശങ്ങളിലെല്ലാം ജോലി ചെയ്തുകൊണ്ടിരുന്ന ആയിരക്കണക്കിന് ആളുകളാണ് അവരുടെ മാർക്കറ്റായ പെരുമ്പാവൂരിലേയ്ക്ക് വന്നുകൊണ്ടിരിക്കുന്നത്. നമ്മൾ ഇനിയും ഇതു പോലെയുള്ള രാഷ്ട്രീയ ആരോപണങ്ങൾ ഉന്നയിക്കുന്നതിനുപകരം ഒറ്റക്കെട്ടായിനിന്നുകൊണ്ട് ഈ ജനവിഭാഗത്തെ മോചിപ്പിക്കാനുള്ള ചർച്ചയും സമീപനവുമാണ് ഇനിയുള്ള കാലങ്ങളിൽ എടുക്കേണ്ടത്. ഈ സർക്കാർ അധികാരത്തിൽ വന്നിട്ട് 3 വർഷം പിന്നിട്ടിരിക്കുകയാണ്. ഈ 3 വർഷക്കാല ത്തിനുള്ളിൽ പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക വിഭാഗങ്ങൾക്കായി നിരവധി കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞുവെന്നുള്ള സന്തോഷത്തോടു കൂടിയാണ് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നത്. ഈ കഴിഞ്ഞ 3 വർഷക്കാലം കേരളത്തിലെ അധഃസ്ഥിത ജനവിഭാഗങ്ങൾക്കും അടിച്ചമർത്തപ്പെട്ടവർക്കും കിടപ്പാടമില്ലാതെ പുറമ്പോക്കിലും കടത്തിണ്ണയിലും അന്തിയുറങ്ങിയവർക്കും ചികിത്സിക്കുവാൻ പണമില്ലാത്ത

പാവങ്ങൾക്കുംവേണ്ടി പ്രവർത്തിച്ച സർക്കാരാണ് ഈ സർക്കാർ. ഈ ഗവൺമെന്റ് നടപ്പിലാക്കിയ ധാരാളം പദ്ധതികളിൽ ഏറ്റവും വലിയ നേട്ടങ്ങളിൽ ഒന്ന് 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയാണ്. ഈ പദ്ധതിയിലൂടെയും അല്ലാതെയും 3 വർഷംകൊണ്ട് 1,09,397 പട്ടയങ്ങൾ പാവപ്പെട്ടവർക്ക് കൊടുക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 5 വർഷംകൊണ്ട് 84,606 പട്ടയമാണ് കൊടുത്തത്. ഈ കാര്യങ്ങളൊക്കെ കണക്കുകൾ പരിശോധിച്ചാൽ വ്യക്തമായി മനസ്സിലാക്കാൻ സാധിക്കും. യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് 3 വർഷംകൊണ്ട് 5,668 പട്ടികജാതിയിൽപ്പെട്ടവർക്ക് 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയിലൂടെ ഭൂമി കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രി ശ്രീ. അടൂർ പ്രകാശിന്റെ നേതൃത്വത്തിൽ യുദ്ധകാലാടിസ്ഥാനത്തിലെന്നപോലെ നടത്തിയ പ്രവർത്തനങ്ങൾകൊണ്ടാണ് ഇത്രയുംപേർക്ക് 3 വർഷത്തിനുള്ളിൽ ഭൂമി കൊടുക്കുവാൻ സാധിച്ചത്. ഭൂമി ലഭിച്ചവർക്ക് അടുത്ത നടപടിയായി വീട് കൂടി കൊടുക്കാൻ കഴിഞ്ഞിരുന്നെങ്കിൽ അത് ഈ സർക്കാരിന്റെ ഏറ്റവും വലിയ നേട്ടമായിരിക്കും. അതിന് കഴിയട്ടെ എന്ന് ഞാൻ ആശംസിക്കുകയാണ്. സാധാരണക്കാർക്കും പാവപ്പെട്ടവർക്കും കഷ്ടതയനുഭവിക്കുന്നവർക്കുംവേണ്ടി പ്രവർത്തിച്ച ഒരു ഗവൺമെന്റാണ് ഈ സംസ്ഥാനം ഭരിക്കുന്നത്. 'മിഷൻ 676' കൂടി കഴിയുമ്പോൾ കേരളത്തിലെ സമസ്ത മേഖലകളിലും വലിയ മാറ്റങ്ങളുണ്ടാകുവാൻ പോകുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നയുടൻ നടപ്പാക്കിയ '100 ഇന പരിപാടി'-

യിലൂടെ വളരെയേറെ കാര്യങ്ങൾ 100 ദിവസത്തിനുള്ളിൽ ചെയ്തു തീർക്കുവാൻ കഴിഞ്ഞു. അത് നമ്മളെല്ലാവരും അംഗീകരിക്കുന്ന കാര്യമാണ്. 'മിഷൻ 676'-നെക്കുറിച്ച് പ്രതിപക്ഷ മെമ്പർമാരിൽ പലരും ആക്ഷേപിച്ച് സംസാരിക്കുന്നത് കേൾക്കാൻ കഴിഞ്ഞു. എന്ത് ആക്ഷേപിച്ചാലും 'മിഷൻ 676'-ലൂടെ കേരളത്തിന്റെ വികസന രംഗത്ത് വലിയ മാറ്റങ്ങളുണ്ടാക്കുവാൻ പോകുകയാണ്. വികസന കാര്യത്തിൽ ഇൻഡ്യയ്ക്ക് മാതൃകയാകാൻ കഴിയുന്ന സംസ്ഥാനമായി കേരളം ഇന്ന് മാറിയിരിക്കുകയാണ്. പലരും ഗുജറാത്ത് മോഡലിനെക്കുറിച്ച് പറഞ്ഞ് ഗുജറാത്ത് ഗവൺമെന്റിനെ പെരുപ്പിച്ച് കാണിക്കുന്നുണ്ട്. യഥാർത്ഥത്തിൽ ഗുജറാത്തിൽ എന്ത് വികസനമാണ് നടന്നിരിക്കുന്നത്? ഗുജറാത്തിൽ കുറെ കോർപ്പറേറ്റുകളെ കൊണ്ടുവന്ന്, അവർക്കുവേണ്ട സഹായങ്ങളും സൗകര്യങ്ങളും ചെയ്തു കൊടുത്താൽ അത് വികസനമാകുമോ? ഗുജറാത്തിൽ പാവങ്ങളുടെയും അധഃസ്ഥിതരുടെയും ന്യൂനപക്ഷ വിഭാഗങ്ങളുടെയും സ്ഥിതി ഇന്നും അതിദയനീയമാണ്. വികസനമെന്നാൽ കോർപ്പറേറ്റുകൾക്ക് പച്ചപ്പരവതാനി വിരിക്കലല്ല. മറിച്ച്, സംസ്ഥാനത്തെ ജനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനവും അവരുടെ കാര്യക്ഷമമായ വളർച്ചയുമാണ് വികസനത്തെ കാണിക്കുന്നത്. വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ എന്നിവയൊക്കെ സാധാരണക്കാർക്ക് എത്തിക്കുകയെന്നത് വികസനത്തിന്റെ ഭാഗമാണ്. ഈ കാര്യങ്ങളിലെല്ലാം ഈ ഗവൺമെന്റ് അതിവേഗം മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നു. അതുകൊണ്ടുതന്നെയാണ് ഇന്ന് ഉമ്മൻ ചാണ്ടി സർക്കാരിന് ഇൻഡ്യയിൽ ഒന്നാം സ്ഥാനത്ത് നിൽക്കുവാൻ കഴിയുന്നത്. ഞാൻ

നേരത്തെ പറഞ്ഞ 'ഭൂരഹിത കേരളം' പദ്ധതി ചില സ്ഥലങ്ങളിൽ നടപ്പിലാക്കാൻ ചില ആളുകൾ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. കാരണം, കേരളത്തിൽ ഭൂമിയെന്നുപറയുന്നത് കിട്ടാൻ വളരെയധികം ബുദ്ധിമുട്ടുള്ള ഒന്നാണെന്ന് നമുക്കെല്ലാവർക്കുമറിയാം. റവന്യൂ ഡിപ്പാർട്ടുമെന്റ് തിരുവനന്തപുരം ജില്ലയിലെ വെങ്ങാനൂരിലെ ഒന്നര ഏക്കർ സ്ഥലം 'ഭൂരഹിത കേരളം' പദ്ധതിക്കായി കണ്ടുവച്ചിരിക്കുകയാണ്. നാൽപ്പതോളം കുടുംബങ്ങൾക്ക് താമസിക്കുന്നതിനായി ഈ സ്ഥലം കൊടുക്കുവാൻ കഴിയും. എന്നാൽ പാവങ്ങൾക്ക് ഈ 3 സെന്റ് സ്ഥലം വീതം കൊടുക്കുന്നതിനെതിരായി ഒരു സി.പി.ഐ.(എം) നേതാവും മുൻ എം.എൽ.എ.-യുമായ ഒരാളുടെ നേതൃത്വത്തിലുള്ള സമരം അവിടെ നടന്നുവരികയാണ്. അങ്ങനെ വരുന്നത് ഈ നേതാവടക്കമുള്ള പരിസരവാസികളുടെ സ്വൈരജീവിതത്തിന് തടസ്സംവരുത്തുമെന്നാണ് ഈ സമരക്കാർ ഉന്നയിക്കുന്നത്. ഇ.എം.എസ്.-ഉം എ.കെ.ജി.-യുമൊക്കെ പാവങ്ങളോടൊപ്പം നിന്നിരുന്ന നേതാക്കളായിരുന്നു. സഖാവ് ഇ.എം.എസ്. ഒളിവിൽ താമസിച്ചത് കണ്ണൂരിലെ മാവിലായിലെ ഒരു പട്ടികജാതിക്കാരനായ പൊക്കന്റെ കുടിലിലാണ്. ആ പൊക്കന്റെ ഭാര്യ വിളമ്പിക്കൊടുത്ത കഞ്ഞി കുടിച്ചാണ് അദ്ദേഹം അവിടെ അന്തിയുറങ്ങിയത്. ഇ.എം.എസ്.-ന്റെ ആത്മകഥയിൽ പറയുന്ന കാര്യങ്ങളാണ് ഞാൻ ഇപ്പോൾ ഇവിടെ പറഞ്ഞത്. ഈ ആത്മകഥ, വെങ്ങാനൂരിൽ സമരം നടത്തുന്ന സി.പി.ഐ. (എം) നേതാക്കന്മാരെ ഒന്ന് വായിച്ചുപഠിപ്പിച്ചാൽ നന്നായിരിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്. പട്ടികജാതി വികസന വകുപ്പിന്റെ 3 വർഷക്കാലത്തെ നേട്ടങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് പാലക്കാട്

ആരംഭിക്കുവാൻ പോകുന്ന മെഡിക്കൽ കോളേജാണ്. ഇതുവഴി പാലക്കാട് ജില്ലയുടെ മാത്രം വികസനമല്ല ഉണ്ടാകാൻ പോകുന്നത്. ഓരോ വർഷവും എഴുപതോളം പട്ടികജാതി – പട്ടികവർഗ്ഗത്തിൽപ്പെട്ട കുട്ടികൾക്ക് മെഡിസിന് പഠിക്കുവാനുള്ള അവസരമാണ് ഇതിലൂടെ ലഭിക്കുവാൻ പോകുന്നത്. കഴിഞ്ഞ ദിവസം ഞാൻ ഇവിടെ ഒരു സബ്മിഷൻ ഉന്നയിച്ചപ്പോൾ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിച്ചാൽ ഈ വർഷംതന്നെ എൻട്രൻസ് ലിസ്റ്റിൽപ്പെട്ട കുട്ടികൾക്ക് പ്രവേശനം കൊടുക്കാൻ കഴിയുമെന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെ മറുപടിയിൽ പറയുകയുണ്ടായി. ഞാൻ ഈ സബ്മിഷൻ ഉന്നയിച്ചപ്പോൾ ബഹുമാനപ്പെട്ട മുൻ മന്ത്രി എ. കെ. ബാലൻ ചാടിയെഴുന്നേറ്റ് എന്റെ സബ്മിഷന് തടസ്സമുണ്ടാകുന്ന രീതിയിൽ സംസാരിച്ചു. തെറ്റിദ്ധാരണമൂലമായിരിക്കും അദ്ദേഹം അങ്ങനെ പറഞ്ഞത്. പാലക്കാടിലെ ഒരു മെഡിക്കൽ കോളേജ് എന്നുള്ള വിഷയം മാത്രം എടുത്തുകൊണ്ടല്ല ഞാൻ അന്ന് ആ സബ്മിഷൻ കൊണ്ടുവന്നത്. എൻട്രൻസ് പരീക്ഷയിലൂടെ അർഹത നേടിയ ഏകദേശം ഇരുന്നൂറ്റിയമ്പതോളം പട്ടികജാതി – പട്ടികവർഗ്ഗത്തിൽപ്പെട്ട കുട്ടികൾ ഇപ്പോൾ അഡ്മിഷൻ പ്രതീക്ഷിച്ചിരിക്കുകയാണ്. കേരളത്തിലെ മുഴുവൻ മെഡിക്കൽ കോളേജുകളിലും സ്വാശ്രയ മെഡിക്കൽ കോളേജുകളിലും പട്ടികജാതി – പട്ടികവർഗ്ഗത്തിൽപ്പെട്ട കുട്ടികൾക്ക് തുച്ഛമായ സീറ്റുകൾ മാത്രമേ കിട്ടുന്നുള്ളൂ. ഈ വർഷംതന്നെ 70 കുട്ടികൾക്ക് പ്രവേശനം കിട്ടിയാൽ അത് വലിയൊരു കാര്യമായിരിക്കുമെന്നുള്ള രീതിയിലാണ് ഞാൻ ആ സബ്മിഷൻ ഈ സഭയിൽ ഉന്നയിച്ചത്. പട്ടികജാതിയായാലും പട്ടികവർഗ്ഗമായാലും വിദ്യാഭ്യാസത്തിലൂടെ മാത്രമേ അവർക്ക് വളർന്നുവരാൻ കഴിയൂ. മുൻ

സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണൻ ഇവിടെ പറഞ്ഞതുപോലെ, 'എനിക്ക് 5 ബി.എ.–ക്കാരെയെങ്കിലും കണ്ട് മരിച്ചാൽ മതി'യെന്ന് മഹാനായ അയ്യൻകാളി പറയുകയുണ്ടായി. ആ സന്ദേശം ഉൾക്കൊണ്ടുകൊണ്ടാണ് ബഹുമാനപ്പെട്ട മന്ത്രി ഈ മെഡിക്കൽ കോളേജ് അടക്കം ഈ സംസ്ഥാനത്ത് നടപ്പിലാക്കുവാനായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. അതുപോലെ ഈ ഗവൺമെന്റ് വന്നതിനുശേഷം ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ 'വിഷൻ 2013' തുടങ്ങുവാൻ കഴിഞ്ഞു. പാവപ്പെട്ടവരായ പട്ടികജാതിക്കാരായ വിദ്യാർത്ഥികളാണ് പലപ്പോഴും വിദ്യാഭ്യാസ കാര്യത്തിൽ പിന്നോക്കാവസ്ഥയിലേയ്ക്ക് പോകുന്നത്. എല്ലാ വിഷയങ്ങൾക്കും 'എ–പ്ലസ്' കിട്ടിയാലും എൻട്രൻസ് പരീക്ഷ കഴിയുമ്പോൾ ഈ കുട്ടികൾ പാസ്സാകുന്നില്ല, അവർക്ക് അഡ്മിഷൻ കിട്ടുന്നില്ല. എൻട്രൻസ് കോച്ചിംഗിന് പോകാനുള്ള സാമ്പത്തികമില്ലാത്തതുകൊണ്ടാണ് ഈ മിടുക്കരായ കുട്ടികൾ പലപ്പോഴും പിന്നിലായിപ്പോകുന്നത്. അതുകൊണ്ടു തന്നെ പാവപ്പെട്ടവരായ പട്ടികജാതിക്കാരായ കുട്ടികൾക്ക് എൻട്രൻസ് പരീക്ഷയിൽ കടന്നുവരാനുള്ള അവസരമില്ലാതാകുന്നു. അത് മനസ്സിലാക്കി യാണ് ബഹുമാനപ്പെട്ട മന്ത്രി 'വിഷൻ 2013' എന്ന പദ്ധതിക്ക് തുടക്കം കുറിച്ചിരിക്കുന്നത്. ആ പദ്ധതിപ്രകാരം ഇന്ന് കേരളത്തിലെ 100 കണക്കിന് കുട്ടികൾക്ക് അവർ തെരഞ്ഞെടുക്കുന്ന സ്ഥലത്ത് എൻട്രൻസ് കോച്ചിംഗിന് ചേർന്ന് എൻട്രൻസ് പരീക്ഷയിൽ മുന്നിലേയ്ക്ക് വരാനുള്ള അവസരമൊരു ക്കിയിരിക്കുകയാണ്. എവിടെയാണോ കുട്ടിയും രക്ഷിതാക്കളും തീരുമാനിക്കുന്നത്, അവിടെത്തന്നെ ഫീസ് കൊടുത്ത് പഠിക്കാനുള്ള

സൗകര്യങ്ങളാണ് ഇന്ന് ഡിപ്പാർട്ടുമെന്റ് ചെയ്തുകൊണ്ടിരിക്കുന്നത്. വിദ്യാഭ്യാസ മേഖലയിൽ ഇത്രയധികം നല്ല കാര്യങ്ങൾ ചെയ്ത ഒരു ഗവൺമെന്റ്, പ്രത്യേകിച്ച് പട്ടികജാതി – പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിൽ ഇത്രയധികം നല്ല കാര്യങ്ങൾ ചെയ്ത ഒരു ഗവൺമെന്റ് ഇതിനുമുമ്പ്, ഒരു കാലഘട്ടങ്ങളിലും ഉണ്ടായിട്ടില്ല. ഈ 3 വർഷക്കാലയളവിനുള്ളിൽ 22,717 പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങിക്കൊടുക്കാൻ കഴിഞ്ഞുവെന്നുള്ളത് ഏറ്റവും വലിയ സന്തോഷമുള്ള കാര്യമാണ്. ഭൂമി വാങ്ങുന്നതിനുള്ള സാമ്പത്തിക സഹായം 75,000 രൂപയായിരുന്നത് അങ്ങ് ഒന്നര ലക്ഷം രൂപയാക്കി ഉയർത്തിയിട്ടുണ്ട്. ഇപ്പോഴത്തെ സാഹചര്യത്തിൽ അത് രണ്ടര ലക്ഷം രൂപയെങ്കിലുമാക്കി ഉയർത്തുന്നത് നന്നായിരിക്കുമെന്നാണ് എന്റെ അഭിപ്രായം. അതുപോലെതന്നെ, വീട് വയ്ക്കുന്നതിന് 1 ലക്ഷം രൂപയായിരുന്നു മുമ്പ് കൊടുത്തിരുന്നത്. അങ്ങ് അത് 2 ലക്ഷം രൂപയാക്കി 100 ശതമാനം വർദ്ധനവ് വരുത്തി. പക്ഷേ ഇപ്പോഴത്തെ സാഹചര്യത്തിൽ ഒരു വീട് വയ്ക്കുന്നതിന് കൊടുക്കുന്ന തുക 3 ലക്ഷം രൂപയെങ്കിലുമാക്കി ഉയർത്തുവാനുള്ള നടപടി അങ്ങ് സ്വീകരിക്കണം. അങ്ങ് ഇന്നത്തെ മറുപടി പ്രസംഗത്തിൽ അത് പ്രഖ്യാപിക്കുമെന്ന് പ്രതീക്ഷിക്കുന്നു. 25000 രൂപവരെയായിരുന്ന ചികിത്സാ സഹായം അങ്ങ് 1 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചു. വളരെയധികം പാവങ്ങൾക്ക് അതിന്റെ പ്രയോജനം ലഭിച്ചു കൊണ്ടിരിക്കുകയാണ്. പക്ഷേ അതിൽ വരുമാനപരിധി 24,000 രൂപ എന്നുള്ളത് 50,000 രൂപ ആക്കി ഉയർത്തിയിട്ടുണ്ടെങ്കിലും മുഖ്യമന്ത്രിയുടെ ചികിത്സാ സഹായം കിട്ടുന്നതിനും പട്ടികവർഗ്ഗ വകുപ്പുമന്ത്രിയുടെ ചികിത്സാ

സൗകര്യം കിട്ടുന്നതിനും അത് 1 ലക്ഷം രൂപയാക്കി ഉയർത്തിയിട്ടുണ്ട്. അതു കൊണ്ട് 50,000 രൂപയെന്നുള്ളത് 1 ലക്ഷം രൂപയാക്കി ഉയർത്തുവാനുള്ള നടപടിയെടുക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെടുകയാണ്.

കേരളത്തിലെ പട്ടികജാതി കോളനികളുടെ നവീകരണത്തിനും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും 'സ്വയംപര്യാപ്ത ഗ്രാമങ്ങൾ' എന്ന പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. കുറേ കോളനികൾക്ക് അതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്. പക്ഷേ ഭൂരിപക്ഷം കോളനികളുടെയും സ്ഥിതി വളരെ ദയനീയമാണ്. പട്ടികജാതി സങ്കേതങ്ങളോടും പട്ടികജാതി വർഗ്ഗക്കാരോടും പട്ടികജാതിക്കാരോടും ആത്മബന്ധം സ്ഥാപിച്ച ലീഡർ കെ. കരുണാകരൻ മുഖ്യമന്ത്രിയും പി. കെ. രാഘവൻ മന്ത്രിയുമായിരുന്ന കാലത്ത് റബ്ബർ പ്ലാന്റേഷൻ തുടങ്ങുന്നതിനായി ഓരോ കുടുംബത്തിനും രണ്ട രയേക്കർ സ്ഥലംവീതം 30 വർഷങ്ങൾക്കുമുമ്പ് തിരുവനന്തപുരം ജില്ലയിലെ തോന്നയ്ക്കലിൽ കൊടുക്കുകയുണ്ടായി. 30 വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ച ആ മാതൃകാ കോളനിയിൽ ഇന്ന് അടിസ്ഥാന സൗകര്യങ്ങളുടെ കുറവു കാരണം കോളനി നിവാസികൾ ഏറെ വിഷമിക്കുകയാണ്. ബഹുമാനപ്പെട്ട പാലോട് രവി എം.എൽ.എ. ഇടപെട്ട് ഒരു കോടി രൂപ ആ കോളനിക്കുവേണ്ടി കൊടുത്തുവെങ്കിലും ഇന്നും അവിടെ വളരെയേറെ പ്രശ്നങ്ങൾ നിലനിൽക്കുകയാണ്. കോളനികളുടെ വികസന കാര്യങ്ങൾക്കായി അവിടെ ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. അത് ലീഡർ കെ. കരുണാകരന്റെ കാലത്ത് നിയമിച്ചിട്ടുള്ള ആളാണ്. ഈ സ്പെഷ്യൽ

ഓഫീസറെ മാറ്റുവാൻ പോകുന്നതായി കോളനിനിവാസികൾ എന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഒരു കാരണവശാലും ഈ സ്പെഷ്യൽ ഓഫീസറെ മാറ്റാൻ പാടില്ല. അങ്ങനെയൊരു തീരുമാനമെടുത്തിട്ടുണ്ടെങ്കിൽ അടിയന്തരമായി അങ്ങ് ഇടപെട്ട് പിൻവലിക്കണമെന്ന് വിനയപൂർവ്വം ഞാൻ പറയുകയാണ്. മദ്യത്തിനും ലഹരിക്കുമെതിരായി ഇന്ന് വലിയൊരു ക്യാമ്പയിൻ ആരംഭിച്ചിരിക്കുകയാണ്. സ്കൂളുകളിൽ ലഹരിവിരുദ്ധ ക്യാമ്പയിൻ ഇന്ന് ആരംഭിച്ചിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെല്ലാം ആരംഭിച്ചിട്ടുണ്ട്. നമ്മുടെ നിയമസഭാ കമ്മിറ്റി പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽ പോയപ്പോൾ...... ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന കാലഘട്ടത്തിൽ അവിടെ മദ്യനിരോധനം ഏർപ്പെടുത്തി. ശ്രീ. എൻ. ഷംസുദ്ദീൻ എം.എൽ.എ.-യുടെ നിയോജകമണ്ഡലത്തിൽ മദ്യനിരോധനം ഏർപ്പെടുത്തിയിരിക്കുകയാണ്. നിരോധിച്ചതുകൊണ്ട് അവിടെ മദ്യപാനം കുറഞ്ഞുവെന്ന് അഭിപ്രായപ്പെടുന്നില്ല. തൊട്ടടുത്ത കർണ്ണാടക സ്റ്റേറ്റിൽപ്പോയി ആളുകൾ സാധനം കൊണ്ടുവന്ന് ഉപയോഗിക്കുകയാണ് ഇപ്പോൾ ചെയ്യുന്നത്. അവിടത്തെ പഞ്ചായത്ത് മെമ്പറെയോ ജനപ്രതിനിധിക ളെയോകൂട്ടി മദ്യത്തിനെതിരായി കോളനികളിൽ ക്യമ്പെയിൻ നടത്തി ലഹരിമുക്ത കോളനികളാക്കി മാറ്റിയെങ്കിൽ മാത്രമേ ഈ ജനസമൂഹം രക്ഷപ്പെടുകയുള്ളൂ. അതുകൊണ്ട് അങ്ങ് ഇപ്പോൾ നടത്തുന്ന ക്യാമ്പെയിനിലൂടെ കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ കോളനികളെ ലഹരിമുക്തമാക്കുവാനുള്ള ശ്രമം അങ്ങയുടെ നേതൃത്വത്തിൽ എടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്താങ്ങുന്നു.

ശ്രീ. വി. ശശി: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തിയായി എതിർക്കുകയാണ്. സാമൂഹ്യനീതിക്കുവേണ്ടി നടത്തിയ പോരാട്ടങ്ങളുടെ ചരിത്രം ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിന്റെ ഭാഗമാണ്. ഒന്നും രണ്ടും വട്ടമേശസമ്മേളനങ്ങളിലും രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയും ഭരണഘടനാ ശിൽപിയായ ഡോ. ബി. ആർ. അംബേദ്കറും രണ്ടാം വട്ടമേശസമ്മേളനത്തിൽ ഏറ്റുമുട്ടിയതും ബ്രിട്ടീഷ് സർക്കാർ കമ്മ്യൂണൽ അവാർഡ് പ്രഖ്യാപിച്ചതും അതിനെതിരെ മഹാത്മാ ഗാന്ധി നടത്തിയ സത്യാഗ്രഹവും തുടർന്നുണ്ടായ പൂനാ കരാറും 1935-ലെ ഗവൺമെന്റ് ഓഫ് ഇന്ത്യാ ആക്ടും സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിലേയ്ക്ക് തഴയപ്പെട്ട ജനസമൂഹങ്ങളെ കണ്ടെത്തി അവരുടെ പട്ടികകൾക്ക് രൂപം നൽകിയതും അവർക്ക് രാഷ്ട്രീയ അധികാരവും മറ്റ് സംരക്ഷണവും ഏർപ്പെടുത്തിയതുമെല്ലാം സ്വാതന്ത്ര്യസമ്പാദനത്തിനോടൊപ്പം സാമൂഹ്യനീതിയും ഉറപ്പുവരുത്താൻ നടത്തിയ പോരാട്ടങ്ങളുടെ ഫലമായിട്ടായിരുന്നു. അതാണ് സ്വാതന്ത്ര്യസമ്പാദനത്തിനുശേഷം നിലവിൽവന്ന ഭരണഘടനയുടെ ആർട്ടിക്കിൾ 341-ലും 342-ലും ഉൾക്കൊള്ളിച്ച പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായി ഉൾക്കൊള്ളിച്ച നിരവധി സംരക്ഷണ വകുപ്പുകൾ. അതുപോലെ തന്നെ മറ്റ് പിന്നോക്ക/ദുർബ്ബല വിഭാഗങ്ങൾക്കും മതന്യൂനപക്ഷങ്ങൾക്കും ഭരണഘടന സംരക്ഷണവും ഉറപ്പ് നൽകിയിട്ടുണ്ട്. ചരിത്രപരമായ കാരണങ്ങളാൽ സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിലേയ്ക്ക് തള്ളപ്പെട്ടവരെ പൊതുധാരയിലേയ്ക്ക് കൊണ്ടുവരികയെന്നതാണ് ഭരണഘടന വിഭാവന ചെയ്യുന്നത്. 64 വർഷം പിന്നിട്ടുകഴിഞ്ഞു. ഭരണഘടന വിഭാവന ചെയ്ത ലക്ഷ്യം കൈവരിക്കാൻ ഇനിയും എത്ര നാൾ വേണ്ടിവരും? ഇത് ഇങ്ങനെ

അഭംഗുരം തുടരണമെന്നാണോ ഭരണകൂടം ആഗ്രഹിക്കുന്നത്. 64 വർഷം പിന്നിട്ടിട്ടും പട്ടികവിഭാഗങ്ങളുടെ അവസ്ഥ വിലയിരുത്തിയാൽ അങ്ങനെ ചിന്തിക്കുവാനാണ് നമ്മെ പ്രേരിപ്പിക്കുന്നത്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിന് ഈ രംഗത്ത് വളരെയേറെ മുന്നോട്ടുപോകാൻ കഴിഞ്ഞുവെന്നത് വസ്തുതയാണ്. എന്നാൽ പുതിയ സാഹചര്യത്തിൽ കാര്യങ്ങൾ കീഴ്മേൽ മറിയുന്ന സ്ഥിതിവിശേഷമാണ് ഇന്ന് നാം കാണുന്നത്. പട്ടികജാതി/ പട്ടികവർഗ്ഗ കോളനികളിലും സങ്കേതങ്ങളിലും അധിവസിക്കുന്നവരുടെ ദുരിതങ്ങളും എല്ലാ മേഖലകളിലും ഈ വിഭാഗം തഴയപ്പെടുന്നുവെന്ന വികാരവും ഈ വിഭാഗം ജനങ്ങളിൽ വളർന്നുവരുന്നുവെന്ന വസ്തുത നാം മനസ്സിലാക്കേണ്ടതുണ്ട്. ഇതിന് അടിയന്തരമായ പരിഹാരം കാണാൻ നാം ശ്രമിച്ചേ മതിയാകൂ. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകളാണ് ഈ കാര്യങ്ങൾ വിലയിരുത്തി പരിഹാരം കാണേണ്ടത്. എന്നാൽ കഴിഞ്ഞ മൂന്നു വർഷക്കാലത്തെ പ്രവർത്തനങ്ങൾ വിലയിരുത്തിയാൽ നിരാശയാണ്. ഈ രണ്ട് വകുപ്പുകളുടെയും പ്രവർത്തനങ്ങളെക്കുറിച്ച് ധാരാളം ആക്ഷേപങ്ങൾ പറയുവാനുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗക്കാർ തൊഴിൽ രംഗത്ത് നേരിടുന്ന പ്രശ്നങ്ങൾ വളരെ വിശദമായി ഇവിടെ മുൻ സ്പീക്കർ പ്രസ്താവിച്ചതു കൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. എന്നാലും തൊഴിലവസരങ്ങൾ കിട്ടാതെ അലയുന്ന അഭ്യസ്തവിദ്യരായ പട്ടികജാതിക്കാർ ഇന്ന് നമ്മുടെ സമൂഹത്തിൽ വളരെയേറെയുണ്ട്. പി.എച്ച്.ഡി.-യും പോസ്റ്റ് ഗ്രാജ്വേഷൻ ഡിഗ്രിയുമൊക്ക പാസ്സായിട്ടുള്ള നിരവധി പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ തൊഴിൽരഹിതരായി ഈ രംഗത്തുണ്ട്. ഈ സാഹചര്യം കണക്കിലെടുത്താണ് നമ്മുടെ പട്ടികജാതി/പട്ടികവർഗ്ഗ വികസന

വകുപ്പുകളിൽ നീക്കിവച്ചിട്ടുള്ള ഫണ്ട് വിനിയോഗം എത്രമാത്രം ശാസ്ത്രീയമായിരിക്കണമെന്ന് നാം വിലയിരുത്തേണ്ടത്. വിദഗ്ദ്ധ പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കാൻ കേന്ദ്ര സർക്കാർ നൽകിവരുന്ന പ്രത്യേക കേന്ദ്രസഹായമോ കോർപ്പസ് ഫണ്ടോ വിനിയോഗിക്കാൻ സർക്കാരിന് കഴിയും. ഭീമമായ തുക ഈ വഴിക്ക് ചെലവഴിക്കുന്നുമുണ്ട്. എന്നാൽ ഈ രംഗത്ത് അഴിമതിയും വെട്ടിപ്പും നടക്കുന്നുണ്ടോയെന്ന് സംശയിച്ച് പോകുകയാണ്. അതിന് ഒരു ഉദാഹരണംമാത്രം ഞാൻ ചൂണ്ടിക്കാണിക്കാം. NTTF (Nettur Technical Training Foundation) എന്നൊരു സ്ഥാപനത്തിന് തൊഴിൽ പരിശീലനം നൽകാനായി 2012-13 സാമ്പത്തിക വർഷം 3,22,50,000 രൂപ നൽകി. 2013-14–ൽ 6,46,87,500 രൂപയും നൽകി. പരിശീലനം നൽകുന്നത് NTTF സെന്ററുകളിൽവച്ചാണ്. ബാംഗ്ലൂർ, തൂത്തുകുടി, കോയമ്പത്തൂർ, ഹൈദരാബാദ്, തുങ്കൂർ എന്നിവിടങ്ങളിൽ വച്ചാണെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. രണ്ടുവർഷത്തെ കോഴ്സുകൾക്കാണ് 9.79 കോടി രൂപ നൽകിയത്. 513 പേർക്കാണ് പരിശീലനം നൽകുന്നത്. ആരൊക്കെയാണ് ഈ 513 പേർ? അവരുടെ പേരെങ്കിലും വ്യക്തമാക്കുവാൻ ഡിപ്പാർട്ടുമെന്റിന് കഴിയുന്നില്ലായെന്നുള്ളതാണ് വസ്തുത. ഈ വിഷയവുമായി ബന്ധപ്പെട്ട് ഞാൻ ചോദിച്ച ചോദ്യത്തിന് നൽകിയ മറുപടിയിൽ പറയുന്നത് 513 പേരുടെ പേരുകൾ ശേഖരിച്ചുനൽകാമെന്നാണ്. ഇതിൽനിന്ന് എന്താണ് നാം മനസ്സിലാക്കേണ്ടത്. പട്ടികജാതിയിൽപ്പെട്ട ഈ 513 പേരെ ആരാണ് തെരഞ്ഞെടുത്തത്? ഡിപ്പാർട്ടുമെന്റ് നോക്കുകുത്തി യായിരുന്നു എന്നാണോ നാം മനസ്സിലാക്കേണ്ടത്, സ്ഥാപനം

ഇഷ്ടമുള്ളവർക്ക് പരിശീലനം നൽകുന്നുവെന്നാണോ കരുതേണ്ടത്. ഇതിൽ അഴിമതിയുണ്ടോയെന്ന് സംശയിക്കാൻ ഇത് സാഹചര്യമൊരുക്കുന്നു. 9.79 കോടി രൂപ നൽകി. 513 പേർക്ക് തൊഴിൽ ലഭിക്കുമോ; ഇവരെല്ലാം പട്ടികജാതിക്കാരാണോ? ഈ വിഷയത്തിൽ സമഗ്രമായ ഒരന്വേഷണം ഉണ്ടാകണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയുവാനുള്ളത്. പല തട്ടുകളിൽ ഇതുമായി ബന്ധപ്പെട്ട് അഴിമതിയുണ്ടെന്ന് ധാരാളംപേർ സംശയിക്കുന്നു. മറ്റൊരു കാര്യം, പൂൾഡ് ഫണ്ടിന്റെ വിനിയോഗമാണ്. പൂൾഡ് ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് വിവിധ വകുപ്പുകളും ഏജൻസികളും സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ ജില്ലാ പട്ടികജാതി വികസന ഓഫീസറും ഡയറക്ടറും പരിശോധിച്ച് ആസൂത്രണ ബോർഡിന് ശുപാർശ ചെയ്യുകയാണ് ചെയ്യുന്നത്. ബോർഡ് അംഗീകരിച്ച പദ്ധതികൾ നടപ്പിലാക്കുന്നു. കഴിഞ്ഞ മൂന്നുവർഷമായി 160 കോടി രൂപ ബഡ്ജറ്റിൽ വയ്ക്കുകയും ഇതിൽ 143.94 കോടി രൂപ വിനിയോഗിക്കുകയും ചെയ്തു. ഇത്രയും തുക വിവിധ ഏജൻസികൾക്ക് നൽകിയെങ്കിലും അതിന്റെ നടത്തിപ്പ് ഇതുവരെ വിലയിരുത്തിയിട്ടില്ല. ഇത്രയും തുക ചെലവഴിച്ചതിനെ സംബന്ധിച്ച വിവരങ്ങളൊന്നും വകുപ്പിൽ ഇല്ലായെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ വിഷയത്തെ സംബന്ധിച്ച് ആസൂത്രണ ബോർഡ് നേരിട്ട് അന്വേഷിക്കാൻ തീരുമാനിച്ചുവെന്ന വിവരവും മനസ്സിലാക്കുവാൻ സാധിച്ചിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പിന്റെ ഗുരുതരമായ വീഴ്ചയിലേയ്ക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

സ്വയംപര്യാപ്ത ഗ്രാമത്തെക്കുറിച്ച് ഇവിടെ എന്റെ സ്നേഹിതൻ ശ്രീ. വി.പി. സജീന്ദ്രൻ സൂചിപ്പിച്ചു. 50 മുതൽ 500 കുടുംബങ്ങൾ വരെയുള്ള കോളനികളുടെ സുസ്ഥിര വികസനത്തിനും സ്വയംപര്യാപ്തതയ്ക്കുമായി ഒരു കോടി രൂപ നൽകുന്നു. ഒരു കോടി രൂപയിൽ എത്രമാത്രം തുക ഈ കോളനികളുടെ വികസനത്തിന് കിട്ടുന്നുണ്ടെന്ന കാര്യം ഞാൻ ഇവിടെ വിശദീകരിക്കാനാഗ്രഹിക്കുന്നില്ല. എന്നാൽ കില എന്ന സ്ഥാപനം നടത്തിയ സർവ്വേ പ്രകാരം 25000 പട്ടികജാതി/പട്ടികവർഗ്ഗ സങ്കേതങ്ങൾ കേരളത്തിലുണ്ടെന്നാണ് മനസ്സിലായത്. ഒരു കോളനിക്ക് ഒരു കോടിരൂപ വീതം കൊടുക്കുന്നു. അങ്ങനെ ഒരു വർഷം 100 കോളനികളാണ് എടുത്തിട്ടുള്ളത്. ഈ രീതിയിൽ കണക്കാക്കിയാൽ 25000 പട്ടികജാതി സങ്കേതങ്ങളിൽ 50 കുടുംബങ്ങളിൽ കൂടുതലുള്ള സങ്കേതങ്ങൾ 483 ആണെന്ന് പട്ടികജാതി വികസനവകുപ്പ് പറയുന്നത് ശരിയല്ല. 25000 സങ്കേതങ്ങളിലും 50 കുടുംബങ്ങളോളമുണ്ടെന്നുള്ളതാണ് വസ്തുത. ഈ സ്കീം പ്രകാരം 25000 കുടുംബങ്ങൾക്ക് സമഗ്ര വികസനം ലഭ്യമാക്കണമെങ്കിൽ ഏതാണ്ട് 250 വർഷമെടുക്കുമെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ഇതൊരു ഭാവനാശൂന്യമായ പദ്ധതിയാണ്. ധാരാളം ഫണ്ടുകൾ പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിനുണ്ടെങ്കിലും അത് ഫലപ്രദമായി വിനിയോഗിക്കാൻ വകുപ്പ് ശ്രമിക്കുന്നില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. വകുപ്പിനെ ശക്തിപ്പെടുത്താൻ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നും ഒരു ശ്രമവുമുണ്ടാകുന്നില്ല. കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ പത്ത് ഡയറക്ടർമാർ മാറി മാറി വന്നു. ഇവരെല്ലാം പാർട്ട് ടൈം ആയിട്ടാണ് പട്ടികജാതി വികസന വകുപ്പ് കൈകാര്യം ചെയ്യുന്നത്. ഏറ്റവും പ്രധാനപ്പെട്ട മറ്റ് വകുപ്പുകൂടി കൈവശംവച്ചുകൊണ്ട് മാത്രമേ ഈ വകു

പ്പിന്റെ ഡയറക്ടറായി ആരും കടന്നുവരുന്നുള്ളു. ഇവിടെ ചീഫ് സെക്രട്ടറിയായി വിരമിച്ച ശ്രീ. രാമചന്ദ്രൻ സാറും ശ്രീ. മുരളീധരൻ നായരുമൊക്കെ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫുൾ ടൈം ഡയറക്ടർമാരായി സേവനം അനുഷ്ഠിച്ചിട്ടുള്ളവരാണ്. എന്നാൽ ഇന്നാർക്കും വേണ്ടാത്ത ഒരു വകുപ്പെന്ന നിലയിലാണ് ഇവിടെയുള്ള ഐ.എ.എസ്. ഉദ്യോഗസ്ഥന്മാർ ഈ വകുപ്പിനെ നോക്കിക്കാണുന്നതെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. അതുപോലെ ഐ.റ്റി.സി.കളുടെ അവസ്ഥ ഇവിടെ സൂചിപ്പിച്ചു. നിലവിൽ ഇപ്പോൾ 41 ഐ.റ്റി.സി.-കളാണുള്ളത്. ഇതിൽ 9 ഐ.റ്റി.സി.-കൾ 2011, 2012, 2013 വർഷങ്ങളിൽ മോഡൽ റെസിഡൻഷ്യൽ ഐ.റ്റി.സി.-കളായി നടത്താൻ ഡിപ്പാർട്ടുമെന്റ് തീരുമാനിച്ചു. ഇതിനായി 6.33 കോടി രൂപ ചെലവഴിച്ച് കെട്ടിടങ്ങൾ കെട്ടി നാലു വർഷം കഴിഞ്ഞിട്ടും ഇപ്പോഴും ഒരു ഐ.റ്റി.സി. പോലും റെസിഡൻഷ്യൽ ഐ.റ്റി.സി. ആക്കി മാറ്റാൻ ഗവൺമെന്റ് യാതൊരു നടപടിയുമെടുത്തിട്ടില്ലെന്നുമാത്രമല്ല ഇതിൽ നിർമ്മാണ പ്രവർത്തികൾ പൂർത്തിയാക്കിയ പല കെട്ടിടങ്ങളും മറ്റ് വകുപ്പുകളുടെ ആവശ്യങ്ങൾക്കായി കൊടുത്തിരിക്കുന്നുയെന്നുള്ള വസ്തുതകൂടി മനസ്സിലാക്കേണ്ടതാണ്. പട്ടികവർഗ്ഗ വികസനവുമായി ബന്ധപ്പെട്ട് ആറളം ഫാമിനെ സംബന്ധിച്ച് ചില കാര്യങ്ങൾ ഇവിടെ ചോദിച്ചിരുന്നു. ആറളം ഫാം 3060 ഹെക്ടർ ഭൂമി 42 കോടി രൂപ ടി.എസ്.പി. ഫണ്ടിൽ നിന്ന് വാങ്ങുകയും 1530 ഹെക്ടർ ഭൂമി ആദിവാസികൾക്ക് നൽകുകയും ചെയ്തു. ഇതിൽ 101 ഹെക്ടർ സ്ഥലം തൊടുപുഴയിലെ ഡി. മോഹനനും എറണാകുളത്തെ.......

<u>മി. ചെയർമാൻ</u>: ഇതുകൂടി പറഞ്ഞ് അവസാനിപ്പിക്കൂ. ഇപ്പോൾതന്നെ മൂന്ന് മിനിട്ട് അധികമായി.

ശ്രീ. വി. ശശി: ..........എന്നിവർക്ക് പൈനാപ്പിൾ കൃഷി നടത്താൻ ഇടവിള കൃഷിക്കായി നൽകിയിരിക്കുന്നു, അതിന്റെ വിശദാംശങ്ങൾ ചോദിച്ചിട്ടും വ്യക്തമായ മറുപടി മന്ത്രിയുടെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. എന്താണ് ആറളം ഫാമിൽ നടക്കുന്നതെന്നതിനെ സംബന്ധിച്ച് മന്ത്രി പറയണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. ശ്രീ. പി. എസ്. ശ്രീനിവാസൻ ടൂറിസം വകുപ്പ് മന്ത്രിയായിരുന്നപ്പോൾ ടൂറിസം പ്രൊമോഷൻ കൗൺസിൽ വഴി എസ്.സി.എ ടു എസ്.സി.പി. ഫണ്ട് വിനിയോഗിച്ച് പട്ടികവിഭാഗത്തിൽപ്പെട്ട ധാരാളം പേർക്ക് തൊഴിൽ കൊടുത്തിട്ടുണ്ട്. 22 വർഷംകഴിഞ്ഞു, ഇവർ ഈ രംഗത്താണെങ്കിലും അവർക്ക് വ്യക്തമായ സേവന വേതന വ്യവസ്ഥകളില്ല. ആ കാര്യം ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കണം. അവർക്കനുകൂലമായ തീരുമാനങ്ങൾ ആ വിഷയത്തിലുണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ വീണ്ടും ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ടി. എ. അഹമ്മദ് കബീർ : സർ, ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. മൂന്ന് മന്ത്രിമാരും തങ്ങളുടെ വകുപ്പുകളിൽ ഒരു ആധുനിക ഭാരതീയ സമാജം കെട്ടിപ്പടുക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി നമ്മുടെ സംസ്ഥാനത്ത് വളരെ ശ്രദ്ധാപൂർവ്വമായ നടപടികളുമായാണ് മുന്നോട്ടു പോകുന്നത്. അതുകൊണ്ടുതന്നെ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നതിന് അഭിമാനമേയുള്ളൂ. വളരെ വിശദമായി സംസാരിക്കണമെന്ന് ആഗ്രഹിക്കുന്നില്ല. കേരള സംസ്ഥാനം രൂപീകൃതമായതിനുശേഷം മാറിമാറി വന്ന എല്ലാ സർക്കാരും ഈ രംഗത്ത് ബോധപൂർവ്വമായ ഇടപെടലുകൾ നടത്താൻ

ശ്രമിച്ചിട്ടുണ്ട്. നമ്മുടെ സാമൂഹ്യ പരിഷ്ക്കർത്താക്കൾ നേരത്തെ നടത്തിയ കഠിനാദ്ധ്വാനം, സാധ്യപ്രായത്തിലെത്തിക്കുന്നതിന് ഈ ഭരണസംവിധാന മാണ് സഹായകമായത്. യഥാർത്ഥത്തിൽ ദേശീയ ശരാശരിയുമായി ആലോചിക്കുമ്പോൾ നമ്മുടെ സംസ്ഥാനം എന്തുകൊണ്ടാണ് വേറിട്ട് നിൽക്കുന്നത്? അത് നമ്മുടെ പരിഗണനയ്ക്ക് വരേണ്ട വിഷയമാണ്. ഭാരത ത്തിൽ മുഴുവൻ ഈ വിഭാഗം ആളുകൾ പിന്തള്ളപ്പെടുകയും പാർശ്വവൽക്ക രിക്കപ്പെടുകയും ചെയ്യുമ്പോൾ ഈ സംസ്ഥാനത്ത് ഈ മാറ്റം വന്നതിന്റെ കാരണം ഇവിടെയുണ്ടായ രാഷ്ട്രീയ ധ്രുവീകരണമാണ്. ഈ രാഷ്ട്രീയ ധ്രുവീകരണം ദേശീയതലത്തിൽ കൊണ്ടുവരാതെ ഈ ജനതകൾക്ക് മുന്നോ ട്ടുവരാനാവില്ല. ഇപ്പോൾ എച്ച്.ഡി.ഐ. എടുത്തുപരശോധിച്ചാൽ കേരള ത്തിന്റെ പോയിന്റ് വളരെ ഉയരത്തിലാണ്. ദേശീയ ശരാശരിയുടെ ഏതാണ്ട് നേരെ ഇരട്ടി മുകളിൽ, എങ്ങനെ വന്നു? ദേശീയ ശരാശരിയുടെ 11-ാം സ്ഥാനത്താണ് ഗുജറാത്ത്, നമ്മൾ ഒന്നാം സ്ഥാനത്താണ്. ബംഗാൾ 13-ാം സ്ഥാനത്താണ്. ദേശീയ ശരാശരിക്ക് താഴെ ഈ പട്ടികജാതിക്കാരും പട്ടിക വർഗ്ഗക്കാരും ന്യൂനപക്ഷങ്ങളും തിങ്ങിപ്പാർക്കുന്ന മറ്റു സംസ്ഥാനങ്ങളായ യു.പി.യും ബീഹാറും ദേശീയ ശരാശരിയുടെ താഴെ വന്നുനിൽക്കുകയാണ്. എന്നാൽ ഇന്ന് യു.എൻ.ഡി.പി.-യുടെ ഏറ്റവും പുതിയ പഠനങ്ങൾ പുറത്തുവ ന്നപ്പോൾ നമ്മൾ മനസ്സിലാക്കേണ്ട ഒരു യാഥാർത്ഥ്യം, inequality adjusted HDI എന്ന കൺസെപ്റ്റാണ്. 169 രാഷ്ട്രങ്ങളിൽ നമ്മുടെ രാജ്യം 119-ാമത്തെ സ്ഥാനത്താണ്. എന്നാൽ ഈ inequality minus ചെയ്താൽ നമ്മുടെ സ്റ്റാറ്റസ് പിന്നെയും താഴെപ്പോകും. അതാണ് ഞാൻ പറഞ്ഞത് കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ കണ്ണുതുറക്കേണ്ടവർ കണ്ണു തുറന്നില്ല. ഇവിടെ

രണ്ടു പ്രത്യയശാസ്ത്രങ്ങൾ തമ്മിലുള്ള ഏറ്റുമുട്ടലുണ്ടെന്ന് കാണേണ്ടവർ കണ്ടില്ല. ഇവിടെ എന്താണ് സംഭവിച്ചതെന്ന് ഈ ചർച്ച നടക്കുമ്പോൾ പരിശോധിക്കാൻ നമ്മളെല്ലാവരും ബാധ്യസ്ഥരാണ്. ഈ സഭ ആ വികാരം ഉൾക്കൊള്ളുമെന്നാണ് എന്റെ വിശ്വാസം. മഹാത്മാ ഫുലെക്ക് കേരളത്തിൽ ഒരു സ്മാരകമുണ്ടാക്കാൻ വകുപ്പുമന്ത്രി മുന്നോട്ടുവരണമെന്നതാണ് എന്റെ അഭിപ്രായം. മഹാനായ ഫുലെയുടെ ഒരു ഉദ്ധരണിയുണ്ട്. ഇഷാറ എന്നു പറയുന്ന ഒരു ഗ്രന്ഥത്തിൽ അദ്ദേഹം പറഞ്ഞത് ഒരു വിളവെടുപ്പ് കാലത്ത് വിളവ് ഉല്പന്നങ്ങൾ, ഈ പ്രമാണി വർഗ്ഗത്തിനെത്തിക്കാൻ കാലതാമസം വന്നാൽ കർഷക തൊഴിലാളിയായ ആ പട്ടികജാതിക്കാരനെ നട്ടുച്ചനേരത്ത് നഗ്നപാദനായി കുനിച്ചു നിർത്തും. എന്നിട്ട് അദ്ദേഹത്തിന്റെ മുകളിൽ ഒരു വലിയ കല്ല് കയറ്റും അതിന്റെ മുകളിൽ അദ്ദേഹത്തിന്റെ പത്നിയെ ഇരുത്തും. എന്നിട്ട് വറ്റൽമുളകിന്റെ അവശിഷ്ടങ്ങൾ ഇവരുടെ മുന്നിൽ കൂട്ടിയിട്ട് കത്തിക്കും. മഹാനായ ഫുലെ 1883-ൽ ഹണ്ടർ വിദ്യാഭ്യാസ കമ്മീഷനുമുന്നിൽ ഒരു മെമ്മോറിയം നൽകിയിരുന്നു. മഹാനായ ഫുലെ ഈ കഥകളെല്ലാം ഇൻഡ്യയോട് വിളിച്ചു പറഞ്ഞിട്ടുണ്ട്. യഥാർത്ഥത്തിൽ ഈയൊരു രാഷ്ട്രീയ ധ്രുവീകരണം ദേശീയ തലത്തിൽ കൊണ്ടുവരുന്നതിൽ ആരാണ് പരാജയപ്പെട്ടതെന്ന് പ്രിയപ്പെട്ട പ്രതിപക്ഷ ബെഞ്ചിലെ ഉല്പന്നവദിത്വമുള്ള ബഹുമാന്യരായ അംഗങ്ങൾ ആലോചിക്കേണ്ടതാണ്. രണദിവെയുടെ സിദ്ധാന്തം, എം.എൻ. റോയ് നൽകിയ മുന്നറിയിപ്പ് നമ്മൾ പാലിക്കാൻ മുന്നോട്ടു വന്നില്ല. സോഷ്യലിസ്റ്റുകളുമായി, പ്രത്യേകിച്ച് ലോഹ്യ അടക്കമുള്ള ആളുകളുമായി സഹകരിക്കാൻ നമ്മൾ തയ്യാറായില്ല. 1977-ലെ അടിയന്തരാവസ്ഥയെ അനുകൂലിക്കുന്ന ഒരാളല്ല ഇവിടെ നിൽക്കുന്നത്. എന്നാൽ

സമ്പൂർണ്ണ വിപ്ലവത്തിന്റെ മറവിൽ അന്നത്തെ ഭാരതീയ ജനസംഘ്-ന് മുൻകൈയുള്ള ഒരു സർക്കാർ വരുന്നതിന് ഇടവച്ചത് ആരെന്ന് നമ്മൾ ആലോചിക്കണം.

പ്രധാനമന്ത്രി സ്ഥാനത്തേയ്ക്ക് ജ്യോതി ബാസുവിന് അവസരം കിട്ടിയപ്പോൾ നിങ്ങളെടുത്ത തീരുമാനം ആലോചിക്കേണ്ട വിഷയമാണ്. അതുപോലെ ആണവ കരാറിന്റെ പേരിൽ നിങ്ങൾ കോൺഗ്രസ്സുമായുള്ള ബന്ധം വിച്ഛേദിച്ചു. എനിക്കന്ന് വലിയൊരു തെറ്റിദ്ധാരണയുണ്ടായി. ആണവ കരാറിന്റെ പേരിൽ സി.പി.ഐ(എം)- ഉം കോൺഗ്രസ്സും ഒത്തുകളിക്കുന്നു എന്നാണ് ഞാൻ വിചാരിച്ചത്. എന്നിട്ട് തെരഞ്ഞെടുപ്പ് വേഗം പ്രഖ്യാപിക്കുക, ബംഗാളും കേരളവും സി.പി.ഐ(എം)- ന് കിട്ടുകയും ഇന്ത്യയിലെ ബാക്കി സംസ്ഥാനങ്ങൾ കോൺഗ്രസ്സിനും ലഭിക്കുമെന്നൊരു തെറ്റിദ്ധാരണ എനിക്കുണ്ടായി. യഥാർത്ഥത്തിൽ, ഇന്ത്യയിൽ ഒരു രാഷ്ട്രീയ ബദൽ കൊണ്ടുവരുന്നതിന് നിങ്ങളുടെ ഏതെങ്കിലുമൊരു തീരുമാനം സഹായകമായോ; ഈ ലോക്സഭാ തെരഞ്ഞെടുപ്പിൽ ഗോൾകീപ്പറില്ലാത്ത ഗോൾമുഖത്തേയ്ക്ക് ശ്രീ. നരേന്ദ്ര മോദി ഗോൾ അടിക്കുക മാത്രമാണ് ചെയ്തത്. 31 ശതമാനം ആളുകൾ മാത്രമാണ് നരേന്ദ്ര മോദിയുടെ കൂടെയുള്ളത്. ബാക്കി 69 ശതമാനമാളുകളും മോദിയുടെ നയങ്ങൾക്കെതിരാണ്. നെഹ്റൂവിയൻ രാഷ്ട്രീയത്തിന്റെകൂടെ നിൽക്കേണ്ട ഒരു ജനത എന്തുകൊണ്ട് നെഹ്റൂവിയൻ രാഷ്ട്രീയം ഇന്ത്യയിൽ പുനരവതരിപ്പിക്കാൻ പരിശ്രമിച്ചില്ലായെന്ന് ആത്മപരിശോധന നടത്തേണ്ട സമയമാണിതെന്നാണ് വിനയപുരസ്സരം എനിക്കിവിടെ പറയാനുള്ളത്. ഇവിടെ എന്താണ് സംഭവിച്ചത്; ഈ 69 ആളുകൾ 35 ഉം 34-

ഉം ആയി നിന്നിരുന്നെങ്കിൽ മുപ്പത്തിയൊന്നുകാരൻ മൂന്നാം സ്ഥാനത്തേക്ക് പോകുമായിരുന്നു. ആർക്കാണ് ഉത്തരവാദിത്തം; തെരഞ്ഞെടുപ്പ് കഴിഞ്ഞശേഷം, ഞങ്ങൾ അങ്ങനെ വിചാരിച്ചില്ല, തോൽക്കുമെന്നറിയാം പക്ഷേ ഇങ്ങനെയൊരു തോൽവി ഉണ്ടാകുമെന്ന് പ്രതീക്ഷിച്ചില്ല എന്നൊക്കെ വമ്പത്തരം പറയുന്നതല്ല രാഷ്ട്രീയ വൈഭവം. മറിച്ച് ഈ രാഷ്ട്രത്തെ മുന്നോട്ടു കൊണ്ടുപോകാൻ കഴിയുന്ന ധൈഷണികമായ, സൈദ്ധാന്തികമായ അടിത്തറയിൽ ഉറച്ചുനിന്നുകൊണ്ട് ഒരു രാഷ്ട്രീയ ധ്രുവീകരണത്തിന് നേതൃത്വം കൊടുക്കാതിരുന്നതുകൊണ്ടാണ് യഥാർത്ഥത്തിൽ ഇങ്ങനെ സംഭവിച്ചത്. ഞാൻ ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഒരു പഠനം ശ്രദ്ധിച്ചു, സത്യം പറഞ്ഞാൽ ഞെട്ടലോടുകൂടിയല്ലാതെ നമുക്കത് കാണാൻ കഴിയില്ല. ഗുജറാത്തിലെ സൗരാഷ്ട്രയിൽ 2000 കുടുംബങ്ങളിന്നും മനുഷ്യന്റെ മദ്യം തലയിലേറ്റി നടക്കുന്നു. അതിൽ 700 കുടുംബങ്ങൾ നിർബന്ധിക്കപ്പെടുന്നു എന്നാണ് ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് പറയുന്നത്. ഇന്ത്യയുടെ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി അതിനെക്കുറിച്ച് നൽകിയ പ്രസ്താവന ഈ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പഠന റിപ്പോർട്ടിൽ പുറത്തുവന്നിട്ടുണ്ട്. ശ്രീ. നരേന്ദ്ര മോദി പറഞ്ഞത്, 'പരിസരം ശുചിയാക്കുന്നത് നിങ്ങളുടെ മോറൽ ഡ്യൂട്ടിയാണ് എന്നാണ്'. കേരളത്തിൽ നമ്മളത് അവസാനിപ്പിച്ചു; നമ്മുടെ മലം നമ്മുടെ സഹോദരന്മാർ തലയിലേറ്റി നടക്കുന്ന ഈ ഗതികേട് ഗുജറാത്തിലെ സൗരാഷ്ട്രയിൽ ഇപ്പോഴും തുടരുന്ന ഈ കാലഘട്ടത്തിൽ, ഈ രാഷ്ട്രീയ ധ്രുവീകരണത്തിന് തടസ്സം നിന്നവർ ആരാണെന്ന് നമ്മളൊരു നിമിഷം ആലോചിക്കണം; ഈ പ്രാസ്ഥാനികമായ ദുശ്ശാഠ്യങ്ങൾക്കപ്പുറം ഇന്ത്യാ രാജ്യത്ത് ഒരു രാഷ്ട്രീയ ധ്രുവീകരണം കൊണ്ടുവന്നിരുന്നുവെങ്കിൽ ഈ 31 ശതമാനമാളുകൾ ഒരിക്കലും അധികാരത്തിൽ

വരുമായിരുന്നില്ല. ഇന്ത്യയിൽ രണ്ട് വലിയ സംഭവങ്ങൾ നടന്നു– ഒന്ന് അടിയന്തരാവസ്ഥ; രണ്ട്, ബാബ്റി മസ്ജിദിന്റെ പതനം– ഇതുരണ്ടും ഈ ദുഷ്ട ശക്തികൾക്ക് വളർന്നുവരാൻ സഹായകമായി. ഇനി ഇന്നലെകളെക്കുറിച്ച് പറയുന്നതിൽ അർത്ഥമില്ലല്ലോ. നമുക്ക് വേണ്ടത് ഇന്ന് നടക്കുന്ന ചർച്ച, നെഹ്റു മരിച്ച് 50 വർഷം കഴിഞ്ഞപ്പോൾ സഭയിൽ കേവല ഭൂരിപക്ഷമുള്ള ബി.ജെ.പി. ഗവൺമെന്റ് അധികാരത്തിൽ വന്നു. ഞാൻ ബി.ജെ.പി– ബി.ജെ.പി ഇതര കക്ഷികൾ എന്നുള്ള നിലയ്ക്കല്ല ഈ വിഷയത്തെ കാണുന്നത്. മറിച്ച് ഒരു തീവ്ര വലതുപക്ഷം ഇന്ത്യയിൽ പിടിമുറുക്കാൻ നടത്തിയ ശ്രമത്തിന്റെ കാരണമെന്താണെന്നറിയുമോ; യു.പി.എ സർക്കാർ ഡിസ്ട്രിബ്യൂഷൻ ഡയമെൻഷൻ വർദ്ധിപ്പിച്ചു. പട്ടികജാതിക്കാരിൽ, ഒ.ബി.സി. ഗ്രൂപ്പുകളിൽ, ന്യൂനപക്ഷങ്ങളിൽ ആത്മവിശ്വാസമുണ്ടായി. വിവരാവകാശ നിയമം അവരെ മോട്ടിവേറ്റ് ചെയ്തു. വിദ്യാഭ്യാസാവകാശ നിയമം അവർക്ക് അവസരങ്ങൾ തുറന്നുകൊടുത്തു. സച്ചാർ കമ്മിറ്റി റിപ്പോർട്ട് പുറത്തുവന്നപ്പോൾ ന്യൂനപക്ഷങ്ങൾക്കും ആത്മവിശ്വാസം വർദ്ധിച്ചു. ഇന്ത്യ, കേരളത്തെ ഉറ്റുനോക്കുകയാണ്. ഇവിടെ എച്ച്.ഡി.ഐ. മെച്ചപ്പെട്ടുവരുമ്പോൾ ഇന്ത്യയിലെ മുസ്ലീങ്ങൾ, ദളിത് സമൂഹത്തേക്കാൾ പിന്നോക്കം നിൽക്കുകയാണെന്ന് സച്ചാർ കമ്മിറ്റി റിപ്പോർട്ട് പുറത്തുവന്നപ്പോൾ വ്യക്തമായി. അങ്ങനെ ഇന്ത്യയിൽ ഒരു നവശാക്തീകരണം നടക്കാൻ പോകുന്ന ഘട്ടമായിരുന്നു. ആ നവശാക്തീകരണമെന്നുപറയുന്നത്, കോൺഗ്രസ്സിന് ഇടക്കാലത്തുവന്ന പരാജയം തിരിച്ചുപിടിക്കാൻ ഈ അടിസ്ഥാന വർഗ്ഗവുമായി താദാത്മ്യം പ്രാപിക്കുകയാണ് കോൺഗ്രസ്സ് ചെയ്തത്. ശ്രീമതി സോണിയാ ഗാന്ധിയേയും ശ്രീ. രാഹുൽ ഗാന്ധിയേയും കുറ്റപ്പെടുത്താൻ കഴിയുമോ; ഈ രണ്ട് നേതാക്കളും

കോൺഗ്രസ്സിന്റെ വിജയത്തിനുവേണ്ടി കഠിനാദ്ധ്വാനം ചെയ്തു. നിർഭാഗ്യവ ശാൽ മറ്റുള്ളവർ തങ്ങളുടെ ജോലി ചെയ്തിട്ടുണ്ടോയെന്ന് സ്വന്തം മനഃസാ ക്ഷിയോട് ചോദിക്കേണ്ടതുണ്ട്. കോൺഗ്രസ്സിലും കോൺഗ്രസ്സിനുപുറത്തും ഞാനാരുടേയും പേരെടുത്തുപറയാൻ ആഗ്രഹിക്കുന്നില്ല. സോണിയ അല്ലി വിടെ കുറ്റം ചെയ്തത്, രാഹുലല്ല ഇവിടെ തെറ്റുചെയ്തത്. സത്യത്തിൽ ശ്രീ. ശരത് പവാറുമായി കുറച്ചുകൂടി ആത്മബന്ധമുണ്ടായിരുന്നുവെങ്കിൽ, ശ്രീ. പ്രണബ് കുമാർ മുഖർജി കോൺഗ്രസ്സ് നേതൃനിരയിലുണ്ടായിരുന്നുവെങ്കിൽ ചിത്രം വ്യത്യസ്തമാകുമായിരുന്നുവെന്ന് ഒരു കേവല രാഷ്ട്രീയ പഠനം നട ത്തുന്ന ആളുകൾക്കുപോലും ബോദ്ധ്യമുണ്ട്. അതുകൊണ്ട് എനിക്കിവിടെ സൂചിപ്പിക്കാനുള്ളത് ഇന്ത്യ കൈവിട്ടുപോകുന്ന പ്രശ്നമില്ല, മറിച്ച് ഇന്ത്യയിൽ ഈ 69 ശതമാനം വരുന്ന ആളുകളുടെ മനസ്സുകളിൽ ഒരു സോഷ്യൽ ഡെമോക്രാറ്റിക് സെറ്റപ്പ് കൊണ്ടുവരണം. എം.എൻ. റോയ്-യുടെ മുന്നറി യിപ്പ് ഒന്നാവർത്തിച്ച് വായിക്കണം. എന്നിട്ട് നമ്മുടെ രാജ്യത്ത് ഈ ജനവിഭാ ഗങ്ങളെയെല്ലാം ഭരണഘടനാ ലക്ഷ്യത്തിലേയ്ക്ക് മുന്നോട്ടുകൊണ്ടുവരാൻ പരിശ്രമിക്കുകയാണ് വേണ്ടത്. അതിന് ഈ ലോക്സഭാ തെരഞ്ഞെടുപ്പ് നമുക്ക് നൽകുന്ന താക്കീത് ഉൾക്കൊള്ളാൻ ഇന്ത്യയിലെ രാഷ്ട്രീയ നേതൃത്വം മുന്നോട്ടുവരേണ്ട സമയമാണ്. അവിടെ പ്രാസ്ഥാനികമായ ദുശ്ശാ ഠ്യങ്ങൾ മാറ്റിവച്ചുകൊണ്ട് നമുക്ക് ഒരുമിച്ച് മുന്നോട്ടുപോകാം. നമുക്ക് നമ്മുടെ രാജ്യമാണ് വലുത്, നമ്മുടെ ഭരണഘടനയാണ് വലുത്. ഇവിടെ ഒരു കാര്യം ഞാൻ പറഞ്ഞോട്ടെ, പട്ടികജാതി വകുപ്പിൽ കുറെ മോഡൽ റസി ഡൻഷ്യൽ സ്ക്കൂളുകളുണ്ട്. അതിൽ ചില സ്ക്കൂളുകൾ വാടക കെട്ടിടത്തി ലാണ് പ്രവർത്തിക്കുന്നത്. അതുടനെ മാറ്റണം. സ്വന്തം സ്ഥലത്ത് സ്വന്തം

കെട്ടിടത്തിൽ ആ സ്ക്കൂളുകൾ കൊണ്ടുവരാൻ ശ്രമിക്കണം. അതുപോലെ തന്നെ പട്ടികജാതിയിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന വേടൻ, നായാടി, കല്ലാടി, ചക്കിലിയൻ തുടങ്ങിയ വിഭാഗങ്ങളുടെ കാര്യം പ്രത്യേകം ശ്രദ്ധിക്കണം. പട്ടിക വർഗ്ഗത്തിന്റെ കാര്യം ഈ ചർച്ചയിൽ മാത്രമല്ല നമ്മുടെ ഈ സഭയിൽ ധാരാളം ചർച്ച ചെയ്ത കാര്യമാണ്. പല കാരണങ്ങളാൽ അവരിന്നും പിന്നോക്കം നിൽക്കുന്നു. അത് വ്യത്യസ്തമായ രീതിയിൽ പരിശോധിക്കണമെന്നപേക്ഷിക്കുകയാണ്. 2011-ലെ കാനേഷുമാരി അനുസരിച്ച് ഇന്ത്യയിലെ ഒരു ശരാശരി പൗരന് ലഭിക്കുന്നതിനേക്കാൾ മെച്ചപ്പെട്ട സൗകര്യമാണ് കേരളത്തിൽ പട്ടികജാതിക്കാരന് ലഭിക്കുന്നത്. എന്നാൽ ഇന്ത്യയിലെ പട്ടികജാതിക്കാർക്ക് കേരളത്തിലെ പട്ടികജാതിക്കാരന് ലഭിക്കുന്നതിനേക്കാൾ 25 ശതമാനമേ ലഭിക്കുന്നുള്ളൂവെന്നുപറഞ്ഞാൽ ഇന്ത്യയിലെ പട്ടികജാതിക്കാരൻ 20 ശതമാനം സൗകര്യങ്ങളനുഭവിക്കുന്നതെങ്കിൽ, കേരളത്തിനുപുറത്തുള്ള പട്ടികജാതിക്കാരുമായി താരതമ്യം ചെയ്യുമ്പോൾ നമ്മുടെ പട്ടികജാതിക്കാർ മുഖ്യധാരയോട് അടുത്തുവരികയാണെന്നുള്ള കാര്യം ഒരിക്കലും വിസ്മരിക്കാൻ കഴിയില്ല.

<u>മി. ചെയർമാൻ:</u> മെമ്പർ ചുരുക്കണം.

<u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u>: ഞാൻ ചുരുക്കുകയാണ്. മാത്രമല്ല, പട്ടികജാതിയുടെ സ്ക്കൂൾ ഡ്രോപ്പ് ഔട്ട് - എൽ.പി.എസ്- 0.30, യു.പി.എസ്- 0.36, ഹൈസ്ക്കൂൾ 1.14 എന്നിങ്ങനെയാണ്. എസ്.റ്റി. വിഭാഗത്തിലാകട്ടെ എൽ.പി.എസ്- 1.6, യു.പി.എസ്.-2.21, ഹൈസ്ക്കൂൾ 4.05 ഇങ്ങനെയാണ്. ഇതിന്റെ അർത്ഥം നമ്മുടെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ കേരളക്കരയിൽ മുഖ്യധാരയുമായി അടുത്തുവരികയാണെന്നാണ്. ഈ സ്ഥിതി ഇന്ത്യ

മുഴുവനുണ്ടാകാൻ കഴിയണമെങ്കിൽ ഫലപ്രദമായ ഒരു രാഷ്ട്രീയ ധ്രുവീകരണത്തിന് സഹായകമാകുമാറ് ഇന്ത്യൻ രാഷ്ട്രീയത്തെ മാറ്റിയെടുക്കാൻ ഈ സഭയിലെ പ്രധാനപ്പെട്ട രാഷ്ട്രീയ കക്ഷികളുടെ ദേശീയ നേതാക്കന്മാരെ പ്രേരിപ്പിക്കുന്നതിന് ഈ അവസരമുപയോഗപ്പെടുത്തണമെന്നഭ്യർത്ഥിച്ചുകൊണ്ട് പ്രഗത്ഭരായ ഈ മൂന്ന് മന്ത്രിമാർ നടത്തുന്ന സേവനങ്ങൾ കുറച്ചുകൂടി ഫലപ്രദമായി കൊണ്ടുപോകണമെന്നഭ്യർത്ഥിച്ചുകൊണ്ട് അവർ അവതരിപ്പിച്ച ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.

<u>ശ്രീ. എ.കെ. ശശീന്ദ്രൻ</u>: സർ, ഇവിടെ ഈ മൂന്നു മന്ത്രിമാരും അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. എന്തുകൊണ്ടാണ് നമ്മുടെ രാജ്യം ഈ അവസ്ഥയിലേയ്ക്ക് എത്തിച്ചേർന്നത് എന്നതുസംബന്ധിച്ചാണ് എനിക്ക് മുമ്പ് ശ്രീ. റ്റി. എ. അഹമ്മദ് കബീർ ഇവിടെ ദീർഘമായി സംസാരിച്ചത്. അവസാനം അതിന് മറുപടിയും അദ്ദേഹം പറഞ്ഞു. രാഷ്ട്രീയമില്ലാത്ത നേതാക്കന്മാരെ മുന്നിൽനിർത്തി രാഷ്ട്രീയം കൈകാര്യം ചെയ്യാൻ ശ്രമിച്ചതുകൊണ്ടാണ് അങ്ങനെ സംഭവിച്ചത് എന്നാണ്. ഇവിടെ അദ്ദേഹം കുറെകാര്യങ്ങൾ പറഞ്ഞു. സമയമില്ലാത്തതുകൊണ്ട് ഞാൻ ആ വിഷയങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. എന്തുകൊണ്ടാണ് ബി.ജെ.പി. അധികാരത്തിൽ വന്നത്? 1977–ൽ ജനസംഘത്തിന് സ്വാധീനമുള്ള ഗവൺമെന്റ് അധികാരത്തിൽ വരാൻ കഴിഞ്ഞത് എന്തുകൊണ്ടാണ്? ഓരോ കാലഘട്ടത്തിലും സമൂഹത്തിന്, രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക് അവരുടെ മുന്നിലുള്ള പ്രശ്നങ്ങളെ അഭിസംബോധന ചെയ്യേണ്ടിവരും. അങ്ങനെ അടി

യന്തരാവസ്ഥ ഒരുമിച്ച് അഭിസംബോധന ചെയ്യേണ്ട ഒരു വിഷയമായിരുന്നു. അടിയന്തരാവസ്ഥയിലേയ്ക്ക് നയിച്ചവരെക്കുറിച്ചല്ല, അതിനെ നേരിട്ട രീതിയെക്കുറിച്ചാണ് ശ്രീ. റ്റി. എ. അഹമ്മദ് കബീറിന് ഉത്ക്കണ്ഠയുള്ളത്. അവിടെയാണ് വ്യത്യാസം വരുന്നത്. ഇപ്പോഴും ബി.ജെ.പി. അധികാരത്തിൽ വരാൻ ഇടയായി, എന്തുകൊണ്ടാണ് അവരവർക്ക് കഴിയുന്ന പ്രദേശങ്ങളിൽ ബി.ജെ. പി. ഇതര മൂവ്മെന്റ് ശക്തിപ്പെടുത്തുന്നതിനുവേണ്ടിയുള്ള ശ്രമങ്ങളിൽ ഏർപ്പെടാഞ്ഞതെന്ന് ആലോചിക്കേണ്ടതുണ്ട്. അതൊരു പൊതു രാഷ്ട്രീയ വിഷയമാണെങ്കിൽപോലും കേരളത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ/പിന്നോക്ക ജനവിഭാഗങ്ങൾ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഇനിയും എത്തിയിട്ടില്ലെന്നത് നമ്മളെ സങ്കടപ്പെടുത്തുന്ന കാര്യമാണ്. അക്കാര്യങ്ങൾ ഗവൺമെന്റിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് നമ്മൾ ചർച്ച ചെയ്യേണ്ടതുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ/പിന്നോക്ക വിഭാഗം കൈകാര്യം ചെയ്യുന്ന ഈ ഗവൺമെന്റിന്റെ പ്രവർത്തനത്തെ താരതമ്യപ്പെടുത്തുമ്പോൾ കഴിഞ്ഞ മൂന്നു വർഷമായി അഭിമാനിക്കത്തക്കതായ നേട്ടമെന്താണ് ഉണ്ടാക്കിയത്? പട്ടിക വർഗ്ഗ കോളനികളെക്കുറിച്ച് ഇവിടെ പലരും സൂചിപ്പിക്കുകയുണ്ടായി. അട്ടപ്പാടിയെക്കുറിച്ച് ഇന്നലെ ഇവിടെ ചർച്ച ചെയ്തു. നമ്മുടെ മന്ത്രിയെക്കുറിച്ച് വിമർശിക്കാൻ ഞാൻ ഒരുങ്ങുന്നില്ല, കാരണം മന്ത്രി എങ്ങനെയാണ് ആ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതെന്ന് എനിക്കറിയില്ല. അട്ടപ്പാടിയിലെ ശിശുമരണം സംബന്ധിച്ച് എൻ.ആർ.എച്ച്.എം. ഒരു ചർച്ച നടത്തിയിട്ടുണ്ടോ, പഠനം നടത്തിയിട്ടുണ്ടോ, അതിന്റെ റിപ്പോർട്ട് കിട്ടിയിട്ടുണ്ടോ എന്ന് ഇന്നലെ ഇവിടെ ഒരു ചോദ്യം ഉന്നയിച്ചപ്പോൾ അതിന് മന്ത്രിയുടെ മറുപടി കണ്ടിട്ടില്ല എന്നാണ്. നമ്മുടെ ഗവൺമെന്റിന്റെ പെർഫോർമെൻസ് അവിടെയാണ്,

കണ്ടിട്ടില്ല എന്നാണ് മന്ത്രി പറഞ്ഞത്. കേന്ദ്ര ഗവൺമെന്റിന്റെ 250 കോടി രൂപയുടെ പാക്കേജ് എങ്ങനെ നടക്കുന്നുവെന്നതിനെക്കുറിച്ച് വിശദീകരിക്കാൻ കഴിയുന്നില്ല. ശ്രീ. റ്റി. എ. അഹമ്മദ് കബീർ പറഞ്ഞതിനോടാണ് ഞാൻ യോജിക്കുന്നത്. ഇപ്പോൾ ഇവിടെ വച്ച് നമുക്ക് ആലോചിക്കാം, ഇന്നലെകൾ അവിടെ നിൽക്കട്ടെ, അതിന് നമുക്ക് കഴിയുന്നില്ലേ്ലാ? ആ പരാജയം മൂടിവയ്ക്കാനല്ല ശ്രമിക്കേണ്ടത്. ആ പരാജയങ്ങൾ മനസ്സിലാക്കി അത് പരിഹരിക്കാനുള്ള ശ്രമങ്ങളാണ് നടത്തേണ്ടത്. പക്ഷേ ഇപ്പോഴും അങ്ങനെ കാര്യമായ ഒരു പ്രവർത്തനവും നടക്കുന്നില്ലെന്ന് മാത്രമല്ല ഇന്നലെ ഒരു ചോദ്യം ഞാൻ ഇവിടെ ഉന്നയിക്കുകയുണ്ടായി. ഇതുസംബന്ധിച്ച് നിയമസഭാ സമിതി എന്തെങ്കിലും ശുപാർശകൾ സമർപ്പിച്ചിട്ടുണ്ടോ? അതുപോലും കണ്ടിട്ടില്ല, ആ ശുപാർശകൾ സ്വീകരിച്ചിട്ടില്ല. സ്വീകരിക്കണമെങ്കിൽ അത് കാണുകയോ, പഠിക്കുകയോ, പരിശോധിക്കുകയോ ചെയ്യണം. ഈ രൂപത്തിൽ പോകുന്ന ഒരു വകുപ്പിനെക്കുറിച്ച് അനാസ്ഥ കാണിക്കുന്ന വകുപ്പ് എന്നെങ്കിലും വിശേഷിപ്പിക്കുന്നില്ലെങ്കിൽ പിന്നെ എങ്ങനെയാണ് നമുക്ക് ഈ ജനവിഭാഗത്തോട് നീതി പുലർത്താൻ കഴിയുക? അതുപോലെ തന്നെയാണ് പിന്നോക്ക സമുദായങ്ങൾക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളും. ആ പിന്നോക്ക സമുദായ വികസന കോർപ്പറേഷൻ സ്ഥാപിച്ചു എന്നതാണ് ഏറ്റവും വലിയ നേട്ടമായി പറയുന്നത്. ആ പിന്നോക്ക സമുദായ വികസന കോർപ്പറേഷൻ പദ്ധതി നടപ്പിലാക്കാൻ അവിടെ ജീവനക്കാരില്ല. കോർപ്പറേഷൻ രൂപീകരിച്ചു, അത് നടപ്പിലാക്കാൻ ആരുമില്ലാത്തതിനാൽ കോടികൾ ലാപ്സാവുകയാണെന്ന പരാതികൾ ഉണ്ട്. ആ പരാതികളിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചതായി ഗവൺമെന്റിന് പറയാൻ കഴിയുന്നില്ല. അങ്ങനെയൊക്കെ വരുമ്പോൾ എങ്ങ

നെയാണ് ഈ ഗവൺമെന്റ് ചലനാത്മകമായ ഒരു ഗവൺമെന്റായി നമ്മുടെ മുന്നിൽ നിൽക്കുന്നുവെന്ന് അവകാശപ്പെടാൻ കഴിയുക. ഭരണപക്ഷത്തെ രണ്ടുമൂന്നു മെമ്പർമാർ മാത്രമേ ഇതുസംബന്ധിച്ച് സംസാരിച്ചുവെങ്കിൽപോലും അവർ കൂടുതലായി ആ വിഷയങ്ങളിലേക്ക് കടന്നില്ല. അവർ പൊതുവായ വിഷയങ്ങൾ സംസാരിച്ച് നിർത്തുകയാണുണ്ടായത്. അതുകൊണ്ട് എനിക്ക് തോന്നുന്നത് അവർക്കുപോലും സംതൃപ്തിയില്ലായെന്നാണ്. ടൂറിസത്തെക്കുറിച്ച് ഒരുപാട് പറയാനുണ്ട്. മലബാറിൽ ടൂറിസം എന്ന് പറയുന്ന ഒരു വകുപ്പിന്റെ സാന്നിദ്ധ്യമുണ്ടായത് ഇതടുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഭരിക്കുന്ന കാലത്താണ്. അന്നത്തെ ടൂറിസം വകുപ്പുമന്ത്രി ശ്രീ. കോടിയേരി ബാലകൃഷ്ണനായിരുന്നു. അന്ന് ആവിഷ്ക്കരിച്ച പരിപാടികളെക്കുറിച്ച് ചെയറിലിരിക്കുന്ന പല മെമ്പർമാർക്കും അറിയാവുന്നതാണ്. കോഴിക്കോട് ബീച്ചിൽ ബ്യൂട്ടിഫിക്കേഷൻ പദ്ധതി അവിടെ നടന്നു. അതിന്റെ രണ്ടാം ഘട്ടത്തെക്കുറിച്ച് ഒരു മിണ്ടാട്ടവുമില്ല. കൊയിലാണ്ടിയിൽ വടകരയ്ക്കടുത്താണ് ക്രാഫ്റ്റ് വില്ലേജ്. ആ ക്രാഫ്റ്റ് വില്ലേജിനെക്കുറിച്ച് പിന്നീട് എന്തെങ്കിലും ചലനമുണ്ടായോ; ഒരു ചലനവുമുണ്ടായില്ല. അതിന് എന്തെങ്കിലും പരിപാടിയുള്ളതായി ഇതുവരെ പറയാൻ കഴിഞ്ഞിട്ടില്ല. അതുപോലെ തന്നെയാണ് ബേപ്പൂർ ബീച്ചിന്റെ സൗന്ദര്യവൽക്കരണപരിപാടി. ഞാൻ മലബാറിന്റെ കാര്യം മാത്രമാണ് പറയുന്നത്. കോഴിക്കോട് തൊട്ട് പഴശ്ശിനിക്കടവ് വരെ നീണ്ടുനിൽക്കുന്ന മലബാർ, ആ മലബാറിന്റെ ടൂറിസം വികസനത്തിന് എന്തെങ്കിലും സമഗ്രമായ പദ്ധതി നടപ്പാക്കിയോ? ഞാൻ തുഷാരഗിരി പ്രോജക്ട് കേൾക്കാൻ തുടങ്ങിയിട്ട് ഒരുപാട് കൊല്ലമായി. കഴിഞ്ഞ ദിവസം അവിടത്തെ എം.എൽ.എ. കാപ്പാട്-തുഷാരഗിരി സംബന്ധിച്ച് സബ്മിഷൻ ഉന്നയിക്കുകയുണ്ടായി. അവിടെ കാപ്പാട് നിന്ന്

തുടങ്ങി ഇലത്തൂർ മണ്ഡലത്തിലൂടെ കൊടുവള്ളി വഴി കടന്നുപോകുന്ന ഒരു റോഡുണ്ട്. ആ റോഡിലൂടെ പോകാൻ ആരെങ്കിലും തയ്യാറായാൽ, ഇതൊരു ടൂറിസം സങ്കേതത്തിലേക്ക് പോകുന്നതാണോയെന്ന് തോന്നുക പോലുമില്ല. ടൂറിസ്റ്റുകാർ ഇടുങ്ങിയ വഴികളിലൂടെ കഷ്ടപ്പെട്ടുപോകാൻ വേണ്ടി തയ്യാറായി വരുന്നവരല്ല; അവർ സ്ഥലങ്ങൾ കാണുന്നതിനും പ്രകൃതി ഭംഗി ആസ്വദിക്കുന്നതിനും കുറച്ച് റിലാക്സ് കിട്ടുന്നതിനുവേണ്ടിയുമാണ് വരുന്നത്. എന്നാൽ അതൊന്നും അവിടെയില്ല. എന്റെ മണ്ഡലത്തിൽ തീരെയില്ല. ഞാൻ കഴിഞ്ഞ തവണ പൊതുമരാമത്ത് വകുപ്പുമന്ത്രിയോട് ഇതുസംബന്ധിച്ച് ചോദിച്ചു. ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തിയെങ്കിലും അത് ചെയ്യാൻ കഴിയുമോയെന്ന് ആലോചിച്ചു. അതുപോലെതന്നെയാണ് ഡി.ടി.പി.സി.-കൾ. ഡി.ടി.പി.സി.-കൾ ആണല്ലോ ഇത്തരം പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടത്. ആ ഡി.ടി.പി.സി.-കൾ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോ? കോഴിക്കോട് ജില്ലയിൽ രണ്ടുവർഷമായി അവിടെ ഡി.ടി.പി.സി.-ക്ക് സെക്രട്ടറിയില്ല. കഴിഞ്ഞ ദിവസം ഒരു സെക്രട്ടറി അവിടെ ചാർജ്ജെടുത്തു. സ്ഥിരമായി സെക്രട്ടറിമാർ ഇല്ലാത്ത വിഷയവും നിലനിൽക്കുന്നുണ്ട്. അത് ടൂറിസം വികസന പ്രവർത്തനങ്ങളെ ബാധിക്കുകയാണ് ചെയ്യുന്നത്. ഒരു ടൂറിസം മാനേജ്മെന്റ് എന്ന് പറയുന്നതിൽ പ്രൊഫഷണലിസം കൊണ്ടുവരുന്നതിന് എന്തെങ്കിലും ശ്രമം നടത്തിയോ? ഞാൻ എന്റെ മണ്ഡലത്തിലെ ഒരു കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടുവരികയാണ്. 24 ഹെക്ടറോളം വരുന്ന ഒരു കാവ് ഉണ്ട്, തീർത്ഥാടകർ അവിടെ വന്നുകൊണ്ടിരിക്കുന്ന ഒരു സ്ഥലമാണ്. ഞാൻ ഇക്കാര്യം സംബന്ധിച്ച് ദേവസ്വം ബോർഡിനെയും ടൂറിസം വകുപ്പുമന്ത്രിയേയും സമീപിച്ചിരുന്നു. ആരും ഇതുവരെ അതിനനു

കൂലമായ ഒരു നിലപാടും സ്വീകരിച്ചില്ല. അവിടെ ഭക്തന്മാർക്ക് വരാനും വളരെ പ്രാധാന്യമർഹിക്കുന്നതും  യൂണിവേഴ്സിറ്റി ശാസ്ത്രജ്ഞന്മാർവരെ വന്ന് സവിശേഷതകളുള്ള ഒരു പ്രദേശമാണെന്ന് പറയുകയും ചെയ്തു. ഇക്കാര്യം ഞാൻ രണ്ടുവർഷം മുമ്പ് മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. ഒരു നിലപാടും സ്വീകരിച്ചില്ല. ടൂറിസം വികസനത്തിന്റെ അനന്തസാധ്യതകളുള്ള ഈ മേഖലയിൽ വിഭവസമാഹരണത്തിനുവേണ്ടി കൂടുതൽ പണം മുതലിറക്കണം. ഇന്ന് ധനകാര്യമന്ത്രി ഇവിടെ വച്ച സ്റ്റേറ്റ്മെന്റുകൾ .......

മി. ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പറിന് അനുവദിച്ച സമയം കഴിഞ്ഞ് മൂന്നുമിനിട്ട് കൂടുതലായി. ഇന്നത്തെ ദിവസത്തിന്റെ പ്രത്യേകത കണക്കിലെടുത്ത് ചെയർ പറയുന്നതുമായി സഹകരിക്കുക. ബാക്കി ദിവസങ്ങളിലെല്ലാം പ്രസംഗത്തിന് അധികസമയം അനുവദിച്ചിട്ടുണ്ട്. മൂന്നുവകുപ്പുമന്ത്രിമാരുടെ മറുപടിയും അതുകഴിഞ്ഞ് ഒരു മണിക്കൂർ ശ്രീ. സി. ദിവാകരൻ അവതരിപ്പിക്കുന്ന ഉപക്ഷേപത്തിന്റെ ചർച്ചയുമുണ്ട്. അതുകൊണ്ട് ദയവായി ചെയർ പറയുന്നതുമായി സഹകരിക്കുക.

ശ്രീ. എ.കെ. ശശീന്ദ്രൻ: സർ, ഞാൻ സഹകരിക്കാം. ടൂറിസം ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ്, കേരള എന്നുപറയുന്ന ഒരു സ്ഥാപനമുണ്ട്. പണം കൊടുക്കാൻ കഴിയില്ലെന്നാണ് ഇന്നത്തെ ധനകാര്യവകുപ്പുമന്ത്രിയുടെ സ്റ്റേറ്റ്മെന്റ്. ടൂറിസം മേഖലയിൽ എന്തെങ്കിലും ഒന്ന് പ്രതീക്ഷിക്കാൻ കഴിയില്ല. അതുകൊണ്ടുതന്നെ നിഷേധാത്മകമായ നിലപാട്, ചലനമറ്റ ഭരണ സംവിധാനം, ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത് ഉയരാത്ത നടപടിക്രമങ്ങൾ ഇതെല്ലാമുള്ള ഈ ഗവൺമെന്റിനുവേണ്ടി അവതരിപ്പിച്ച ഈ ധനാഭ്യർത്ഥനകളെ അങ്ങയുടെ നിർദ്ദേശം മൂലം ഞാൻ എന്റെ വാക്കുകൾ ചുരുക്കിക്കൊണ്ട് എതിർക്കുകയാണ്.

<u>ശ്രീ. റോഷി അഗസ്റ്റിൻ:</u> സർ, 2014-15 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം, വിനോദസഞ്ചാരം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. അശരണരോടും ആലംബഹീനരോടും സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ടവരോടുമുള്ള ഈ ഗവൺമെന്റിന്റെ കരുതൽ വാക്കുകൾക്കതീതമാണ്. ഈ ഗവൺമെന്റിന്റെ ആദ്യ ബഡ്ജറ്റു മുതൽ നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റ്വരെ പരിശോധിച്ചാൽ പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങളുടെ സാമൂഹിക, സാമ്പത്തിക, ഭൗതിക, വിദ്യാഭ്യാസ മേഖലയുടെ ഉന്നമനത്തിനായി ഈ ഗവൺമെന്റ് എത്രത്തോളം ജാഗ്രതയോടെയാണ് പ്രവർത്തിച്ചതെന്ന് കാണാൻ കഴിയും. ക്രിസ്തുദർശനത്തിലൂന്നിയ ഒരു പ്രവർത്തനശൈലി കൈമുതലാക്കിയ ഈ ഗവൺമെന്റ് അദ്ധ്വാനിക്കുന്നവരുടെയും ഭാരം ചുമക്കുന്നവരുടെയും അത്താണിയാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ചുരുങ്ങിയ കാലയളവിനുള്ളിൽ ചരിത്ര നേട്ടങ്ങളാണ് ഈ വകുപ്പ് നേടിയെടുത്തത്. നൂറ്റാണ്ടുകളോളം ചരിത്രത്തിന്റെ പിന്നാമ്പുറങ്ങളിൽ തിരസ്കൃതരായി കഴിഞ്ഞിരുന്ന ഒരു ജനതയെ ഉയരങ്ങളിലെത്തിക്കുന്നതിനുള്ള ഈ ഗവൺമെന്റിന്റെ ശ്രമങ്ങളെ എങ്ങനെയാണ് വിസ്മരിക്കാൻ കഴിയുന്നത്. 'പട്ടിണിയായ മനുഷ്യാ നീ, പുസ്തകം കൈയിലെടുത്തോളളൂ. പുത്തനൊരായുധമാകും നിനക്കത്, പുസ്തകം കൈയിലെടുത്തോളളൂ' എന്ന് പ്രചരിപ്പിച്ചവർക്ക് അവസരമുണ്ടായിട്ടുപോലും സാധിക്കാത്ത നേട്ടം ഉമ്മൻചാണ്ടി ഗവൺമെന്റ് സാധിച്ചതിൽ അഭിമാനിക്കുകയല്ലേ ചെയ്യേണ്ടത്.

ബഹുമാനപ്പെട്ട മന്ത്രി എ.പി. അനിൽകുമാറിനെ ഞാൻ അഭിനന്ദിക്കുകയാണ്. പട്ടികജാതി വികസന വകുപ്പിനുകീഴിൽ ഒരു മെഡിക്കൽ കോളേജ് യാഥാർത്ഥ്യമാകുന്നു എന്നത് നിസ്സാര കാര്യമാണോ? ഇന്ത്യയുടെ ചരിത്ര ത്തിൽ ആദ്യമായിട്ടാണ് ഇങ്ങനെയൊരു ചുവടുവയ്പ്. പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽ പഠിക്കാൻ മിടുക്കരായവർക്ക് പ്രതീക്ഷയുടെ പുത്തൻ ചക്രവാളങ്ങൾ തുറന്നുകൊടുക്കാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് കഴിഞ്ഞിരിക്കു ന്നു. 2011-ൽ ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ മെഡിക്കൽ പ്രവേശന പരീക്ഷയിൽ 484 വിദ്യാർത്ഥികൾ പട്ടികവിഭാഗത്തിൽനിന്ന് യോഗ്യത നേടി. ഈ കുട്ടികളിൽ 125 പേർക്ക് മാത്രമാണ് മെഡിക്കൽ വിദ്യാഭ്യാസത്തിന് പ്രവേശനം ലഭിച്ചത്. പാവപ്പെട്ട പട്ടികജാതി വിഭാഗ ക്കാർക്ക് മാനേജ്മെന്റ് ക്വാട്ട സ്വപ്നം കാണാൻ കഴിയുമോ? പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസത്തിന് അവസരങ്ങൾ സൃഷ്ടിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞെങ്കിൽ ഒരു നല്ല വാക്കുകൊണ്ട് അഭിനന്ദിക്കാൻ ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾക്ക് കഴിയാതെ പോയത് ഖേദകരമായിപ്പോയി. പട്ടികജാതി വിഭാഗക്കാരുടെ ജീവിത നിലവാരത്തിന് അടിസ്ഥാനപരമായ മാറ്റം വരുത്താൻ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി സംസ്ഥാനത്ത് നടപ്പാക്കി. ശുചിത്വ ആരോഗ്യ പരിപാലന പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 46294-ൽപ്പരം കുടുംബങ്ങൾക്ക് ടോയ്ലറ്റ് നിർമ്മിച്ചുനൽകാൻ കഴിഞ്ഞു. ഭവന നവീകരണ ധനസഹായ പദ്ധതി പ്രകാരം 5700 കുടുംബങ്ങൾക്ക് 14.25 കോടി രൂപയുടെ സഹായം നൽകി. നിരവധി പദ്ധതികളുമായി പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമ വകുപ്പുകൾ അവർ

ഏറ്റെടുത്ത ഉത്തരവാദിത്വം നിർവഹിക്കുകയാണ്. സംസ്ഥാനത്തിന്റെ ചരിത്രത്തിലാദ്യമായി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 5000 വീടുകൾ ഒരുമിച്ച് നൽകുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് ഹഡ്കോയിൽനിന്ന് 135 കോടി രൂപ വായ്പയെടുത്താണ് ബൃഹത്തായ ഈ പദ്ധതി നടപ്പാക്കിയത്. ഭവനരഹിതരായ പട്ടിവർഗ്ഗ വിഭാഗത്തിന് വലിയ അനുഗ്രഹമാണ് ഈ പദ്ധതി. സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 12000-ൽ അധികം കുടുംബങ്ങളുണ്ടെന്നാണ് പഠനത്തിൽ കണ്ടെത്തിയത്. ഓരോ വർഷവും പുതിയതായി 1000 കുടുംബങ്ങളുണ്ടാകുന്നു എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഭൂരഹിതരായ ആദിവാസികൾക്ക് 25 സെന്റ് മുതൽ ഒരു ഏക്കർ വരെ ഭൂമി നൽകുന്ന പദ്ധതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ഫെബ്രുവരിയിൽ ഉദ്ഘാടനം ചെയ്തത് വിസ്മരിക്കാൻ കഴിയുമോ? തല ചായ്ക്കാനൊരിടവും കൃഷി ചെയ്യാൻ കുറച്ച് ഭൂമിയും പാവപ്പെട്ടവരുടെ സ്വപ്നമായിരുന്നു. സ്വന്തം അദ്ധ്വാനത്തിലൂടെ അവർക്കത് നേടിയെടുക്കാൻ കഴിയില്ലെന്ന യാഥാർത്ഥ്യം ഈ ഗവൺമെന്റിന് ഉൾക്കൊള്ളാൻ കഴിഞ്ഞു. അതുകൊണ്ട് സാമ്പത്തിക ബാധ്യതയുടെ ഭീഷണിയൊന്നും ഈ ഗവൺമെന്റിനുമുന്നിൽ പ്രതിബന്ധമാകുന്നില്ല. ആദിവാസി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പഠനം ഇടയ്ക്കുവച്ച് നിർത്തേണ്ടിവരുന്നത് യാത്രാസൗകര്യങ്ങളുടെ അഭാവം കൊണ്ടാണെന്ന് പഠനങ്ങൾ തെളിയിക്കുന്നു. ആദിവാസി വിഭാഗങ്ങളിലെ കുട്ടികളുടെ പഠനനിലവാരവും ജീവിതസാഹചര്യവും വിലയിരുത്തി ആ കുറവ് പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ദുർഘട വനമേഖലയിൽനിന്ന് യാത്രാസൗകര്യമില്ലാത്ത എയ്ഡഡ് സ്കൂളുകളിലേയ്ക്ക് ഗോത്ര സാരഥി

പദ്ധതിയിലൂടെ സൗജന്യ യാത്രാസൗകര്യം ഗവൺമെന്റ് ഏർപ്പെടുത്തി. 8–ാം ക്ലാസിൽ പഠിക്കുന്ന 3634 വിദ്യാർത്ഥിനികൾക്ക് സൈക്കിൾ നൽകുന്നതിനായി 1 കോടി 9 ലക്ഷം രൂപ ചെലവഴിച്ചു. ട്രൈബൽ വിഭാഗത്തിൽപ്പെട്ട തൊഴിൽരഹിതരായ യുവതികൾക്ക് ഓട്ടോറിക്ഷ നൽകി. അതുപോലെ വിനോദസഞ്ചാര വകുപ്പ് മികവിന്റെ ഒരു വകുപ്പായി മാറിയിരിക്കുന്നു. ഐക്യരാഷ്ട്രസഭയുടെ വേൾഡ് ടൂറിസം ഓർഗനൈസേഷൻ ഏർപ്പെടുത്തിയ പരമോന്നത ഗ്ലോബൽ ടൂറിസം പുരസ്കാരം ഇന്ത്യയിലാദ്യമായി കേരള വിനോദസഞ്ചാര വകുപ്പ് കരസ്ഥമാക്കിയെന്നുള്ളത് ഇത്തരുണത്തിൽ ഓർക്കേണ്ടതാണ്. ദേശീയവും അന്തർദ്ദേശീയവുമായ പുരസ്കാരങ്ങളുൾപ്പെടെ ഈ കാലയളവിനുള്ളിൽ നിരവധി അവാർഡുകൾ ഈ വകുപ്പിനെ തേടിയെത്തിയിരിക്കുന്നു. 2012–13 സാമ്പത്തിക വർഷം 11 അവാർഡുകളാണ് വിനോദസഞ്ചാര വകുപ്പിന് ലഭിച്ചത്. വിനോദസഞ്ചാര മേഖലയിൽ നിന്നുള്ള വരുമാനം നമ്മുടെ സമ്പദ്ഘടനയിൽ വിപ്ലകരമായ ചലനങ്ങളാണ് സൃഷ്ടിക്കുന്നത്. 2011–ൽ യു.ഡി.എഫ് ഗവൺമെന്റ് അധികാരമേൽക്കുമ്പോൾ വിനോദസഞ്ചാര മേഖലയിൽ നിന്നുള്ള വരുമാനം 19 കോടി 37 ലക്ഷമായിരുന്നുവെങ്കിൽ 2012–13 സാമ്പത്തിക വർഷം അതിൽ 7.31 ശതമാനം വർദ്ധനവുണ്ടായിയെന്നത് വിസ്മരിക്കാൻ സാധിക്കാത്തതാണ്. 2011–ൽ ആഭ്യന്തര ടൂറിസ്റ്റുകളിൽനിന്ന് 10131 കോടി രൂപയുടെ വരുമാനമാണ് ഉണ്ടായിട്ടുള്ളത്. 2012–ലെ കണക്ക് പരിശോധിച്ചാൽ വരുമാനത്തിൽ വളരെയേറെ വർദ്ധനവുണ്ടായിട്ടുണ്ടെന്ന് കാണാൻ സാധിക്കും. ഈ അവസ

രത്തിൽ ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് പറയാനുള്ളത് ഇടുക്കിയിലെ ഗ്രാമീണ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങളെ സംബ ന്ധിച്ചാണ്. ഇടുക്കിയിലെ ഗ്രാമീണ ടൂറിസം പദ്ധതി കഴിഞ്ഞ ബഡ്ജറ്റിൽ ഇടം തേടിയിട്ടുണ്ട്. അത് തീർച്ചയായും പരിഗണിക്കുകയും അതനുസരിച്ച് അവിടത്തെ ഡെവലപ്മെന്റിനുള്ള സാധ്യതകളെക്കുറിച്ച് മനസ്സിലാക്കുകയും ചെയ്യണം. പാൽക്കുളമേടും കല്യാണത്തണ്ടും മീനുളിയാൻപാറയും മുനിയ റയും കാൽവരി മൗണ്ടും കാറ്റാടിപ്പാറയും ശീതക്കുളവും ഇലവീഴാ പൂഞ്ചിറയുമൊക്കെ ആ പദ്ധതിയുടെ ഭാഗമാക്കി മാറ്റാൻ കഴിയും. ഗ്രാമീണ ടൂറിസത്തിന്റെ വശ്യമനോഹാരിത ആസ്വദിക്കാൻ അങ്ങ് അവിടേയ്ക്ക് വരണ മെന്നാണ് എന്റെ അഭ്യർത്ഥന. അവിടത്തെ അടിസ്ഥാന വികസനം സാധ്യ മായാൽ അങ്ങയുടെ വകുപ്പിനെത്തേടി ഇനിയും അവാർഡുകളെത്തും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അവിടെ വിവിധ ഡിപ്പാർട്ടുമെന്റു കളുടെ ഏകീകരണം ആവശ്യമുണ്ട്. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റും കെ.എസ്. ഇ.ബി.യുമായും ആലോചിച്ച് ടൂറിസം ഡിപ്പാർട്ടുമെന്റ് നേതൃത്വം ഏറ്റെടുത്ത് വിവിധ വകുപ്പുകളെ ഏകീകരിച്ചുകൊണ്ട് ടൂറിസത്തിന്റെ അനന്തമായ സാധ്യതകൾ മനസ്സിലാക്കി ഗ്രാമീണ ടൂറിസത്തിന് പ്രാധാന്യം നൽകി ഇടുക്കി യിലെ പദ്ധതികൾക്കാവശ്യമായ നടപടികൾ സ്വീകരിക്കാൻ തയ്യാറാ കണമെന്ന് ഞാൻ ഈ സന്ദർഭത്തിൽ ഓർമ്മപ്പെടുത്തുന്നു. അതോടൊപ്പം ഇടുക്കിയിൽ വരുന്ന ടൂറിസ്റ്റുകൾക്ക് കുമളിയിലായാലും തേക്കടിയിലാ യാലും മൂന്നാറിലായാലും താമസസൗകര്യവും മറ്റ് അടിസ്ഥാന സൗകര്യ ങ്ങളും ഒരുക്കേണ്ടത് പരമപ്രധാനമാണ്. കഴിഞ്ഞ ബഡ്ജറ്റിലൂടെ ടൂറിസം ഡിപ്പാർട്ടുമെന്റിന്റെ അധീനതയിൽ ഇടുക്കിയിൽ ഒരു ഹോട്ടൽ സമുച്ചയമെന്ന ആശയമുണ്ടായിട്ടുണ്ടെന്നതിൽ വളരെയേറെ സന്തോഷമുണ്ട്. ആ ഹോട്ടൽ

സമുച്ചയത്തിനാവശ്യമായ നടപടികൾ ഉടനെ ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കൊടുക്കണമെന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിക്കുന്നു. ഗാന്ധി ജയന്തി ദിനത്തിൽ, ഗാന്ധിനഗർ കോളനിയിൽ അങ്ങ് പങ്കെടുത്ത മീറ്റിംഗിൽവച്ച് ഗാന്ധിജിയുടെ പേരിലുള്ള ആ കോളനിയുടെ നവീകരണത്തിനുവേണ്ടി 1 കോടി രൂപ നൽകുമെന്ന് പറഞ്ഞിരുന്നു. അത് ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ഇടുക്കിയിൽ ടൂറിസത്തിന്റെ അനന്തമായ സാധ്യതകൾ കണ്ടെത്തുന്നതിനുവേണ്ടി പ്രത്യേക പാക്കേജുകൾ രൂപപ്പെടുത്തണം. ടൂറിസം രംഗത്തെക്കുറിച്ച് ഏറെ പ്രതീക്ഷകളാണ് ഞങ്ങൾക്കുള്ളത്. അതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമെന്ന് കരുതുകയാണ്. ട്രൈബൽ ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട് ഭവനരഹിതരുടെ നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ച് സൂചിപ്പിച്ചു. വീട് വയ്ക്കുന്നതിനുവേണ്ടി കൊടുക്കുന്ന 2 ലക്ഷം രൂപ അപര്യാപ്തമാണ്, അത് വർദ്ധിപ്പിക്കണം. ഇടുക്കി പോലുള്ള പ്രദേശങ്ങളിൽ നിർമ്മാണപ്രവർത്തനങ്ങൾക്ക് ചെലവ് വളരെ കൂടുതലാണ്. വാഹനഗതാഗതമുള്ള പ്രദേശങ്ങളിലല്ല നിശ്ചിത ഭൂമി കണ്ടെത്തിയിരിക്കുന്നത് എന്നതിനാൽ കൺസ്ട്രക്ഷൻ സ്ഥലത്തേയ്ക്ക് മെറ്റീരിയൽസ് എത്തിക്കുന്നതിനുവേണ്ടി അഡീഷണൽ കോസ്റ്റ് വേണ്ടി വരുന്നു. അതുകൊണ്ട് അവർക്ക് നൽകുന്ന 2 ലക്ഷം രൂപ വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. 3 സെന്റ് ഭൂമി കണ്ടെത്തി വാങ്ങണമെന്നാണ് പറയുന്നത്. മൂന്ന് സെന്റ് ഭൂമി കണ്ടെത്തി വാങ്ങുന്നത് അപ്രായോഗികമാണ്. 5 സെന്റ് ഭൂമിയെങ്കിലും കണ്ടെത്തുന്നതിനാവശ്യമായ നടപടിയാണ് സ്വീകരിക്കേണ്ടത്. അവർക്ക് വീട് വച്ചുകൊടുക്കുമ്പോൾ

അതിനാവശ്യമായ മറ്റ് സൗകര്യങ്ങൾകൂടി എത്തിച്ചുകൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സൂചിപ്പിക്കുന്നു. ടൂറിസവുമായി ബന്ധപ്പെട്ട് ഒരു കാര്യംകൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു. ഇടുക്കി യിലെ കുയിലി എക്കോ ടൂറിസം പദ്ധതിക്ക് അറുപത്തിരണ്ടരലക്ഷം രൂപ അനുവദിച്ചതിൽ മുപ്പത്തിയൊന്നേകാൽ ലക്ഷം രൂപ കൊടുത്തു. ജില്ലാ പഞ്ചായത്തിന്റെ സ്ഥലമായിരുന്നിട്ടും വനംവകുപ്പ് അതുമായി ബന്ധപ്പെട്ട് ഒരു തടസ്സമുന്നയിച്ചിരിക്കുകയാണ്. അത് പരിഹരിച്ച് കുയിലി ടൂറിസം പദ്ധതി തുടർന്നുകൊണ്ടുപോകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്. ഇടുക്കിയിലെ ഗ്രാമീണ ടൂറിസം പദ്ധതിക്കുവേണ്ടി യുള്ള നടപടികൾ അടിയന്തരമായി കൈക്കൊള്ളണം. ഇടുക്കിയിലെ വികസന സാധ്യതകൾക്ക് ഏറ്റവും കൂടുതൽ ഊന്നൽ കൊടുക്കാൻ കഴിയുന്ന, ടൂറിസം പദ്ധതിയിലെ പുതിയ ഒരു കാൽവയ്പായി അതിനെ മാറ്റുന്നതിനുവേണ്ട എല്ലാവിധ സഹായവും ഉണ്ടാകണം. കഴിഞ്ഞ കാലങ്ങ ളിൽ ഈ വകുപ്പുകൾ നടത്തിയ നല്ല മുന്നേറ്റത്തെ ഒരിക്കൽകൂടി ശ്ലാഘിച്ചു കൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u> സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായും അനുകൂലിക്കുകയാണ്. ഇന്നത്തെ ധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന മന്ത്രിമാർ കേരളത്തിലെ ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്തുള്ള സമഗ്രമായ മാറ്റമാണ് കഴിഞ്ഞ മൂന്ന് വർഷക്കാലമായി നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. പട്ടികവർഗ്ഗ മേഖലയിൽ ഒട്ടനവധി പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്. സാധാരണക്കാരായ

പട്ടികവർഗ്ഗക്കാർ ആഗ്രഹിക്കുന്നത് ഒരു തുണ്ട് ഭൂമി, കിടന്നുറങ്ങാൻ വീട്, വെളിച്ചം, കുടിവെള്ളം, കുട്ടികളുടെ വിദ്യാഭ്യാസം, ആരോഗ്യസംരക്ഷണം, സ്വയംതൊഴിൽ തുടങ്ങിയവയാണ്. മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിൽ അധികാരത്തിൽവന്ന ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് അവരുടെ ആഗ്രഹങ്ങൾക്കൊത്തുള്ള പ്രവർത്തനങ്ങൾ നടത്തു ന്നതിനുവേണ്ടി, പട്ടികവർഗ്ഗ വകുപ്പ് മാത്രം കൈകാര്യം ചെയ്യുന്നതിനും അവരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനുമായി ഒരു മന്ത്രിയെ നിയോഗിക്കു കയും ചെയ്തു. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി സാധാരണക്കാരായ പട്ടിക വർഗ്ഗക്കാരുടെ പ്രശ്നങ്ങൾ നേരിൽ കണ്ട് മനസ്സിലാക്കുകയും, കഴിഞ്ഞ കാല ങ്ങളെ അപേക്ഷിച്ച് മാതൃകാപരമായ പ്രവർത്തനങ്ങൾ നടപ്പാക്കിക്കൊണ്ടിരി ക്കുകയുമാണ്. കേരളത്തിലെ ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി കൊടുക്കണമെന്ന നിർബന്ധ തീരുമാനമെടുത്തത് ശ്രീ. എ.കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്താണ്. കഴിഞ്ഞ 5 വർഷക്കാലംകൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നടത്തിയതിനെക്കാൾ കൂടുതൽ പദ്ധതിക ളാണ് കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് കേരളത്തിൽ നടപ്പാക്കിയത്. ഭൂരഹിതരായ ആദിവാസികൾക്ക് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 50 കോടി രൂപ അനുവദിച്ചുവെങ്കിലും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് അത് ഇംപ്ലിമെന്റ് ചെയ്ത് തുടങ്ങിയത്.

ശ്രീ. റോഷി അഗസ്റ്റിൻ സൂചിപ്പിച്ചതുപോല, ഭൂരഹിതരായ ആദിവാസികൾക്ക് 25 സെന്റ് മുതൽ 1 ഏക്കർ വരെ ഭൂമി വാങ്ങുന്നതിന് 10 ലക്ഷം രൂപയാണ് ഈ ഗവൺമെന്റ് അനുവദിച്ചിട്ടുള്ളത്. ഇത്തരം പദ്ധതികൾ ഇംപ്ലിമെന്റ് ചെയ്യുന്നതിൽ കാലതാമസം വരുന്നുണ്ട്. ഭൂമിക്ക് വില നിശ്ചയിക്കുന്നതിനുള്ള പ്രായോഗികമായ പ്രയാസങ്ങളും ട്രൈബൽ, റവന്യൂ വകുപ്പുകൾ തമ്മിലുള്ള തർക്കങ്ങളുമുണ്ട്. എളുപ്പം ഭൂമി വാങ്ങിക്കുന്നതിനുള്ള സാഹചര്യമാണ് ഉണ്ടാകേണ്ടത്. കാലതാമസം ഒഴിവാക്കുന്നതിനായി ഉദ്യോഗസ്ഥന്മാരുടെ കുറച്ചുകൂടി ദീർഘവീക്ഷണത്തോടെയുള്ള ഇടപെടൽ ഈ മേഖലയിൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇത്തരം പദ്ധതികൾ കേരളത്തിലെ സാധാരണക്കാരായ പട്ടികവർഗ്ഗക്കാർക്ക് ഏറെ പ്രയോജനം ചെയ്യുന്നുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. വിദ്യാഭ്യാസ മേഖലയിൽ നിരവധി മാറ്റങ്ങളാണ് ഉണ്ടായത്. 'ഗോത്രസാരഥി' പദ്ധതി വനത്തിനുള്ളിൽ കിലോമീറ്ററുകൾ ദൂരെ താമസിക്കുന്ന പട്ടികവർഗ്ഗക്കാരായ കുട്ടികളെ വിദ്യാലയങ്ങളിൽ എത്തിക്കുന്നതിനുവേണ്ടി കൊണ്ടുവന്നതാണ്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിക്ക് 3 കോടി രൂപയാണ് മാറ്റിവച്ചതെങ്കിൽ, ഡിപ്പാർട്ടുമെന്റിന്റെയും വിദ്യാഭ്യാസ വകുപ്പിന്റെയും കണക്കനുസരിച്ച് ഈ പദ്ധതി തുടർന്ന് മുന്നോട്ട് കൊണ്ടുപോകണമെങ്കിൽ ഒരു സാമ്പത്തികവർഷം 10 കോടി രൂപയെങ്കിലും വേണ്ടിവരും. 3 കോടി രൂപ അനുവദിച്ചപ്പോൾ അത് വിനിയോഗിക്കാനുള്ള അധികാരം കൊടുത്തിരിക്കുന്നത് വിദ്യാഭ്യാസ സ്ഥാപനത്തിലെ എച്ച്.എം.-നും പി.റ്റി.എ. കമ്മിറ്റി അംഗങ്ങൾക്കുമാണ്. അത് വളരെ നന്നായി വിനിയോഗിക്കാൻ കഴിഞ്ഞു. ഈ

പദ്ധതി ആരംഭിച്ച് ഒരു അദ്ധ്യയന വർഷം പൂർത്തീകരിച്ചപ്പോൾ, കുട്ടികളെ കൊണ്ടുവരുന്ന വാഹന ഉടമകൾക്ക് കൊടുക്കാനുള്ള ബാദ്ധ്യത പരിശോധിച്ച പ്പോൾ, ഒരു സാമ്പത്തിക വർഷം 10 കോടി രൂപയെങ്കിലും ഉണ്ടായെങ്കിൽ മാത്രമേ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുകയുള്ളുവെന്നാണ് കണ്ടെത്തിയത്. ആവശ്യമായ തുക ഇതിനായി മാറ്റിവയ്ക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. 'ഗോത്രസാരഥി' പദ്ധതിയുമായി ബന്ധപ്പെട്ട് ദൂര പരിധിയുടെ മാനദണ്ഡങ്ങൾ നിശ്ചയിക്കണം. വിദ്യാലയത്തിൽനിന്നും 500 മീറ്റർ ദൂരത്തിലുള്ള കുട്ടിയെയും 5 കിലോമീറ്റർ ദൂരത്തിലുള്ള കുട്ടിയെയും വാഹനത്തിൽ കൊണ്ടുപോകുന്നുണ്ട്. അപ്പോഴുണ്ടാകുന്ന സാമ്പത്തിക നഷ്ടവും പരിശോധിക്കപ്പെടണം. ഇക്കാര്യത്തിൽ വ്യക്തമായ മാനദണ്ഡ മുണ്ടാകണം. മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് സൗജന്യ പരിശീലന സംവിധാനം കൊണ്ടുവന്നതും പ്രൊഫഷണൽ കോഴ്സിന് പ്രവേശനം നേടിയ എല്ലാ വിദ്യാർത്ഥികൾക്കും ലാപ്ടോപ് നൽകിയതും ആവശ്യമായ മറ്റ് സൗകര്യങ്ങൾ ചെയ്തുകൊടുത്തതും 8-ാം ക്ലാസിൽ പഠിക്കുന്ന 3634 വിദ്യാർത്ഥികൾക്ക് സൈക്കിൾ അനുവദിച്ച് നൽകി യതും മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ ഹൈടെക് മോഡൽ ആക്കുന്ന തിന് തുടക്കം കുറിച്ചതും ഈ ഗവൺമെന്റാണ്. അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം പോലുള്ള പദ്ധതികൾ എം.ആർ.എസ്.-കളിലും നടപ്പാക്കേണ്ടിയിരിക്കുന്നു. എൻ.എസ്.എസ്., വേനൽക്കാല ക്യാമ്പ്, സ്റ്റുഡന്റ് പോലീസ് കേഡറ്റ് തുടങ്ങിയ സംവിധാനങ്ങൾ പട്ടികവർഗ്ഗ വിദ്യാർത്ഥി കൾക്ക് ഏറെ പ്രയോജനം ചെയ്യും. കുറച്ചുകൂടി ദീർഘവീക്ഷണത്തോടെ ജനകീയമുഖം കൊണ്ടുവന്ന് രക്ഷിതാക്കളും മറ്റ് ഏജൻസികളും ഉൾപ്പെടെ

യുള്ള ആളുകളെ സഹകരിപ്പിച്ച് ഇത്തരത്തിലുള്ള ക്യാമ്പുകൾ നടത്തിയാൽ കുട്ടികൾക്ക് കുറച്ചുകൂടി മാറ്റമുണ്ടാകും. കേരളത്തിലെ ഏക ട്രൈബൽ റിസർച്ച് സെന്റർ, കിർത്താഡ്സ് കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ നേതൃത്വ ത്തിൽ എന്റെ നിയോജകമണ്ഡലമായ സുൽത്താൻ ബത്തേരിയിൽ സ്ഥാപിച്ചു. പൂർണ്ണമായും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന കുട്ടികളാണ് അവിടെ വരുന്നത്. ഈ സ്ഥാപനം ട്രൈബൽ ഡിപ്പാർട്ടുമെന്റ് ഏറ്റെടുത്ത് ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഗവൺമെന്റിനോട് ആവശ്യപ്പെടുന്നു. ആരോഗ്യമേഖലയിൽ ഒട്ടനവധി മാറ്റ ങ്ങളാണ് ഉണ്ടായിട്ടുള്ളത്. കഴിഞ്ഞ കാലങ്ങളിൽ വയനാട്ടിൽനിന്നോ മറ്റ് സ്ഥലങ്ങളിൽനിന്നോ ഒരു രോഗിയെ ആശുപത്രിയിൽ എത്തിക്കണമെങ്കിൽ ടി.ഡി. ഓഫീസിൽ അഭ്യർത്ഥിച്ച് അവിടെ നിന്നും ആംബുലൻസോ മറ്റ് വാഹ നമോ ലഭിക്കണമായിരുന്നു. എന്നാൽ ഇന്നത്തെ സ്ഥിതി അതല്ല. ബഹുമാന പ്പെട്ട മുഖ്യമന്ത്രി പാവപ്പെട്ട രോഗികൾക്ക് ദുരിതാശ്വാസ നിധിയിൽനിന്നും പട്ടികജാതി വകുപ്പിൽനിന്നും ചികിത്സയ്ക്കാവശ്യമായ ഫണ്ടുകൾ അനുവദി ച്ചുകൊടുക്കുന്നു. പട്ടികവർഗ്ഗ വകുപ്പ് 1000 രൂപ മുതൽ 1 ലക്ഷം രൂപ വരെ യാണ് ചികിത്സയക്കുവേണ്ടി പട്ടികവർഗ്ഗക്കാർക്ക് അനുവദിച്ചുകൊടുക്കുന്ന ത്. ഇതൊക്കെ വളരെ സ്വാഗതാർഹമായ പദ്ധതികളാണ്. മാത്രമല്ല, അട്ടപ്പാടിയിലെ പോഷകാഹാരക്കുറവിനെക്കുറിച്ച് ഇന്നലെ ഇവിടെ സംസാരിച്ചു. അവിടെ ഗർഭിണികൾക്ക് 3 മാസം മുതൽ കുട്ടിക്ക് ഒരു വയസ് പ്രായമാകുന്നതുവരെ മാസം 1000 രൂപ വച്ച് (18,000 രൂപ) കൊടുക്കുന്നുണ്ട്. ആരോഗ്യസംരക്ഷണം, ചികിത്സ, പോകാഹാരം ഉൾപ്പെടെയുള്ള എല്ലാ സംവിധാനങ്ങൾക്കും ഗവൺമെന്റ് പദ്ധതികൾ കൊണ്ടുവന്നു. അങ്ങനെ

ആരോഗ്യ മേഖലയിൽ നിരവധി പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. വയനാട്ടിൽ അരിവാൾരോഗികളുടെ എണ്ണം കൂടിവരികയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഈ വിഷയം നിയമസഭയിൽ ചർച്ച ചെയ്തതാണ്. ഇതുസംബന്ധിച്ച് പട്ടിവർഗ്ഗക്ഷേമ വകുപ്പ് നടത്തിയ പഠനത്തിൽ കണ്ടെത്തിയത് ഒരു കുടുംബത്തിലെ മൂന്നും നാലും ആളുകൾ അരിവാൾരോഗികളാണെന്നാണ്. ഇവർക്ക് 1000 രൂപ വീതം സമയബന്ധിതമായി ധനസഹായം അനുവദിച്ചത് ഈ ഗവൺമെന്റാണ്. അക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിക്കുന്നു. ഭവനനിർമ്മാണ മേഖലയിലും ഒട്ടനവധി മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ജനകീയാസൂത്രണ കാലഘട്ടം തുടങ്ങിയതു മുതലുള്ള ഭവനനിർമ്മാണങ്ങൾ പൂർത്തീകരിക്കാൻ ബാക്കിയായിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഇക്കാര്യത്തിൽ കടുത്ത നിലപാട് സ്വീകരിച്ചു. പട്ടികവർഗ്ഗക്കാരെ ചൂഷണം ചെയ്യുന്ന ബിനാമികളുടെ പേരിൽ കേസ്സെടുത്ത് അറസ്റ്റ് ചെയ്യുന്നതിനുള്ള തീരുമാനങ്ങളെടുത്തു. ഇപ്പോഴും നിരവധി ആളുകൾക്കെതിരെ കേസ്സുകൾ നിലവിലുണ്ട്. ഭവനനിർമ്മാണത്തിനുള്ള ധനസഹായം 1.5 ലക്ഷം രൂപയായിരുന്നത് 2.5 ലക്ഷം രൂപയായി വർദ്ധിപ്പിച്ചുനൽകി. കേന്ദ്രഗവൺമെന്റിന്റെ 13–ാം ധനകാര്യ കമ്മീഷൻ primitive tribe –ന് 148 കോടി രൂപ അവാർഡ് ചെയ്തിട്ടുണ്ട്. കേരളത്തിലെ 6 ജില്ലകളിലും ഈ തുക സമഗ്രമായി വിനിയോഗിച്ചുകൊണ്ടിരിക്കുകയാണ്. 3.5 ലക്ഷം രൂപയാണ് ഭവനനിർമ്മാണത്തിന് അനുവദിച്ചുകൊടുക്കുന്നത്. ഭവനനിർമ്മാണം മാത്രമല്ല, റോഡ്, കുടിവെള്ളം, കൃഷി ഉൾപ്പെടെയുള്ള എല്ലാ മേഖലകൾക്കും ഈ ഫണ്ട് വിനിയോഗിക്കുകയാണ്. കഴിഞ്ഞ മാസം എന്റെ നിയോജകമണ്ഡലത്തിൽ, primitive tribe-നായുള്ള,

അടിസ്ഥാനസൗകര്യങ്ങളെല്ലാമുള്ള 220 വീടിന്റെ ഉദ്ഘാടന കർമ്മം ഞാൻ നിർവ്വഹിച്ചു. അവരൊക്കെ ഇപ്പോൾ സന്തോഷത്തിലാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ പാവപ്പെട്ട പട്ടികവർഗ്ഗ സമൂഹത്തിനുവേണ്ടി യുള്ള പദ്ധതികളുമായി ദീർഘവീക്ഷണത്തോടുകൂടി ഈ ഗവൺമെന്റ് മുന്നോട്ടുപോവുകയാണ്. തൊഴിലില്ലായ്മ ഏറെ സംജാതമായിക്കൊണ്ടിരി ക്കുന്ന ഇക്കാലത്ത് പട്ടികവർഗ്ഗത്തിൽപ്പെട്ട 500 യുവതികൾക്കാണ് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുവേണ്ടി ഓട്ടോറിക്ഷ അനുവദിച്ചുകൊടുത്തത്. അക്കാര്യത്തിൽ സംഭവിച്ച ഒരു അപാകത ഞാൻ ഇവിടെ പറയുകയാണ്. സാധാരണ ഇത്തരം ഇന്റർവ്യൂവിൽ ലൈസൻസുള്ള ആളുകളെയാണ് ആദ്യം പരിഗണിക്കുന്നത്. അതിനുശേഷം ഇന്റർവ്യൂവിൽ പങ്കെടുത്ത യുവതികൾക്ക് പരിശീലനം കൊടുത്ത് ലൈസൻസ് എടുത്തുകൊടുക്കുകയെന്നുള്ളതാണ്. ഇന്റർവ്യൂ നടത്തിയപ്പോൾ ജനപ്രതിനിധികളാരുമുണ്ടായിരുന്നില്ല, ഉദ്യോഗ സ്ഥന്മാരാണ് ഇന്റർവ്യു നടത്തിയത്. വയനാട് ജില്ലയിലെ 3 യുവതികൾ ലൈസൻസോടുകൂടി ഇന്റർവ്യുവിൽ പങ്കെടുത്തിട്ടും ഓട്ടോറിക്ഷ അനുവദി ക്കുന്നതിനുള്ള ലിസ്റ്റിൽപ്പെടാൻ അവർക്ക് കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യം പരിശോധിക്കണം. അവിടെ രാഷ്ട്രീയമോ ജാതിയോ ഇല്ല, തൊഴിലിനുവേണ്ടി മാത്രമാണ് ഇന്റർവ്യുവിൽ പങ്കെടുത്തത്. 700 ഫോറസ്റ്റ് വാച്ചർമാരെയാണ് സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി ഈ ഗവൺമെന്റ് നിയമിച്ച ത്. ലീഡർ കെ. കരുണാകരന്റെ കാലത്തും ഇത്തരത്തിലുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റുകൾ നടത്തിയിട്ടുണ്ട്. ശ്രീ എ.കെ. ആന്റണി മുഖ്യമന്ത്രിയായി രുന്ന കാലത്ത് 300 ഫോറസ്റ്റ് ഗാർഡുമാരെ നിയമിച്ചിട്ടുണ്ട്. 700 ഫോറസ്റ്റ് ഗാർഡുമാരെ സ്പെഷ്യൽ റിക്രൂട്ടമെന്റ്വഴി നിയമിക്കാൻ ഈ ഗവൺമെന്റ്

തീരുമാനിച്ചിരിക്കുകയണ്. കഴിഞ്ഞ കാലങ്ങളിൽ വിവാഹ ധനസഹായമായി 10000 രൂപയാണ് കൊടുത്തിരുന്നതെങ്കിൽ, അച്ഛനോ അമ്മയോ നഷ്ടപ്പെട്ടതോ ദരിദ്രരോ ആയ കുടുംബങ്ങൾക്ക് 50,000 രൂപ വിവാഹ ധന സഹായം കൊണ്ടുവന്നത് ഈ ഗവൺമെന്റാണ്. ഊരുകൂട്ട സംവിധാന ങ്ങളെക്കുറിച്ച് ഒരു കാര്യംകൂടി പറഞ്ഞ് ഞാൻ നിർത്തുകയാണ്. ജനകീയാ സൂത്രണ പദ്ധതി കേരളത്തിൽ വന്നതിനുശേഷമാണ് ഗ്രാമസഭകൾ വന്നത്. ഗ്രാമസഭകളിൽ പട്ടികവർഗ്ഗക്കാർക്ക് സംസാരിക്കാൻ അവസരം നിഷേധിക്ക പ്പെട്ടപ്പോഴാണ് അന്നത്തെ ഗവൺമെന്റ് ഊരുകൂട്ട സംവിധാനം കൊണ്ടു വന്നത്. ഊരുകൂട്ട സംവിധാനം വന്നപ്പോൾ ഗവൺമെന്റിന്റെ ഫണ്ട് രണ്ട് മേഖലകളിലായി തിരിച്ചു. ഒന്ന് കോർപ്പസ് ഫണ്ട്, രണ്ട് പ്ലാൻ ഫണ്ട്. പ്ലാൻ ഫണ്ടിന്റെ 50 ശതമാനം കൈകാര്യം ചെയ്യുന്നത് ത്രിതല പഞ്ചായത്തുകളാണ്. നേരത്തെ മദ്യനിരോധനത്തെക്കുറിച്ചും ധാരാളം ലഹരിവിരുദ്ധ സെമിനാറുക ളെക്കുറിച്ചും ബോധവൽക്കരണത്തെക്കുറിച്ചും പറഞ്ഞു. ഊരുകൂട്ടം ഫല പ്രദമായി ഊരുകളിൽ നടപ്പിലാക്കാനുള്ള സാഹചര്യമുണ്ട്. ഇപ്പോൾ അതൊരു കർമ്മപദ്ധതിയായി മാറിയിരിക്കുകയാണ്.

മി. ചെയർമാൻ : പ്ലീസ് കൺക്ലൂഡ്.

ശ്രീ. ഐ.സി. ബാലകൃഷ്ണൻ : ഊരുകൂട്ടം വിളിക്കുമ്പോൾ ഗ്രാമസഭ കളുടെ നോംസ് തന്നെ സ്വീകരിക്കേണ്ടതാണ്. ഇന്ന് വളരെ പെട്ടെന്ന് വിളിച്ചുചേർക്കുന്ന സഭയായി ഊരുകൂട്ടം മാറിയിരിക്കുകയാണ്. 7 ദിവസം മുമ്പ് നോട്ടീസ് കൊടുത്ത് ഊരുനിവാസികളെ കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തി ഊരുകൂട്ടം വിളിച്ച്, അവർ ആവിഷ്കരിക്കുന്ന, നിർദ്ദേശിക്കുന്ന പദ്ധതികൾ ആവിഷ്കരിക്കാൻ ഗവൺമെന്റ് തയ്യാറാകണം. ഇത്തരം പദ്ധതികൾക്ക്

നേതൃത്വം കൊടുത്ത ബഹുമാനപ്പെട്ട മന്ത്രിയേയും ഗവൺമെന്റിനേയും അഭിനന്ദിച്ചുകൊണ്ട്, ഒരിക്കൽക്കൂടി ഈ ധനാഭ്യർത്ഥനകളെ അനുകൂലിച്ചു കൊണ്ട് നിർത്തുന്നു.

ശ്രീ. കെ. വി. വിജയദാസ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. സമാനതകളില്ലാത്ത അവഗണനയുടെയും അടിച്ചമർത്ത ലുകളുടെയും പ്രതീകമായ ദളിത് സമൂഹങ്ങളുടെ പുരോഗതി ഇനിയും എത്രയോ അകലെയാണെന്നാണ് സമീപകാല യാഥാർത്ഥ്യങ്ങൾ മനസ്സിലാ ക്കുമ്പോൾ നമുക്ക് കാണാൻ കഴിയുന്നത്. ഇപ്പോൾ പുതിയ പ്രധാനമന്ത്രി അധികാരമേറ്റെടുത്തതോടുകൂടി വമ്പിച്ച രീതിയിലുള്ള അതിക്രമങ്ങളാണ് ദളിത് സമൂഹത്തിന് നേർക്കുണ്ടാകുന്നത്. ഈ കടുത്ത അതിക്രമങ്ങളോടും പീഡനങ്ങളോടും അക്രമങ്ങളോടുമൊക്കെ ഏതെങ്കിലും തരത്തിലുള്ള പ്രതിഷേധം ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ ഭാഗത്തുനിന്നും വരുന്നി ല്ലായെന്നുള്ളതാണ് ഏറ്റവും ഭയപ്പെടുത്തുന്നതും പ്രതിഷേധാർഹവുമായ കാര്യം. സ്വാതന്ത്ര്യം ലഭിച്ച് നിരവധി വർഷങ്ങൾ കഴിഞ്ഞതിനുശേഷവും ദളിത് സമൂഹം ഇന്നും അവഗണനയുടെയും അടിച്ചമർത്തലിന്റെയും വക്കിലാണെന്നതാണ് യാഥാർത്ഥ്യം. അതിൽനിന്ന് അൽപ്പമെങ്കിലും മോചനം നേടാനും വ്യത്യസ്തമായി പ്രവർത്തിക്കാനും ചിന്തിക്കാനും ഇടയാക്കിയ ഒരേയൊരു സംഭവം 1957-ൽ കേരളത്തിൽ അധികാരത്തിൽ വന്ന മഹാനായ സഖാവ് ഇ.എം.എസ്. ഗവൺമെന്റിന്റെ നേതൃത്വത്തിൽ നടന്നിട്ടുള്ള ഭരണ പരിഷ്കാരങ്ങളാണ്. 1957-ലെ ഇ.എം.എസ്. ഗവൺമെന്റ് ഇവിടെ നാടുവാഴി ത്തവും ജന്മിത്തവും അവസാനിപ്പിച്ചു, ഭൂപരിഷ്കരണനിയമം കൊണ്ടുവന്നു.

ഇന്ന് ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ ദളിത് സമൂഹം അക്രമത്തിന് വിധേയമാകാതിരിക്കാനുള്ള ഒരേയൊരു കാരണം സഖാവ് ഇ.എം.എസ്.ന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് കൊണ്ടുവന്ന ഭൂപരിഷ്കരണ നിയമമാണെന്നുപറയാൻ ഞാനാഗ്രഹിക്കുകയാണ്. മാത്രമല്ല, വിദ്യാഭ്യാസ മേഖലയിൽ മഹാനായ ജോസഫ് മുണ്ടശ്ശേരി കൊണ്ടുവന്ന പരിഷ്കാരങ്ങൾ, പാവപ്പെട്ടവന്റെയും സാധാരണക്കാരുടെയും താഴ്ന്ന ജാതി യിലുള്ളവരുടെയും ഉയർന്ന ജാതിയിലുള്ളവരുടെയും മക്കൾക്ക് ഒരേ ക്ലാസ്മുറിയിൽ ഒരേ ബഞ്ചിലിരുന്ന് പഠിക്കാനുള്ള അവസരമൊരുക്കി ക്കൊണ്ടുള്ള വിദ്യാഭ്യാസ പരിഷ്കരണ നിയമമാണ് വിദ്യാഭ്യാസ മേഖലയിൽ ഇതരസംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം കൈവരിച്ച പുരോഗതിക്ക് കാരണമായത്. കേരളത്തിൽ ഈയൊരു മാറ്റമുണ്ടാകാൻ കാരണം ഇടതു പക്ഷ പാർട്ടികൾ അധികാരത്തിൽ വന്നതാണ്. കോൺഗ്രസ്സ് ഭരിക്കുന്ന കർണ്ണാടകയിൽ അമ്പലത്തിൽ പ്രാർത്ഥിക്കാൻ പോയ ദളിത് വിഭാഗത്തോട് കാണിച്ച ക്രൂരത വിവരണാതീതമാണ്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും തമിഴ്നാട്ടിലും ദളിതർക്ക് അമ്പലങ്ങളിൽ പ്രവേശിക്കാൻ സാധിക്കില്ല. ദളിത് സമൂഹത്തെ വേർപെടുത്തി നിറുത്തുന്നതരത്തിൽ ഒരു മതിൽതന്നെ കെട്ടി ഉയർത്തി. ആ മതിൽ പൊളിച്ചുമാറ്റാൻ നേതൃത്വം നൽകിയത് കോൺഗ്രസ്സ് പാർട്ടിയോ, എ.ഐ.എ.ഡി.എം.കെ.യോ, ഡി.എം.കെ.യോ അല്ല, മറിച്ച് കമ്മ്യൂ ണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യാ (മാർക്സിസ്റ്റ്)-ന്റെ നേതാവാണെന്ന് അഭിമാന ത്തോടുകൂടി പറയാൻ സാധിക്കും. ദളിത് സമൂഹത്തിന്റെ പോരാട്ടങ്ങൾക്കും അവരുടെ മോചനത്തിനും എന്നും തുണയായിട്ടുള്ളത് ഇടതുപക്ഷ പാർട്ടിക ളാണെന്ന് നമുക്ക് പറയാൻ സാധിക്കും. ഇന്നലെ നടന്നൊരു സംഭവം....

<u>ശ്രീ. ആർ. രാജേഷ്:</u> സർ, കർണ്ണാടകയിൽ മഠസ്ഥാനെതിരെയുള്ള ശക്തമായ പോരാട്ടം സംഘടിപ്പിച്ചതും സി.പി.ഐ. (എം) അല്ലേ?

<u>ശ്രീ. കെ. വി. വിജയദാസ്:</u> സർ, തീർച്ചയായും അതെ. ഇന്നലെ നടന്ന ഒരു സംഭവം മംഗളം പത്രത്തിലുണ്ട്. കണ്ണൂർ പേരാവൂർ മണത്തണയിലെ ഐശ്വര്യ പ്രകാശൻ എന്ന കുട്ടി ജാതി സർട്ടിഫിക്കറ്റിനുവേണ്ടിയുള്ള അപേക്ഷയുമായി തഹസിൽദാരുടെ മുമ്പിലെത്തുന്നു. സാധാരണ ജാതി സർട്ടിഫിക്കറ്റ് വാങ്ങാൻ പോയാൽ വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് വാങ്ങിനോക്കി അപ്പോൾതന്നെ തഹസീൽദാർ സർട്ടിഫിക്കറ്റ് നൽകുകയാണ് ചെയ്യുന്നത്. പക്ഷെ, 'നിങ്ങളുടെ സമുദായം എനിക്ക് തിരിച്ചറിയാൻ കഴിയുന്നില്ല, തിരിച്ചറിയണമെങ്കിൽ നിങ്ങൾ തോറ്റംപാട്ട് പാടി എന്നെ ബോദ്ധ്യപ്പെടുത്തണ'മെന്നാണ് ഈ തഹസീൽദാർ പറഞ്ഞത്. അത്തരമൊരു സംഭവവികാസം നമ്മുടെ കേരളത്തിലുമുണ്ടായി എന്നുള്ളതൊരു യാഥാർത്ഥ്യമാണ്. ആ തഹസിൽദാർക്കെതിരെ നടപടിയെടുക്കാൻ ഈ ഗവൺമെന്റ് തയ്യാറാകുമോ എന്നതാണ് പ്രധാന പ്രശ്നം. ഈ സംഭവത്തെക്കുറിച്ച് എന്തെങ്കിലുമൊരു പരാമർശമോ പ്രതിഷേധമോ ഇവിടെ ഉണ്ടായില്ല. പൊതുസമൂഹത്തിൽനിന്ന് ദളിത് സമൂഹത്തെ വേർതിരിച്ച് നിർത്താനുള്ള ബോധപൂർവ്വമായ നീക്കമാണ് ഈ തഹസിൽദാരുടെ ഭാഗത്തുനിന്നുണ്ടായത് എന്ന കാര്യത്തിൽ തർക്കമില്ല. ആ തഹസിൽദാരുടെ മനസ്സിൽ ഒരു കൊച്ചു തമ്പുരാൻ ഉറങ്ങിക്കിടക്കുന്നുണ്ട്, അതാണ് നാടുവാഴിത്തം. ആ നാടുവാഴിത്തത്തിന്റെ അവശിഷ്ടങ്ങൾപോലും ഇല്ലാതാക്കിയാൽ മാത്രമേ കേരളത്തിലെ ദളിത് സമൂഹത്തിന് രക്ഷയുള്ളൂ. 2011-ൽ കേരള സർക്കാർ നടത്തിയ സർവ്വെയിലെ കണക്കുപ്രകാരം ഒരു മുറി മാത്രമുള്ള വീട്ടിൽ 1,22,871 പേരും

വൈദ്യുതീകരിക്കാത്ത വീടുകളിൽ 88,331 പേരും ശൗചാലയങ്ങളില്ലാത്ത വീടുകളിൽ 68,555 പേരും വാസയോഗ്യമല്ലാത്ത വീടുകളിൽ 50,000 പേരും അടുക്കളയില്ലാത്ത വീടുകളിൽ 39,580 പേരും താമസിക്കുന്നെണ്ടന്നാണ് കാണിച്ചിരിക്കുന്നത്. അതുപോലെ ദളിത് വിഭാഗത്തിൽ സ്ഥിരം തൊഴിലുള്ള വർ കേവലം 50,000 പേരും പ്രവാസികൾ ഒരു ശതമാനത്തിൽ താഴെയുമാണ്. 2013-ലെ എക്ണോമിക് റിവ്യൂവിൽ പറയുന്നത് എസ്.സി. വിഭാഗത്തിന്റെ വളർച്ചാനിരക്ക് (-)2.7% ആണെന്നാണ്. ഈയൊരു വസ്തുത കണക്കിലെടുത്തുകൊണ്ട് ഈ വിഭാഗത്തെ സംരക്ഷിക്കാൻ താങ്ങും തണലുമായി നിൽക്കേണ്ട പട്ടികജാതി വികസന വകുപ്പ് എന്തു ചെയ്തുവെന്ന് പരിശോധിക്കേണ്ടതാണ്. ഭവന നിർമ്മാണമെന്ന ചെറിയ കാര്യം മാത്രം പരിശോധിക്കാം. അഞ്ചുവർഷത്തെ കണക്കെടുക്കുന്നില്ല, രണ്ടുവർഷത്തെ കണക്കെടുത്തുനോക്കിയാൽ, എൽ.ഡി.എഫ്.ന്റെ ഭരണകാലത്ത് രണ്ടുവർഷംകൊണ്ട് 19,777 വീടുകൾ പൂർത്തിയായപ്പോൾ യു.ഡി.എഫ്.ന്റെ ഭരണകാലത്ത് രണ്ടുവർഷംകൊണ്ട് 12,500 വീടുകൾ അലോട്ട് ചെയ്തതിൽ പൂർത്തിയാക്കിയവ വെറും 1577 എണ്ണം മാത്രമാണ്. അതാണ് പോരായ്മ, യു.ഡി.എഫ്.-ന് താൽപ്പര്യമില്ലായെന്നാണ് അതിന്റെ അർത്ഥം. ഇവിടെ യു.ഡി.എഫ്. ഗവൺമെന്റ് വന്നതോടുകൂടി എസ്.സി./എസ്.റ്റി. വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ് വർദ്ധിപ്പിച്ചു, സന്തോഷകരമായ കാര്യമാണ്, അതിനെ സ്വാഗതം ചെയ്യുന്നു. പക്ഷെ ആ സ്റ്റൈപ്പന്റ് പാവപ്പെട്ട വിദ്യാർത്ഥികൾക്ക് കഴിഞ്ഞ വർഷം കൊടുത്തില്ല. ഈ വർഷം ദളിത് സംഘടനകളാകെ സമരം ചെയ്തപ്പോഴാണ് സ്റ്റൈപ്പന്റും വർഷത്തിലൊരിക്കൽ മാത്രം കൊടുക്കുന്ന

ലംപ്സംഗ്രാന്റും നൽകാനുള്ള നടപടിയുണ്ടായത്. ഈ ഗവൺമെന്റ് വന്നതോടുകൂടി ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി ഇല്ലാതാക്കി. ഐ.എ. വൈ. പദ്ധതിയിൽ 60% പിന്നോക്ക സമുദായത്തിനവകാശപ്പെട്ടതാണ്, ആ പദ്ധതിയും ഇല്ലാതാക്കി. ഇപ്പോൾ വീടുകൾ അനുവദിക്കുന്നില്ല, കേന്ദ്ര ഗവൺമെന്റിന്റെ വിഹിതവും ലഭിക്കുന്നില്ല. അങ്ങനെ ഐ.എ.വൈ. പദ്ധതി നഷ്ടപ്പെട്ടു. പാവപ്പെട്ട വിഭാഗങ്ങൾക്ക് നന്മ ചെയ്യുന്നതിനുവേണ്ടി പ്രവർത്തിക്കേണ്ട പട്ടികജാതി വികസന വകുപ്പ് അവരോട് ദ്രോഹകരമായ നിലപാടാണ് സ്വീകരിക്കുന്നത്. വിവാഹധനസഹായ വിതരണം രണ്ടരവർഷമായി മുടങ്ങിക്കിടക്കുകയാണ്. ഇവിടെ പട്ടികജാതി/ദളിത് സമൂഹത്തിലെ വിദ്യാർത്ഥികൾക്കായി ധാരാളം ഹോസ്റ്റലുകളുണ്ട്, വളരെ ശോചനീയമായ സ്ഥിതിയാണ് അവിടെയുള്ളത്. നിയമസഭയുടെ എസ്റ്റിമേറ്റ് കമ്മിറ്റി കഴിഞ്ഞ വർഷം കേരളത്തിലെ ഒട്ടുമിക്ക ഹോസ്റ്റലുകളും സന്ദർശിച്ചു. ഹോസ്റ്റലുകളിൽ ഏറ്റവും ശോചനീയമായ സ്ഥിതിയാണുള്ളതെന്ന് എസ്റ്റിമേറ്റ് കമ്മിറ്റിയുടെ റിപ്പോർട്ടിലാണ് പറഞ്ഞിരിക്കുന്നത്.

കഴിഞ്ഞയാഴ്ച തിരുവനന്തപുരത്ത് മെഡിക്കൽ കോളേജിന് തൊട്ടടുത്ത് പ്രവർത്തിക്കുന്ന പ്രിയദർശിനി ഹോസ്റ്റലിലെ ദുർഗന്ധംകൊണ്ട് അവിടെ കുട്ടികൾക്ക് പഠിക്കാൻ കഴിയുന്നില്ല എന്നുള്ള വാർത്ത വലിയതോതിലാണ് പത്രങ്ങളിൽ വന്നത്. കേരളത്തിലെ ഒട്ടുമിക്ക ഹോസ്റ്റലുകളിലും ഏറ്റവും മോശമായ സ്ഥിതിയാണുള്ളത്. അത് പരിഹരിക്കാൻ പട്ടികജാതി വികസന വകുപ്പല്ലെ നേതൃത്വം കൊടുക്കേണ്ടത്? ഇപ്പോൾ ഡീസലിനും പെട്രോളിനും പച്ചക്കറികൾക്കും ഭക്ഷ്യപദാർത്ഥങ്ങൾക്കുമെല്ലാം വലിയതോ

തിൽ വിലക്കയറ്റമുണ്ടായിട്ടും ഈ ഹോസ്റ്റലുകളിൽ ഒരുകുട്ടിക്ക് പ്രതിമാസം 1,300 രൂപയാണ് ഭക്ഷണത്തിനുവേണ്ടി അനുവദിക്കുന്നത്. ആ തുക വർദ്ധി പ്പിക്കാൻ സന്മനസ്സ് കണിച്ചോ? ഒരു നയാപൈസപോലും വർദ്ധിപ്പിച്ചില്ല. 2009 –നുശേഷം ഇതിനെ സംബന്ധിച്ച് ഗൗരവമായൊരു പഠനംപോലും നടത്തിയി ട്ടില്ല. ആ ഹോസ്റ്റലുകൾക്ക് ഒരു വാർഡനും രണ്ട് പാചകത്തൊഴിലാളികളും ഒരു വാച്ചറും ഒരു പാർട്ട് ടൈം സ്വീപ്പറുമുണ്ട്. പക്ഷെ ആ ഹോസ്റ്റലുകളിൽ മതിയായ തോതിൽ ഭക്ഷണംപോലും കൊടുക്കാൻ കഴിയുന്നില്ല എന്ന അവ സ്ഥയാണുള്ളത്. ഇതൊരു വലിയ പോരായ്മയല്ലേ? അവർക്ക് വാസ യോഗ്യമായിട്ടുള്ള ഒരു കെട്ടിടമില്ല, പെൺകുട്ടികളുടെ ഹോസ്റ്റലിന് ചുറ്റുമ തിലില്ല, അവരുപയോഗിക്കുന്ന ശൗചാലയങ്ങൾ വളരെ ദയനീയമായ സ്ഥിതി യാണ്. ഈ നിയമസഭയിലെ ചില അംഗങ്ങൾ കുറേ ഹോസ്റ്റലുകൾ സന്ദർശിച്ചു. വളരെ ശോചനീയമായ സ്ഥിതിയാണ് അവിടെയുള്ളത്. ബഹു മാനപ്പെട്ട മന്ത്രിയെങ്കിലും കേരളത്തിലെ ഇത്തരം ഹോസ്റ്റൽ കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനുവേണ്ടിയുള്ള തീരുമാനമെടുക്കണമെ ന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ അഹാഡ്സ് എന്നൊരു പദ്ധതി ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന സമയത്ത് കൊണ്ടുവന്നു. അഹാഡ്സ് ഇപ്പോൾ ഇല്ലാതായി. അവിടെയുള്ള കുറെ ജീവനക്കാരെ പുനഃ സ്ഥാപിച്ചു. അങ്ങനെ പുനഃസ്ഥാപിച്ചപ്പോൾ 10-12 വർഷക്കാലം അവിടെ ജോലിചെയ്ത ദളിത് സമൂഹത്തിലെ 22 ചെറുപ്പക്കാരെമാത്രം ഒഴിവാക്കി. പട്ടികജാതി വിഭാഗത്തിൽപ്പെട്ട 22 പേരെമാത്രം ഒഴിവാക്കികൊണ്ടുള്ള ഒരവഗ ണന അവിടെയുണ്ടായത് ശരിയാണോ? ആ ഒരു സമീപനം തിരുത്തണം എന്നാണ് എനിക്ക് അതുസംബന്ധിച്ച് പറയാനുള്ളത്. ഏറ്റവും അത്ഭുതകര

മായിട്ടുള്ള വസ്തുതയെന്നുപറയുന്നത് കഴിഞ്ഞ 15-ാം ലോകസഭയിലെ തെരഞ്ഞെടുക്കപ്പെട്ട എം.പി.മാരിൽ ആറ്റിങ്ങൽ, ഇടുക്കി, പാലക്കാട്, ആലത്തൂർ, കാസർഗോഡ് എന്നിവിടങ്ങളിലെ 5 എം.പി.-മാരൊഴികെ മറ്റ് എല്ലാ എം.പി.-മാരും അവർ ചെലവാക്കേണ്ടതായിട്ടുള്ള എം.പി. ഫണ്ട് വകമാറ്റി ചെലവാക്കി. അങ്ങനെ 17 കോടി 64 ലക്ഷംരൂപ വകമാറ്റി ചെലവാക്കി. ഇതാണോ ജനാധിപത്യം? ജനാധിപത്യപരമായി പാർലമെന്റിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾതന്നെ ദളിത് സമൂഹത്തോട് അവഗണന കാണിക്കുന്നുവെന്ന് പറഞ്ഞാൽ എന്താണ് ഇതിനർത്ഥം? ഇവരാണ് ഈ സമൂഹത്തെ ഉദ്ധരിക്കുന്നതിനുവേണ്ടി മുന്നോട്ടുവരുന്നതെന്നുപറഞ്ഞാൽ അതിൽ എന്തെങ്കിലും ആത്മാർത്ഥതയുണ്ടോ?

<u>മി. ചെയർമാൻ</u> : പ്ലീസ് കൺക്ലൂഡ്, അങ്ങേയ്ക്ക് 2 മിനിറ്റ് കൂടുതലായി. മുൻ സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണൻ മാത്രമെ ഇവിടെ 12 മിനിറ്റ് എടുത്തുള്ളൂ. അത് മുൻ സ്പീക്കറെന്നുള്ള ഒരാനുകൂല്യം കൊടുത്തതുകൊണ്ടാണ്. ബാക്കിയെല്ലാപേരും പരമാവധി 3 മിനിറ്റെ എടുത്തുള്ളൂ.

<u>ശ്രീ. കെ. വി. വിജയദാസ്</u> : സർ, ഞാൻ ദീർഘിപ്പിക്കുന്നില്ല. ടൂറിസം ഡിപ്പാർട്ടുമെന്റും ഇതിലുള്ളതുകൊണ്ട് അതിനെക്കുറിച്ച് ഒരുവാക്ക് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ദക്ഷിണേന്ത്യയിൽതന്നെ വൃന്ദാവനം കഴിഞ്ഞാൽ ഏറ്റവും നല്ല പൂന്തോട്ടമുള്ളത് പാലക്കാട് ജില്ലയിലെ മലമ്പുഴ ഡാമിലാണ്. ആ മലമ്പുഴ ഡാമിന്റെ സ്ഥിതി വളരെ ശോചനീയമാണ്. അതിനർഹിക്കുന്ന പരിഗണനകൊടുത്ത് നല്ലനിലയിലേയ്ക്ക് കൊണ്ടുവരണം. എന്റെ നിയോജകമണ്ഡലത്തിൽ മീൻവല്ലം വാട്ടർഫാളിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രിതന്നെ രണ്ടരക്കോടിരൂപ അനുവദിച്ചിട്ടുണ്ട്. അക്കാര്യ

ത്തിൽ ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുന്നു. ആ പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കണം. കാഞ്ഞിരപ്പുഴ ഡാമിന്റെ ഉദ്യാനം വികസിപ്പിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളും സജീവമായി നടപ്പാക്കണം. കഴിഞ്ഞ കാലങ്ങളിൽ ഡി.റ്റി.പി.സി. വർഷത്തിൽ ഒരുതവണയെങ്കിലും ചേർന്നിരുന്നു. ഇപ്പോൾ അത് ചേരുന്നേയില്ല. രണ്ട് ഉദ്യോഗസ്ഥന്മാരാണ് ഇപ്പോൾ ഡി.റ്റി.പി.സി. കൊണ്ടുനടക്കുന്നത്. കളക്ടറും എം.എൽ.എ.മാരും ആരും അത് ശ്രദ്ധിക്കുന്നില്ല. അതുകൊണ്ട് ഡി.റ്റി.പി.സി. സജീവമാക്കാനും ഡി.റ്റി.പി.സി.യുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ കൊണ്ടുവരാനും ബഹുമാനപ്പെട്ട മന്ത്രി താല്പര്യമെടുക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

<u>ശ്രീ. പി. എ. മാധവൻ:</u> സർ, കേരളത്തിലെ അധഃസ്ഥിത വിഭാഗങ്ങളുടെയും മറ്റ് പിന്നോക്ക ന്യൂനപക്ഷ വിഭാഗങ്ങളുടെയും പാർശ്വവത്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെയും അംഗീകാരം നേടാൻ കഴിഞ്ഞ മൂന്ന് മന്ത്രിമാർ ഈ നിയമസഭയിൽ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ അഭിമാനപൂർവ്വം ഞാൻ പിന്താങ്ങുന്നു. ഏറെ സന്തോഷത്തോടുകൂടി ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങാൻ എണ്ണിയെണ്ണി പറയാവുന്ന നിരവധി നേട്ടങ്ങൾ ഈ മൂന്നുമന്ത്രിമാരുടെയും ഭരണകാലഘട്ടത്തിൽ, ബന്ധപ്പെട്ട വകുപ്പുകളിൽ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. പട്ടികജാതി വകുപ്പിൽ, പട്ടികജാതി ക്ഷേമപ്രവർത്തനങ്ങളിൽ പിന്നിട്ട മൂന്നുവർഷക്കാലം ഭൂതക്കണ്ണാടിവച്ച് നോക്കിയാൽപ്പോലും ഒരുനേട്ടവും കാണാൻകഴിയാത്ത പ്രസംഗങ്ങളാണ് മുൻനിയമസഭാ സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണൻ മുതൽ ശ്രീ. കെ. വി. വിജയദാസ് വരെയുള്ള പ്രതിപക്ഷംഗങ്ങൾ ഇവിടെ ചൂണ്ടിക്കാണിച്ചത്. ഒടുവിൽ സംസാരിച്ച

ശ്രീ. കെ. വി. വിജയദാസ് ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിക്കുന്നുവെന്നൊരു വാക്ക് പറഞ്ഞത് ഞാൻ വളരെ കൗതുകത്തോടുകൂടിയാണ് കേട്ടത്. സ്വന്തം നിയോജകമണ്ഡലത്തിലെ ഒന്നുരണ്ട് കാര്യങ്ങൾ പറഞ്ഞപ്പോൾ അഭിനന്ദിക്കുന്നുവെന്നൊരു വാക്ക് കേൾക്കാൻ അവസരമുണ്ടായി. പക്ഷെ എന്തെങ്കിലുമൊരു കാര്യത്തിൽ ഈസർക്കാർ ഒരുനല്ലകാര്യം ചെയ്തു എന്നുപറയാൻ മറ്റാരും തയ്യാറായില്ല. 1947 മുതൽ 67 കൊല്ലക്കാലത്തെ പാരമ്പര്യം ഇവിടെ ചൂണ്ടിക്കാണിച്ചു. 1930 കളിലാണ് പട്ടികജാതിക്കാരെ മുഖ്യധാരയിൽകൊണ്ടുവരാൻ ബാബാസാഹിബ് അംബേദ്ക്കറുമായി മഹാത്മാഗാന്ധി പൂന പാക്റ്റ് ഒപ്പിടുന്നത്. പട്ടികജാതിക്കാരെ എങ്ങനെയാണ് ഈ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരേണ്ടത് എന്നത് സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ അധികാരത്തിന്റെ ആനപ്പുറത്ത് കയറിയതിനുശേഷം മാത്രം തോന്നിയതല്ല കോൺഗ്രസിന്റെ മനസ്സിൽ. സ്വാതന്ത്ര്യ സമരത്തിന്റെ തീച്ചൂളയിൽ നിൽക്കുമ്പോൾ ഇന്ത്യാ രാജ്യത്തെ അധഃസ്ഥിത ജനവിഭാഗങ്ങളെ എവിടെ നിർത്തണമെന്ന് സുവ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്ന രാഷ്ട്രീയ പ്രസ്ഥാനമാണ് ഇൻഡ്യൻ നാഷണൽ കോൺഗ്രസ് എന്ന് നിങ്ങളെ ബോധ്യപ്പെടുത്താൻ, നിങ്ങളെ ചൂണ്ടിപ്പറയാൻവേണ്ടിയാണ് ഞാൻ ആ വാക്കുപയോഗിച്ചത്. 1987-ൽ അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിൽവന്ന ഈ കേരളത്തിൽ പിന്നീട് ഇന്നുവരെ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ഒറ്റയ്ക്ക് അധികാരത്തിൽ വരാൻ കഴിഞ്ഞോ? ........ (ബഹളം)...........

<u>മി. ചെയർമാൻ</u>: പ്ലീസ്. ഒരംഗം സംസാരിക്കുമ്പോൾ അത് ക്ഷമയോടെ എല്ലാപേരും കേൾക്കുക. നിങ്ങൾക്ക് മറുപടി പറയണമെങ്കിൽ പിന്നീട് പറയാം.

ശ്രീ. പി. എ. മാധവൻ: ഭാര്യയുമായി തെറ്റിപ്പിരിഞ്ഞ് ഡിവോഴ്സായശേഷം കല്ല്യാണം കഴിച്ചിരുന്ന സ്ത്രീ ഭക്ഷണം കഴിച്ചോ, അവർ ഉറങ്ങിയോ എന്നൊക്കെ ചിന്തിച്ച് വേവലാതിപ്പെടുന്നതുപോലെ ആ സ്ത്രീയുടെ പടം പോക്കറ്റിൽവച്ച് നടക്കുന്നതുപോലെ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പരാതി ഇന്ത്യൻ നാഷണൽ കോൺഗ്രസ് നന്നാവാത്തതിലുള്ള വിരോധം, പ്രയാസം എന്തിനാണ്? അതും ഒരുകാലത്തും നന്നാവാത്ത പാർട്ടിയിൽ നിന്നും. ബംഗാളിൽ സഖാക്കൾ തൃണമൂൽ കോൺഗ്രസ് പ്രവർത്തകരെ കാണുമ്പോൾ ഓടുകയാണ്.

മി. ചെയർമാൻ: ശ്രീ. പി. എ. മാധവൻ അങ്ങ് സബ്ജക്ടിലേയ്ക്ക് വരൂ.. ഇനി അഞ്ചുമിനിട്ടേ ബാക്കിയുള്ളൂ.

ശ്രീ. പി. എ. മാധവൻ: സർ, ഞാൻ ഈപറയുന്നത് സബ്ജക്ടാണ്. ഇന്ത്യൻ രാഷ്ട്രീയത്തിൽ പാവപ്പെട്ടവരെ കൂടെനിർത്താൻ കഴിയാതെ കേരളത്തിന്റെ മണ്ണിലേയ്ക്ക് കള്ളിമുണ്ടുടുത്ത് ബംഗാളികൾ കൂട്ടത്തോടെ പാലായനം ചെയ്യുന്നു. എന്നിട്ടും ഒരക്ഷരം മിണ്ടാതെ ചാരിത്ര്യപ്രസംഗം നടത്തുകയാണ്. അത് ശരിയല്ല. വൈദ്യരേ സ്വയം ചികിത്സിക്കൂ എന്നല്ലാതെ ഒന്നും ഇവരെക്കുറിച്ച് പറയാനില്ല. ഓണം പിറന്നാലും ഉണ്ണി പിറന്നാലും കോരന് കുമ്പിളിൽ കഞ്ഞി എന്നൊരു നാടൻ ചൊല്ലുണ്ട്. പട്ടികജാതിക്കാരനെ പ്രതീകാത്മകമായി പ്രതിപാദിക്കുന്നതാണ് കോരൻ. അവന് ഓണമില്ല. ഉണ്ണിയുടെ ജൻമദിനം ഇല്ല അവന് ആഘോഷങ്ങളില്ല എന്ന സ്ഥിതി അക്ഷരാർത്ഥത്തിൽ ഇന്നും ശരിയാണ്. 1952-ൽ ആദ്യത്തെ തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ കേരളത്തിൽ അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിൽവന്നു.

കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിൽ വന്നപ്പോൾ എല്ലാകാലത്തും ഇവിടെ സ്വർഗ്ഗംപണിതു എന്നുപറയുന്നതിൽ ആവേശംകൊള്ളുന്നവരാണ് അപ്പുറത്തുള്ളവർ. 1952-ൽ പ്രൊഫ. മുണ്ടശ്ശേരി വന്നതുകൊണ്ടു പഠിച്ചു. 1952 ൽ അധികാരത്തിൽ വന്നതുകൊണ്ട് കോളനികൾ നന്നായി, ഹരിജനങ്ങൾ നന്നായി എന്നൊക്കെ പറയുന്നുണ്ടല്ലോ? എന്തുകൊണ്ടാണ് ആ ഭരണത്തിന് ആയുസില്ലാതെ പോയത്. 1967-ലും വന്നല്ലോ. സ്വാതന്ത്ര്യം കിട്ടി 10-ാം വർഷത്തിലും 20-ാം വർഷത്തിലും അധികാരത്തിൽ ആവർത്തിച്ചാവർത്തിച്ച് വന്നു. ഇപ്പോൾ 67 വർഷങ്ങൾക്കുശേഷം തിരിഞ്ഞുനോക്കുമ്പോൾ പട്ടികജാതിക്കാരൻ പട്ടിണിക്കാരനായി നിൽക്കുകയാണ്. എന്തുകൊണ്ടാണെന്ന് നമുക്കൊരുമിച്ചാലോചിക്കാൻ തയ്യാറാകണമെന്ന് പറഞ്ഞാൽ മനസ്സിലാകും. ശ്രീ. കെ. രാധാകൃഷ്ണൻ സംസാരിച്ചപ്പോൾ പറഞ്ഞു, കുടികിടപ്പ് കൊടുത്തതും കർഷകത്തൊഴിലാളിയെ രക്ഷിച്ചതും മാർക്സിസ്റ്റ് പാർട്ടിയാണെന്ന്. 1957 -ൽ അല്ല, 1970 ജനുവരി 1 മുതലാണ് കേരളത്തിൽ കുടികിടപ്പ് കൊടുത്തത്. ആ നിയമം നടപ്പിലാക്കിയത് കോൺഗ്രസ്സിന്റെ പിന്തുണയുള്ള ഐക്യജനാധിപത്യ മുന്നണി സർക്കാരല്ലേ. അന്ന് അപ്പുറത്തുള്ള സാക്ഷാൽ കമ്മ്യൂണിസ്റ്റെന്ന് അവകാശപ്പെടുന്ന പലരും കോൺഗ്രസിന്റെ കൂടെയുണ്ടായിരുന്നു. അച്യുത മേനോനായിരുന്നു മുഖ്യമന്ത്രി. അത് നടത്താൻ തയ്യാറായ പാർട്ടിയും മുന്നണിയും കോൺഗ്രസാണ്. എന്നിട്ടും എട്ടുകാലി മമ്മൂഞ്ഞിനെപ്പോലെ തനിക്കവകാശപ്പെട്ടതെന്ന് മേനി പറയുന്നത് ശരിയാണോ? അത് ശരിയല്ല എന്ന് പറയാനുള്ള മാന്യത കാണിക്കണം. പട്ടികജാതിക്കാരുടെ കാര്യത്തിൽ ഒട്ടേറെ ആനുകൂല്യങ്ങൾ കൊടുക്കാൻ തയ്യാറായ മന്ത്രിയും മന്ത്രിസഭ

യുമാണ് ഇന്ന് കേരളത്തിലുള്ളത്. മാറാരോഗങ്ങൾക്ക് ചികിത്സനടത്തുന്ന പട്ടികജാതിക്കാർക്ക് ഉദാരമായ ചികിത്സാസഹായം, സ്വയംപര്യാപ്ത ഗ്രാമങ്ങളെന്ന നിലയിൽ കോളനികളിലെ വികസനപദ്ധതികൾ, പട്ടികജാതിക്കാർക്ക് സ്വന്തമായി മെഡിക്കൽ കോളേജ്, വണ്ടൂർ ആർട്സ് ആന്റ് സയൻസ് കോളേജ്, പട്ടികജാതി വിദ്യാർത്ഥികൾക്ക് ഉന്നത പഠന സൗകര്യം എന്നിങ്ങനെ എണ്ണിയാലൊടുങ്ങാത്ത കാര്യങ്ങൾ പട്ടികജാതിക്കാർക്കുവേണ്ടി നടപ്പിലാക്കിയ സർക്കാരല്ലേ ഇത്. ഒരു വാക്കെങ്കിലും നല്ലത് പറഞ്ഞുകൂടെ. അത് പറയാതെ പോകുന്നത് ശരിയാണോ?

നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ച് അനന്ത സാധ്യതകളുള്ളതാണ് ടൂറിസം. 590 കിലോമീറ്റർ ദൂരം നീണ്ടുകിടക്കുന്ന കടലോരം, നദികൾ, ഹരിതാഭമായ പശ്ചിമഘട്ടം, വന്യമൃഗ സങ്കേതങ്ങളുള്ള വനാന്തരീക്ഷം, കളിയിക്കാവിള മുതൽ ബദിയടുക്ക വരെ കേരളം 'Gods own country' എന്ന പേരിലാണ് ലോകം മുഴുവൻ അറിയപ്പെടുന്നത്. കോവളം, കുമരകം, മൂന്നാർ, ബേക്കൽ ഇവ മാത്രം മാർക്കറ്റ് ചെയ്താൽ മതിയോ? അങ്ങനെ അപൂർവ്വം സ്ഥലങ്ങൾ മാത്രമാണോ മാർക്കറ്റ് ചെയ്യേണ്ടത്. ലോകം അംഗീകരിച്ചു കഴിഞ്ഞ 'Gods own country' എന്ന വാചകം പോലെതന്നെ 'Our own Tourism' വേണം. കേരളത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ ഇത് നമ്മുടെ ടൂറിസ്റ്റ് കേന്ദ്രമാണ് എന്ന് ലോകംമുഴുവൻ പറയിക്കാൻ കഴിയണം. വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കൽ മാത്രമല്ലല്ലോ ടൂറിസം. ആഭ്യന്തര ടൂറിസ്റ്റുകളെ പരമാവധി ആകർഷിക്കാൻ നമുക്ക് കഴിയണം. ജപ്പാൻ, ജൂഡോ പോലുള്ള അഭ്യാസം ലോകം മുഴുവൻ മാർക്കറ്റ് ചെയ്യുകയാണ്. അത് ഇന്ന് ഏറ്റവും വലിയ അംഗീകാരമുള്ള അഭ്യാസമായി മാറിയിരിക്കുകയാണ്. കേരളത്തിന്റെ

ശാസ്ത്രീയ സ്വഭാവമുള്ള കളരിപ്പയറ്റ് ഇന്നുവരെ പുറത്ത് പ്രദർശിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. കളരിപ്പയറ്റ് അംഗീകരിച്ച് ടൂറിസത്തിൽ അത് മാർക്കറ്റ് ചെയ്യാൻ കഴിയണം. തിരുവനന്തപുരത്തെ എം.എൽ.എ. ആയിരുന്ന യശ:ശരീരനായ കുഞ്ഞുകൃഷ്ണൻ നാടാർ ഒരു ഗ്രന്ഥമെഴുതിയിട്ടുണ്ട്. 'മർമ്മാണി പീഠിക' എന്നാണ് ഗ്രന്ഥത്തിന്റെ പേര്. 1975-ൽ ശ്രീമതി ഇന്ദിരാ ഗാന്ധിയാണ് അത് പ്രകാശനം ചെയ്തത്. അതിലെ ഒരു അദ്ധ്യായം മുഴുവനും കളരിപ്പയറ്റിനെക്കുറിച്ചാണ് പറയുന്നത്. ആ ഗ്രന്ഥത്തിലെ വിധികൾ പ്രകാരമാണ് തിരുവനന്തപുരം ജില്ലയിലും പരിസര പ്രദേശങ്ങളിലുമുള്ള ഒട്ടേറെ റിസോർട്ടുകളിൽ ആയുർവേദ പരിചരണം നടത്തിവരുന്നത്. മർമ്മാണി പീഠികപോലുള്ള പുസ്തകങ്ങൾ ആയുർവ്വേദ റിസോർട്ടുകൾ പ്രയോജനപ്പെടുത്തുമ്പോൾ അതിലെ മഹത്വം മനസ്സിലാക്കിയിട്ടെങ്കിലും കളരിപ്പയറ്റും മർമ്മാണി ചികിത്സയും ഉൾക്കൊള്ളാൻ ടൂറിസം വകുപ്പിന് കഴിയണം. കേരളത്തിന്റെ ആയോധനകല എന്ന നിലയിൽ കളരിപ്പയറ്റിനെ അന്തർദ്ദേശീയ തലത്തിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരാൻ കഴിയണം. ടൂറിസം മേഖല തൃശ്ശൂർ ജില്ലയെ അവഗണിച്ചു എന്ന് ഞാൻ പറയുന്നില്ല. എന്നാൽ വേണ്ടത്ര പരിഗണിച്ചില്ല. അതിരപ്പിള്ളി, വാഴച്ചാൽ, മുസ്സരിസ് നഗരമെന്ന് പറയുന്ന കൊടുങ്ങല്ലൂർ, ചേരമാൻ മസ്ജിദ്, ശബരിമലയിൽ സീസണലായാണ് ലക്ഷകണക്കിന് തീർത്ഥാടകർ വരുന്നത്, സീസണിലല്ലാതെ ലക്ഷകണക്കിന് തീർത്ഥാടകർ വരുന്ന ഗുരുവായൂർ, തൃശ്ശൂർ നഗരത്തിന്റെ മർമ്മസ്ഥാനത്തുള്ള അതിപുരാതനമായ വടക്കുംനാഥക്ഷേത്രം, അതിനുചുറ്റും വൃത്താകൃതിയിലുള്ള റോഡുകൾ അങ്ങനെ സമാനതകളില്ലാത്ത ദൃശ്യഭംഗിയുള്ള നഗരമാണ് തൃശ്ശൂർ. അത് ഒരു ടൂറിസം കേന്ദ്രംപോലെ പരിഷ്ക്കരിക്കാൻ.... തേക്കിൻകാട്

പരിഷ്ക്കരണംതന്നെ കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടും നീണ്ടുനീണ്ടു പോയി. കോൾ ടൂറിസത്തിന് ഏറ്റവും സാധ്യതയുള്ള സ്ഥലമാണ് തൃശ്ശൂർ. കനോലി കനാലും കോൾനിലങ്ങളിലെ ബണ്ടുകളും പ്രയോജനപ്പെടുത്തി ദാൽ തടാകങ്ങളിലെ ഫ്ളോട്ടിംഗ് മാർക്കറ്റുകൾപോലെ ഫ്ളോട്ടിംഗ് മാർക്കറ്റുകൾ വരാൻ അനന്തസാധ്യതകളുള്ള പ്രദേശമാണ്. ദശലക്ഷകണക്കിന് ആളുകൾ ദർശിക്കുന്ന പൂരം. പൂരങ്ങളുടെ പൂരമായ തൃശ്ശൂർ പൂരം മാർക്കറ്റ് ചെയ്യാം. നൂറ് കണക്കിന് ആനകളെ എഴുന്നള്ളിക്കുന്ന ആറാട്ടുപുഴ പൂരം പോലെ..... മറ്റൊരു സ്ഥലത്തും കാണാൻ കഴിയാത്ത അത്ഭുതങ്ങളുടെ നാടാണ് തൃശ്ശൂർ. അത് പ്രയോജനപ്പെടുത്താൻ കഴിയണം. പാലയൂർ ക്രൈസ്തവ ദേവാലയമുണ്ട്. അതിന്റെ ഹെറിറ്റേജ് നിലനിർത്തണം. അത്തരം ദേവാലയങ്ങളുടെ തനിമ നഷ്ടപ്പെടാതെ അതിന്റെ പഴമ നിലനിർത്തി ടൂറിസ്റ്റുകളെ ആകർഷിക്കാനുള്ള കേന്ദ്രമാക്കി മാറ്റണം. പട്ടികജാതി–പട്ടികവർഗ്ഗക്ഷേമവും പിന്നോക്ക സമുദായക്ഷേമ പ്രവർത്തനങ്ങളും ഒക്കെ ഭംഗിയായി നടത്തുന്ന ജനഹൃദയങ്ങളിലേയ്ക്ക് കടന്നുചെല്ലാൻ കഴിയുന്ന എതിർക്കുമ്പോഴും മനസ്സിൽ നല്ലത് എന്ന് പ്രതിപക്ഷത്തെക്കൊണ്ട് പറയിക്കാൻ കഴിഞ്ഞ ഈ ഭരണകൂടത്തിന്റെ ഐക്യജനാധിപത്യ മുന്നണിയുടെ ഈ ധനാഭ്യർത്ഥനകളെ ഹൃദയപൂർവ്വം പിന്താങ്ങുന്നു.

<u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുകളുടെ പ്ലാൻ ഫണ്ട് എല്ലാവർഷവും വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം പട്ടികജാതി വിഭാഗത്തിന് 1,962 കോടി രൂപയും പട്ടികവർഗ്ഗ വിഭാഗത്തിന് 611 കോടി രൂപയുമാണ് അനുവദിച്ചിട്ടുള്ള

ത്. 2007-08 മുതൽ 2013-14 വരെ പട്ടികവർഗ്ഗ വിഭാഗത്തിനുവേണ്ടി 1,906 കോടി രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. 1,07,000–ത്തോളം കുടുംബങ്ങളുള്ള പട്ടിക വർഗ്ഗത്തിലെ ഒരുകുടുംബത്തിന് ശരാശരി 1.75 കോടി രൂപയാണ് കഴിഞ്ഞ എട്ടുവർഷമായി ചെലവഴിച്ചിട്ടുള്ളത്. അത് സാമാന്യം നല്ല തുകയാണ്. എന്നിരുന്നാലും 2011–ലെ സെൻസസ് പ്രകാരം സംസ്ഥാനത്ത് ഏറ്റവും പിന്നോക്കം നിൽക്കുന്ന വിഭാഗമാണ് പട്ടികവർഗ്ഗമെന്ന് മനസ്സിലാക്കാൻ സാധിക്കും. വീടുകളുടെ അവസ്ഥ, കുടിവെള്ളം, വെളിച്ചം, ടോയ്‌ലറ്റ്, യാത്രാസൗകര്യം എന്നീ അടിസ്ഥാനസൗകര്യങ്ങളുടെ കാര്യത്തിൽപ്പോലും പട്ടികവർഗ്ഗ കുടുംബങ്ങൾ ഏറെ പിന്നിലാണ്. നെഹ്റുവിന്റെ Panchsheel–ൽ അഞ്ച് പോയിന്റ്സുണ്ട്, അതിലെ നാലാമത്തെ പോയിന്റിൽ ട്രൈബൽ ഡെവ ലപ്മെന്റിനെക്കുറിച്ച് പറയുന്നത്, ‘We should not over- administer these areas or overwhelm them with a multiplicity of schemes. We should rather work through and not in rivalry to their own Social and Cultural institutions.’ ഇവിടെ വകുപ്പുകളിൽ പദ്ധതികളുടെ മൾട്ടിപ്ലിസിറ്റിയാണ് കാണുന്നത്. അതുകൊ ണ്ടാണ് ഇത്രയധികം പണം ചെലവഴിച്ചിട്ടുപോലും ഇന്നും ആദിവാസികൾ ഭൂമിയില്ലാതെ, വീടില്ലാതെ, അടിസ്ഥാനസൗകര്യമില്ലാതെ, വിദ്യാഭ്യാസപര മായി പിന്നോക്കം നിൽക്കാൻ കാരണം. നമ്മുടെ ഡെവലപ്മെന്റ് സ്ട്രാറ്റജിയിൽ മാറ്റങ്ങൾ വരുത്തേണ്ട സമയമായോ എന്ന് ആലോചി ക്കേണ്ടതാണ്. ഇവിടെ പ്രധാനമായും മൂന്നുനാല് മേഖലകളെക്കുറിച്ചാണ് പറഞ്ഞത്. ചരിത്രപരവും സാമൂഹികപരവുമായ മേഖലകളെക്കുറിച്ച് ബഹു മാനപ്പെട്ട മുൻ സ്പീക്കർ ഇവിടെ പറയുകയുണ്ടായി. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. കേരളത്തിൽ ഏറ്റവും കൂടുതൽ ട്രൈബൽ പോപ്പുലേഷനു

ള്ളത് വയനാട് ജില്ലയിലാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ മണ്ഡലത്തിലെ തിരുനെല്ലിയിലാണ് അവിവാഹിതരായ അമ്മമാരുടെ എണ്ണം ഏറ്റവും കൂടുതലുള്ളത് – അത്തരത്തിലുള്ള ഏകദേശം 500 സ്ത്രീകളുണ്ട്. അവരുടെ സാമൂഹികവും ആരോഗ്യകരവുമായ പ്രശ്നങ്ങൾ വളരെ ഗൗരവമുള്ള കാര്യങ്ങളാണ്. അവരുടെ ഐസൊലേഷൻ നെഗ്ലക്റ്റ് ചെയ്യപ്പെടുന്നു. അവർക്ക് വീടില്ല, ധാരാളം രോഗങ്ങൾവരുന്നു. ഈ പ്രശ്നങ്ങളെല്ലാം പരിഹരിക്കാൻ വേണ്ടി ചില കാര്യങ്ങൾ ചെയ്യേണ്ടതായിട്ടുണ്ട്. നേരത്തെ ശ്രീ. ഐ. സി. ബാലകൃഷ്ണൻ പറഞ്ഞതുപോലെ, A.I.I.M.S.–ന്റെ പഠനത്തിൽ പറയുന്നത് വയനാട് ജില്ലയിലെ പണിയ, കാട്ടുനായ്ക്ക സമുദായത്തിൽപ്പെട്ട 15% ആൾക്കാർക്ക് പാരമ്പര്യമായി അരിവാൾ രോഗമുണ്ടെന്നാണ്. അത് ടാക്കിൾ ചെയ്യാൻ നമുക്ക് സാധിച്ചിട്ടില്ല. ഇതുമൂലം പുരുഷന്മാരുടെ ആയുർദൈർഘ്യം 42 വയസ്സും സ്ത്രീകളുടേത് 48 വയസ്സുമായി ചുരുങ്ങിയിരിക്കുകയാണ്. ഇക്കാര്യങ്ങൾകൂടി എങ്ങനെ പരിഹരിക്കാമെന്ന കാര്യത്തിൽ കൃത്യമായ ഒരു പ്ലാൻ വേണം. വളരെ സാമൂഹ്യമായ ഒരു പ്രശ്നം, ഇവർ മദ്യത്തിനടിമകളാകുന്ന ഒരു സ്ഥിതിയുണ്ട്. അതുപോലെ ട്രൈബൽസിനെ misuse ചെയ്യുന്നുണ്ട്. നിരോധിച്ചിട്ടുള്ള മദ്യം വാറ്റുന്നതിനുവേണ്ടിയും Narcotics–ന്റെ Cultivation-നും poaching-നുമെല്ലാം ഇവരെ ഉപയോഗിക്കുന്നു. ഇതൊക്കെ തടയാൻ നമുക്ക് സാധിക്കണം. സാമൂഹികമായി വളരെ പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളുടെ കാര്യങ്ങൾ കൃത്യമായി പരിശോധിച്ച് അവരുടെ ഡെവലപ്മെന്റ് സ്ട്രാറ്റജിയിൽ വരുത്തേണ്ട മാറ്റങ്ങൾ വരുത്തണം. എസ്.റ്റി. മേഖലയിൽ ഒരു മെഡിക്കൽ കോളേജ് കൊണ്ടുവന്ന ബഹുമാനപ്പെട്ട മന്ത്രിയെ ഈയവസരത്തിൽ അഭിനന്ദിക്കുകയാണ്.

കേരളത്തിലെ ഒരു പ്രധാന വരുമാനമാർഗ്ഗമാണ് ടൂറിസം. ജി.ഡി. പി.–യുടെ 8% മാണ് ടൂറിസം മേഖലയിലൂടെ വരുന്നത് – ഏകദേശം 17348 കോടി രൂപ. ഓരോ വർഷവും Compounded Annual Growth rate of 9% ആണ് ലഭിച്ചുവരുന്നത്. അത് നല്ല ഗ്രോത്ത് റേറ്റാണ്. 86 ലക്ഷം ഡൊമസ്റ്റിക് ടൂറിസ്റ്റുകളും ഏകദേശം 6.6 ലക്ഷം വിദേശടൂറിസ്റ്റുകളുമാണ് ഇവിടെ വരുന്നത്. കഴിഞ്ഞ കുറേ വർഷങ്ങളായി നോക്കുമ്പോൾ ഇത് അത്ര ഇംപ്രസീവല്ല. കേരളത്തിന്റെ ടൂറിസം പൊട്ടൻഷ്യൽവച്ച് കൂടുതൽ വിദേശ ടൂറിസ്റ്റുകൾ വരേണ്ടതാണ്, അതുപോലെ റിപ്പീറ്റ് വിസിറ്റുകളും കുറയുന്നതായി കാണാൻ സാധിക്കും. പ്രോപ്പറായ വേസ്റ്റ് ഡിസ്പോസലില്ലായ്മ, കൊതുകുശല്യം ഇത്തരത്തിലുള്ള പല പ്രശ്നങ്ങളും ടാക്കിൾ ചെയ്യാൻ സാധിക്കാത്തത് ഇതിന് പ്രധാന കാരണങ്ങളാണ്. യു.കെ., ഫ്രാൻസ്, ജർമ്മനി, ഓസ്ട്രേലിയ, യു.എസ്.എ., കാനഡ എന്നീ രാജ്യങ്ങളിൽനിന്നുമാണ് കൂടുതൽ ടൂറിസ്റ്റുകളെത്തുന്നത്. ഏഷ്യൻ രാജ്യങ്ങളിൽനിന്നും വരുന്നവർ കുറവാണ്, മലേഷ്യയിലും വിയറ്റ്നാമിൽനിന്നും മാത്രമാണ് വരുന്നത്. മറ്റുള്ള രാജ്യങ്ങളിൽനിന്നും കേരളത്തിലേയ്ക്ക് ടൂറിസ്റ്റുകളെ എങ്ങനെയെത്തിക്കാം എന്നുള്ള കാര്യത്തെക്കുറിച്ച് കൃത്യമായ ഒരു സ്ട്രാറ്റജി വേണം. ഡൊമിസ്റ്റിക് ടൂറിസത്തിൽ 96%–വും ദക്ഷിണേന്ത്യയിൽനിന്നും വരുന്നവരാണ്. ശബരിമലയിൽ വരുന്ന ടൂറിസ്റ്റുകളുണ്ടെങ്കിലും കേവലം 4% മാത്രമാണ് മറ്റുള്ള സംസ്ഥാനങ്ങളിൽനിന്നും വരുന്നത്. അതിന്റെ പൊട്ടൻഷ്യലും കണക്കാക്കേണ്ടതാണ്. ഇവിടെവരുന്ന 58% ഡൊമിസ്റ്റിക് ടൂറിസ്റ്റുകളും 73% വിദേശ ടൂറിസ്റ്റുകളും തിരുവനന്തപുരം, എറണാകുളം, ആലപ്പുഴ എന്നീ മൂന്ന് ജില്ലകളിൽ മാത്രമാണ് വരുന്നത്. അത് നല്ല കാര്യമാണ്. പക്ഷേ അവിടത്തെ കപ്പാസിറ്റിയനു

സരിച്ച് ഓവർബർഡനാവുകയാണ്. അതിനാൽ സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കുന്ന രീതിയിൽ ടൂറിസം മേഖലയെ മാറ്റേണ്ടതായിട്ടുണ്ട്. മലബാർ ഒരു പ്രധാനപ്പെട്ട മേഖലയാണ്. മലബാറിന്റെ പൊട്ടൻഷ്യൽ വയനാടുമായി ബന്ധപ്പെട്ടിട്ടാണ്. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളെ ബന്ധപ്പെടുത്തി ഒരു ടൂറിസം സർക്യൂട്ട് നിർമ്മിച്ച് ടൂറിസ്റ്റുകളുടെ വരവ് വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. ഈ ഭാഗങ്ങളിലാകെ 6% വിദേശടൂറിസ്റ്റുകൾ മാത്രമാണ് വരുന്നത്. പ്രത്യേകിച്ചും ധാരാളം ഇന്റർനാഷണൽ ഫ്ളൈറ്റുകൾ കോഴിക്കോട് വരുന്നതുകൊണ്ടുതന്നെ അത് വളരെ വിരളമാണ്. ടൂറിസത്തിന്റെ ബെനിഫിറ്റ് സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കാൻ കഴിയണം. സൗത്ത് സെന്ററിലെ ലോഡ് റെഡ്യൂസ് ചെയ്ത്; ഓവർ കപ്പാസിറ്റി പ്രശ്നമില്ലാതാക്കാനും സാധിക്കണം. ഒരു പ്രൊപ്പോസലുണ്ടായിരുന്നു – 'Wake up to Malabar' എന്നൊരു ക്യാമ്പയിൻ, അത് ഇപ്പോൾ കടലാസിൽ ഒതുങ്ങിയിരിക്കുകയാണ്. അതൊന്നുകൂടി പുനരുജ്ജീവിപ്പിച്ചുകൊണ്ട് മലബാർ മേഖലയെ കൂടുതൽ ശക്തമാക്കണം. ഏജിംഗ് ടൂറിസം – 50 വയസ്സിൽ കൂടുതലുള്ള ആൾക്കാരുടെ ടൂറിസം, അതും കേരളത്തിൽ ധാരാളമായി വരുന്നുണ്ട്. അന്താരാഷ്ട്ര സ്റ്റാൻഡേർഡുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ മെഡിക്കൽ കോസ്റ്റ് പന്ത്രണ്ടിലൊന്നുമാത്രമേ വരുന്നുള്ളൂ. അതിനാൽ ഈ മേഖലയിൽ കുറേക്കൂടി ആധുനികമായ സജ്ജീകരണങ്ങളും ഹയർക്വാളിറ്റിയുള്ള മെഡിക്കൽ കെയറും ടെക്നോളജി ബെയ്സ്ഡായിട്ടുള്ള സർവ്വീസും വന്നുക്കഴിഞ്ഞാൽ........, ആയുർവ്വേദം ഏറ്റവും വലിയ പൊട്ടൻഷ്യലുള്ള കാര്യമാണ്. അത് ഇപ്പോൾ ഓവർ ക്രൗഡഡാണ്, സ്റ്റാന്റേർഡൈസേഷനില്ല. ഇതെല്ലാം വന്നുകഴിഞ്ഞാൽ ഈ മേഖലയിൽ ധാരാളം സ്കോപ്പു

ണ്ട്. അതുപോലെ ഹെറിറ്റേജ് ടൂറിസം – ട്രൈബൽ ഹെറിറ്റേജ് ടൂറിസം വരുമ്പോൾ അവിടെ exploitation-നുള്ള സാധ്യതയുണ്ട്. ചിലപ്പോൾ ട്രൈബൽസിനെ ചൂഷണം ചെയ്യപ്പെടാം. പക്ഷേ നമ്മുടെ രാജ്യത്ത് ധാരാളം മാതൃകയുണ്ട്. രാജസ്ഥാനിലെ ചൗക്കിധാനി പോലുള്ള ട്രൈബൽ വില്ലേജുകളിൽ ട്രൈബൽ ആർട്സ്, ട്രൈബൽ ക്രാഫ്റ്റ്, ഭക്ഷണരീതികൾ ഇതെല്ലാം തന്നെ ഒരു സ്ഥലത്തുപോയിക്കഴിഞ്ഞാൽ കാണാൻസാധിക്കും. ഇത്തരത്തിലുള്ള കാര്യങ്ങൾ നമുക്കിവിടെ ആലോചിക്കാവുന്നതാണ്. കാരണം ഇവിടത്തെ സന്ദർശകർ 5 ശതമാനത്തിന് താഴെയാണ്, ട്രൈബലുകൾ നിർമ്മിക്കുന്ന ധാരാളം ഉല്പന്നങ്ങൾ വിറ്റഴിക്കാൻ സാധിക്കും. അതുപോലെ അക്യുമുലേഷൻ ഓഫ് ഗാർബേജ് പോലെയുള്ള ചില കൺസേൺസുണ്ട്. കേരള വേസ്റ്റ് ഫ്രീ ഡെസ്റ്റിനേഷൻ, 2012 ടൂറിസം പോളിസിയിൽ ഉണ്ടായിരുന്നുവെങ്കിലും കാര്യക്ഷമമായി നടപ്പിലാക്കാൻ സാധിച്ചില്ല. ടൂറിസം ഡെസ്റ്റിനേഷൻ എൽ.എസ്.ജി.ഡി., ഫോറസ്റ്റ്, വൈൽഡ്ലൈഫ്, കൾച്ചറൽ, പോർട്ട്, കെ.എസ്.ഇ.ബി., ഇറിഗേഷൻ, ഫിഷറീസ്, അഗ്രികൾച്ചർ തുടങ്ങിയ പല വകുപ്പുകളുടെ കീഴിലായതിനാൽ പലപ്പോഴും ഇത് പ്രതിബന്ധങ്ങൾ സൃഷ്ടിക്കുകയാണ്. കേരളത്തിലെ ടൂറിസം എന്നുപറയുന്നത് നിർമ്മിച്ചത് കാണാനല്ല വരുന്നത്, മറിച്ച് ഇവിടെയുള്ള പ്രകൃതിഭംഗിയും നാച്ചുറലായി ലഭിച്ച കാര്യങ്ങളും ആസ്വദിക്കാനാണ് വരുന്നത്. അതുകൊണ്ട് ഇതിനെ കുറച്ചുകൂടി ഇന്റഗ്രേറ്റ് ചെയ്തുകൊണ്ട്, ഈ വകുപ്പുമായി ബന്ധപ്പെടുത്തികൊണ്ട് ഇതിന്റെ പൊട്ടൻഷ്യൽ എങ്ങനെ ഹാർനസ് ചെയ്യാമെന്ന കാര്യംകൂടി ആലോചിക്കേണ്ടതാണ്. ‘കേരള ക്ലീൻ ടോയ്ലറ്റ്’ എന്ന പദ്ധതിയും 2012–ൽ ടൂറിസം പോളിസിയായി ആവിഷ്ക്കരിച്ചുവെങ്കിലും അതും മെറ്റീരിയലൈസ് ചെയ്യാൻ

സാധിച്ചിട്ടില്ല. കേരളത്തിലെ കായലുകളിലെ ഹൗസ്ബോട്ടുകളുടെ എണ്ണം കപ്പാസിറ്റിയേക്കാളും വളരെ കൂടുതലാണ്. ഇതുമൂലം മലിനീകരണംവളരെ കൂടുതലാകുന്നു, അതുകൊണ്ടാണ് റിപ്പീറ്റ് ടൂറിസം വരാത്തത്. അതിനാൽ മാക്സിമം കപ്പാസിറ്റി എത്രയാണെന്ന് കണക്കാക്കി ലിമിറ്റ് ചെയ്യാൻ സാധിക്കണം. ഓരോ ഡെസ്റ്റിനേഷനിലെയും carrying capacity സയന്റിഫിക്കായി പഠിച്ച് അത്തരത്തിലുള്ള കാര്യങ്ങൾ ചെയ്യേണ്ടതായിട്ടുണ്ട്. ഞാൻ കുറേ ട്രാവൽ ചെയ്യുന്നയാളാണ്. സിംഗപ്പൂർ അധികം ഇഷ്ടപ്പെടാത്തയാളാണ്. എന്നാൽ ഇത്തവണ പോയപ്പോൾ അവിടെയുള്ള ഗാർഡനിൽപോയി, വളരെ മനോഹരമായി നിർമ്മിച്ചിട്ടുണ്ട്. ഫ്ളവർ ഡോം – ലോകത്തിലെ വിവിധ സ്ഥലങ്ങളിലുള്ള സസ്യജാലങ്ങൾ അവിടെ പ്രദർശിപ്പിക്കുന്നുണ്ട്, അത് ഒരു എഡ്യൂക്കേഷനാണ്. അതുപോലെ ക്ലൗഡ് ഡോം – റെയിൻ ഫോറസ്റ്റ് എങ്ങനെയാണ്? അതിലുള്ള Flora- Fauna എന്താണ്? ഇതെല്ലാംതന്നെ അവിടെ പ്രദർശിപ്പിക്കുന്നുണ്ട്. ഇതെല്ലാം കുട്ടികൾക്ക് പഠിക്കാനും പ്രകൃതിയുമായി അടുക്കാനുമുള്ള വലിയ അവസരങ്ങളാണ്. ഇത്തരത്തിലുള്ള വലിയ വലിയ സംരംഭങ്ങൾ എന്തുകൊണ്ട് ഇവിടെ കൊണ്ടുവന്നുകൂടാ? നമ്മൾ തന്നെയുണ്ടാക്കിയ ഡെസ്റ്റിനേഷനിലേയ്ക്ക് ആൾക്കാരെ കൊണ്ടുവരേണ്ട രീതിയിലുള്ള ബൃഹത്തായ പദ്ധതികൂടി ആലോചിക്കണമെന്നാണ് എനിക്ക് ഈയവസരത്തിൽ അഭ്യർത്ഥിക്കാനുള്ളത്.

ന്യൂനപക്ഷ വകുപ്പിനെക്കുറിച്ച് പറയുമ്പോൾ, ഇന്ത്യയിലെ ഏറ്റവും കുറഞ്ഞ ആൾക്കാരുള്ള ന്യൂനപക്ഷത്തിൽനിന്നും വരുന്നയാളാണ് ഞാൻ, ജൈനമതത്തിൽപ്പെട്ട ഒരാളാണ്. കേരളത്തിൽ കേവലം 2000 ആൾക്കാർ മാത്രമേയുള്ളൂ. പക്ഷേ കേരളത്തിൽ ഇന്നും ന്യൂനപക്ഷമായി അംഗീകരിച്ചി

ട്ടില്ല, ഭാഷാ ന്യൂനപക്ഷമായിട്ടെങ്കിലും അംഗീകരിക്കാൻ വേണ്ടി തയ്യാറാകണം. ഈ വകുപ്പിൽ സച്ചാർ കമ്മിറ്റിയുടെ റിപ്പോർട്ട് – എം.എസ്.റ്റി.പി. പദ്ധതി ഏറ്റവും നല്ല രീതിയിൽ നടപ്പിലാക്കിയ ജില്ലയാണ് വയനാട്. അതിന്റെ പേരിൽ ഈവർഷം 40 കോടിരൂപ അഡീഷണലായി ലഭിച്ചിട്ടുണ്ട്. അങ്ങയുടെ നേതൃത്വത്തിലുള്ള കാര്യക്ഷമമായ പ്രവർത്തനവും അതുപോലെ പി.ഡബ്ല്യൂ.ഡി. മാറ്റിനിർത്തിക്കഴിഞ്ഞാൽ കഴിഞ്ഞ മൂന്നുവർഷത്തിൽ ഏകദേശം 97% ഫണ്ട് യൂട്ടിലൈസേഷൻ ട്രൈബൽ വകുപ്പ് നടത്തിയിട്ടുണ്ട്. അത് Commendable ആണ്. ഈ പ്രവർത്തനങ്ങളെല്ലാം അങ്ങയുടെ നേതൃത്വത്തിൽ വളരെ ഭംഗിയായി നടക്കുന്നുണ്ട്. അതുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ സപ്പോർട്ട് ചെയ്തുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. പി. റ്റി. എ. റഹീം:</u> സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. പട്ടികജാതി വകുപ്പിനെ സംബന്ധിച്ച് പറയാനുള്ളത്, പട്ടികജാതി സങ്കേതങ്ങൾ തെരഞ്ഞെടുക്കാനും അതിന്റെ ഏജൻസികളെ നിശ്ചയിക്കാനുള്ള അവകാശവും ജനപ്രതിനിധികൾക്ക് കൊടുത്തിട്ടുള്ളത് സ്വാഗതാർഹമായ കാര്യങ്ങളാണെങ്കിൽപ്പോലും ഇത് ഏൽപ്പിക്കുന്ന സിഡ്കോ അല്ലെങ്കിൽ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ലിമിറ്റഡ് തുടങ്ങിയ ഏജൻസികൾ സമയബന്ധിതമായി ആ പ്രവൃത്തി പൂർത്തിയാക്കുന്നില്ല. തന്നിട്ടുള്ള 10 ഏജൻസികളിൽനിന്ന് എം.എൽ.എ.മാർ തെരഞ്ഞെടുക്കണമെന്നാണ് പറയുന്നത്. ആ ഒരു സാഹചര്യത്തിൽ അവർ വീണ്ടും മറ്റുള്ള ആളുകളെ ഏൽപ്പിക്കുന്ന നടപടി തുടരേണ്ടതുണ്ടോയെന്ന് ഒന്നുകൂടി പുനരാലോചിക്കേണ്ടത് നല്ലതാണ്. എന്റെ നിയോജകമണ്ഡലത്തിൽ മൂന്ന് പട്ടികജാതി സങ്കേതങ്ങൾ അനുവദിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങളൊന്നും വേണ്ടത്ര

രീതിയിൽ പുരോഗമിക്കുന്നില്ലായെന്നുള്ളതുകൊണ്ടാണ് ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. പട്ടികവർഗ്ഗത്തെ സംബന്ധിച്ചിട ത്തോളം എന്റെ മണ്ഡലത്തിൽ പട്ടികവർഗ്ഗമൊന്നുമില്ലായെങ്കിൽപ്പോലും ബഹുമാനപ്പെട്ട മന്ത്രി വന്നതിനുശേഷം ബഹുനില ഹോസ്റ്റൽ അവിടെ പണിതിട്ടുണ്ട്. വകുപ്പുമന്ത്രി വന്നാണ് അതിന്റെ ശിലാസ്ഥാപന കർമ്മം നിർവ്വ ഹിച്ചത്. ഇപ്പോൾ അത് ഉദ്ഘാടനം ചെയ്യാനുള്ള സമയം ആയിരി ക്കുകയാണ്. പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമത്തെ സംബന്ധിച്ച് പല ആളു കളും ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചതുകൊണ്ട് ഞാൻ ന്യൂനപക്ഷ ക്ഷേമത്തെ സംബന്ധിച്ച് പറയാനാണ് ആഗ്രഹിക്കുന്നത്. ബഹുമാനപ്പട്ട എ. കെ. ആന്റണി, ന്യൂനപക്ഷങ്ങളുമായി ബന്ധപ്പെട്ടൊരു പ്രസ്താവന അടുത്ത ദിവസം പുറപ്പെടുവിക്കുകയുണ്ടായി. ന്യൂനപക്ഷ പ്രീണനംകൊണ്ടാണ് യഥാർത്ഥത്തിൽ കോൺഗ്രസ്സിന് പരാജയമുണ്ടായതെന്നും കോൺഗ്രസ്സിന്റെ മതേതര കാഴ്ചപ്പാടിൽ ജനങ്ങൾക്ക് വിശ്വാസം കുറഞ്ഞിരിക്കുന്നു വെന്നുമാണ് അദ്ദേഹം പ്രസ്താവിച്ചത്. കോൺഗ്രസ്സിന്റെ ഔദ്യോഗിക വക്താവ് മനീഷ് തിവാരി പറഞ്ഞത്, കേരളത്തിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ചാകാം ശ്രീ. എ.കെ. ആന്റണിയുടെ പ്രസ്താവനയെന്നാണ് അദ്ദേഹം പറഞ്ഞത്. എനിക്ക് മുസ്ലീം ലീഗിലെ എം.എൽ.എ.മാരോട് ചോദി ക്കാനുള്ളത്, ശ്രീ. എ. കെ. ആന്റണിയുടെ പ്രസ്താവനയെ സംബന്ധിച്ചും കോൺഗ്രസ്സിന്റെ ഔദ്യോഗിക വക്താവ് മനീഷ് തിവാരിയുടെ പ്രസ്താവ നയെ സംബന്ധിച്ചുമുള്ള അവരുടെ അഭിപ്രായം ഇനി പ്രസംഗിക്കുന്ന ആളുകൾ പറയുമെന്ന് പ്രതീക്ഷിക്കുകയാണ്. യഥാർത്ഥത്തിൽ ഇങ്ങനെ യൊരു ചർച്ച ഉണ്ടാകാനുള്ളകാരണം വളരെ സങ്കടകരമാണെന്ന് മാത്രമാണ് എനിക്ക് ഈ സന്ദർഭത്തിൽ സൂചിപ്പിക്കാനുള്ളത്. ഓർഫനേജുമായി

ബന്ധപ്പെട്ട വിവാദമാണ് ഏറ്റവും അടുത്ത് നമ്മുടെ നാട്ടിലുണ്ടായത്. ഒരു കൂട്ടർ യത്തീംഖാന വിവാദമെന്നുള്ള നിലയിൽ ഉയർത്തിക്കൊണ്ടുവന്നു. കേരളത്തിന് പുറത്തുള്ള എല്ലാ ആളുകളും പട്ടിണി കിടക്കുകയാണെന്നും അവർ ദാരിദ്ര്യത്തിലാണെന്നും അതുകൊണ്ട് കേരളത്തിലേയ്ക്കാണെന്ന് പറഞ്ഞപ്പോൾ ഭക്ഷണം കിട്ടാ വേണ്ടി വണ്ടിയിൽ കയറിപ്പോയതാണെന്നും ഞങ്ങളാണ് ഭക്ഷണം കൊടുക്കുന്നവർ എന്ന ധാരണ പരത്താൻവേണ്ടി ചില പ്രമാണിമാർ ഒരുഭാഗത്ത് ശ്രമിച്ചതുകൊണ്ടാണ് മറുഭാഗത്ത് അതിനെ സംബന്ധിച്ചുള്ള പ്രതികരണം ഉണ്ടായത്. യഥാർത്ഥത്തിൽ അതിന്റെയൊന്നും ആവശ്യമുണ്ടായിരുന്നില്ലെന്നാണ് എനിക്ക് തോന്നുന്നത്. കേരളത്തിൽ പ്രവർത്തിക്കുന്ന ഓർഫനേജുകളുടെ കണക്ക് പരിശോധിച്ചാൽ മലപ്പുറം ജില്ലയ്ക്ക് എട്ടാം സ്ഥാനമാണുള്ളത്. 344 ഓർഫനേജുകളുള്ള എറണാകുളം ജില്ലയാണ് ഒന്നാം സ്ഥാനത്ത്, 249 ഓർഫനേജുകളുള്ള തൃശ്ശൂരാണ് രണ്ടാം സ്ഥാനത്ത്, 201 ഓർഫനേജുകളുള്ള കോട്ടയമാണ് മൂന്നാം സ്ഥാനത്ത്, 166 ഓർഫനേജുകളുള്ള തിരുവനന്തപുരമാണ് നാലാം സ്ഥാനത്ത്, 144 ഓർഫനേ ജുകളുള്ള കണ്ണൂരാണ് അഞ്ചാം സ്ഥാനത്ത്, 133 ഓർഫനേജുകളുള്ള പാലക്കാടാണ് ആറാം സ്ഥാനത്ത്, 121 ഓർഫനേജുകളുള്ള ഇടുക്കിയാണ് ഏഴാം സ്ഥാനത്ത്, 120 ഓർഫനേജുകളുള്ള മലപ്പുറമാണ് എട്ടാം സ്ഥാനത്ത് നിൽക്കുന്നത്. ഓർഫനേജുകളെ സംബന്ധിച്ച് വിഷയം ഉണ്ടായാൽ യഥാർത്ഥത്തിൽ അത് സാമുദായികമായി എടുക്കേണ്ട വിഷയമായിരുന്നില്ല. സാമുദായിക വിഷയമായി ഉയർത്തിക്കൊണ്ടുവന്നതുകൊണ്ടാണ് ഇതുപോ ലുള്ള ഒരു പ്രസ്താവന ശ്രീ. എ. കെ. ആന്റണിയുടെ ഭാഗത്തുനിന്ന് ഉണ്ടായ തെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ന്യൂനപക്ഷങ്ങളെ സംബന്ധിച്ച്

പറയുമ്പോൾ ഇക്കാര്യങ്ങൾക്കൊക്കെ ചെറിയ രൂപത്തിലുള്ള ക്രമീകരണം നമ്മുടെ മനസ്സിൽ കൊണ്ടുനടക്കേണ്ടതാണ്. ഞങ്ങൾ വലിയ എന്തോ കാര്യ ങ്ങൾ ചെയ്യുന്നുവെന്ന നിലയിലാണ് ചില ആളുകൾ പ്രചരിപ്പിക്കാൻ ശ്രമിക്കു ന്നത്. കേരളത്തിൽ നടക്കുന്നത് എന്താണെന്ന് നമ്മൾ മനസ്സിലാക്കണം. ഓർഫനേജിലേയ്ക്ക് കുട്ടികളെ കൊണ്ടുവന്നത് സംബന്ധിച്ച് പാലക്കാട് പോലീസ് എടുത്തിട്ടുള്ള കേസിന്റെ ഡീറ്റെയിൽസ് എന്റെ കയ്യിലുണ്ട്. അതിൽ ടി കുട്ടികളെ ചതിയിൽ മോശമായ വിചാരത്തോടെ കേരളത്തി ലേയ്ക്ക് കടത്തികൊണ്ടുവന്ന് വിൽപ്പനയ്ക്കോ മറ്റ് ജോലികൾ ചെയ്യുന്നതി നോ ട്രെയിനിൽ കടത്തിക്കൊണ്ടുവന്നുവെന്നാണ്. എത്ര കുട്ടികളെയാണ് ഇതുപോലെ കടത്തിക്കൊണ്ടുവന്നത്? കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കേരള ഹൈക്കോടതിയുടെ വിധി അനുസരിച്ച് ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും പേര് ആൽഫബെറ്റിക് ഓർഡറിൽ എഴുതണമെന്ന നിർദ്ദേശമുണ്ടായിരുന്നപ്പോൾ വലിയ പ്രക്ഷോഭമായിരുന്നു. ഇപ്പോൾ അഞ്ഞൂറ്റിചില്ലാനം കുട്ടികളെ ഒരു കമ്പാർട്ടുമെന്റിൽ ടിക്കറ്റ് എടുക്കാതെ കൊണ്ടുവന്നപ്പോൾ ആർക്കും ഒരു പരാതിയുമില്ല. ഇങ്ങനെയുള്ള കാര്യ ങ്ങൾ അനാവശ്യമായി പൊക്കി പറഞ്ഞ് പ്രചരണം നടത്തുന്നതാണ് ഇതുപോ ലുള്ള വിഷയങ്ങൾക്കെല്ലാം കാരണം. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പു മന്ത്രിയോട് ഒരുകാര്യം പറയാനുള്ളത്, ഇപ്പോൾ കടത്തിക്കൊണ്ടുവന്ന കുട്ടി കളെ സ്പോൺസർചെയ്ത ആൾക്കാർ ആരുമില്ല. അഞ്ചാറുപേർ ജയിലിൽ കിടക്കുകയാണ് അതിൽ നാലുപേർ രക്ഷിതാക്കളാണ്. ഝാർഖണ്ഡിലെ ഏതോ കുഗ്രാമത്തിൽനിന്ന് വന്ന് ജയിലിൽ കിടക്കുന്നവരെ സംബന്ധിച്ചിട ത്തോളം അവർക്കൊന്നും അറിയില്ല. ഇത് മനുഷ്യക്കടത്തല്ലെന്നുള്ളത് ഓർഫ നേജ് കൺട്രോൾ ബോർഡും ഗവൺമെന്റും അങ്ങുംപറഞ്ഞു. അങ്ങയെ

സംബന്ധിച്ച്, വലിയ തെറ്റിദ്ധാരണ ഉണ്ടാക്കാനുള്ള ശ്രമം നടന്നെങ്കിലും......... ഈ ഓർഫനേജ് എന്തുകൊണ്ട് അവിടെപ്പോയി നടത്തിക്കൂടായെന്ന് ചോദിച്ചത് നിങ്ങൾ എടുത്തിട്ടുള്ള നല്ലൊരു നിലപാടാണ്. ശ്രീ. എ. പി. അബൂബക്കർ മുസലിയാർ ഗുജറാത്തിൽ അഞ്ച് ഓർഫനേജുകൾ നടത്തുന്നുണ്ട്. കാശ്മീരിലും ഓർഫനേജ് നടത്തുന്നുണ്ട്. അതിന് കുറ്റംപറയുന്ന ആളുകളാണ് ഇവിടെയുള്ളത്. കാശ്മീർ ഗവൺമെന്റുമായി അദ്ദേഹം ഒരു കരാറിൽ ഏർപ്പെട്ടുകൊണ്ടാണ് കാശ്മീരിലെ കുട്ടികളെ കാരന്തൂർ മർക്കസിൽ പഠിപ്പിക്കുന്നത്. ക്രിസ്ത്യൻ മിഷണറിമാർ ഒരുപാട് പേർ അവിടെപ്പോയി ഓർഫനേജ് നടത്തുന്നുണ്ട്. അവിടെ ഉറുദു സംസാരിക്കുന്ന കുട്ടികളെ കൊണ്ടുവന്ന് കേരളത്തിലെ മലയാളം മീഡിയം സ്കൂളിൽ ചേർക്കുന്നത് ശരിയല്ലെന്നും അവിടെത്തന്നെ കൊണ്ടുപോകാൻ സാധിക്കുമെങ്കിൽ അതുതന്നെയാണ് ചെയ്യേണ്ടതെന്ന് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞതിൽ എന്തെങ്കിലും അപാകതയുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. അതിൽ അങ്ങയെ കുറ്റപ്പെടുത്തേണ്ട കാര്യമുണ്ടെന്നും തോന്നുന്നില്ല. എനിക്ക് അങ്ങയോട് സൂചിപ്പിക്കാനുള്ളത്, പാലക്കാട് ജയിലിൽ കിടക്കുന്ന ആറ് പേരിൽ നാല് പേർ കുട്ടികളുടെ രക്ഷിതാക്കളാണ്. ആ കുട്ടികൾ ഇപ്പോൾ ഝാർഖണ്ഡിൽ അവരുടെ വീടുകളിൽ എത്തിയിട്ടുണ്ടെങ്കിലും രക്ഷിതാക്കൾ ജയിലിൽ കിടക്കുകയാണ്. അതുകൊണ്ട് എല്ലാ ആളുകളും ഇത് മനുഷ്യക്കടത്തല്ലായെന്ന കാര്യത്തിൽ ഒരു ധാരണയിൽ എത്തിയിട്ടുണ്ട്. 370 (5) എന്ന് പറയുന്ന വകുപ്പിന്റെ കീഴിൽ ഇത് വരില്ലായെന്നുള്ളത് വളരെ വ്യക്തമാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി അക്കാര്യത്തിൽ പോലീസിന് നിർദ്ദേശം കൊടുത്ത് നിരപരാധികളാണെന്ന് അന്വേഷണം പൂർത്തിയാകുന്ന

തിന് മുമ്പ് തെളിഞ്ഞിട്ടുള്ള ആളുകളെ സംബന്ധിച്ച് തീരുമാനം എടുക്കണമെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. കേരളത്തിലെ ന്യൂനപക്ഷ ക്ഷേമവകുപ്പിനെ സംബന്ധിച്ചിടത്തോളം.......... ഐ.എ.വൈ വീടുകളെ സംബന്ധിച്ച് പറഞ്ഞു. 47 ശതമാനം.....

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, നേരത്തെ പറഞ്ഞ വകുപ്പനുസരിച്ച് തൃശ്ശൂർ ജില്ലയിലെ പെരിങ്ങോട്ടുകരയിൽ ഒരു ദർസ് (മത പഠനം) നടത്തുന്നത് തടഞ്ഞതുമായി ബന്ധപ്പെട്ട പ്രശ്നമുണ്ട്. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിക്ക് അവർ പരാതി നൽകിയെങ്കിലും നടപടി സ്വീകരിച്ചില്ലായെന്നാണ് ഞാൻ അറിഞ്ഞത്. പള്ളിയിൽ ദർസ് നടത്തുന്നത് തടഞ്ഞ സംഭവം ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഇക്കാര്യം ചൂണ്ടിക്കാണിക്കുന്നത്.

ശ്രീ. പി. റ്റി. എ. റഹീം: സർ, അങ്ങ് പറഞ്ഞത് വളരെ ശരിയാണ്. മണ്ണാർക്കാട് തെങ്കര ചെറപ്പാലം എന്ന സ്ഥലത്ത് ദാറുൾ ഫുർക്കാൻ ഇസ്ലാമിക് സെന്റർ എന്ന സ്ഥാപനം പോലീസ് അടച്ചുപൂട്ടിയിട്ടുണ്ടോ എന്ന എന്റെ ചോദ്യത്തിന്, മണ്ണാർക്കാട് തെങ്കര ചെറപ്പാലം എന്ന സ്ഥലത്ത് ദാറൂൾ ഫുർക്കാൻ ഇസ്ലാമിക് സെന്റർ എന്ന സ്ഥാപനം പോലീസ് പൂട്ടി സീൽ ചെയ്തിട്ടില്ല. എന്നാൽ അനധികൃതമായി പ്രവർത്തിക്കുന്ന ഈ സ്ഥാപനം ജില്ലാ സാമൂഹ്യ നീതി ഓഫീസർ പൂട്ടി സീൽചെയ്യുന്ന നടപടിക്രമങ്ങൾക്ക് മതിയായ സംരക്ഷണം നൽകുക മാത്രമാണ് പോലീസ് ചെയ്തിട്ടുള്ളതെന്ന മറുപടിയാണ് എനിക്ക് മന്ത്രിയിൽനിന്ന് ലഭിച്ചത്. ഇതൊരു ഒറ്റപ്പെട്ട സംഭവമല്ല, രണ്ടാമത്തെ സംഭവം ശ്രീ. കെ. വി. അബ്ദുൾ ഖാദർ പറയുമ്പോഴാണ് അറിയുന്നത്. പള്ളി ദർസുകളിൽ കുട്ടികൾ പഠിക്കുന്നുണ്ടല്ലോ.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, സോഷ്യൽ വെൽഫെയർ ഡിപ്പാർട്ടുമെന്റ് അങ്ങനെ ആവശ്യപ്പെടുകയാണെങ്കിൽ പോലീസിന് സംരക്ഷണം കൊടുക്കണം. അത് മാത്രമേ പോലീസ് ചെയ്തിട്ടുള്ളൂ.

ശ്രീ: പി. റ്റി. എ. റഹീം: സർ, അങ്ങ് ചെയ്തത് കുറ്റമായിട്ടല്ല ഞാൻ പറഞ്ഞത്. ഈ വെൽഫെയർ ഓഫീസർ പറഞ്ഞതുകൊണ്ടാണ് പോലീസ് സംരക്ഷണം കൊടുത്തതെന്ന് അങ്ങ് പറഞ്ഞു. പാലക്കാട് 370 (സി) അനുസരിച്ച് കേസ്സെടുത്തതിന് അങ്ങയെ ഞാൻ കുറ്റം പറയുന്നില്ല. കാരണം എഫ്.ഐ.ആർ. അങ്ങനെ രേഖപ്പെടുത്താനേ സാധിക്കുകയുള്ളു. കാരണം, ചൈൽഡ് വെൽഫെയർ കമ്മിറ്റിയാണ് ആ കാര്യം പറഞ്ഞിട്ടുള്ളത്. ഞാൻ അങ്ങയെ കുറ്റപ്പെടുത്തുന്നില്ല. പക്ഷേ, ചൈൽഡ് വെൽഫെയർ കമ്മിറ്റിയും സോഷ്യൽ വെൽഫെയർ ഡിപ്പാർട്ടുമെന്റിലെ ഓഫീസർമാരും ചെയ്യുന്ന കാര്യങ്ങളാണ് ഗുരുതരമായ വിഷയങ്ങളുണ്ടാക്കിയിട്ടുള്ളത്. നമ്മൾ കുട്ടികളെ സംരക്ഷിക്കുന്നുവെന്ന് പറയുമ്പോൾ, പാലക്കാട് പിടിച്ചിട്ടുള്ള അഞ്ഞൂറോളം കുട്ടികളെ രാത്രി ഒന്നര മണിക്ക് പാലക്കാടുനിന്നും തൃശ്ശൂരിലേയ്ക്കും തൃശ്ശൂരിൽനിന്നും മലപ്പുറത്തേയ്ക്കും തീവ്രവാദികളെ കൊണ്ടുപോകുന്നതുപോലെ വമ്പിച്ച പോലീസ് സന്നാഹത്തോടുകൂടി കൊണ്ടുപോയത്. അഞ്ചും എട്ടും വയസ്സായ ആൺകുട്ടികളെയും പെൺകുട്ടികളെയും ഇത്ര മാത്രം പ്രയാസപ്പെടുത്തുന്ന രീതിയിലുള്ള സമീപനമാണ് ബന്ധപ്പെട്ട ആളുകൾ സ്വീകരിച്ചിരിക്കുന്നത്. ഞങ്ങൾ ഓർഫനേജ് കൺട്രോൾ ബോർഡിൽ നിയമസഭയുടെ പ്രതിനിധിയായി പങ്കെടുത്തിരുന്നു. ബഹുമാനപ്പെട്ട ഡൊമിനിക് പ്രസന്റേഷനും അതിലുണ്ട്. ഞങ്ങൾ ഇക്കാര്യം വിശദമായി ചർച്ച

ചെയ്തു. സി.ഡബ്ല്യൂ.സി.യുടെ ഭാഗത്തുനിന്നാണ് ഈ കുഴപ്പങ്ങളൊക്കെ ഉണ്ടായത്. അവരാണ് ഇക്കാര്യത്തിൽ നിരുത്തരവാദപരമായി കുട്ടികളോട് പെരുമാറിയതെന്നാണ് ഞങ്ങൾക്ക് മനസ്സിലാക്കാൻ സാധിച്ചത്. ക്രിസ്ത്യൻ സമൂഹം നടത്തുന്ന സെമിനാരികളിൽ കുട്ടികൾ പഠിക്കുന്നുണ്ട്. ഇവർ എവിടെനിന്നാണ് ലൈസൻസ് എടുക്കേണ്ടത്? ലൈസൻസ് എടുക്കാൻ വ്യവ സ്ഥയില്ല. ഞാൻ നേരത്തേ പറഞ്ഞ, മണ്ണാർക്കാട് തെങ്കര ചെറപ്പാലത്തെ സ്ഥാപനം പൂട്ടി സീൽചെയ്തപ്പോൾ അവർ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ മുന്നിൽവന്ന് ഞങ്ങൾക്ക് ലൈസൻസ് തരണമെന്ന് പറഞ്ഞു. ഞങ്ങൾ അവിടെപ്പോയി പരിശോധിച്ചപ്പോൾ കേരളത്തിലെ കുട്ടികൾ പഠി ക്കുന്ന ദർസാണെന്ന് മനസ്സിലായി. കേരളത്തിലെ ഒരുപാട് സ്ഥലങ്ങളിൽ സെമിനാരികളിൽ കുട്ടികൾ പഠിക്കുന്നുണ്ട് അവിടെയൊക്കെ പോലീസും ഉദ്യോഗസ്ഥന്മാരുംചെന്ന് ലൈസൻസ് വേണമെന്ന് പറഞ്ഞാൽ എവിടെ നിന്നാണ് ദർസിന് ലൈസൻസ് എടുക്കേണ്ടത്; സെമിനാരിക്ക് എവിടെ നിന്നാണ് ലൈസൻസ് എടുക്കേണ്ടത്?

കേരളത്തിലെ ന്യൂനപക്ഷങ്ങൾക്ക് വലിയ സംരക്ഷണമുണ്ടെന്ന് പറ യുന്ന ആളുകളോട് ഞാൻ ചോദിക്കുകയാണ്, ഇടതുപക്ഷം ഭരിക്കുമ്പോ ഴാണ് ഈ ദർസ് പൂട്ടിയ സംഭവം ഉണ്ടായതെങ്കിൽ നിങ്ങൾ ഈ രാജ്യം കുട്ടി ച്ചോറാക്കുകയില്ലേ? എന്തുകൊണ്ടാണ് നിങ്ങൾ ഇതിനോട് പ്രതികരിക്കാത്ത ത്? കേരളത്തിൽ എന്തോ വലിയ കാര്യങ്ങൾ നടക്കുന്നുണ്ട്. കേരളത്തിന്റെ പ്രതിശീർഷ വരുമാനത്തിൽ മലപ്പുറം പതിനാലാം സ്ഥാനത്താണെന്നുള്ള കാര്യം നിങ്ങൾ മനസ്സിലാക്കണം. ലോകത്തുള്ള 16 ആഡംബര കാറുകളി

ലൊന്ന് മലപ്പുറത്താണുള്ളത്. കേരളത്തിൽ ഏറ്റവും വലിയ വീടുള്ളതും മല പ്പുറത്താണ്. ന്യൂനപക്ഷങ്ങളെ സംബന്ധിച്ച് നിരന്തരം സംസാരിക്കുമ്പോഴും നമ്മൾ മനസ്സിലാക്കേണ്ടത്, മലപ്പുറം ജില്ല രൂപീകരിച്ചതും 14–ാമതാണ്. ഇപ്പോഴും മലപ്പുറം ജില്ല നിൽക്കുന്നത് 14–ാം സ്ഥാനത്താണ്. ഞങ്ങൾ വളരെ മുന്നോട്ടൊന്നും പോയിട്ടില്ല. 5–ാം മന്ത്രിസ്ഥാനം കിട്ടുന്നതൊന്നും സമുദയ ത്തിന്റെ കണക്കിൽ നിങ്ങളെടുക്കണ്ട. അതേസമയം ഈ ഡിഫൻസുമായി ബന്ധപ്പെട്ടുള്ള ഒരു വ്യവസായം കേരളത്തിൽ കൊണ്ടുവരേണ്ടത് ഞാൻ ആരെ വിശ്വസിച്ചിട്ടാണെന്ന് ശ്രീ. എ.കെ. ആന്റണി ചോദിച്ചു. ഈ രാജ്യ ത്തിലെ ന്യൂനപക്ഷ സമുദായത്തിന് അതിനേക്കാൾ വലിയ മാനക്കേട് എന്താണുണ്ടായത്; നിങ്ങൾ ഒരക്ഷരം മിണ്ടിയോ?

<u>മി. ചെയർമാൻ</u>: ശ്രീ. പി.റ്റി.എ. റഹിം, രണ്ട് മിനിട്ട് അധികമായി. പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. പി. റ്റി. എ. റഹിം:</u> സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ശ്രീ. മഞ്ഞളാംകുഴി അലിയോട് ഞാൻ ചോദിക്കട്ടെ, നിങ്ങൾ ന്യൂനപക്ഷ പ്രൊമോർട്ടർമാരെ നിശ്ചയിച്ചല്ലോ. ഇന്നുവരെ പത്ത് പൈസ അവർക്ക് കൊടുത്തിട്ടുണ്ടോ; കൊടുക്കാൻ സാധിച്ചിട്ടുണ്ടോ? നിങ്ങളുടെ കയ്യിലും തെറ്റുണ്ട്. ശ്രീ. എം. വി. ശ്രേയാംസ് കുമാർ പറഞ്ഞതുപോലെ ന്യൂന പക്ഷമെന്ന് പറയുന്നത് മുസ്ലീങ്ങൾ മാത്രമല്ല. ക്രിസ്ത്യാനികളും ബുദ്ധൻമാരും പാഴ്സികളും ജൈനൻമാരുമൊക്കെ ആ ഡെഫനിഷനിൽപ്പെ ടുന്ന ആളുകളാണ്. പക്ഷേ നിങ്ങൾ എന്താണ് ചെയ്തത്? നിങ്ങൾ ന്യൂന പക്ഷ പ്രൊമോർട്ടർമാരെ വച്ചപ്പോൾ ലത്തീൻ കത്തോലിക്കക്കാർ ഉണ്ടായിരു ന്നില്ലേ; മുസ്ലീങ്ങളെപ്പോലെ ഏറ്റവുമധികം പിന്നോക്കം നിൽക്കുന്നവരാണ്

ലത്തീൻ കത്തോലിക്കക്കാർ. അവരെയെല്ലാം കടപ്പുറത്ത് കൊണ്ടുപോയിട്ട് ഇങ്ങേപ്പുറത്തുള്ള ആളുകളെ വച്ചിട്ട് വല്ല കാര്യവുമുണ്ടോ? ഒന്ന് ആലോചിക്കണ്ടേ? ശ്രീ. ആര്യാടൻ മുഹമ്മദ് എതിർത്തു എന്നുപറഞ്ഞ ആളെ ഞാൻ കുറ്റം പറയില്ല. ഒരു മന്ത്രിയും തരില്ല. കാരണം നിങ്ങൾ ചെയ്തതാണ് തെറ്റ്.

<u>മി. ചെയർമാൻ</u>: ശ്രീ. പി.റ്റി.എ. റഹിം,. മൂന്ന് മിനിട്ട് അധികമായി. ദയവായി സഹകരിക്കുക...... പ്ലീസ് കൺക്ലൂഡ് ....

<u>ശ്രീ. പി.റ്റി.എ. റഹിം:</u> സർ, ഞാൻ നിർത്തുകയാണ്. തെറ്റ് തിരുത്താൻ നമ്മൾ തയ്യാറാകണം. ശ്രീ. എ.കെ. ആന്റണി പറഞ്ഞതുപോലെയുള്ള പ്രസ്താവനകൾ ഇനിയും വരാതിരിക്കാൻ നമ്മൾ ശ്രദ്ധിക്കണമെന്നുമാത്രം അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. റ്റി.യു. കുരുവിള</u>: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. പട്ടികജാതി-പട്ടികവർഗ്ഗ സമുദായങ്ങളിൽപ്പെട്ടവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുവാനും ദീർഘവീക്ഷണമുള്ളതും കാലോചിതവുമായ ഒട്ടനവധി പ്രവർത്തനങ്ങളാണ് ഈ സർക്കാർ നടപ്പിലാക്കിയിട്ടുള്ളത്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്ക്കരിക്കാനും പട്ടികജാതിക്കാർക്ക് കോടികൾ ചെലവഴിച്ച് അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കാനും പട്ടിക സമുദായത്തിൽപ്പെട്ടവരെ സമുദായത്തിന്റെ മുഖ്യധാരയിൽ എത്തിക്കുവാനും ഈ സർക്കാർ ചെയ്ത സേവനങ്ങൾ വളരെ വലുതാണ്. അതിന് വകുപ്പുമന്ത്രിമാരെയും ഗവൺമെന്റിനെയും ഞാൻ ഒരിക്കൽക്കൂടി അഭിനന്ദിക്കുകയാണ്. പട്ടികജാതിക്കാർക്ക് വീട് വയ്ക്കുന്നതിന് നൽകുന്ന ഗ്രാന്റ് ഒരുലക്ഷം രൂപ

യിൽനിന്നും രണ്ട് ലക്ഷംരൂപയായി വർദ്ധിപ്പിച്ചത്, കുറച്ചുകൂടി വർദ്ധിപ്പിക്കണം. ഈ വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമി വാങ്ങുന്നതിന് ഗ്രാമപഞ്ചായത്ത് ഒന്നര ലക്ഷംരൂപയും മുനിസിപ്പാലിറ്റി ഒന്നേമുക്കാൽ ലക്ഷംരൂപയും കോർപ്പറേഷൻ രണ്ട് ലക്ഷംരൂപയുമാണ് നൽകുന്നത്. ഇത് വീണ്ടും വർദ്ധിപ്പിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഓരോ പട്ടികജാതി കുടുംബത്തിനും സാനിട്ടേഷൻ പദ്ധതിപ്രകാരം 25,000 രൂപ നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ അവശത അനുഭവിക്കുന്ന പട്ടികവിഭാഗത്തിൽപ്പെട്ട രോഗികൾക്ക് നൽകിവന്നിരുന്ന ചികിത്സാസഹായം 25,000 രൂപയായിരുന്നത് ഒരുലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ ആനുകൂല്യം ലഭിക്കുന്നതിനുള്ള വരുമാനപരിധി 25,000 രൂപയിൽനിന്ന് 50,000 രൂപയായി ഉയർത്തിയിട്ടുണ്ട്. അതുപോലെ 29 ഹോമിയോ ഹെൽത്ത് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. വിവാഹ ധനസഹായം 20,000 രൂപയിൽനിന്നും 50,000 രൂപയാക്കി. ഈ ആനുകൂല്യം ലഭിക്കുന്നതിനുള്ള വരുമാനപരിധി 22,000 രൂപയിൽനിന്നും 50,000 രൂപയാക്കി. മിശ്രവിവാഹിതർക്കുള്ള ധനസഹായം 50,000 രൂപയാക്കി ഉയർത്തി. കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ വിവിധ ക്ഷേമപദ്ധതികൾക്കായി 50 ലക്ഷംരൂപ കൊടുത്തതിൽ 25 ശതമാനം സബ്സിഡിയാണ്. 2006 വരെയുണ്ടായിരുന്ന കുടിശ്ശിക മുഴുവൻ എഴുതിത്തള്ളുകയും അതിനുശേഷമുള്ളവയുടെ പലിശ മുഴുവനും എഴുതിത്തള്ളുകയും ചെയ്തിട്ടുണ്ട്. വിനോദസഞ്ചാര മേഖലയിൽ ഈ സർക്കാർ സകല റിക്കോർഡുകളും ഭേദിച്ച് മുന്നോട്ടുപോകുകയാണ്. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ കൂടുതൽ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുകയും കേരള ടൂറിസ

ത്തിന് ആഗോളതലത്തിൽ വലിയതോതിലുള്ള പ്രചരണം നൽകുകയും ടൂറിസ്റ്റുകൾക്ക് കൂടുതൽ സൗകര്യം നൽകി മുന്നോട്ടു പോകുകയുമാണ്. ഭാവിയിൽ കേരളത്തിന്റെ ഏറ്റവും വലിയ വരുമാന സ്രോതസ്സിലൊന്നാണ് ടൂറിസം. അതുകൊണ്ട് ഒട്ടനവധി കാര്യങ്ങൾ നമുക്ക് ഇനിയും ചെയ്യേണ്ടതായിട്ടുണ്ട്. പുരാതന തൃക്കാരൂർ അമ്പലം നശിപ്പിക്കുന്നതിന് ഭൂതത്താൻമാർ പെരിയാറിന് കുറുകെ അണകെട്ടി അമ്പലം മുക്കുന്നതിനുവേണ്ടി കെട്ടിയ അണക്കെട്ട് ഇപ്പോഴും വലിയൊരു കാഴ്ചയാണ്. മനോഹരമായ ഭൂതത്താൻകെട്ട് ഡാമും തട്ടേക്കാട് പക്ഷിസങ്കേതവുമൊക്കെ ടൂറിസ്റ്റുകളെ വലിയ തോതിൽ ആകർഷിക്കുന്നതാണ്. ഈ പ്രദേശത്ത് വലിയ ടൂറിസ്റ്റ് സാദ്ധ്യതയുള്ള കാര്യം ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രി വന്ന് കണ്ടുവിലയിരുത്തിയതാണ്. ഈ പ്രദേശത്തെ ടൂറിസ്റ്റ് വികസനത്തിന് അടിസ്ഥാന മേഖലയിൽ കുറേക്കൂടി കാര്യങ്ങൾ ചെയ്യാനുണ്ട്. അടുത്തകാലത്ത് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് ടൂറിസ്റ്റ് ഡിപ്പാർട്ടുമെന്റിന് എട്ട് ക്വാർട്ടേഴ്സ് കൈമാറിയിട്ടുണ്ട്. അത് ടൂറിസ്റ്റുകൾക്ക് സൗകര്യപ്രദമായ രീതിയിൽ ഉപയോഗപ്പെടുത്തണം. ടൂറിസം വളർച്ച മുന്നിൽ കണ്ടുകൊണ്ട് ഈ ഗവൺമെന്റ് നടപ്പിലാക്കിയ ഏറ്റവും നല്ല പദ്ധതിയാണ് സീ-പ്ലെയിൻ പദ്ധതി. മത്സ്യത്തൊഴിലാളികളെക്കൂടി വിശ്വാസത്തിലെടുത്ത് ഈ പദ്ധതി വ്യാപിപ്പിക്കണം. ഏഷ്യയിലെ ഏറ്റവും വലിയ തേക്ക് നിൽക്കുന്ന ഇടമലയാർ, ഭൂതത്താൻകെട്ട്, തട്ടേക്കാട്, ഡോ. സലിം അലി പക്ഷി സങ്കേതം എന്നിവ കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളാണ്. സീ-പ്ലെയിൻ പദ്ധതി ഇടമലയാർ ഡാമിലും ഭൂതത്താൻകെട്ട് ഡാമിലും വിജയകരമായി നടത്തുവാൻ സാധിക്കുന്ന പ്രദേശങ്ങളാണ്. ഇത് ബഹുമാനപ്പെട്ട മന്ത്രിക്ക് ബോദ്ധ്യം വന്നിട്ടുണ്ട്. അതുകൊണ്ട് എത്രയുംവേഗം

അതവിടെ നടപ്പിലാക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. നേരിയമംഗലം കൃഷി ഫാമിൽ ഫാം ടൂറിസം നടപ്പാക്കുന്നതിനാവശ്യമായ നടപടികൾ നടന്നു കൊണ്ടിരിക്കുകയാണ്. ഇതിന് കേന്ദ്ര ഗവൺമെന്റിൽനിന്ന് മൂന്ന് കോടി തൊണ്ണൂറ്റിയൊന്ന് ലക്ഷംരൂപ ലഭിച്ചിട്ടുണ്ട്. അതിൽ കുറച്ച് തുക ചെലവാക്കി, ബാക്കി ചെലവാക്കാനുണ്ട്. ഇപ്രാവശ്യം അത് ചെലവാക്കി നല്ല ഒരു ഫാം ടൂറിസം ഉണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. കുട്ടമ്പുഴ പഞ്ചായത്തിൽ 19 കുടികളുണ്ട്. അതിൽ വാര്യൻകുടി, കുഞ്ഞിപ്പാറ തുടങ്ങിയ കുടികളിലെ ആദിവാസികളുടെ കൃഷികൾ കാട്ടുമൃഗങ്ങൾ നിരന്തരമായി നശിപ്പിക്കുകയാണ്. ഒരു വർഷത്തിനിടയിൽ നാലുപേരെയാണ് അവിടെ കാട്ടാന ചവിട്ടി കൊന്നത്. ഇതൊരു നിത്യസംഭവമായി മാറിക്കൊണ്ടിരിക്കുകയാണ്. ആദിവാസികളുടെ കുട്ടികൾക്ക് വീടിന് പുറത്തേയ്ക്ക് പോകുവാനോ തിരികെ വീട്ടിലേക്ക് വരാനോ കഴിയാത്ത ഒരു അവസ്ഥയാണ് ഇപ്പോഴുള്ളത്. ഇവർക്ക് വെള്ളമോ വെളിച്ചമോ ലഭിക്കുന്നില്ല. സുരക്ഷിതമായ വീടുമില്ല. ഇവരുടെ ജീവിതം വളരെ കഷ്ടതയിലാണ്. അവരുടെ കുട്ടികൾക്ക് വിദ്യാലയങ്ങളിലേക്ക് പോകാൻ കഴിയുന്നില്ല. കുട്ടികൾക്ക് താമസിക്കുന്നതിനുള്ള ഹോസ്റ്റൽ സൗകര്യങ്ങളില്ല. അംഗൻവാടികളോ **ബാലപുരകളോ** ഇല്ല; തീരെ കുറവാണ്. ഇടമലയാറിൽ ഉണ്ടായിരുന്ന ഹോസ്റ്റൽ ആന നശിപ്പിച്ചു. ഇപ്പോൾ ആ കുട്ടികൾ കോതമംഗലത്തെ ഒരു സ്കൂൾ കെട്ടിടത്തിൽ താമസിക്കുകയാണ്. നൂറ് കുട്ടികൾക്ക് താമസിക്കാനുള്ള സൗകര്യമുള്ള സ്ഥലത്ത് 160 കുട്ടികളാണ് താമസിക്കുന്നത്. അവർക്ക് വേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കണം. അതുപോലെ നേര്യമംഗലത്ത് ഒരുഹോസ്റ്റൽ വന്നിട്ട് നാളുകളായി. അതിന്റെ പണി പൂർത്തീകരിച്ച് എത്രയുംവേഗം ഈ

കുട്ടികളെ അങ്ങോട്ട് മാറ്റുന്നതിനുള്ള നടപടികളുണ്ടാകണം. അതുപോലെ പല ആദിവാസി കുടികളിലും കുട്ടികൾ അലഞ്ഞുതിരിഞ്ഞ് നടക്കുകയാണ്. അവർക്കാവശ്യമായ പോഷകാഹാരം നൽകാൻ കഴിയുന്നില്ല. ഈ ഭാഗത്ത് മൃഗങ്ങളുടെ ശല്യമുള്ളതുകൊണ്ട് വനത്തിന് ഉൾഭാഗത്ത് താമസിക്കുന്നവരെ ഒരറ്റത്തേയ്ക്ക് കൊണ്ടുവന്ന് താമസിപ്പിക്കണം. അതിന് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് പല തടസ്സങ്ങളാണ് പറയുന്നത്. ഈയിടെ ഹൈക്കോടതിയുടെ ഒരു വിധി വന്നിട്ടുണ്ട്. ആ വിധിയിൽ ഇങ്ങനെ മാറ്റിത്താമസിപ്പിക്കുന്നതിന് പ്രൈസ് വാല്യു കൊടുക്കണ്ടെന്നും അതവരുടെ റൈറ്റാണെന്നും അതൊരു ഡൈവർഷനല്ല മോഡിഫിക്കേഷനാണെന്നുമുള്ള വിധി വന്നിട്ടുണ്ട്. അതുകൊണ്ട് അവരുടെ കാര്യത്തിൽ പ്രത്യേകം പരിഗണന കൊടുക്കണം. പൂയംകുട്ടിയിൽ ഒരു ചപ്പാത്തുണ്ട്. ആ ചപ്പാത്ത് രണ്ട് കരകളെ തമ്മിൽ ബന്ധിപ്പിക്കുന്നതാണ്. വെള്ളം കയറുമ്പോൾ അവിടെയുള്ള ആളുകൾക്ക് യാത്രാസൗകര്യം ലഭ്യമല്ല. മൂന്നുംനാലും ദിവസം അവരവിടെ ഒറ്റപ്പെട്ടുപോകുകയാണ്. അവർക്ക് യാത്രാസൗകര്യത്തിനുവേണ്ടി ചപ്പാത്ത് ഒന്നുകൂടി ഉയർത്തുകയോ മറ്റെന്തെങ്കിലും മാർഗ്ഗമോ സ്വീകരിക്കണം. എല്ലാവർക്കും വെളിച്ചം എത്തിക്കുമെന്ന് ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി ഇവിടെ പറഞ്ഞു. ആദിവാസികൾക്ക് ഇതുവരെയും യാതൊരു രീതിയിലുമുള്ള വെളിച്ചം കിട്ടിയിട്ടില്ല. അതുകൊണ്ട് അവർക്കാവശ്യമായ വെളിച്ചം നൽകുന്നതിനുവേണ്ടി നടപടി സ്വീകരിക്കണം. ഇതിനെല്ലാം ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ തടസ്സങ്ങളാണ് നിലനിൽക്കുന്നത്. അതെല്ലാം മാറ്റിയെടുക്കുന്നതിനുവേണ്ടി 25-06-2014-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 5 മന്ത്രിമാരുടെ യോഗം ചേർന്നു. അത് എത്രയുംവേഗം നടപ്പിലാ

ക്കിത്തരണമെന്നുള്ള വിനീതമായ അപേക്ഷയാണുള്ളത്. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ തടസ്സംകൊണ്ട് ഒരുരീതിയിലും അവിടത്തെ ആദിവാസികൾക്ക് ജീവിക്കാൻ നിർവ്വാഹമില്ല. അത് പരിഹരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒന്നുകൂടി പിന്താങ്ങിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. വികസനവും പുരോഗതിയും എല്ലാ വിഭാഗം ജനങ്ങളിലേക്കും എത്തുമ്പോഴാണ് രാജ്യം സമഗ്ര പുരോഗതി ആർജ്ജിച്ചുവെന്ന് പറയാൻ നമുക്ക് സാധിക്കുന്നത്. ദളിതരും പിന്നോക്ക ന്യൂനപക്ഷവിഭാഗങ്ങളും അവികസിതമായും, പുരോഗതിയില്ലായ്മയിലും പ്രാന്തവൽക്കരിക്കപ്പെട്ടവരുമായിക്കഴിഞ്ഞാൽ രാജ്യം പുരോഗതി നേടിയെന്ന് പറയാൻ നമുക്ക് കഴിയില്ല. ഈ മഹത്തായ ആശയം ഉൾക്കൊണ്ടുകൊണ്ടാണ് രാഷ്ട്രശില്പികൾ സംവരണം ഉൾപ്പെടെയുള്ള പ്രത്യേക പരിചരണവും ദുർബലവിഭാഗങ്ങൾക്കായുള്ള പ്രത്യേക പദ്ധതികളും നമ്മുടെ നാട്ടിൽ നടപ്പാക്കിയത്. രാഷ്ട്രശരീരത്തിലെ എല്ലാ അവയവങ്ങളും ആരോഗ്യപൂർണ്ണമാകണം. ചിലത് ശോഷിച്ച് രോഗാതുരമായാൽ ആ അനാരോഗ്യം രാജ്യത്തെ മുഴുവൻ പ്രയാസത്തിലാക്കുമെന്നാണ് നമുക്ക് കാണാൻ കഴിയുന്നത്. സ്വാതന്ത്ര്യലബ്ധിക്കുശേഷം ആറു പതിറ്റാണ്ടുകൾ പിന്നിടുമ്പോൾ ദേശീയതലത്തിൽ ദളിതരുടെയും പിന്നോക്കക്കാരുടെയും ന്യൂനപക്ഷങ്ങളുടെയും സ്ഥിതി വളരെ പരിതാപകരമായി തുടരുകയാണ്. ഇവിടെ എനിക്കുമുമ്പ് സംസാരിച്ചവർ വളരെ വിശദമായി വിശദീകരിച്ചതുകൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല. എന്നാൽ കേരളത്തിൽ ഈ പിന്നോക്ക വിഭാഗങ്ങളെ മുഖ്യധാരയി

ലെത്തിക്കുവാൻ നമ്മുടെ പ്രവർത്തനങ്ങൾക്ക് ഏറെക്കുറെ കഴിഞ്ഞിട്ടുണ്ട്. ഇക്കഴിഞ്ഞ മൂന്നു വർഷം ഭാവനാസമ്പന്നമായ പ്രവർത്തനങ്ങളിലൂടെ ഈ വകുപ്പുകൾക്ക് നേതൃത്വം നൽകുന്ന മൂന്ന് മന്ത്രിമാർ പട്ടികജാതി പിന്നോക്ക ക്ഷേമ വകുപ്പുമന്ത്രി ശ്രീ. അനിൽകുമാറും പട്ടികവർഗ്ഗക്ഷേമ വകുപ്പിന് നേതൃത്വം നൽകുന്ന കുമാരി പി. കെ. ജയലക്ഷമിയും ന്യൂനപക്ഷകാര്യം കൈകാര്യം ചെയ്യുന്ന ശ്രീ. മഞ്ഞളാംകുഴി അലിക്കും പിന്നോക്ക വിഭാഗങ്ങളുടെ സമഗ്ര വികസനത്തിനും മുന്നേറ്റത്തിനും നേതൃത്വം കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നുതന്നെയാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. പട്ടികജാതി വകുപ്പിന്റെ പ്രവർത്തനങ്ങളിലേക്ക് നോക്കുമ്പോൾ അതിന്റെ തിളങ്ങുന്ന നേട്ടമായി കാണാൻ സാധിക്കുന്നത് പാലക്കാട് മെഡിക്കൽ കോളേജാണ്. പട്ടിക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഇപ്പോൾ ഗവൺമെന്റ് കോളേജുകളിൽ 10% സംവരണമാണുള്ളത്. സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ ഗവൺമെന്റ് മെരിറ്റ് സീറ്റിൽ 10% സംവരണമാണുള്ളത്. തുലോം തുച്ഛമാണ്. ലിസ്റ്റിൽപ്പെട്ടവർക്കുപോലും അഡ്മിഷൻ കിട്ടുന്നില്ല. എന്നാൽ ഈ മെഡിക്കൽ കോളേജ് വരുന്നതോടുകൂടി 70-ഓളം സീറ്റുകൾ പട്ടികവർഗ്ഗ വിഭാഗത്തിലുള്ള കുട്ടികൾക്ക് കിട്ടും. ഇതിന്റെ പ്രവർത്തനങ്ങൾക്ക് വേഗത പോരാ, ഇത് ത്വരിതപ്പെടുത്തണം. ഇതിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കാനുള്ള സാഹചര്യം ഉണ്ടാക്കണമെന്നഭ്യർത്ഥിക്കുകയാണ്. അതോടൊപ്പംതന്നെ മറ്റൊരുകാര്യം സൂചിപ്പിക്കാനുള്ളത് ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഭൂമിയും വീടും നൽകുന്നതിനുള്ള സഹായം ഈസർക്കാർ തുക ഇരട്ടിയാക്കി വർദ്ധിപ്പിച്ചു. പഞ്ചായത്തുകളിൽ 75,000/- രൂപ കൊടുത്തിരുന്നത് ഇപ്പോൾ 1,50,000/- രൂപയും, മുനിസിപ്പാലിറ്റികളിൽ 90,000/- രൂപ ഉണ്ടായിരുന്നത്

ഇപ്പോൾ 2,00,000/- രൂപയുമാക്കി വർദ്ധിപ്പിച്ചു. 23,000 കുടുംബങ്ങൾക്ക് 350 കോടി രൂപയാണ് ഈ സർക്കാർ വിതരണം ചെയ്തത്. ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന ശ്രീ. എ. പി. അനിൽകുമാറിന്റെ തൊപ്പിയിലെ പൊൻതൂവലായി ഇതിനെ ഞാൻ കാണുകയാണ്. മറ്റൊരുകാര്യം ശ്രദ്ധയിൽപ്പെടുത്താനുള്ളത് പട്ടികവിഭാഗങ്ങൾക്ക് മാത്രമല്ല ഹൈന്ദവ സമൂഹത്തിനുതന്നെ ശ്മശാനത്തിന്റെ പ്രശ്നമുണ്ട്. പട്ടികവിഭാഗങ്ങളിൽ പ്രത്യേകമായി പ്രകടമാണ്. മുസ്ലീങ്ങൾക്ക് മസ്ജിദ് ഉണ്ട്; ക്രിസ്ത്യാനികൾക്ക് സെമിത്തേരിയുണ്ട്. എന്നാൽ പലയിടത്തും ഈ ശ്മശാനത്തിന്റെ പ്രശ്നം ഇന്നനുഭവപ്പെടുകയാണ്. ഞങ്ങളൊക്കെ എം.എൽ.എ. ഫണ്ട് ഉപയോഗിച്ചുപോലും ശ്മശാനങ്ങൾ നവീകരിക്കാനും ചുറ്റുമതിൽ കെട്ടാനുമൊക്കെ സൗകര്യങ്ങൾ ചെയ്യാറുണ്ട്. പ്രത്യേകമായി ഒരു പദ്ധതിതന്നെ പട്ടികജാതി-വർഗ്ഗ വിഭാഗങ്ങളുടെ ശ്മശാനങ്ങൾ ശരിപ്പെടുത്തിയെടുക്കുന്നതിനുവേണ്ടി; അതിനുവേണ്ട സൗകര്യങ്ങൾ ഒരുക്കുന്നതിനുവേണ്ടി ഉണ്ടാക്കണം എന്ന് സൂചിപ്പിക്കുകയാണ്. അതുപോലെ കടംകൊണ്ട് വലയുന്ന ധാരാളം ആളുകൾ പട്ടികജാതിയിലും പട്ടികവർഗ്ഗത്തിലുമുണ്ട്. ഈ വിഭാഗക്കാരുടെ ഒരുലക്ഷം രൂപവരെയുള്ള കടങ്ങൾ എഴുതിത്തള്ളാനുള്ള തീരുമാനം സർക്കാർ കൈക്കൊള്ളണം. അതിന് ഈ വകുപ്പുകൾ നേതൃത്വം നൽകണമെന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. പട്ടികവർഗ്ഗ വിഭാഗത്തിന്റെ വികസനം സംബന്ധിച്ച് പറയുമ്പോൾ പ്രത്യേകമായി ഒരു പട്ടികവർഗ്ഗ സങ്കേതംതന്നെ എന്റെ നിയോജകമണ്ഡലത്തിലെ അട്ടപ്പാടിയിലുണ്ട്. അവിടെ നടക്കുന്ന ഈ പ്രവർത്തനങ്ങൾക്കെല്ലാം കുമാരി പി. കെ. ജയലക്ഷമിതന്നെ നേരിട്ടുവന്ന് നേതൃത്വം നൽകുന്നുവെന്നത് മന്ത്രിയെന്ന നിലയിൽ അവർ ചെയ്യുന്ന വലിയ ഒരു സേവനമാണ്.

ഏതൊരു സമൂഹത്തിന്റെയും പുരോഗതി അവർക്ക് ലഭിക്കുന്ന വിദ്യാഭ്യാസ അവസരങ്ങളാണ്. അട്ടപ്പാടിയിലുള്ളതുപോലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ഇനിയും കൂടുതലായി ആരംഭിക്കണം. പുതുതായി ഒരു ഗേൾസ് ഹോസ്റ്റലും ബോയ്സ് ഹോസ്റ്റലും വേണം. കഴിഞ്ഞ ബഡ്ജറ്റിൽ നിർദ്ദേശമുണ്ടെങ്കിലും ഇത് തുടങ്ങാനായിട്ടില്ല. വിദൂരദിക്കുകളിൽനിന്നുള്ള കുട്ടികളെ സ്കൂളിൽ കൊണ്ടുവരുന്നതിനുവേണ്ടിയുള്ളതാണ് ഗോത്രസാരഥി പദ്ധതി. നല്ല പദ്ധതിയാണ്. നല്ല ആശയമാണ്. ഗോത്രസാരഥി പദ്ധതി ഇപ്പോൾ വാഹനങ്ങൾക്ക് വാടക നൽകുകയാണ് ചെയ്യുന്നത്. പക്ഷെ, എന്റെ അഭിപ്രായത്തിൽ സ്വന്തം വാഹനങ്ങൾ വാങ്ങി ഐ.ടി.ഡി.പി. പരിപാലിക്കുന്നൊരു സാഹചര്യമുണ്ടാക്കുന്നതാണ് നല്ലത്. അതുപോലെ പരമ്പരാഗത തൊഴിലുകളിൽ ശാസ്ത്രീയ സമീപനമുള്ള കോഴ്സുകൾ പരിശീലിപ്പിക്കാനാണ് അട്ടപ്പാടിയിൽ കമ്മ്യൂണിറ്റി പോളിടെക്നിക്ക് പ്രഖ്യാപിച്ചത്. ഈ സ്ഥാപനം ഉടൻ ആരംഭിക്കുവാൻ നടപടിയുണ്ടാകണം. അതുപോലെ ആരോഗ്യരംഗത്ത് ട്രൈബൽ ഡിപ്പാർട്ട്മെന്റ് ആരംഭിച്ച പദ്ധതികൾ ഫലം കാണുന്നുണ്ട്. ഇവിടെ പലരും അപ്പുറത്ത് ചൂണ്ടിക്കാണിച്ചു എൻ.ആർ.എച്ച്.എം.ന്റെ ഒരു സർവ്വേ റിപ്പോർട്ടുണ്ടെന്ന്. ഒരു റിപ്പോർട്ടുമില്ല. നമുക്കറിയാം അട്ടപ്പാടിയിലെ ശിശുമരണമടക്കമുള്ള പ്രശ്നങ്ങളിൽ ഈ ഗവൺമെന്റിന്റെ ഇടപെടൽ കൊണ്ട് വളരെ നല്ല മാറ്റമുണ്ടാക്കാൻ സാധിച്ചു. ഹ്രസ്വകാല നടപടികൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. വിളർച്ച ഉന്മൂലനം ചെയ്യുന്ന പദ്ധതിയും ജനനി – ജന്മരക്ഷാ പദ്ധതിയും സഞ്ചരിക്കുന്ന മെഡിക്കൽ യൂണിറ്റുകളുടെ പ്രവർത്തനവും ഏറെ സ്വാഗതാർഹമാണെന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. ആദിവാസികളുടെ പരമ്പരാഗത കൃഷി പ്രോത്സാഹിപ്പിക്കുന്ന പദ്ധതി ഇപ്പോൾ നടക്കുന്നുണ്ട്. ഇതിലും നല്ല പുരോഗതിയുണ്ട്. അതോ

ടൊപ്പം ആദിവാസികൾ വനത്തിൽ ജീവിക്കുന്നവരാണ്. അവർക്കിടയിൽ വനാവകാശ നിയമം നടപ്പാക്കുന്നതിൽ നമ്മുടെ സംസ്ഥാനം പിറകോട്ടു പോയിട്ടുണ്ട്. 5 ഏക്കർ ഭൂമി വനത്തിനകത്ത് താമസിക്കുന്ന ആദിവാസിക്ക് അവകാശപ്പെട്ടതാണ്. അതുപോലെ കാട്ടുവിഭവങ്ങൾ ശേഖരിക്കുവാനും വില്ക്കുവാനുമുള്ള സ്വാതന്ത്ര്യം അവർക്കുണ്ടാകണം. പലപ്പോഴും വനം വകുപ്പ് അത് തടസ്സപ്പെടുത്തുന്നുണ്ട്. അതിനുകൂടി ഒരു പരിഹാരമുണ്ടാക്കണ മെന്ന് ഞാൻ ഈ സന്ദർഭത്തിൽ ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്. കൃഷി വകുപ്പുമന്ത്രി ശ്രീ. കെ. പി. മോഹനന്റെ ഇടപെടൽമൂലം നിസ്സാരമാക്കി കാണിച്ചുവെങ്കിലും കോഴി വിതരണവും ആടു വിതരണവുമൊക്കെ ദൈനം ദിന ജീവിതത്തിൽ ആദിവാസി സ്ത്രീകൾക്ക് സഹായകമായിട്ടുണ്ട് എന്ന കാര്യം ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്. അതു കൂടുതലായി ഉണ്ടാ കണം. അതുപോലെ കൃഷിക്ക് സൗകര്യമൊരുക്കാൻ അട്ടപ്പാടിയിൽ ഒരു നിർദ്ദിഷ്ട എ.വി.ഐ.പി. പദ്ധതിയുണ്ട്. ആ ഡാമിന്റെ നിർമ്മാണം പുരോഗമി ക്കുകയാണെങ്കിൽ, ആ ഡാം വരികയാണെങ്കിൽ കാർഷികമേഖലയിൽ ഒരു വലിയ മുന്നേറ്റം ഉണ്ടാക്കാൻ സാധിക്കും. അതിന്റെ പ്രയോജനവും ആദിവാ സികൾക്കാണ് കിട്ടാൻ പോകുന്നത്. മറ്റൊരു കാര്യം ചൂണ്ടിക്കാണിക്കാനു ള്ളത് വീടുകളുടെ കുറവു തന്നെയാണ്. അഹാഡ്സ് മുഖാന്തിരം 2000– ഓളം വീടുകൾ കൊടുത്തെങ്കിലും ഇനിയും കുടുംബങ്ങൾ പെരുകുകയാണ്. കല്യാണം കഴിഞ്ഞ് കുട്ടികളായി വീണ്ടുംപുതിയ കുടുംബമാകുന്നു. കുടും ബങ്ങൾ നാൾക്കുനാൾ പെരുകിക്കൊണ്ടിരിക്കുകയാണ്. 2000 വീടുകളെ ങ്കിലും പുതുതായി അട്ടപ്പാടിയിലെ ആദിവാസികൾക്ക് അനുവദിക്കുന്നതി നുള്ള ഒരു പദ്ധതിയുണ്ടാകണം. ഈ പദ്ധതികൾക്കെല്ലാം നേതൃത്വം കൊടു

ക്കേണ്ട ഐ.ടി.ഡി.പി.ക്ക് ഒരു എഞ്ചിനീയറിംഗ് വിംഗ് ഇല്ല. ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിലുള്ള എഞ്ചിനീയറിംഗ് വിംഗ് ഉണ്ടാകണം. അതോടൊപ്പം ആദിവാസികളുടെ കലയും സംസ്കാരവും പാരമ്പര്യ ചികിത്സയുമൊക്കെ സംരക്ഷിക്കാനുള്ള ചില നടപടികൾകൂടി വേണം. ഇവിടെ നമുക്കറിയാം ക്യാൻസറിനുപോലും ഒറ്റമൂലി ചികിത്സ നൽകുന്ന പാരമ്പര്യ ആദിവാസി വൈദ്യന്മാരുണ്ട്. ശ്രീമതി വള്ളിയമ്മാളിന്റെയും ശ്രീ. രവീന്ദ്രന്റെയുമൊക്കെ ചികിത്സ ആഗോളതലത്തിൽ ശ്രദ്ധിക്കപ്പെട്ടിട്ടുള്ളതാണ്. അതൊക്കെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള പദ്ധതികളുണ്ടാകണം. പട്ടികവർഗ്ഗ വകുപ്പ് അടുത്തകാലത്ത് ചില വനിതകൾക്ക് ഓട്ടോറിക്ഷ കൊടുത്തു. 50-ഓളം വനിതാ ഓട്ടോകൾ ഇന്ന് അട്ടപ്പാടിയിൽ ഓടുന്നുണ്ട്. അട്ടപ്പാടി ഊരുകളിൽ നാണംകുണുങ്ങികളായി കഴിഞ്ഞിരുന്ന ആദിവാസി വനിതകൾ ഇന്ന് ഓട്ടോറിക്ഷയുടെ സ്റ്റിയറിംഗ് പിടിക്കുന്ന സ്ത്രീ മുന്നേറ്റത്തിന്റെ, ആദിവാസി മുന്നേറ്റത്തിന്റെ ഒരു നല്ല നേർക്കാഴ്ച ഈഅടുത്ത ദിവസങ്ങളിൽ അവിടെ കാണാൻ കഴിഞ്ഞു. ഞാൻ പ്രത്യേകമായി മന്ത്രിയെ അഭിനന്ദിക്കുകയാണ്. അവർ നേതൃത്വം നൽകിയ ഒരു പരിപാടിയാണിത്. സംസ്ഥാനത്ത് ഉടനീളമുണ്ടായിരുന്നു. മറ്റൊരുകാര്യം ഈ വകുപ്പുകളുടെ ഭാഗമായ ന്യൂനപക്ഷ ക്ഷേമ വകുപ്പിനെ കാര്യക്ഷമമാക്കാൻ ശ്രീ. മഞ്ഞളാം കുഴി അലി കഴിയുന്നതൊക്കെ ചെയ്യുന്നുണ്ട്. ന്യൂനപക്ഷമേഖലകളിൽ കുടിവെള്ള പദ്ധതികൾ അനുവദിച്ചു. അതുപോലെ വിധവകൾക്കുള്ള ഭവന നിർമ്മാണ പദ്ധതി ഏറെ സ്വാഗതാർഹമായ ഒന്നാണ്. വിദ്യാഭ്യാസ പ്രോത്സാഹന പരിപാടികളുണ്ടായി. പുതിയ പരിശീലന കേന്ദ്രങ്ങൾ തുറന്നു. ഈ പദ്ധതികളൊക്കെ കൂടുതൽ തെളിമയോടെ മുന്നോട്ടുകൊണ്ടുപോകാൻ അദ്ദേ

ഹത്തിന് കഴിയണമെന്ന് ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്. ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ സൂചിപ്പിക്കട്ടെ. ടൂറിസത്തിന് നല്ല സാധ്യതയുള്ള ഒരു സംസ്ഥാനമാണിത്. അന്താരാഷ്ട്ര ടൂറിസം ഭൂപടത്തിൽ നമ്മുടെ സ്ഥാനം കൂടിവരികയാണ്. ഇവിടെ ഗ്ലോബൽ ടൂറിസം പുരസ്കാരം ഇത്തവണ കിട്ടിയത് ടൂറിസം വകുപ്പിനാണ്. ഇതൊരു വലിയ നേട്ടമാണ്. ടൂറിസം മേഖലയിലെ ഓസ്കാറാണ് ശ്രീ. എ. പി. അനിൽ കുമാറും ടൂറിസം വകുപ്പും നേടിയെടുത്തിട്ടുള്ളത്. ഞാൻ അവരെ അഭിനന്ദിക്കുകയാണ്. നാൽപ്പതിനായിരം കോടിരൂപയുടെ വരുമാനമുണ്ടായി. സംസ്ഥാനത്തിന്റെ വരുമാന വളർച്ചയിൽ വളരെ വലിയ മുന്നേറ്റമാണ് ടൂറിസം വകുപ്പ് ഉണ്ടാക്കിയിട്ടുള്ളത്.

ആ മേഖലയിൽ കൂടുതൽ ശ്രദ്ധിക്കണം. വരുമാനം വർദ്ധിപ്പിക്കാനുള്ള പദ്ധതികളുണ്ടാകണം. എന്റെ മണ്ഡലവുമായി ബന്ധപ്പെട്ടൊരുകാര്യം ചൂണ്ടിക്കാണിക്കുകയാണ്. ഇക്കോ ടൂറിസത്തിന് ഏറെ സാധ്യതകളുള്ള ഒരു പ്രദേശമാണ് മണ്ണാർകാട്. ഇവിടെയാണ് നിശബ്ദത കാലത്തോട് സംവാദിക്കുന്ന സൈലന്റ് വാലിയുള്ളത്. ഇവിടെയാണ് ലോകത്തിലെ ഏറ്റവും നല്ല ക്വാളിറ്റി വാട്ടർ നമ്പർ ടൂൾ ശിരുവാണി ഡാമും പാത്രക്കടവുമുള ളത്. തൊട്ടടുത്ത മണ്ഡലത്തിലാണ് ശ്രീ. കെ. വി. വിജയദാസ് ചൂണ്ടിക്കാണിച്ച മീൻവല്ലമുള്ളത്. ഇതെല്ലാം കാണുന്നതിന് മണ്ണാർകാട് കേന്ദ്രമാക്കി ഒരു ഇക്കോ ടൂറിസം പാക്കേജും അതിനുവേണ്ട സൗകര്യങ്ങളും വേണം. ഒരു പ്രൊപ്പോസൽ ഞാൻ ഡി.റ്റി.പി.സി-ക്ക് കൊടുത്തിട്ടുണ്ട്. ആ പ്രൊപ്പോസലിന് അനുമതിയും ഫണ്ടും ഉണ്ടാകണമെന്നുകൂടി ഈ സന്ദർഭത്തിൽ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. ചർച്ചയിൽ രാഷ്ട്രീയം പറ

യണമെന്ന് ഉദ്ദേശിച്ചതല്ല. പറയാൻ ആഗ്രഹിച്ചതുമല്ല. പക്ഷേ ഇവിടെ അനാവശ്യമായി ശ്രീ. പി. റ്റി. എ. റഹീമിന്റെ ഭാഗത്തുനിന്ന് ചില പരാമർശങ്ങളുണ്ടായി. അതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത് കഴിഞ്ഞ കേന്ദ്രഗവൺമെന്റിന്റെ കാലത്ത് കോൺഗ്രസ്സിന്റെ എല്ലാ ആനുകൂല്യങ്ങളും പറ്റിയ മുസ്ലീം റിസർവേഷനിൽപ്പെട്ട ഒരു മന്ത്രിയാണ് ശ്രീമതി നജ്മ ഹെബ്ദുള്ള. ഇന്ത്യയിലെ മുസ്ലീങ്ങൾ ന്യൂനപക്ഷമല്ലെന്നും അവർക്ക് പ്രത്യേകമായ അവകാശങ്ങളൊന്നും കൊടുക്കേണ്ടതില്ലെന്നും ശ്രീമതി നജ്മ ഹെബ്ദുള്ള പറയുകയുണ്ടായി. അവരുടെ അഭിപ്രായത്തെ രാജ്യത്തെ മതേതര വിശ്വാസികളും ന്യൂനപക്ഷക്കാരുമൊക്കെ എത്ര മതിപ്പോടുകൂടിയാണ് കണ്ടിട്ടുള്ളതെന്ന് നമുക്കറിയാം. ശ്രീമതി നജ്മാ ഹെബ്ദുള്ളക്ക് അത് പറയേണ്ടിവരും. കാരണം അവർക്ക് കൂടെ നിൽക്കുന്നവരുടെ കൂറ് തെളിയിക്കേണ്ടിവരും അല്ലെങ്കിൽ സന്തോഷിപ്പിക്കേണ്ടിവരും എന്നതുപോലുള്ള ഒരു വയറ്റിപ്പിഴപ്പിന്റെ വർത്തമാനമായിട്ടേ ഞങ്ങളും ഈ ജാതി പ്രയോഗത്തെ കണ്ടിട്ടുള്ളൂ. മലപ്പുറത്തെ പുരോഗതിയെക്കുറിച്ച് ഇവിടെ ചൂണ്ടിക്കാണിച്ചല്ലോ. മലപ്പുറത്തെ പുരോഗതിയെക്കുറിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ........

ശ്രീ. സാജുപോൾ: സർ, ഇവിടെ ഒരംഗം വയറ്റിപ്പിഴപ്പിനുവേണ്ടിയാണെന്നു പറഞ്ഞത് ഓർഡറിലാണോ?

മി. ചെയർമാൻ: ആ ഭാഗം നീക്കം ചെയ്യുന്നതാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാനത് ആലങ്കാരികമായിട്ടാണ് പറഞ്ഞത്. അതേ രീതിയിലാണ് അതിന്റെ അർത്ഥം എടുക്കുന്നതെങ്കിൽ അത് ഒഴിവാക്കിക്കോളൂ. എനിക്ക് വിരോധമില്ല. കൂടെ നിൽക്കുന്നവരെ സന്തോഷിപ്പിക്കാൻ വേണ്ടി ചില അഭ്യാസങ്ങളൊക്കെ കാണിക്കേണ്ടിവരും. അത്തരത്തിലുള്ളൊരു പ്രയോഗമാണ് ഞാൻ പറഞ്ഞത്. അല്ലാതെ അദ്ദേഹത്തിന് വയറ്റി

പ്പിഴപ്പ് എന്നുള്ള അർത്ഥത്തിൽ പ്രയാസങ്ങളുണ്ടെന്ന് ഞാനും വിശ്വസിക്കുന്നില്ല. കൂടെ നിൽക്കുന്നവരെ സന്തോഷിപ്പിക്കുകയും അവിടെ നില നിൽക്കാനാവശ്യമായ പ്രയോഗങ്ങളും പ്രവർത്തനങ്ങളുമൊക്കെ നടത്തുകയും ചെയ്ത ശ്രീമതി നജ്മാ ഹെബ്ദുള്ളയുടെ മറ്റൊരു പതിപ്പാണ് ശ്രീ. പി. റ്റി. എ. റഹിം ഇവിടെ നടത്തിയതെന്നു മാത്രമാണ് ഞാൻ ചൂണ്ടിക്കാണിച്ചത്. ഒരു കാര്യവുമില്ലാതെ ഞങ്ങളെ കുത്തി നോവിച്ചാലേ അല്ലെങ്കിൽ എന്തെങ്കിലും പറഞ്ഞാലേ അപ്പുറത്ത് അംഗീകാരം കൂടുകയുള്ളൂ എങ്കിൽ അതിന് ഞാൻ പറഞ്ഞ പേര് ഇതുതന്നെയാണ്. ഉണ്ടചോറിന് നന്ദി കാണിക്കാൻ ചിലത് പറയേണ്ടിവരുമെന്ന് ശ്രീ. എം. ഉമ്മർ പറഞ്ഞു. ഏതായാലും ഞാൻ അതിലേക്കൊന്നും കടക്കുന്നില്ല. മലപ്പുറത്തെ പുരോഗതിയെക്കുറിച്ച് മുമ്പും പ്രതിപക്ഷനേതാവ് പറഞ്ഞിരുന്നു; മലപ്പുറത്തെ കുട്ടികൾ എൻട്രൻസ് ജയിക്കുന്നു, പരീക്ഷകൾ ജയിക്കുന്നു, ഇതൊക്കെ കോപ്പിയടിച്ചിട്ടാണെന്ന്. ധാരാളം കുട്ടികൾ ജയിച്ചപ്പോൾ അദ്ദേഹം പ്രകടിപ്പിച്ച ഒരസഹിഷ്ണുതയാണത്. മലപ്പുറത്ത് യാതൊരു പുരോഗതിയും ഉണ്ടാകുന്നില്ലെന്നും വലിയ നേട്ടമൊന്നുമില്ലെന്നുമാണ് ശ്രീ. പി. റ്റി. എ. റഹിം ഇവിടെപറഞ്ഞത്. എനിക്ക് ഒന്നേ ചോദിക്കാനുള്ളൂ. ശ്രീ. വി.എസ്. അച്ചുതാനന്ദന്റെ പ്രസ്താവനയോട് അങ്ങയുടെ അഭിപ്രായം എന്താണെന്നറിയാൻ ഞങ്ങൾക്ക് താല്പര്യമുണ്ട്. ആ കാര്യങ്ങളിലൊക്കെ വന്നിട്ടുള്ള പ്രശ്നങ്ങളിൽ എല്ലാ പാർട്ടികളും അവരവരുടെ നിലപാടുകൾ വ്യക്തമാക്കിയിട്ടുള്ളതാണെന്ന് നമുക്കറിയാം. ലീഗ് സഖ്യത്തിൽ ഏർപ്പെട്ടിട്ടുള്ള കോൺഗ്രസ്സിനും കോൺഗ്രസ്സിന്റെ നേതൃത്വത്തിനും ഓരോ വിഷയത്തിലും അതിന്റേതായ അഭിപ്രായങ്ങളുണ്ടാവും. ഇങ്ങനെ രാഷ്ട്രീയരഹിതമായ ഒരു ചർച്ച നടക്കുമ്പോൾ അതൊക്കെ വലിച്ചിഴച്ച് ഇത്തരം വർത്തമാനങ്ങൾ പറഞ്ഞ് ഞങ്ങളെ കുത്തിനോവിക്കാൻ ശ്രമി

ക്കുന്നത് അപ്പുറത്തുള്ളവരുടെ പ്രീതി നേടുന്നതിനുവേണ്ടിയാണ്. ഇവിടെയിപ്പോൾ പലജാതി ചർച്ചകൾ നടക്കുന്നുണ്ട്. എവിടേയും പച്ച നിറത്തോട് ഭയങ്കര വിരോധമാണ്. ഇന്റർനാഷണൽ വിദ്യാഭ്യാസ പരിഷ്ക്കാരത്തിന്റെ ഭാഗമായി നമ്മുടെ സ്കൂളുകളിൽ മിലിട്ടറി ഗ്രീൻ ബോർഡുകൾ കൊണ്ടുവന്നപ്പോൾ അതിന്റെ പേരും പറഞ്ഞ് നമ്മുടെ വിദ്യാഭ്യാസ മന്ത്രിയേയും ലീഗിനേയുമൊക്കെ കുത്തിനോവിക്കാൻ ശ്രമിച്ചവരാണ് നിങ്ങൾ. കളറുകളുടെ പേരിലുള്ള ഈ ചെറിയ രാഷ്ട്രീയം നമ്മുടെ നിലവാരത്തകർച്ചയുടെ ഒരു ചിഹ്നമായി മറ്റുള്ളവരും പുതുതലമുറയും  വിലയിരുത്തുമെന്നുകൂടി സൂചിപ്പിക്കുകയാണ്. മറ്റു വിഷയങ്ങളിലേക്കൊന്നും കടക്കുന്നില്ല. ഈ മൂന്ന് മന്ത്രിമാരും ഡിപ്പാർട്ടുമെന്റുകളും സ്തുത്യർഹമായ പ്രവർത്തനങ്ങളാണ് ഈ കാലയളവിൽ നടത്തിയിട്ടുള്ളത്. ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽ കൂടി പിൻതുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. കെ. അജിത്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ധനാഭ്യർത്ഥനയുടെ ചർച്ചക്ക് തുടക്കം കുറിച്ചത് മുൻ സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണനാണ്. അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ ആരംഭത്തിൽതന്നെ  ഒരു വിഷയം സൂചിപ്പിക്കുകയുണ്ടായി. പട്ടികജാതി ജനവിഭാഗങ്ങൾക്ക് ഇപ്പോൾ കൊടുക്കുന്ന ആനുകൂല്യങ്ങളിൽനിന്നും വ്യത്യസ്തമായി അവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരണമെങ്കിൽ സ്വകാര്യ മേഖലയിൽ സംവരണം പാലിക്കപ്പെടണമെന്ന് അദ്ദേഹം സൂചിപ്പിട്ടുണ്ട്. ഇവിടെ പ്രസംഗിച്ച എല്ലാ അംഗങ്ങളും പട്ടികജാതിക്കാരുടെ വികസനവും ക്ഷേമവും സംബന്ധിച്ച അവരുടെ അഭിപ്രായങ്ങളൊക്കെ പറയുകയുണ്ടായി. ഒരു പൊതു അഭിപ്രായമെന്ന നിലയിൽ കേരളത്തിലെ നിയമസഭ ഇന്ത്യൻ പാർല

മെന്റ് വ്യവസ്ഥിതിക്ക് നൽകിയ മഹത്തായ സംഭാവനകളുടെ ഭാഗമായി സ്വകാര്യമേഖലയിലുള്ള സംവരണത്തിന് ഇവിടെ ആദ്യം തുടക്കം കുറിക്കാൻ കഴിയണം. അതിനൊരു പൊതു അഭിപ്രായരൂപീകരണം ഈ സഭ മുന്നോട്ടു വയ്ക്കണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കുവാനുള്ളത്. ഈ ഗവൺമെന്റിന്റെ കീഴിൽ ഒരുപാട് കാര്യങ്ങൾ ചെയ്തുവെന്ന് പറയുമ്പോഴും കഴിഞ്ഞ വർഷത്തെ ഫണ്ടിന്റെ വലിയൊരുഭാഗം ജനങ്ങളുടെ ഇടയിൽ എത്തിയിട്ടില്ല. വിദ്യാഭ്യാസ മേഖലയിൽ കുട്ടികൾക്ക് സ്റ്റൈഫന്റ് കിട്ടിയിട്ടില്ല, പാർപ്പിടം വയ്ക്കുന്നവർക്കാവശ്യമായ ഫണ്ടുകൾ ലഭ്യമാകുന്നില്ല, വീട് വയ്ക്കുന്നവർ സമയബന്ധിതമായി വീട് വച്ചില്ലെങ്കിൽ മെറ്റീരിയൽസിന്റെ വില വർദ്ധനവ് അധിക ബാധ്യതയുണ്ടാക്കുകയാണ്. ഇതിനുമുമ്പ് നിർമ്മിച്ചു കൊടുത്ത വീടുകളെല്ലാം പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യമാണു ള്ളത്. അവരുടെ കയ്യിൽ പണമില്ലാത്ത സാഹചര്യത്തിൽ അവർ ബ്ലേഡ് പലി ശക്കാരെ സമീപിച്ച് പണമെടുക്കുകയും അവരുടെ ആധാരമുൾപ്പെടെയുള്ള സാധനസാമഗ്രികൾ മറ്റുള്ളവരുടെ കസ്റ്റഡിയിൽ പോകുന്ന സാഹചര്യവുമു ണ്ടാകും. സമയബന്ധിതമായി പണം കൊടുക്കാൻ ഗവൺമെന്റിന് കഴിയു ന്നില്ല. ഗവൺമെന്റ് വലിയ സാമ്പത്തിക ഞെരുക്കത്തിലേയ്ക്കാണ് പൊയ്ക്കൊണ്ടിരിക്കുന്നത്. ഈ ഗവൺമെന്റിന്റെ കീഴിൽ പട്ടികജാതി വിക സന കോർപ്പറേഷൻ പ്രവർത്തിക്കുന്നുണ്ട്. അതിന്റെ ചെയർമാൻ ശ്രീ. ശിവ രാമനാണ്. ഈ ഗവൺമെന്റിന്റെ കീഴിൽതന്നെ മുന്നോക്ക വികസന കോർപ്പ റേഷനും പ്രവർത്തിക്കുന്നുണ്ട്. ഈ രണ്ട് ചെയർമാൻമാരുടെയും വ്യത്യാസമെന്നു പറയുന്നത് പട്ടികജാതി വിനസന കോർപ്പറേഷൻ ചെയർമാന് വാഹനവും ശമ്പളവും ആവശ്യത്തിന് ജീവനക്കാരുമില്ല. എന്നാൽ മുന്നോക്ക വികസന കോർപ്പറേഷൻ ചെയർമാന് ചുവന്ന ലൈറ്റു

വച്ച ഇന്നോവ കാർ ഉൾപ്പെടെ എല്ലാ ആനുകൂല്യങ്ങളും ക്യാബിനറ്റ് റാങ്കും കൊടുത്തിരിക്കുന്നു. ഇത് നീതിയാണോ? പട്ടികജാതിക്കാരുടെ വികസനവും ക്ഷേമവും അവരെ ഉദ്ധരിക്കുന്ന കാര്യങ്ങളും ചർച്ച ചെയ്യുമ്പോൾ ഈ ഗവൺമെന്റ് ഇങ്ങനെ വിവേചനപരമായ പ്രവർത്തനം കാണിക്കുന്നത് ശരി യാണോ? ഞാനത് പൊതു ചർച്ചക്ക് വിട്ടുകൊടുക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് ഏകദേശം 25 ലക്ഷം ആളുകൾ വീടില്ലാത്തവരാണ്. ഈ ഗവൺമെന്റ് സീറോലാന്റിൽ പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനെക്കു റിച്ച് പറയുകയുണ്ടായി. എന്റെ പ്രദേശമായ വൈക്കത്തുൾപ്പെടെയുള്ള ആളുകൾക്ക് കാസർഗോഡ് ജില്ലയിലും ഇടുക്കി ജില്ലയിലും ചങ്ങനാശ്ശേരി യിലും സ്ഥലം കിട്ടിയിട്ടുണ്ട്. ബന്ധുക്കളും സൗഹൃദങ്ങളും ബന്ധങ്ങളും നിലനിൽക്കുന്ന സാമൂഹ്യ ചുറ്റുപാടിൽ ജീവിക്കുന്ന പ്രദേശത്ത് സർക്കാ രിന്റെ ഭൂമി കൊടുക്കാനുള്ള സംവിധാനം വേണം. കോളനി സിസ്റ്റം മാറ ണമെന്ന് ശ്രീ. കെ. രാധാകൃഷ്ണൻ സൂചിപ്പിക്കുകയുണ്ടായി. എനിക്കും അതേ അഭിപ്രായമാണുള്ളത്. കാരണം കോളനിയെന്നുപറയുന്നത് ഒരു വിഭാ ഗത്തെ അടിച്ചമർത്തി കൂട്ടിലടക്കാനുള്ള സംവിധാനമായി മാറിയിരിക്കുക യാണ്. തിരുവനന്തപുരം സിറ്റിക്കകത്ത് നല്ല രീതിയിൽ ഫ്ളാറ്റ് സിസ്റ്റം പണിത് അവരെ പാർപ്പിക്കണം. മെട്രോപൊളിറ്റൻ സിറ്റികളായ തിരുവനന്ത പുരം, എറണാകുളം, കോഴിക്കോട്, വികസിത പ്രദേശങ്ങളിലെല്ലാംതന്നെ ഫ്ളാറ്റ് സിസ്റ്റം കൊണ്ടുവന്ന് ഈ വിഭാഗത്തിന് അടിസ്ഥാന സൗകര്യങ്ങൾ ക്രമീകരിച്ചുകൊടുക്കാനുള്ള സംവിധാനമുണ്ടാകണം. പുതിയ കണക്കനുസ രിച്ച് കക്കൂസ്, വീട് എന്നിവ ഉള്ളവരുടേയും വിദ്യാഭ്യാസ/ഉദ്യോഗസ്ഥമേ ഖലയിലുള്ളവരുടേയും എണ്ണം പരിശോധിച്ചാൽ പട്ടികജാതി പട്ടികവിഭാഗ

ങ്ങൾ വളരെ കുറച്ചേയുള്ളൂവെന്ന് മനസ്സിലാക്കാം. വിദ്യാഭ്യാസ ആനുകൂല്യങ്ങളെടുത്ത് പഠിച്ച നിരവധി വിദ്യാർത്ഥികൾ വലിയ ബുദ്ധിമുട്ടിലാണ്. കാരണം നഴ്സിങ്ങാണെങ്കിലും മറ്റ് പാരാമെഡിക്കൽ കോഴ്സുകളാണെങ്കിലും പഠിച്ചുവരുന്ന വിദ്യാർത്ഥികൾ ഒരു സ്വകാര്യ സ്ഥാപനത്തിൽ ജോലിക്കുചെല്ലുമ്പോൾ അവിടെ വിവിധ രൂപങ്ങളിൽ വിവേചനം കല്പിക്കപ്പെടുകയാണ്. ഇത് ഭംഗിയുടെ രൂപത്തിലും രൂപസാദൃശ്യത്തിന്റെ പേരിലും ക്വാളിറ്റിയുടെ പേരിലും മറ്റുപല രീതിയിലുമുള്ള വിവേചനമുണ്ട്. ഇവരെടുത്ത പണം അടച്ചില്ലെങ്കിൽ ബാങ്കുകാർ കർശനമായ നടപടിയിലേക്ക് പോകും. അതിന് ഗവൺമെന്റ് കർക്കശമായ നിലപാടെടുക്കണം. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടേയും ഏറ്റവും താഴെതട്ടിലുള്ള ആൾക്കാരുടെയും ബാങ്ക് ലോൺ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ഗവൺമെന്റ് ഇടപെട്ട് തീർപ്പ് കല്പിക്കുകയും ഇത്തരം പീഡനങ്ങളിൽനിന്ന് ബാങ്കുകളെ നിയന്ത്രിച്ച് കഴിയുമെങ്കിൽ അവരുടെ ബാങ്ക് ലോണുകൾ റൈറ്റ് ഓഫ് ചെയ്യാനുള്ള സംവിധാനത്തിലേക്ക് ഗവൺമെന്റ് വരണമെന്നാണ് എന്റെ അഭിപ്രായം.

1960–ൽ കേരളത്തിൽ ടൂറിസം ഡിപ്പാർട്ടുമെന്റ് രൂപീകരിക്കുകയും 1986–ൽ ടൂറിസം ഒരു വ്യവസായമായി പ്രഖ്യാപിക്കുകയും ചെയ്തു. 2012–2013–ലെ കണക്കുകൾ പരിശോധിച്ചാൽ ആഭ്യന്തര വിദേശ ടൂറിസ്റ്റുകളിൽ പത്തുശതമാനം കുറവുണ്ടായിരിക്കുകയാണ്. ഒരു വ്യവസായമായി ടൂറിസത്തെ കാണുന്ന സ്ഥിതിക്ക് വ്യവസായ വകുപ്പിന് ലഭ്യമാകുന്ന ആനുകൂല്യങ്ങളെല്ലാംതന്നെ ടൂറിസം മേഖലയ്ക്കും ലഭ്യമാക്കേണ്ടതുണ്ട്. പക്ഷേ ടൂറിസത്തിന് അങ്ങനെ യാതൊന്നും ലഭിക്കുന്നില്ല. ടൂറിസം ഡിപ്പാർട്ടുമെന്റ്

കുത്തഴിഞ്ഞ ഒരു സ്ഥാപനമായി മാറിയിരിക്കുകയാണ്. ഡയറക്ടർ ഉൾപ്പെടെ ഉത്തരവാദപ്പെട്ട ആരുമില്ല. ഏറ്റവും താഴെത്തട്ടിൽ ക്ലറിക്കൽ പോസ്റ്റിൽ നിന്നും പ്രൊമോഷൻ കിട്ടി വന്നയാൾക്കാരാണ് അവിടെയുള്ളത്. അവർക്ക് ഒരു പ്രോഫഷണലിസം ഈ മേഖലയിലില്ല. മറ്റ് രാജ്യങ്ങളിൽ ടൂറിസം മേഖല ഡെവലപ്പ് ചെയ്യുന്നതിനുകാരണം പ്രൊഫഷണലിസ്റ്റുമാരാണ് അവിടെ പ്രവർത്തിക്കുന്നത് എന്നതാണ്. ഇവിടെ താഴെത്തട്ടിൽ നിന്നും വരുന്നവർക്ക് പ്രൊഫഷണലിസമില്ല. അതുകൊണ്ടുതന്നെ ഒരു ഐഡിയ അവർക്കില്ല. നമ്മുടെ തൊട്ടടുത്തുള്ള തായ്‌ലന്റ്, മലേഷ്യ, സിംഗപ്പൂർ ഉൾപ്പെടെയുള്ള രാജ്യങ്ങളിലേയ്ക്ക് കേരളത്തിൽ നിന്നും ഒരുപാട് ആളുകൾ പോകുകയാണ്. അതിന്റെയൊക്കെ പ്രയോജനം ടൂറിസം മേഖലയ്ക്കുണ്ട്. പക്ഷേ നമ്മുടെ തൊട്ടപ്പുറത്തുകിടക്കുന്ന, കേരളത്തോട് സാദൃശ്യമുള്ള ശ്രീലങ്കയിലേയ്ക്ക് ഇവിടത്തെ ആളുകൾ പോകുകയും കേരളത്തിലെ ടൂറിസ്റ്റുകളെ അങ്ങോട്ടേയ്ക്ക് മാറ്റുകയും ചെയ്യുന്നു. അതിനെ സംബന്ധിച്ച് നമ്മുടെ ഡിപ്പാർട്ടുമെന്റിന് യാതൊരുവിധ അഭിപ്രായവുമില്ല. ടൂറിസം മേഖലയിൽ പാക്കേജുകളുടെ കാലഘട്ടമായതിനാൽ ഓരേ പാക്കേജുകളെടുത്താണ് ആളുകൾ പുറത്തേയ്ക്ക് പോകുന്നത്. നമുക്ക് അതുപോലുള്ള പാക്കേജില്ല, നാഥനില്ലാ കളരിയായി ടൂറിസം മേഖല മാറുകയാണ്. ടൂറിസം മേഖലയുടെ വികസനത്തിന് ബഹുമാനപ്പെട്ട മന്ത്രി ഒരുപാട് കാര്യങ്ങൾ ചെയ്യാൻ ശ്രമിക്കുന്നുണ്ട്. പക്ഷെ നടപ്പിലാക്കാൻ സാധിക്കാത്ത രീതിയിൽ അത് കുത്തഴിഞ്ഞ് താളം തെറ്റി നിൽക്കുന്നു. ഈ മേഖലയിൽ ഡി.റ്റി.പി.സി. വർക്ക് ചെയ്യുന്നുണ്ട്. ഏതെങ്കിലും മേഖലയിൽ നിന്നും രാഷ്ട്രീയ സ്വാധീനമുപയോഗിച്ച് കടന്നുവരുന്നവരാണ് ഡി.റ്റി.പി.സി. സെക്രട്ടറിമാർ. ടൂറിസം ഡിപ്പാർട്ടുമെന്റിനെ അവരുടെ ഇടത്താവളമാക്കി മാറ്റുകയാണ്. ക്വാളിറ്റിയുള്ള ഡി.റ്റി

.പി.സി. സെക്രട്ടറിമാർ ഇല്ല. പല പദ്ധതികളും എം.എൽ.എ. മാർ അറിയുന്നില്ല. ടൂറിസം മേഖലയ്ക്ക് ഫണ്ട് പാസ്സാക്കി കൊടുക്കുന്നു, ഡിപ്പാർട്ടുമെന്റുകൾ പദ്ധതികൾ ഉണ്ടാക്കുന്നു, നടപ്പിലാക്കുന്നു. പക്ഷേ എന്താണ് നടപ്പിലാക്കുന്നത് എന്നുപോലും തിരിഞ്ഞുനോക്കാൻ സാധിക്കാത്ത ഡി.റ്റി.പി.സി. സെക്രട്ടറിമാരാണ് ഇന്നുള്ളത്. അതുകൊണ്ട് അതിലും വലിയ മാറ്റം ഉണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കേരളത്തിൽ 365 ദിവസവും ടൂറിസം ദിനങ്ങളാണ്. മറ്റൊരു സംസ്ഥാനത്തിനുമില്ലാത്ത പ്രത്യേകതയാണ് കേരളത്തിനുള്ളത്. ടൂറിസത്തിന്റെയും പൈതൃകത്തിന്റെയും പുരോഗമന പ്രസ്ഥാനങ്ങളുടെയും സാംസ്ക്കാരിക വളർച്ചയുടെയും ഭാഗമായാണ് ഭ്രാന്താലയമായിരുന്ന കേരളത്തെ ദൈവത്തിന്റെ നാടാക്കി മാറ്റിയെടുത്തത്. അത് നിലനിർത്താനുള്ള ചുമതല ടൂറിസം മേഖലയ്ക്കാണ്. സ്വകാര്യ ടൂറിസ്റ്റുകളുടെ എണ്ണം കുറഞ്ഞുവരികയാണ്. ആലപ്പുഴയിൽ ഹൗസ് ബോട്ടുകൾക്ക് ഒരു നിശ്ചിത റേറ്റില്ല, ടൂറിസ്റ്റുകളോട് മര്യാദയില്ലാത്ത ഇടപെടലുകളാണ് നടത്തുന്നത്. അതുകൊണ്ട് ഹൗസ് ബോട്ടുകൾക്ക് ഒരു ഏകീകൃത റേറ്റ് നിശ്ചയിച്ചു നൽകുകയും ടൂറിസ്റ്റുകളോട് എങ്ങനെ പെരുമാറണം എന്നത് സംബന്ധിച്ച് ഹൗസ് ബോട്ടിലെ ജീവനക്കാർക്ക് പരിശീലനം നൽകുകയും ചെയ്യണം. ടൂറിസം അവബോധം വിദ്യാർത്ഥികളിലൂടെ പുതിയ തലമുറയിലേയ്ക്ക് പകർന്നു കൊടുക്കാൻ പുതിയ പാഠ്യ പദ്ധതിയിൽ അത് ഉൾപ്പെടുത്തണം എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. വസന്തകാലമായ ഓഗസ്റ്റ്, സെപ്തംബർ, ഒക്ടോബർ മാസങ്ങളിൽ ഒരുപാട് ടൂറിസ്റ്റുകൾ കേരളത്തിലേയ്ക്ക് വരുന്നുണ്ട്. നവംബർ, ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങൾ ടൂറിസം കാലഘട്ടമായിരുന്നുവെങ്കിൽ ഇതുമാറി നവംബർ–ഡിസംബർ

മഞ്ഞുകാലം ആഘോഷിക്കാൻ തുടങ്ങിയിട്ടുണ്ട്. ഫെബ്രുവരിയിലെ വേനൽക്കാല ടൂറിസത്തിന്റെയും ജൂൺ–ജൂലൈയിലെ മൺസൂൺ ടൂറിസത്തിന്റെയും കാലഘട്ടങ്ങളിൽ ഒരുപാട് ടൂറിസ്റ്റുകൾ കേരളത്തിലേയ്ക്ക് എത്തുന്നുണ്ട്. അത് പ്രയോജനപ്പെടുത്താൻ പുതിയ സംവിധാനം കേരളത്തിലെ ടൂറിസം മേഖലയിലുണ്ടാകണം. ടൂറിസം ഡെസ്റ്റിനേഷൻ സെന്ററുകളിലെ ഓട്ടോറിക്ഷക്കാർ, ചുമട്ടുതൊഴിലാളികൾ, ടെക്സ്റ്റയിൽസിലെയും ഹോട്ടലുകളിലെയും ജീവനക്കാർ തുടങ്ങിയവർക്ക് സ്വദേശ/വിദേശ ടൂറിസ്റ്റുകളെ എങ്ങനെ മാന്യമായി സ്വീകരിക്കാം; എങ്ങനെ സന്തോഷകരമായി നിലനിർത്താം; അവർ വീണ്ടും വരാനുള്ള സാഹചര്യം എങ്ങനെ ഒരുക്കാം എന്നതിനെ സംബന്ധിച്ച് പരിശീലനം കൊടുക്കുകയും പഠിപ്പിക്കുകയും ചെയ്യണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. പല വിദേശ/സ്വദേശ ടൂറിസ്റ്റുകളും കേരളത്തിലേയ്ക്ക് വരാൻ മടിക്കുന്നതുസംബന്ധിച്ച് പൊതുസമൂഹം ചർച്ച ചെയ്യേണ്ടതാണ്. കേരളത്തിലെ ഒരു പഞ്ചായത്തിൽ അറിയപ്പെടുന്ന രാഷ്ട്രീയ നേതാവോ സമുദായ സംഘടനാ നേതാവോ മരിച്ചാൽ ഒരു പ്രദേശം മുഴുവനോ ഒരു താലൂക്ക് മുഴുവനോ ഹർത്താൽ പ്രഖ്യാപിക്കപ്പെടുകയാണ്. അപ്പോൾ വരുന്ന ടൂറിസ്റ്റുകൾ ഓട്ടോയോ ടാക്സിയോ ഭക്ഷണമോ ലഭിക്കാതെ ഹർത്താലുകളിൽ അകപ്പെട്ടുപോകുകയും ബസ് സ്റ്റാന്റിലിരുന്ന് നേരം വെളുപ്പിക്കേണ്ട സാഹചര്യം വരെ ഉണ്ടാകുന്നു. കേരളത്തിൽ അടിക്കടി ഉണ്ടാകുന്ന ഈ ഹർത്താലുകൾ ടൂറിസം മേഖലയെ തകർച്ചയിലേയ്ക്ക് കൊണ്ടുപോകുകയാണ്. ഏതൊരു വ്യവസായത്തേക്കാളും വലിയ സാമ്പത്തികലാഭം ഉണ്ടാക്കിത്തരുന്ന ഒരു മേഖലയായി ഇന്ന് ടൂറിസം മാറിക്കൊണ്ടിരിക്കുകയാണ്. തീർച്ചയായും രാഷ്ട്രീയ–സാമുദായിക രംഗത്ത് പ്രവർത്തിക്കുന്ന എല്ലാവരും ഈ ഹർത്താലുകളുടെ അതി

പ്രസരം പരിശോധിക്കപ്പെടുകയും ഹർത്താലുകൾ ടൂറിസത്തെ ബാധിക്കുന്ന നടപടികളിൽ നിന്നും പിന്നോട്ട് പോകണമെന്ന് മാത്രം സൂചിപ്പിക്കുകയാണ്. ഇവിടെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി പ്രവർത്തിച്ച മഹാനായ അയ്യൻകാളിയുടെ ജന്മദിനവും ചരമദിനവും ഒരു പൊതുഅവധിയായി പ്രഖ്യാപിക്കണമെന്ന് പല അംഗങ്ങളും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ജന്മദിനം വേണ്ട, അത് അവിട്ടമാണ്. അവിട്ടം ഓണത്തിനിടയിൽ വരുന്ന ഒരു പൊതുഅവധിയാണ്. ആ ജനവിഭാഗത്തെ സമൂഹം അംഗീകരിക്കപ്പെടുന്നു, ഗവൺമെന്റ് അവരെ ശ്രദ്ധിക്കുന്നു എന്നതിന്റെ ഭാഗമായി ഇതിൽ ഏതെങ്കിലും ഒരു ദിവസം പൊതു അവധിദിനമായി ഉൾപ്പെടുത്തണം എന്നത് പല അംഗങ്ങളും സബ്മിഷനായി അവതരിപ്പിച്ചിട്ടും അത് ഇപ്പോഴും മാറ്റി വച്ചിരിക്കുകയാണ്. അത് ഈ ഗവൺമെന്റിന്റെ ഭാഗത്തു നിന്നുമുണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗങ്ങളിൽ നിന്നും ഒരു വ്യവസായ പ്രമുഖൻപോലും ഉണ്ടാകുന്നില്ല, പ്രൊഫഷണലിസ്റ്റുകൾ ഉണ്ടാകുന്നില്ല, സംവരണമുള്ളതുകൊണ്ട് ഡോക്ടർമാരും എഞ്ചിനീയർമാരും ഉണ്ടാകുന്നു. ആ മേഖലയിൽ നിന്നും ഒരു വ്യവസായ പ്രമുഖനെ ഉണ്ടാക്കുന്നതിനുവേണ്ടി അവർക്ക് വ്യവസായ അവാർഡുകൾ കൊടുക്കാൻ ഗവൺമെന്റ് മുന്നോട്ടുവരണം. അവർക്ക് ആവശ്യമായ സപ്പോർട്ടുകളും ഇടപെടലുകളും ഉണ്ടാകണമെന്ന് സൂചിപ്പിച്ചുകൊണ്ട് ഈ ഡിമാന്റിനെ ഞാൻ എതിർക്കുന്നു.

മി. ചെയർമാൻ: ശ്രീ. കെ. അജിത്, ടൂറിസം സംബന്ധിച്ച് വളരെ നല്ല സജക്ഷൻ ആയിരുന്നു. കൺഗ്രാജുലേഷൻസ്.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, സാമൂഹ്യനീതിയുടെ ക്രിയാത്മക പ്രവർത്തനങ്ങളുമായി കർമ്മധീരം മുന്നോട്ടുപോകുന്ന പട്ടികജാതി/പട്ടിക വർഗ്ഗ വകുപ്പുകളുടേയും ന്യൂനപക്ഷക്ഷേമ വകുപ്പുകളുടേയും ടൂറിസം മേഖലയിൽ ഓസ്കാർ അവാർഡ് കരസ്ഥമാക്കിയ കേരളത്തിന്റെ ടൂറിസം ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുവയ്ക്കുന്ന ഈ ധനാഭ്യർത്ഥനകളെ അഭിമാനത്തോടുകൂടി ഞാൻ പിന്തുണയ്ക്കുകയാണ്. പട്ടികജാതി വിഭാഗങ്ങളെ ഈ ഗവൺമെന്റ് അവഗണിക്കുന്നത് സംബന്ധിച്ചാണ് പ്രതിപക്ഷത്തെ പല അംഗങ്ങളും ഘോരഘോരം പ്രസംഗിച്ചത്. ക്രിയാത്മതമായ നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കാവുന്ന അവസരമായിരുന്നിട്ടും, സത്യസന്ധമായ പരിശോധനയ്ക്ക് തയ്യാറാകേണ്ടിയിരുന്ന അവസരമായിരുന്നിട്ടും അതിനെ ഉപയോഗപ്പെടുത്തുന്നതിനുപകരം രാഷ്ട്രീയമായി ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ വിലക്കുറച്ചുകാണിക്കാനുള്ള ബോധപൂർവ്വമായ ശ്രമങ്ങളായി പല പ്രസംഗങ്ങളും മാറിയെന്നുള്ളത് ഖേദകരമാണ്. അങ്ങനെ രണ്ടു ഗവൺമെന്റുകൾ തമ്മിലുള്ള കംപാരിസൺ മാത്രമാണ് ഈ മേഖലയിലെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിൽ പ്രധാനപ്പെട്ട ഘടകമെങ്കിൽ തിരിച്ചും ഒത്തിരി കണക്കുകൾ പറയാനുണ്ട്. 2011-ൽ ഭൂമി വാങ്ങുന്നതിനുവേണ്ടി ഗ്രാമത്തിൽ കഴിയുന്ന പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന ഒരു സാധാരണക്കാരന് കൊടുത്തിരുന്നത് 75,000/- രൂപയും മുനിസിപ്പാലിറ്റിയിലുള്ളവർക്ക് 90,000 രൂപയും കോർപ്പറേഷനിൽ ഉള്ളവർക്ക് 1,50,000 രൂപയുമാണ് എൽ.ഡി.എഫ്. ഗവൺമെന്റ് കൊടുത്തിരുന്നതെങ്കിൽ അതിനെ ഗ്രാമത്തിൽ ഒന്നര ലക്ഷം രൂപയായി ഇരട്ടിയാക്കിയതും മുനിസിപ്പാലിറ്റിയിൽ രണ്ടു ലക്ഷമായി ഇരട്ടിയിലധികമാക്കിയതും ഒന്നര ലക്ഷം രൂപ കോർപ്പറേഷ

നിൽ ഉണ്ടായിരുന്നത് മൂന്നുലക്ഷമാക്കി മാറ്റിയതുമാണോ ഈ ഗവൺമെന്റിന്റെ പട്ടികജാതി അവഗണന? 22717 കുടുംബങ്ങൾക്ക് 350–ൽ അധികം കോടി രൂപ ഭൂമി വാങ്ങുന്നതിനുവേണ്ടി അനുവദിച്ചതാണോ ഈ ഗവൺമെന്റിന്റെ പട്ടികജാതി അവഗണന? അഞ്ചുവർഷംകൊണ്ട് 19823 പേർക്ക് 131 കോടി രൂപാ നിരക്കിൽ ഭവനം നിർമ്മിക്കാൻ എൽ.ഡി.എഫ്. ഗവൺമെന്റ് തുനിഞ്ഞപ്പോൾ 44464 കുടുംബങ്ങൾക്ക് 273 കോടി രൂപ ഒരു ലക്ഷം രൂപാ നിരക്കിൽ കൊടുത്തപ്പോൾ മൂന്നുവർഷം കൊണ്ടുതന്നെ 275 കോടി രൂപ രണ്ടു ലക്ഷം രൂപ നിരക്കിൽ കൊടുക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു എന്നതാണോ പട്ടികജാതി അവഗണന? ബഹുമാനപ്പെട്ട കെ. അജിത് സൂചിപ്പിച്ചതുപോലെ തന്നെ എല്ലാപേർക്കും ഭൂമി കൊടുക്കാൻ കേര ളത്തിൽ ഭൂമി ഉണ്ടോയെന്നുള്ളത് പ്രധാനപ്പെട്ട പ്രശ്നമാണ്. അവിടെ individual house- നുവേണ്ടി പണം കണ്ടെത്തുന്നതിനേക്കാൾ നല്ലത് ഒരു പക്ഷെ അവരെല്ലാവരും തയ്യാറാകുകയാണെങ്കിൽ ഒരുമിച്ച് ഒരു സ്ഥലത്ത് ഭൂമി കണ്ടെത്തി ഫ്ളാറ്റ് സിസ്റ്റത്തിൽ അവരെ പുനരധിവസിപ്പിക്കണമെന്ന് ശ്രീ. കെ. അജിത് ഉൾപ്പെടെയുള്ള മെമ്പർമാർ മുന്നോട്ടുവച്ച അഭിപ്രായത്തെ ഞാനും പിന്താങ്ങുകയാണ്. പ്രായോഗികമായി ഇന്ന് കേരളത്തിൽ നടപ്പിലാ ക്കാൻ കഴിയാവുന്ന ഒരു ഹൗസിംഗ് പദ്ധതിയുടെ കാര്യത്തിൽ ഫ്ളാറ്റുകൾക്ക് നിർണ്ണായകമായ സ്ഥാനം ഉണ്ടെന്ന് തന്നെയാണ് ഞാൻ വിശ്വസിക്കുന്നത്.

മന്ത്രിയുടെ ചികിത്സാ ധനസഹായം 25,000 രൂപയിൽ നിന്ന് 1,00,000 രൂപയാക്കി, 400% വർദ്ധനവുണ്ടാക്കി. അർഹതയുടെ വരുമാന പരിധി 50000

ആക്കി. എൽ.ഡി.എഫ്. ഗവൺമെന്റ്, 5 വർഷം കൊണ്ട് 30938 പേർക്ക് 20 കോടി രൂപയാണ് കൊടുത്തതെങ്കിൽ 3 വർഷം കൊണ്ട് 28 കോടി രൂപ 27598 പേർക്ക് കൊടുത്തതാണോ ഈ ഗവൺമെന്റിന്റെ പട്ടികജാതി അവഗണന; സ്വയം തൊഴിൽ മേഖലയിൽ കഴിഞ്ഞ എൽ.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത്, 5 വർഷംകൊണ്ട് വെറും 10,42,00,000 രൂപ കൊടുത്തിരുന്നതെങ്കിൽ മൂന്ന് വർഷം കൊണ്ട് 30 കോടിയോളം രൂപ കൊടുക്കുകയും തൊഴിലധിഷ്ഠിത പരിശീലന പരിപാടികൾക്കായി 11 കോടി രൂപ അധികം അനുവദിച്ചും ഈ ഗവൺമെന്റ് ബഹുദൂരം മുന്നോട്ടുപോകുമ്പോൾ അതിനെയാണോ പട്ടികജാതി അവഗണനയായി ഈ നാട്ടിൽ ചിത്രീകരിക്കുന്നത്. ഈ ഗവൺമെന്റ് ദുർബലസമുദായങ്ങൾക്ക് പുനരധിവാസ പദ്ധതികൾക്കായി 30.48 കോടി രൂപ 931 കുടുംബങ്ങൾക്ക് കൊടുത്തപ്പോൾ കഴിഞ്ഞ ഗവൺമെന്റ് 5 വർഷം കൊണ്ട് 6.97 കോടി രൂപ 585 പേർക്കാണ് കൊടുത്തത്. പിന്നെയെന്തിനാണ് ഈ ഗവൺമെന്റ് പട്ടികജാതി വിഭാഗങ്ങളെ അവഗണിച്ചുവെന്ന് പ്രസംഗിക്കുന്നത്. കൂടാതെ എം.ബി.ബി.എസ്. വിദ്യാർത്ഥികൾക്കും ബി.ടെക് വിദ്യാർത്ഥികൾക്കും ലാപ്ടോപ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ കൊടുത്തതും വിജ്ഞാനവാടികൾ ആരംഭിച്ചതും സൈക്കിൾ കൊടുത്തതും അവരുടെ കലാമികവിന് പ്രോത്സാഹനസമ്മാനം കൊടുത്തതും അവർക്ക് കാഷ് അവാർഡ് കൊടുത്തതും 120% വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചതും വിദേശത്ത് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 5 ലക്ഷം രൂപവരെ ഗ്രാന്റ് അനുവദിച്ചതുൾപ്പെടെ നിരവധി സഹായ

ങ്ങൾ നൽകി മാതൃകാപരമായ പ്രവർത്തനങ്ങളുമായി ഈ വകുപ്പും ഗവൺമെന്റും മുന്നോട്ടു പോകുമ്പോൾ  അതിനെ അഭിനന്ദിക്കാനും ഈ ധനാഭ്യർത്ഥനകളെ പിൻതുണയ്ക്കാനും ലഭിക്കുന്ന അവസരം ഒരു ഭാഗ്യ മായി ഞാൻ കണക്കാക്കുന്നു. ഞാൻ വരുന്നത് പാലക്കാട് ജില്ലയിൽ നിന്നാണ്. തൃശ്ശൂരിനും കോയമ്പത്തൂരിനും അടുത്ത് ജീവിതവും ജീവനും കയ്യിൽപിടിച്ച് ഓടിയിരുന്ന പാലക്കാട്ടുകാരുടെ ചിത്രത്തിന് പതിറ്റാണ്ടുകളുടെ പഴക്കമുണ്ട്. വാളയാറിലെ കുരുക്ക് കടന്ന് കോയമ്പത്തൂരിലേയ്ക്ക് ഓടേണ്ടി വരുന്ന ആളുകൾക്ക് തൃശ്ശൂരിലെ കുതിരാനിലെ കുരുക്ക് കടന്ന് മെഡി ക്കൽകോളേജിലേയ്ക്കും അവിടുത്തെ സ്വകാര്യ ആശുപത്രികളിലേയ്ക്കും ഓടേണ്ടി വരുന്ന പാലക്കാട്ടുകാരൻ ജീവനും ജീവിതത്തിനും വേണ്ടി തേങ്ങി യിരുന്നുവെങ്കിൽ അവരുടെ ജീവിതസ്വപ്നം യാഥാർത്ഥ്യമാക്കുന്ന നടപടിയു മായിട്ടാണ് കേരളത്തിലെ, ഒരുപക്ഷേ ഇന്ത്യയിലെതന്നെ ആദ്യസംരംഭങ്ങളിൽ ഒന്നായ പട്ടികജാതി മെഡിക്കൽ കോളേജ് പാലക്കാടിന് അനുവദിച്ചു തന്നതിൽ ഈ മന്ത്രിയോടും ഗവൺമെന്റിനോടും പാലക്കാട്ടെ ജനങ്ങൾക്കുള്ള നന്ദി ഈ ധനാഭ്യർത്ഥനയിൽ രേഖപ്പെടുത്താൻ ഞാൻ ആഗ്ര ഹിക്കുകയാണ്. ഈ വിഭാഗങ്ങൾക്കു നൽകുന്ന ആനുകൂല്യങ്ങളെ സംബ ന്ധിച്ച് വ്യത്യസ്തമായ അഭിപ്രായമുണ്ട്. പല ആനുകൂല്യങ്ങളും അവർക്കെത്തുന്നില്ലെന്നും  ഈ ആനുക്യങ്ങൾ അവരെ മുന്നോട്ടുകൊണ്ടു വരാൻ പ്രാപ്തമല്ലെന്നുമുള്ള അഭിപ്രായപ്രകടനങ്ങൾ കേട്ടു. സർക്കാരിന്റെ ഇടപെടൽകൊണ്ടുമാത്രം ഈ വിഭാഗങ്ങളെ പിന്നോക്കാവസ്ഥയിൽ നിന്നും 100% മുന്നോട്ടുകൊണ്ടുവരാൻ കഴിയുമെന്ന വിശ്വാസമെനിക്കില്ല. നമുക്ക് അക്കാര്യത്തിൽ മാറ്റങ്ങൾ ഉണ്ടാക്കണം. ഇത് ലിബറലൈസേഷന്റെ കാല

ഘട്ടമാണ്, ധാരാളം തൊഴിൽ സാദ്ധ്യതകൾ നമ്മുടെ മുമ്പിൽ തുറന്നിട്ടുണ്ട്. ഒരു പക്ഷേ ബി.എസ്.എൻ.എൽ മാത്രമായിരുന്നു നമ്മുടെ നാട്ടിലെ ടെലിഫോൺ കമ്പനിയെങ്കിൽ ആയിരം ആളുകൾക്ക് ജോലികിട്ടുമ്പോൾ അതിന്റെ 12% പട്ടികജാതിവിഭാഗങ്ങൾക്ക് നീക്കിവയ്ക്കുമായിരുന്നു. അത് ഇന്നും തുടരുന്നുണ്ട്. ഈ രംഗത്തേക്ക് വോഡാഫോണും എയർടെല്ലും ടാറ്റായും ടോക്കോമോയും റിലയൻസും വന്നതോടെ നമ്മുടെ ലിബറലൈസേഷൻ പോളിസികൾ ധാരാളം തൊഴിൽ സാദ്ധ്യതകൾ തുറന്നുവച്ചു. അവിടെ പട്ടികജാതിവിഭാഗത്തിൽപ്പെട്ടവരുടെ റെപ്രസന്റേഷൻ ഉറപ്പുവരുത്താൻ കഴിയാതെ പോയത് ഒരു പ്രധാനപ്പെട്ട പ്രശ്നമാണ്. അവിടെ ക്വാളിറ്റിയുടേയും മെരിറ്റിന്റേയും കാര്യം മാത്രം പറഞ്ഞ് പതിറ്റാണ്ടുകളോളം നൂറ്റാണ്ടുകളോളം സഹസ്രാബ്ദങ്ങളോളം പിറകോട്ടടിക്കപ്പെട്ട ഒരു സമൂഹത്തിന്റെ മോചനത്തിനുവേണ്ടി, അവർക്ക് നൽകേണ്ട ന്യായമായ അവകാശങ്ങൾ തടഞ്ഞുവയ്ക്കുന്നതിൽ അർത്ഥമില്ല. അവരെ അക്കോമഡേറ്റ് ചെയ്യാൻ, കേരളത്തിന്റേതായ മോഡൽ അക്കാര്യങ്ങളിൽ പരീക്ഷിക്കാൻ ഈ ഗവൺമെന്റ് മുന്നോട്ടുവരണമെന്നാണ് എന്റെ വിനീതമായ അഭ്യർത്ഥന. കേരളത്തിന്റെ അഭിമാനം ഉയർത്തിയാണ് ടൂറിസം മേഖലയിലെ ഓസ്ക്കാർ അവാർഡ് എന്ന് പറയുന്ന യുണിസെഫ് അവാർഡ് നമ്മുടെ ഗവൺമെന്റിന്റെ ടൂറിസം ഡിപ്പാർട്ട്മെന്റിന് നേടിയെടുക്കാൻ കഴിഞ്ഞത്. വിനോദസഞ്ചാരവകുപ്പിന്റെ പ്രവർത്തനങ്ങൾ ഒരുപാട് ദൂരം മുന്നോട്ടുപോയിട്ടുണ്ട് എന്നത് വസ്തുതയാണ്. അതുസംബന്ധിച്ച് ഞാൻ ദീർഘമായി സംസാരിക്കാൻ ആഗ്രഹിക്കുന്നില്ല. വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വന്ന വർദ്ധനവും അതിൽ നിന്നുമുള്ള വരവ് കോടികളായി മാറിയതും അത് നമ്മുടെ ജി.ഡി.പി-യുടെ രണ്ടാമത്തെ കോൺട്രിബ്യൂ

ഷൻ നൽകുന്ന ഏരിയയായി മാറിയതും വിസ ഓൺ അറൈവൽ പദ്ധതിക്ക് തുടക്കം കുറിക്കാൻ കഴിഞ്ഞതുമുൾപ്പെടെ നിർണ്ണായകമായ ഇടപെടലുകൾ ഈ കാലയളവിൽ നടത്താൻ കഴിഞ്ഞു. നമ്മുടെ ടൂറിസത്തിന്റെ പ്രധാന പ്രശ്നം അത് ഹൈലി കോൺസൺട്രേറ്റഡ് ആണ് അതായത് ചില മേഖലക ളിൽ മാത്രമായി നമ്മുടെ ടൂറിസം ഒതുങ്ങി നിൽക്കുന്നു. ഇത് പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു കാര്യമാണ്. ടൂറിസത്തിന്റെ വളർച്ച നമുക്ക് കാണാതിരി ക്കാൻ കഴിയില്ല. ഗൂഗിൾ സർച്ചിൽ താജ്മഹലിനെ പിൻതള്ളി കേരള ടൂറിസം ഒന്നാമതെത്തിയത് കേരള ടൂറിസത്തിന്റെ ബ്രാന്റിന്റെ അംഗീകാരമായി കാണാൻ കഴിയും. ഗോഡ്സ് ഓൺ കൺട്രി എന്നതിനോടൊപ്പം തന്നെ പീപ്പിൾസ് ഓൺ ടൂറിസം എന്ന വാക്യവുമായി ഈ ഗവൺമെന്റ് മുന്നോട്ടു പോകുമ്പോൾ കേരളത്തിൽ ടൂറിസത്തെ ഡിവൈഡഡായി ഡിസ്ട്രിബ്യൂട്ട് ചെയ്യാനുള്ള ശ്രമങ്ങൾ ഈ ഗവൺമെന്റ് ആരംഭിക്കണം. ഹൈലി കോൺസൺട്രേറ്റഡ് ആയ തിരുവനന്തപുരം എറണാകുളം, തൃശ്ശൂർ, ആല പ്പുഴ തുടങ്ങിയ ജില്ലകളിൽ മാത്രമായി നമ്മുടെ ടൂറിസം സാദ്ധ്യതകളെ പരിമി തപ്പെടുത്തരുത്. ഗവൺമെന്റിന്റെ കണക്കുകൾ ഞങ്ങളെപ്പോലും അത്ഭുതപ്പെ ടുത്തുകയാണ്. ഗവൺമെന്റ് 2013-ലെ ഡൊമസ്റ്റിക് വിസിറ്റേഴ്സിന്റെയും ഇന്റർ നാഷണൽ ഫോറിൻ വിസിറ്റേഴ്സിന്റെ കണക്കുകളെടുത്തു. 14 ജില്ലക ളിലെ ഇന്റർനാഷണൽ വിസിറ്റേഴ്സിന്റെ കണക്കുകൾ പറയുന്നത് ഏറ്റവും കൂടുതൽ വർദ്ധനവ് ഉണ്ടായത് 6.64 ശതമാനമുള്ള എറണാകുളമോ 13 ശത മാനമുള്ള കാസർഗോഡോ 14 ശതമാനമുള്ള കൊല്ലമോ 10 ശതമാനമുള്ള തിരുവനന്തപുരമോ 13 ശതമാനമുള്ള വയനാടോ അല്ല 20.36 ശതമാനവു

മായി പാലക്കാടാണ് ഫോറിൻ ടൂറിസ്റ്റുകളുടെ കാര്യത്തിൽ ഏറ്റവും കൂടുതൽ വർദ്ധനവ് ഉണ്ടാക്കിയതെന്ന് ഗവൺമെന്റിന്റെ കണക്കുകൾ പറയുന്നു. ഈ സാദ്ധ്യതകളെ പരമാവധി പ്രയോജനപ്പെടുത്താൻ ഇൻഫ്രാസ്ട്രക്ച്ചർ പ്രൊവൈഡ് ചെയ്യേണ്ടതാണ്. നേരത്തേ ബഹുമാനപ്പെട്ട അംഗങ്ങളായ എൻ. ഷംസുദ്ദീനും ശ്രീ വിജയദാസും പാലക്കാടിന്റെ ടൂറിസം സാദ്ധ്യതകളെക്കുറിച്ച് സൂചിപ്പിച്ചു. ഇന്ത്യൻ ടൂറിസത്തിൽ ഗോൾഡൻ ട്രയാങ്കിളിന് പ്രത്യേകമായ സ്ഥാനമുണ്ട്. ഗോൾഡൻ ട്രയാങ്കിൾ മാതൃകയിൽ സൈലന്റ്‌വാലിയെയും പറമ്പിക്കുളത്തെയും നെല്ലിയാംപതിയെയും കണക്ട് ചെയ്ത് ഒരു ഗ്രീൻ ട്രയാങ്കിൾ ടൂറിസം സാദ്ധ്യത പാലക്കാട് നിലനിൽക്കുന്നുവെന്നുള്ളത് പരമമായ സത്യമാണ്. അതുകൊണ്ട് കണക്കുകളുടെ പശ്ചാതലത്തിൽ ഇതുസംബന്ധിച്ച് പഠിക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഇതിനായി ഒരു സമിതി രൂപീകരിച്ച് ടൂറിസം സാദ്ധ്യതകളെ പരമാവധി ഉപയോഗപ്പെടുത്താൻ നമുക്ക് കഴിയണം. ടൂറിസം മേഖലയിൽ പ്രഖ്യാപിച്ച ‘വേക്കിംഗ് അപ് ടു മലബാർ’ എന്ന പദ്ധതിയിലും നോർത്തിനെ കേന്ദ്രീകരിച്ച് ടൂറിസം സാദ്ധ്യതകളെ ഉപയോഗപ്പെടുത്തുമെന്ന് പറഞ്ഞ പാക്കേജിലും പാലക്കാടിനെ കണ്ടില്ല. പക്ഷേ കേരളത്തിൽ എത്തുന്ന ടൂറിസ്റ്റുകളിൽ കൂടുതൽ പേരും സന്ദർശിക്കുന്നത് പാലക്കാടാണെന്ന് സർക്കാരിന്റെ കണക്കുകൾ വ്യക്തമാക്കുമ്പോൾ, പാലക്കാടിന്റെ കോട്ടയും അതിന്റെ ചരിത്ര പശ്ചാത്തലവുമെല്ലാം ഹബ്ബാക്കി ഈ മൂന്ന് സ്ഥലങ്ങളേയും കൂട്ടിയിണക്കിക്കൊണ്ട് ഒരു ഗ്രീൻ ട്രയാങ്കിൾ ടൂറിസം പ്രൊപ്പോസലിനെക്കുറിച്ച് പഠിക്കാൻ ഒരു സമിതിയെ രൂപീകരിക്കുമെന്ന് മന്ത്രി ഈ വേളയിൽ പ്രഖ്യാപിക്കുമെന്ന് ഞാൻ പ്രതീഷിക്കുകയാണ്. ടൂറിസം മേഖലയിലെ വികസനത്തിന് ഉതകുന്ന

ചില ചിലനിർദ്ദേശങ്ങൾ എനിക്ക് പറയാനുണ്ട്. നമ്മുടെ മാസ്റ്റർ പ്ലാനെന്ന് പറയുന്നത് ചില മേഖലകളിൽ മാത്രം ഒതുങ്ങിനിൽക്കുന്നതാണ്. കേരളത്തിന്റെ മൊത്തം ടൂറിസം സാദ്ധ്യതകളെ ഉപയോഗപ്പെടുത്താൻ ഒരു ടോട്ടൽ ടൂറിസം മാസ്റ്റർപ്ലാൻ ഉണ്ടായിരിക്കണം. നമ്മുടെ പൊട്ടൻഷ്യൽ ടൂറിസം സാദ്ധ്യതകൾ, അതിന്റെ ആകർഷണീയത, ലോക്കൽ ഹ്യൂമൺ റിസോഴ്സസ്, ഇൻഫ്രാസ്ട്രക്ച്ചർ ഉൾപ്പെടെയുള്ള കാര്യങ്ങളെ സംബന്ധിച്ച് ഈ മാസ്റ്റർ പ്ലാനിൽ വ്യക്തമാക്കണം. നല്ല റോഡുകളും നല്ല ഹോസ്പിറ്റാലിറ്റി ഫെസിലിറ്റീസും നല്ല ഭക്ഷണവും നല്ല സാംസ്ക്കാരിക കേന്ദ്രങ്ങളും മറ്റ് തനത് കലാരൂപങ്ങളെയെല്ലാം പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ ഇൻഫ്രാസ്ട്രക്ച്ചറിന് കൂടുതൽ പ്രാധാന്യം നൽകണം. നമ്മുടെ ടൂറിസത്തിന് ലഭിച്ച ഏറ്റവും വലിയ വരദാനമായ ഇൻലാന്റ് വാട്ടർവേയ്സിനെ പ്രയോജനപ്പെടുത്തണമെങ്കിൽ, അതിന്റെ കരകളോട് ചേർന്ന് അമിനിറ്റീസ്സെന്ററുകൾ തുടങ്ങണം. നമ്മുടെ സംസ്ക്കാരത്തെ പരിചയപ്പെടുത്തുന്ന അമിനിറ്റീസ് സെന്ററിന് അവിടെ സാദ്ധ്യതകളുണ്ട്. ഇവിടെ പ്രത്യേക ടൂറിസം റോഡുകൾ വേണം. മനോഹരമായ ദൃശ്യഭംഗി ആസ്വദിക്കാൻ കഴിയുന്ന, പാലക്കാട് നിന്ന് മലമ്പുഴവരെയുള്ള 7 കിലോമീറ്റർ നീളമുള്ള റോഡിനെ ടൂറിസം റോഡാക്കി മാറ്റാൻ കഴിയുന്നില്ല. മനോഹരമായ പൂന്തോട്ടങ്ങൾ രണ്ടുവശത്തും നിൽക്കുന്ന വിദേശത്തെ പല റോഡുകളുടെ ചിത്രങ്ങൾ കാണുമ്പോൾ മനസിൽ നൽകുന്നത് കുളിർമ്മയുടെ ചിത്രമാണെങ്കിൽ അതിനേക്കാൾ സാദ്ധ്യതകൾ കേരളത്തിലെ റോഡുകൾക്കുണ്ട്. അതിന് തെരഞ്ഞെടുത്ത ചില റോഡുകളെ ടൂറിസം റോഡുകളാക്കി വയ്ക്കണം. നമ്മുടെ ബസ് സ്റ്റാന്റുകളിലും റെയിൽവേ സ്റ്റേഷനുളിലുമല്ലാതെ പൊതുശൗചാലയം പല സ്ഥലങ്ങളിലും ഇല്ലെന്നുള്ളത് ഒരു വസ്തുത

യാണ്. ഹോട്ടലുകളിൽ കയറാതെ നമ്മുടെ ആളുകൾക്ക്, പ്രത്യേകിച്ച് സ്ത്രീകൾക്ക് അവരുടെ പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കാൻ ഒരു സൗകര്യവും ഒരുക്കുന്നില്ല. അതിനാൽ വേസൈഡ് അമിനിറ്റീസ് ടൂറിസത്തിന്റെ വളർച്ചയ്ക്ക് പ്രധാനപ്പെട്ട ഒരു ഘടകമാണ്. വേസ്റ്റേജിനെക്കുറിച്ച് ശ്രീ. എം. വി. ശ്രേയാംസ്കുമാർ ഇവിടെ പറഞ്ഞതുകൊണ്ട് ഞാൻ അത് ആവർത്തിക്കുന്നില്ല. ടൂറിസത്തിൽ സെഫ്റ്റി പരാമീറ്റേഴ്സ് വളരെ പ്രധാനപ്പെട്ട ഘടകമാണ്. ടൂറിസം ട്രെയിനിംഗ് കൊടുക്കണം. നമുക്ക് കോമ്പീറ്റന്റായ ഹ്യൂമൻ റിയോഴ്സിനെ ഇക്കാര്യത്തിൽ ഉണ്ടാക്കിയെടുക്കാൻ കഴിയണം. നമ്മുടെ ടൂറിസ്റ്റുകൾക്ക് കേരളത്തിൽ യാത്രചെയ്യാൻ സ്പെഷ്യൽ കാറ്റഗറി ടൂറിസം വെഹിക്കിൾ സംവിധാനമുണ്ടാക്കിയാൽ അവർക്ക് ടാക്സിന്റെ ഇളവുകൾ സീസണലായി കൊടുക്കാൻ കഴിയും. അതുപ്പോലെ ടൂറിസത്തിന്റെ ഇൻവെസ്റ്റ്മെന്റ്സ് സെല്ലും പ്രോത്സാഹിപ്പിക്കണം. ടൂറിസം രംഗത്തെ മാറ്റങ്ങൾ കാണുമ്പോൾ നമുക്ക് വ്യക്തമാകുന്നത് ഇവിടെ എത്തുന്ന ടൂറിസ്റ്റുകളിൽ 29% പേർ ഫ്ളൈറ്റ് ബുക്ക് ചെയ്യുന്നതും 26% പേർ ഹോട്ടൽ ബുക്ക് ചെയ്യുന്നതും മൊബൈലിലൂടെയാണ്. മൊബൈൽ ആപ്ലിക്കേഷൻ ഉള്ള മേഖലകളിലേയ്ക്ക് നാളെയുടെ സാദ്ധ്യതകളിലേയ്ക്ക് ഇന്നുതന്നെ നമുക്ക് സഞ്ചരിക്കേണ്ടി വരും. കൺസ്യൂമർ ട്രസ്റ്റ് എന്നു പറയുന്നത് പരസ്യങ്ങളിലൂടെ മാത്രമുണ്ടാകുന്നതല്ല, മൗത്ത് ടു മൗത്ത് വേഡിലൂടെയും റെക്കമെന്റേഷനിലൂടെയായിരിക്കും, 70% കസ്റ്റമേഴ്സും വിശ്വസിക്കുന്നത്. ഹർത്താലുകൾ ഒഴിവാക്കണമെന്നാണ് എന്റെ അഭിപ്രായം. ഇവിടെ കോൺഗ്രസ്സ് ഗവൺമെന്റ് അധികാരത്തിൽ നിന്ന് എറിയപ്പെടാൻ കാരണം സി.പി.എം. ന്റെ പ്രവർത്തനങ്ങളുൾപ്പെടെയാണെന്ന തരത്തിൽ പലരും പ്രസംഗിക്കുന്നത് കേട്ടു. ഞാൻ

അങ്ങനെ വിശ്വസിക്കുന്നില്ല. കോൺഗ്രസ്സിനെ രാജ്യത്തുടനീളം പരാജയപ്പെടുത്താൻ കഴിയുന്ന അവസ്ഥയിലാണോ സി.പി.എം. എന്ന കാര്യത്തിൽ എനിക്ക് സംശയമുണ്ട്. കാരണം കേരളത്തിൽ നമ്മൾ ജയിച്ചു, ബംഗാളിൽ അവരുടെ അവസ്ഥയെന്താണെന്ന് നമ്മൾ കണ്ടു. ഇവിടെ നല്ല ദിനങ്ങൾ വരാനിരിക്കുന്നുവെന്ന് പ്രസംഗിച്ചിരുന്നവർ എണ്ണയുടെ വിലവർദ്ധനവും റെയിൽവേ ചരക്ക് വർദ്ധനവുമെല്ലാം കാണുമ്പോൾ പറയുന്നത് ഇങ്ങനെയാണെങ്കിൽ അല്പം മോശം ജനങ്ങളായാലും വേണ്ടില്ല എന്നാണ്. 'നമോ നമോ' എന്ന് പറഞ്ഞിരുന്ന ആളുകൾ തിരഞ്ഞെടുപ്പിനുശേഷം ഈ അവസ്ഥ വന്നപ്പോൾ 'എന്റെ അമ്മോ' എന്ന് കരയുന്ന അവസ്ഥയിലാണ് ഈ നാട് മുന്നോട്ടുപോകുന്നത്. നാടിന്റെ പുരോഗതിക്ക്, ഈ ഗവൺമെന്റിന്റെ കരങ്ങൾക്ക് ശക്തിപകരാൻ എല്ലാവരും നല്ല ഉദ്യമങ്ങളെ പിൻതുണയ്ക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകൾക്ക് എല്ലാ പിന്തുണയും പ്രഖ്യാപിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, രണ്ട് ഡിമാന്റുകളെയും ഞാൻ എതിർക്കുകയാണ്. ഈ വകുപ്പിന്റെ പ്രധാനപ്പെട്ട ഒരു ശാപം, പ്ലാൻ വിഹിതം ഉപയോഗിക്കാൻ സാധിക്കാത്ത സ്ഥിതിയായിരുന്നു ഇവിടെ ഉണ്ടായിരുന്നത്. പ്ലാൻ വിഹിതം എന്നുപറയുമ്പോൾ കോർപ്പസ് ഫണ്ട്, പൂൾഡ് ഫണ്ട് ഗ്രാന്റ്-ഇൻ-എയ്ഡ്, സെൻട്രൽ അസിസ്റ്റൻസ് ഇതെല്ലാം ചെലവഴിക്കാത്ത സാഹചര്യമാണ്. 60-62 ശതമാനമാണ് ഇവിടെ ചെലവഴിക്കാറുണ്ടായിരുന്നത്. 2006-2011-ലെ എൽ.ഡി.എഫ്. ഗവൺമെന്റാണ് അത് 94 ശതമാനത്തിലേയ്ക്ക് എത്തിച്ചത്. ഏതാണ്ട് ഇപ്പോഴും ആ വഴിയിലേയ്ക്ക്

തന്നെ പോയിക്കൊണ്ടിരിക്കുന്നു എന്നാണ് എനിക്ക് തോന്നുന്നത്. ബഹുമാനപ്പെട്ട മന്ത്രി സംസ്ഥാന പട്ടികജാതി ഉപദേശക യോഗം വിളിച്ചുചേർത്തതിൽ തന്നിട്ടുള്ള കണക്കുകളാണ് ഞാൻ ഇവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നത്. പ്ലാൻ പ്രോഗ്രസ് റിപ്പോർട്ട് 2014 മാർച്ച് 31-നുള്ളിൽ 1031 കോടി രൂപയിൽ 912 കോടിരൂപ ചെലവഴിച്ചു. 88.41 ശതമാനം ഭൗതിക പുരോഗതി ഉണ്ടായി എന്നാണ് ഇവിടെ സൂചിപ്പിച്ചിട്ടുള്ളത്. ഞാൻ ഈ കണക്കെടുത്തു നോക്കുമ്പോൾ 68 ശതമാനത്തിനപ്പുറം പോയിട്ടില്ല. കഴിഞ്ഞ വർഷം 2013-2014-ൽ കൊടുത്തുതീർക്കേണ്ട ആനുകൂല്യങ്ങളെല്ലാം ഇപ്പോഴാണ് കൊടുക്കുന്നത്. 2013-2014-ൽ എസ്.സി.പി.-യിൽ വിദ്യാഭ്യാസത്തിനും ഭവന നിർമ്മാണത്തിനും നീക്കിവെച്ച 120 കോടിരൂപ ട്രഷറിയിൽ നിക്ഷേപിക്കുകയാണ് ചെയ്തത്. ട്രഷറി ബാൻ ആയിരുന്നതുകൊണ്ട് കഴിഞ്ഞവർഷം അത് റിലീസ് ചെയ്തില്ല. ഇപ്പോഴാണ് അത് കൊടുക്കാൻ തുടങ്ങിയത്. പക്ഷേ നിങ്ങളുടെ ഭൗതിക പുരോഗതിയിൽ ഈ 120 കോടിരൂപ ഉൾപ്പെടും. ഇതുപോലെ തന്നെ പാലക്കാട് മെഡിക്കൽ കോളേജിന് കൊടുത്ത 101 കോടി 73 ലക്ഷം രൂപയിൽ നാലേമുക്കാൽ കോടിരൂപയാണ് ചെലവഴിച്ചത്. 96 കോടിരൂപ അതിലും ചെലവഴിച്ചിട്ടില്ല. അപ്പോൾ അതും നിങ്ങളുടെ ഭൗതിക പുരോഗതിയിലാണ് വരുന്നത്. പ്രിവൻഷൻ ഓഫ് സിവിൽ റൈറ്റ്സിനുള്ള ചെലവ് 12.44 ശതമാനവും പി.ഒ.ആർ.-ന്റെ (പ്രിവൻഷൻ ഓഫ് ആട്രോസിറ്റീസ് ആക്റ്റ്) ചെലവ് 51.44 ശതമാനവുമാണ്. വീട് നിർമ്മാണത്തിന് 79.34 ശതമാനവും, ഇന്ദിരാ ആസാവ് യോജന-എസ്.സി.പി. ചെലവ് 62.61 ശത

മാനവും, 50 ശതമാനം കേന്ദ്രസഹായപദ്ധതിയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണത്തിനുള്ള ചെലവ് 27.50 ശതമാനവും, വൃത്തിഹീനതൊഴിലിൽ ഏർപ്പെട്ടവരുടെ മക്കൾക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പിനുള്ള ചെലവ് 59.87 ശതമാനവുമാണ്. 100 ശതമാനം കേന്ദ്രസഹായത്തോടു കൂടിയുള്ള ബി.ജെ.ആർ.സി.വൈ.(ബാബു ജഗ്ജീവൻ റാം ഛത്രവാസ് യോജന)-യിലാണ് പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണത്തിനുള്ള ചെലവ് ഉൾപ്പെടുന്നത്. അതിന് 3.77 ശതമാനമാണ്. 50 ശതമാനം കേന്ദ്രസഹായത്തോടുകൂടിയുള്ള പദ്ധതികളിൽ 55.75 ശതമാനം ചെലവഴിച്ചു. പൂൾഡ് ഫണ്ടിൽ പി.ഡബ്ല്യു.ഡി.-ക്ക് കൊടുത്തത്; ഇത് താങ്കളുടെ വകുപ്പിൽപ്പെടുന്നതല്ല; പക്ഷേ ഈ വകുപ്പാണ് അത് റിവ്യൂ ചെയ്യേണ്ടത്. പി.ഡബ്ല്യു.ഡി. ചെലവഴിച്ചത് 12.60 ശതമാനവും റൂറൽ ഡെവലപ്പ്മെന്റ് ചെലവഴിച്ചത് 66.72 ശതമാനവും ലോക്കൽ സെൽഫ് ഗവൺമെന്റ് ചെലവഴിച്ചത് 42.98 ശതമാനവുമാണ്. 2013-2014-ൽ ഭവന നിർമ്മാണത്തിനുള്ള ചെലവിനായി തുകയൊന്നും കൊടുത്തിട്ടില്ല. 2014 മാർച്ചിലാണ് തുക കൊടുത്തത്. ഇത് ബഹുമാനപ്പെട്ട കെ. രാധാകൃഷ്ണന്റെ ചോദ്യത്തിനുള്ള മറുപടിയായി ബഹുമാനപ്പെട്ട മന്ത്രി തന്നെ പറഞ്ഞതാണ്. 120 കോളനികളിൽ ഒരു കോളനിയിൽ മാത്രമേ പണി പൂർത്തീകരിച്ചിട്ടുള്ളൂ. ഇ-ഗ്രാന്റ് വഴിയുള്ള കുട്ടികളുടെ വിദ്യാഭ്യാസ ആനുകൂല്യം യഥാസമയം കൊടുത്തില്ല. ഇതുമായി ബന്ധപ്പെട്ടുകൊണ്ട് ശ്രീ. ബി. സത്യൻ, എം.എൽ.എ.-യുടെ 4218-ാം നമ്പർ ചോദ്യത്തിനുള്ള ഉത്തരം ഗവൺമെന്റ്

കൊടുത്തിട്ടുണ്ട്. അതിൽ പറയുന്നത് ഓൺലൈനുമായി ബന്ധപ്പെട്ടു കൊണ്ടുള്ള സംവിധാനത്തിന് ജീവനക്കാർക്ക് പരിശീലനം നൽകാൻ കഴിഞ്ഞില്ല എന്നാണ്. കൂടാതെ ആധാർ നമ്പറുമായി ബന്ധപ്പെട്ടുകൊണ്ട് ബാങ്ക് അക്കൗണ്ട് ലിങ്ക് ചെയ്തു. ഇതിന്റെ ഭാഗമായി ആധാർ ലിങ്ക് ചെയ്യേണ്ട യാതൊരു ആവശ്യവുമില്ല എന്ന് സുപ്രീം കോടതി തന്നെ പറഞ്ഞതാണ്. എസ്.സി./എസ്.റ്റി. വിദ്യാർത്ഥികളുടെ ആനുകൂല്യം ഇപ്പോഴും ആധാറിൽ പെട്ടിരിക്കുകയാണ്. എസ്.സി./എസ്.റ്റി. വായ്പ എഴുതിത്തള്ളുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു ലക്ഷം രൂപയും ആഭ്യന്തരവകുപ്പുമന്ത്രി ഒരു ലക്ഷം രൂപയും വകുപ്പുമന്ത്രി അമ്പതിനായിരം രൂപവരെ കൊടുക്കുമെന്നും പ്രഖ്യാപിച്ചിരുന്നു. കഴിഞ്ഞ വർഷം എത്ര രൂപ കൊടുത്തിട്ടുണ്ട് എന്ന എന്റെ ചോദ്യത്തിന് ഇന്നുവരെ മറുപടി ലഭിച്ചിട്ടില്ല. വിവരം ശേഖരിച്ചുവരുന്നു എന്ന മറുപടിയാണ് ലഭിച്ചത്. ഇതുപ്രകാരം ഒരാൾക്കുപോലും അമ്പതിനായിരം രൂപ വർദ്ധിപ്പിച്ചത് കൊടുത്തിട്ടില്ല. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ 1,18,099 പേർക്ക് 25,000 രൂപ വീതം 68 കോടി 74 ലക്ഷം രൂപയാണ് കൊടുത്തത്. ഈ ഗവൺമെന്റ് പ്രത്യേക തുക അനുവദിച്ചിട്ടില്ല. അനുവദിച്ച തുക ഇന്നുവരെ കൊടുത്തിട്ടുമില്ല. എസ്.സി./എസ്.റ്റി. യുവതികൾക്കുള്ള വിവാഹ ധനസഹായം കഴിഞ്ഞ രണ്ടുവർഷം കൊടുത്തിട്ടില്ല. ഇതാണ് പട്ടികജാതി വിഭാഗത്തിന്റെ സ്ഥിതിയെങ്കിൽ എസ്.റ്റി. വിഭാഗവുമായി ബന്ധപ്പെട്ടുകൊണ്ട് 2013-2014-ൽ 88 ശതമാനം തുക ചെലവഴിച്ചുവെന്ന കണക്കാണ് ബഹുമാനപ്പെട്ട മന്ത്രി നൽകിയത്. അത് 66 ശതമാനത്തിനപ്പുറം പോയിട്ടില്ല. അതിന്റെ കണക്കും എന്റെ കയ്യിലുണ്ട്. സംസ്ഥാനത്ത് ആദിവാസി പുനരധിവാസ മിഷന് അനുവദിച്ച തുകയിൽ

നിന്ന് 2.61 കോടിരൂപ ആറളം ഫാമിലെ 46 തൊഴിലാളികൾക്ക് വി.ആർ. എസ്. കൊടുക്കുന്നതിനായി മാറ്റിവച്ചു. എസ്.റ്റി. വിഭാഗങ്ങൾക്ക് ഭൂമി വാങ്ങാനുള്ള തുക എസ്.റ്റി. വിഭാഗത്തിൽപ്പെടാത്തവർക്ക് കൊടുക്കാൻ പറ്റില്ല. ആദിവാസികൾക്ക് ഭൂമി വാങ്ങാൻ വയനാട് കളക്ടറുടെ പേരിൽ കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് ഡെപ്പോസിറ്റ് ചെയ്ത 50 കോടി രൂപ ഇപ്പോൾ വകമാറ്റി ചെലവഴിക്കാൻ തീരുമാനിച്ചു. കഴിഞ്ഞ ജനുവരി 16-ാം തീയതി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഈ 50 കോടിരൂപ വകമാറ്റാനാണ് തീരുമാനിച്ചിട്ടുള്ളത്. ഭൂമി വിതരണത്തിൽ സർവ്വകാല റെക്കോർഡ് ആയിരുന്നു എൽ.ഡി.എഫ്. ഗവൺമെന്റിനുണ്ടായിരുന്നത്. കേന്ദ്ര വനാവകാശ നിയമമനുസരിച്ച് 27,771 ആദിവാസികൾക്ക് ഭൂമി സർവ്വേ നടത്തി 40,660 ഏക്കർ ഭൂമി കണ്ടെത്തി. ഇതിൽ 25,570 പേർക്ക് 30,000 ഏക്കർ ഭൂമി നൽകി. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒരു ഭൂമിക്കുപോലും സർവ്വേ നടത്തിയിട്ടില്ല. സമ്പൂർണ്ണ വൈദ്യസഹായപദ്ധതിയും ഒഴിവാക്കി. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ കേന്ദ്രത്തിൽനിന്ന് പ്രാക്തന ആദിവാസി വിഭാഗത്തിന് 148 കോടിരൂപ സഹായം ലഭിച്ചതാണ്. അതിന് പദ്ധതികളാവിഷ്കരിച്ചു, അതും പൊളിച്ചു. അത് പാവപ്പെട്ട പ്രാക്തന ആദിവാസി വിഭാഗങ്ങൾക്ക്, കാട്ടുനായ്ക്കർ, ചോളനായ്ക്കർ, കാടർ, കുറുമ്പർ തുടങ്ങിയവർക്ക് ലഭിക്കേണ്ടതാണ്. അട്ടപ്പാടി സ്പെഷ്യൽ പാക്കേജിന് 260 കോടിരൂപ കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചതാണ്. അത് നേരത്തേ ബഹുമാനപ്പെട്ട മന്ത്രി തന്നെ പറഞ്ഞതാണ്. അതും എവിടെയും എത്തിയിട്ടില്ല. പിഞ്ചുകുഞ്ഞുങ്ങളുടെ

കൂട്ടമരണവുമായി ബന്ധപ്പെട്ട് പ്രത്യേക വകുപ്പുകളുടെ സംയോജനമുണ്ടാക്കിയതിന്റെ യോഗം പോലും കൃത്യമായി ചേരാൻ കഴിയുന്നില്ലെന്ന് മാത്രമല്ല പ്രാക്തന ആദിവാസി വിഭാഗത്തിലെ കുട്ടികൾക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുന്നുമില്ല. അവരുടെ വംശനാശം വരാൻ പോകുകയാണ്. അട്ടപ്പാടിയിലും വയനാടിലെ നല്ലൂർനാടിലും സ്പെഷ്യലൈസ്ഡ് ആശുപത്രി ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിലുള്ള സമയത്ത് തുടങ്ങിയതാണ്. അവിടെ ഇപ്പോൾ യാതൊരു പ്രവർത്തനവും നടക്കുന്നില്ല. അവിടെ മരുന്നുമില്ല, ഡോക്ടർമാരുമില്ല. പ്രമുഖ സാമൂഹ്യശാസ്ത്രജ്ഞനായ ഡോക്ടർ അജ്മൽഖാൻ നടത്തിയ പഠനത്തിൽ സംസ്ഥാനത്തെ ആദിവാസികളുടെ ജീവിതനിലവാരം കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ 46 ശതമാനം പിന്നോട്ടുപോയി എന്ന് നിരീക്ഷിച്ചു. ആദിവാസി മേഖലയിൽ അവരുടെ ക്ഷേമത്തിന് അനുവദിച്ച പൂൾഡ് ഫണ്ട് മാവോവാദി വേട്ടയ്ക്ക് വഴിതിരിച്ചുവിടുകയാണ്. ഇതിനുവേണ്ടി നീക്കിവെച്ച 13 കോടിരൂപയിൽ 30 ലക്ഷം രൂപ ചെലവഴിച്ചത് ജനമൈത്രി പോലീസ് ജാഗ്രതാ സമിതികൾ രൂപീകരിക്കാനാണ്. ആദിവാസി കുട്ടികളെ അനാഥാലയങ്ങളിലേയ്ക്ക് ഏജന്റുമാർ മുഖേന വളരെ രഹസ്യമായി കൊണ്ടു പോകുന്നുവെന്ന് പത്രവാർത്ത ഇപ്പോൾ വന്നുകഴിഞ്ഞു. ഒരു വംശനാശമാണ് ഇവിടെ സംഭവിക്കാൻ പോകുന്നത്. ചിറ്റൂരിൽ മീനാക്ഷിപുരത്ത് കമ്പാലത്തറയിൽ 13 വയസ്സുള്ള മണിമേഘല എന്ന പാവപ്പെട്ട പെൺകുട്ടിയെ വീട്ടിൽ നിന്ന് കൊണ്ടുപോയി, ഒരു പ്രമാണി... വേലാർ സംഘമാണ് ചെയതത്, ഏത് പാർട്ടിയിൽപ്പെട്ടത് എന്നൊന്നും ഞാൻ പറയുന്നില്ല. ആ വീട്ടിൽ ഞാൻ പോയതാണ്. ബഹുമാനപ്പെട്ട മന്ത്രി,

ആദിവാസികൾക്ക് ഒരു മന്ത്രിയുണ്ടാകുമ്പോൾ സ്വാഭാവികമായും ഈ രൂപത്തിൽ ഒരു ബലാൽസംഗം നടത്തി കൊലപ്പെടുത്തിയാൽ അവിടെ പോകേണ്ടതാണ്. അങ്ങ് കൃത്യാന്തര ബാഹുല്യംകൊണ്ട് പോകാതിരുന്നതായിരിക്കാം. പക്ഷേ അവിടെ പോകേണ്ടതായിരുന്നു. ഇനിയെങ്കിലും അവിടെ പോകണം. ആദിവാസി, പട്ടികജാതിയിൽ കൊലചെയ്യപ്പെട്ടവരുമായി ബന്ധപ്പെട്ട 09-06-2014-ന്റെ ഒരു ചോദ്യത്തിന് ഉത്തരമായി ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി പറഞ്ഞത് 27 ആളുകൾ കൊലചെയ്യപ്പെട്ടു എന്നാണ്. എന്നാൽ 16-06-2014–ന് പറഞ്ഞത് 8 പേർ കൊലചെയ്യപ്പെട്ടുവെന്നാണ്. കൊലചെയ്യപ്പെട്ട ആളുകൾക്ക് എങ്ങനെയാണ് ജീവൻ കിട്ടിയതെന്ന് എനിക്ക് പറയാൻ സാധിക്കുകയില്ല. ആദിവാസി–പട്ടികജാതിയിൽപ്പെട്ടവർ കൊലചെയ്യപ്പെട്ടത് 8–ന്റെയും 27–ന്റെയും ഇടയിൽ ഒരു സംഖ്യ ഉണ്ടാകും എന്ന് ഉറപ്പാണല്ലോ. അതിക്രമത്തിനിരയായ സ്ത്രീകളുടെയും കുട്ടികളുടെയും എണ്ണം 1353 ആണ്. ഇതിൽ അന്വേഷണം പൂർത്തീകരിച്ചത് 492–ഉം കേസ് വിധി പറഞ്ഞത് 14–ഉം ശിക്ഷിച്ചത് 2 എണ്ണത്തിലുമാണ്. ഇതുമായി ബന്ധപ്പെട്ട മറ്റൊരു കാര്യം, ദളിത് ജീവനക്കാരെ പല വകുപ്പുകളിലും വേട്ടയാടുകയാണ്. കോട്ടൺഹിൽ സ്കൂളിലെ ഊർമ്മിളാ ദേവി ടീച്ചറിന്റെ പ്രശ്നം ഇവിടെ വന്നതാണ്. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. സ്റ്റേറ്റ് ലൈബ്രറി തലപ്പത്ത് ഒരു പട്ടികജാതി വനിത വരാതിരിക്കാനുള്ള പ്രവർത്തനം ഇപ്പോൾത്തന്നെ നടക്കുകയാണ്. വാഴക്കുളം എഴിപ്പുറം ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിലെ പ്രധാന അദ്ധ്യാപകൻ ശ്രീ. കെ. ആർ. പവിത്രനെ ഇപ്പോൾ സ്ഥലം മാറ്റി. അതൊരു മന്ത്രിയുടെ

ഗൺമാന്റെ ഭാര്യയുടെ പരാതിയുടെ അടിസ്ഥാനത്തിലാണ് ചെയ്തത്. കാലടി ചൊവ്വര ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലെ പ്രധാന അദ്ധ്യാപിക ശ്രീമതി എം. കെ. സീതയെ സ്ഥലം മാറ്റിക്കഴിഞ്ഞു.

ഗുരവായൂർ അമ്പലനടയിൽ നിന്നും പഞ്ചവാദ്യ വിദഗ്ദൻ ബാബുവിനെ ഒഴിവാക്കിയ കാര്യം നേരത്തെ ഇവിടെ പറഞ്ഞു. ഒരു പട്ടികജാതിക്കാരനായ ഉയർന്ന ഉദ്യോഗസ്ഥന്റെ റിട്ടയർമെന്റിനുശേഷം അദ്ദേഹത്തിന്റെ മുറി ചാണകം ഉപയോഗിച്ച് ശുദ്ധീകരണം നടത്തിയതും കേരളത്തിലാണ്. കേരളം എങ്ങോട്ടാണ് പോകുന്നതെന്നാണ് ഇതൊക്കെ തെളിയിക്കുന്നത്. സാംസ്കാരിക നായകന്മാർ ചിവിട്ടി ശുദ്ധമാക്കിയ കേരളമാണ് ഈ സ്ഥിതിയിലേയ്ക്ക് പോകുന്നത്. കേരള കാത്തലിക് എഞ്ചിനീയറിംഗ് കോളേജിലെ മാനേജ്മെന്റ് 12 എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനം നേടുന്നതിന് ട്യൂഷൻ ഫീസിന് പുറമെ ഒരു ലക്ഷം രൂപ വീതം കൊടുക്കാൻ തീരുമാനിച്ചു. ഉന്നത വിദ്യാഭ്യാസ വകുപ്പ് ഉത്തരവും കൊടുത്തു. ഇതിന്റെ ഭാഗമായി സ്വാശ്രയ കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ 200 കോടി രൂപയാണ് ഈ വകുപ്പിൽ നിന്ന് കൊടുക്കേണ്ടിവരുന്നത്. സംവരണവുമായി ബന്ധപ്പെട്ടുകൊണ്ട്, ഓരോ വർഷം കഴിയുന്തോറും സംവരണം കുറഞ്ഞുവരികയാണെന്ന് ഇവിടെ പറഞ്ഞു. അതിലേയ്ക്ക് ഞാൻ കടക്കുന്നില്ല. എയ്ഡഡ് മേഖലയിൽ ഗവൺമെന്റ് ശമ്പളം കൊടുക്കുന്നതാണ്, ഒരാൾക്കുപോലും അങ്ങോട്ടു കടക്കാൻ പറ്റില്ല. ദേവസ്വം ബോർഡിൽ പി.എസ്.സി. നിയമനം വേണ്ടെന്നു വച്ചത് ഈ ഗവൺമെന്റാണ്. അതിന്റെ ഭാഗമായി റിക്രൂട്ട്മെന്റ് ബോർഡിനെ

ചുമതലപ്പെടുത്തി. ചട്ടം ഉണ്ടാക്കിയില്ല. അതിനെക്കാളും മുൻപേ 274 പേരെ ഇപ്പോൾ നിയമിച്ചു. രണ്ടായിരം പേരെ ഇനിയും നിയമിക്കാൻ പോകുകയാണ്. ഈ 274 പേരിൽ ഒരൊറ്റ പട്ടികജാതിക്കാരനും ഉൾപ്പെട്ടിട്ടില്ല. ദേവസ്വം ബോർഡ് എന്നുപറയുന്നത് ചെയർമാന്റെ തറവാട് സ്വത്തൊന്നുമല്ല, അതുകൊണ്ട് ഇക്കാര്യത്തിൽ പ്രത്യേകിച്ച് ബഹുമാനപ്പെട്ട സ്പീക്കർ നിർദ്ദേശം കൊടുക്കണം. കാരണം ഇത് പാവപ്പെട്ട പട്ടികജാതി–പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് നിയമപരമായി കിട്ടേണ്ട ആനുകൂല്യമാണ്. അത് ഒരു രൂപത്തിലും ഇല്ലാതാക്കുന്നതിനുള്ള ശ്രമം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകാൻ പാടില്ല. ഇതിൽ ഇടപെടണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. 12 സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ 50 ശതമാനം സീറ്റുകൾക്ക് ഗവൺമെന്റ് നിശ്ചയിച്ച ഫീസിൽ പ്രവേശനം നൽകാൻ ഇപ്പോൾ മാനേജ്മെന്റുകൾ തയ്യാറല്ല. പ്രവേശനം നൽകുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. പക്ഷെ, അവിടെ ഇപ്പോൾ പ്രവേശനം തുടങ്ങി. ഇതുവഴി 65 സീറ്റുകൾ പോയി. കൂടുതൽ എം.ബി.ബി.എസ്. സീറ്റുകൾ എസ്. സി./എസ്.ടി. വിഭാഗത്തിന് ലഭ്യമാക്കുന്നതിനുവേണ്ടിയാണ് പാലക്കാട് ഒരു മെഡിക്കൽ കോളേജ് ആരംഭിക്കാൻ തീരുമാനിച്ചത്. ആദ്യം ഗവൺമെന്റ് പറഞ്ഞു മെഡിക്കൽ കോളേജ് ഗവൺമെന്റിന്റെ നിയമന്ത്രണത്തിലാണെന്ന്, പിന്നീട് പറയുന്നു സഹകരണ മേഖലയിലാണെന്ന്, അതിനുശേഷം പറയുന്നു എസ്.സി. വകുപ്പിന്റെ കീഴിലാണെന്ന്, അവസാനം പറയുന്നു എസ്.സി. വകുപ്പിന്റെ കീഴിൽ ചാരിറ്റബിൾ സൊസൈറ്റി രൂപീകരിച്ചാണ് ഈ കോളേജ് നടത്താൻ പോകുന്നതെന്ന്. ഇന്നുവരെ ചാരിറ്റബിൾ സൊസൈറ്റി രൂപീകരിച്ചിട്ടില്ല. രൂപീകരിക്കാത്ത ചാരിറ്റബിൾ സൊസൈറ്റിയുടെ പേരിലാണ്

ഇതെല്ലാം ഇപ്പോഴിവിടെ നടക്കുന്നത്. ഇതുവരെ സൊസൈറ്റി രൂപീകരിച്ചിട്ടില്ല, ഐ.എം.സി.-യുടെ അംഗീകാരവും ലഭിച്ചിട്ടില്ല. ബിൽഡിംഗിന്റെ പണി പൂർത്തീകരിച്ചിട്ടില്ല. സ്ഥലം സംബന്ധിച്ച് സുപ്രീം കോടതിയിൽ കേസ് നിലനിൽക്കുകയാണ്. ഒരു സ്പെഷ്യൽ ഓഫീസറെ ഇപ്പോൾ ഇവിടെ നിയമിച്ച് ഉത്തരവായി. ആരംഭിക്കാത്ത, ഐ.എം.സി. -യുടെ അംഗീകാരം ലഭിക്കാത്ത, ചാരിറ്റബിൾ സൊസൈറ്റി പ്രകാരം രജിസ്റ്റർ ചെയ്യാത്ത ഈ മെഡിക്കൽ കോളേജിൽ 200 പേരെ നിശ്ചയിച്ചുകഴിഞ്ഞു. പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, ട്യൂട്ടർ, സീനിയർ റസിഡന്റ്, ജൂനിയർ റസിഡന്റ് എന്നീ ഫാക്കൽറ്റികളും, നോൺ-ഫാക്കൽറ്റിയിൽ വരുന്ന മറ്റ് മിനിസ്റ്റീരിയൽ സ്റ്റാഫുകളെയും നിശ്ചയിച്ചുകഴിഞ്ഞു. ഇതിനെ ഒരു രൂപത്തിലും അംഗീകരിക്കാൻ സാധിക്കുകയില്ല. ഇന്ന് എനിക്ക് ചോദ്യത്തിനുള്ള ഉത്തരം കിട്ടിയിട്ടുണ്ട്. ബഹുമാനപ്പെട്ട സ്പീക്കറോട് ഇതുമായി ബന്ധപ്പെട്ട് ഞാൻ രണ്ട് പ്രാവശ്യം ചോദിച്ചെങ്കിലും ബഹുമാനപ്പെട്ട മന്ത്രിയിൽനിന്നും ഉത്തരം ലഭിച്ചില്ല. ഇന്ന് ഡിമാന്റിന്റെ ചർച്ചയായതുകൊണ്ട് എന്തെങ്കിലും ഒരു മറുപടി എനിക്ക് തരണമെന്നും അത് എന്ത് മറുപടിയായാലും തരക്കേടില്ലെന്നും ഞാൻ വീണ്ടും സ്പീക്കറോട് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അവസാനം ഇപ്പോഴാണ് മറുപടി ലഭിച്ചത്. അതിൽ പറയുന്നത് പാലക്കാട് മെഡിക്കൽ കോളേജിലെ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലെന്നും തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണെന്നുമാണ്. പിന്നെ എങ്ങനെയാണ് ഈ നിയമനങ്ങൾ നടത്തുന്നത്? ഇത് ഗുരുതരമായ ഒരു പ്രശ്നമല്ലേ? എങ്ങനെ ഇത് നടത്താൻ പറ്റും? ഇവിടെ നിയമനം നടത്തിയിട്ടുള്ള ഒരു ഉദ്യോഗസ്ഥനും ഇന്നുവരെ

ഒരു ഓഫീസിലും പോയി ജോലി ചെയ്തിട്ടില്ല. ഇവർ വീട്ടിലിരുന്ന് ശമ്പളം വാങ്ങുകയാണ്. ഒരു ദിവസം ഇതിലുള്ള കുറച്ച് ഡോക്ടർമാർ ജില്ലാ ആശുപത്രിയിൽ പോയി സൂപ്രണ്ടിനോട് 'ഞങ്ങളെ ഇവിടെ നിയമിക്കണമെന്ന്' പറഞ്ഞപ്പോൾ സൂപ്രണ്ട് ചോദിച്ചു, 'ഞാൻ എങ്ങനെയാണ് നിയമിക്കുന്നത്' എന്ന്. അത് സ്പെഷ്യൽ ഓഫീസർ സുബ്ബയ്യ പറഞ്ഞിട്ടുണ്ടെന്ന് അവർ മറുപടി പറഞ്ഞപ്പോൾ, അത് അയാളോട് പോയി പറഞ്ഞാൽ മതിയെന്നും ഗവൺമെന്റിന്റെ ഭാഗത്ത് നിന്ന് ഉത്തരവ് ലഭിച്ചാൽ മാത്രമേ എനിക്ക് നിയമിക്കാൻ സാധിക്കുകയുള്ളൂവെന്നും സൂപ്രണ്ട് പറഞ്ഞു. ഇവർ ഒരു മാസം ഒരു കോടി രൂപ ശമ്പളം വാങ്ങുകയാണ്. മൂന്ന് മാസം മൂന്ന് കോടി രൂപ ശമ്പളം വാങ്ങി. ഇവർ വീട്ടിലിരിക്കുകയാണ്. ഇതെന്തൊരു കൊള്ളയാണ്? ഇതിന് ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരവുണ്ടോ? ഉത്തരവില്ലെന്നാണ് എനിക്ക് തോന്നുന്നത്. ഇത് നാളെ എ.ജി. കണ്ടെത്തുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ബഹുമാനപ്പെട്ട മന്ത്രിയാണ് ഇതിൽ പെടാൻ പോകുന്നത്. കോർപ്പസ് ഫണ്ട് ഇഷ്ടംപോലെ എടുത്ത് ധൂർത്തടിക്കാനുള്ളതല്ല. അത് പാവപ്പെട്ട പട്ടികജാതി –പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഉന്നമനത്തിനും ക്ഷേമപ്രവർത്തനത്തിനും വികസന പ്രവർത്തനത്തിനും ഉപയോഗിക്കേണ്ടതാണ്. അത് പണിയെടുക്കാത്ത ഉദ്യോഗാർത്ഥിക്ക് കൊടുക്കാനുള്ളതല്ല. അതുകൊണ്ട് ഇത് വളരെ ഗൗരവമായിട്ടെടുക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെയില്ല, ഇക്കാര്യം ഉടനെ പരിശോധിക്കണം. ഇവിടെ വച്ച് ഈ നിയമനങ്ങൾ റദ്ദ് ചെയ്യണം. ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം കിട്ടിയതിന് ശേഷം....... ബഹുമാനപ്പെട്ട മന്ത്രി ഉത്തരവ്

കൊടുത്തിട്ടില്ല. ഉത്തരവ് കൊടുത്തിട്ടുണ്ടെങ്കിൽ ഇതിനകത്ത് ഉണ്ടാകുമായിരുന്നു. ബഹുമാനപ്പെട്ട മന്ത്രി ഉത്തരവ് കൊടുക്കാത്ത കാര്യത്തിന് ഒരു സ്പെഷ്യൽ ഓഫീസർ എങ്ങനെയാണ് ഉത്തരവ് കൊടുത്തു കൊണ്ട് ഈ നിയമനങ്ങൾ നടത്തുന്നത്? ആ നിയമനങ്ങൾ ഇവിടെ വച്ച് അവസാനിപ്പിക്കണം. അതിനുശേഷം നിങ്ങൾ മെഡിക്കൽ കോളേജ് തുടങ്ങുകയോ ശമ്പളം കൊടുക്കുകയോ ചെയ്തോളൂ. അതിൽ പ്രശ്നമില്ല. ഇത് പണിയെടുക്കാതെയാണ് നമ്മൾ കാശ് കൊടുക്കുന്നത്. ഇത് പാവപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗക്കാരന്റെ എസ്.സി.പി.-റ്റി.എസ്.പി. ഫണ്ട് എടുത്താണ് കൊടുക്കുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ ഇടപെട്ട്, മന്ത്രിയുടെ പേര് മോശമാകാതിരിക്കണമെങ്കിൽ, എ. ജി. റിപ്പോർട്ടിൽ ഇത് വരാതിരിക്കണമെങ്കിൽ, ഇപ്പോൾതന്നെ അത് റദ്ദ് ചെയ്യണം. കൊടുത്ത കാശ് വാങ്ങാൻ പറ്റുമെങ്കിൽ വാങ്ങുക. മെഡിക്കൽ കോളേജിന് അംഗീകാരം ലഭിച്ചതിനുശേഷം നിങ്ങൾ എന്താണെന്നുവച്ചാൽ തുടങ്ങിക്കോളൂ. എസ്.സി.പി.-റ്റി.എസ്.പി. ഫണ്ട് ഉപയോഗപ്പെടുത്തി നിങ്ങൾ മെഡിക്കൽ കോളേജ് തുടങ്ങി. ഒരു മെഡിക്കൽ കോളേജ് അവിടെ വരുന്നതിൽ ഞങ്ങളാരും എതിരല്ല. പക്ഷെ അതൊരു due process of law-ൽ ചെയ്യണം. ഇതുമായി ബന്ധപ്പെട്ട് ഒരു സൊസൈറ്റിപോലും രൂപീകരിച്ചിട്ടില്ല. ഇൻഡ്യൻ മെഡിക്കൽ കൗൺസിലിലേയ്ക്ക് കൊടുത്ത സൊസൈറ്റി ഏതാണെന്നറിയാമോ? മോഡൽ റെസിഡൻഷ്യൽ സ്കൂളിന്റെ ബൈ-ലായാണ് കൊടുത്തത്, ഇപ്പോൾ അംഗീകാരം ലഭിച്ചിട്ടില്ല. ഇന്നലെ ഹിയറിംഗ് ആയിരുന്നു. അതുകൊണ്ട് ഇത് ഒരു രൂപത്തിലും അംഗീകരിക്കാൻ കഴിയുകയില്ല. 2013-2014-ൽ 101.73 കോടി രൂപയാണ്

നിങ്ങൾ കൊടുത്തത്. 2014-2015–ൽ 150 കോടി രൂപ ഈ സ്പെഷ്യൽ ഓഫീസറുടെ അക്കൗണ്ടിലേയ്ക്ക് കൊടുക്കുകയാണ്. അതുകൊണ്ട് സൂക്ഷിച്ച് ഈ ഫണ്ട് കൈകാര്യം ചെയ്യണം. ധനകാര്യ വിംഗ് ഇത് പരിശോധിക്കുന്നത് നന്നായിരിക്കും. ഞങ്ങൾ ഒരു രൂപത്തിലും മെഡിക്കൽ കോളേജിന് എതിരല്ല. നടപടിക്രമങ്ങൾ പൂർത്തീകരിച്ച് നിങ്ങൾ മെഡിക്കൽ കോളേജ് തുടങ്ങുന്നതിന് ഞങ്ങളുടെ എല്ലാ പിന്തുണയും ഉണ്ടാകും. കാരണം, ഇത് പട്ടികജാതി–പട്ടികവർഗ്ഗ വകുപ്പിന് കൊണ്ടുപോകാനുള്ള ബുദ്ധിമുട്ട് മനസ്സിലാക്കിയാണ് ആ ഭാഗത്തേയ്ക്ക് ഞങ്ങൾ പോകാതിരുന്നത്. എന്നിട്ടുപോലും ഒരു സ്പെഷ്യലൈസ്ഡ് ആശുപത്രി ഞങ്ങൾ അട്ടപ്പാടിയിൽ തുടങ്ങി. അതും പട്ടികജാതി – പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിൽ നടത്താൻ സാധിക്കുകയില്ല എന്നതുകൊണ്ട് അവസാനം ഞങ്ങൾ ആരോഗ്യ വകുപ്പിന് കൈമാറുകയാണ് ചെയ്തത്. ഈ രൂപത്തിലുള്ള ഒരുപാട് പ്രശ്നങ്ങൾ ഉള്ളതുകൊണ്ടാണ് ഇത് സൂക്ഷിച്ച് കൈകാര്യം ചെയ്യണമെന്ന് പറഞ്ഞത്. പ്രത്യേകിച്ച് ഈ ഫണ്ടിന്റെ കാര്യത്തിലുള്ള നിലപാട് ബഹുമാനപ്പെട്ട മന്ത്രി ഈ സഭയിൽതന്നെ എടുക്കുന്നത് നന്നായിരിക്കും. മറ്റൊരു കാര്യം എനിക്ക് പറയാനുള്ളത്, പുതിയ സാഹചര്യങ്ങളാണ് നമ്മുടെ രാജ്യത്ത് ഇപ്പോൾ വരുന്നത്. പല ആൾക്കാരും ഇവിടെ രാഷ്ട്രീയം പറഞ്ഞതുകൊണ്ട് ഒന്നുരണ്ട് കാര്യങ്ങൾ അതിന്റെ ഭാഗമായി ഞാൻ പറയാൻ ഉദ്ദേശിക്കുകയാണ്. രാജ്യം പൂർണ്ണമായും വലതുപക്ഷത്തേയ്ക്ക് പോകുകയാണ്. പെട്രോൾ, ഡീസൽ, പാചകവാതകം എന്നിവയുടെ വിലയും ചരക്ക്കൂലി, റെയിൽവേ യാത്രാക്കൂലി എന്നിവയും വർദ്ധിപ്പിച്ചു. ആകെ ജുഡീഷ്യറിയുടെ വില മാത്രമാണ് ഇപ്പോൾ കുറച്ചിട്ടുള്ളത്. ഇതോടൊപ്പം

വർഗ്ഗീയത ഉയർത്തുന്ന ഫാസിസ്റ്റ് വെല്ലുവിളി ജനാധിപത്യ-മതനിരപേക്ഷതയ്ക്കുള്ള ഇൻഡ്യയുടെ അന്ത്യം കുറിക്കുന്നതായിരിക്കുമെന്ന് ഇടതുപക്ഷം മുന്നറിയിപ്പ് നൽകുന്നു. ഫാസിസത്തിന്റെ തിറയാട്ട് നമ്മുടെ ഓരോ വീടുമുറ്റത്തും താണ്ഡവമാടാൻ പോകുകയാണ്. അപ്പോൾ ഞെട്ടിയിട്ട് കാര്യമില്ല. ബാബ്റി മസ്ജിദ് തകർത്തത്, ഗ്രഹാം സ്റ്റെയിൻസിന്റെ കൂട്ടക്കൊല, ഗുജറാത്ത് വംശഹത്യ ഇതിനെല്ലാം നേതൃത്വം കൊടുത്ത ഫാസിസ്റ്റ് ശക്തികളാണ് ഒറ്റയ്ക്ക് കേവല ഭൂരിപക്ഷത്തിൽ ഇൻഡ്യ ഭരിക്കുന്നത്. ഇതിനെ ചെറുക്കാൻ കോൺഗ്രസ്സിന് കഴിയില്ല. 206 സീറ്റിൽ നിന്ന് 40 സീറ്റിലേയ്ക്കുള്ള പതനം സൂചിപ്പിക്കുന്നത് അടുത്ത തെരഞ്ഞെടുപ്പ് വരുമ്പോൾ സ്ഥാനാർത്ഥിയാകാൻ കോൺഗ്രസ്സിന് പരസ്യം കൊടുക്കേണ്ട സ്ഥിതിവിശേഷം ഇൻഡ്യാ രാജ്യത്ത് വരും. ഇപ്പോൾത്തന്നെ തമിഴ്നാട്ടിൽ സ്ഥാനാർത്ഥികളെ അവർക്ക് കിട്ടിയിട്ടില്ല. ഇപ്പോഴുള്ള ജനസ്വാധീനംപോലും കോൺഗ്രസ്സിന് നിലനിർത്താൻ കഴിയുകയില്ല. ഇപ്പോഴുള്ള കോൺഗ്രസ് നേതൃത്വംതന്നെ റീട്ടെയ്ലായി ബി.ജെ.പി.-യിലേയ്ക്ക് പോകും. ഇപ്പോൾ പോയിക്കൊണ്ടിരിക്കുകയാണ്. ഭരണമില്ലാത്ത ഒരു അവസ്ഥ കോൺഗ്രസ് പ്രവർത്തകർക്ക് ആലോചിക്കാൻ കഴിയില്ല. പ്രതിസന്ധിഘട്ടം വരുമ്പോൾ കോൺഗ്രസ്സിന്റെ കൂടെ എത്രപേരുണ്ടായിട്ടുണ്ട്. ഇവിടെ ഇപ്പോഴുള്ള കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. വി. എം. സുധീരൻ മുതൽ ഇൻഡ്യൻ യൂണിയൻ പ്രസിഡന്റ് ശ്രീ. പ്രണബ് കുമാർ മുഖർജി വരെയുള്ളവർ ഇന്ദിരാ കോൺഗ്രസ്സിനോട് വിട പറഞ്ഞിട്ടില്ലേ; എന്ത് മഹത്തായ കോൺഗ്രസ്സിന്റെ പാരമ്പര്യമാണ് നിങ്ങൾക്കുള്ളത്? ഇവിടെയുള്ള കോൺഗ്രസ്സ് (ഐ)-കാർ എ-കോൺഗ്രസ് രൂപീകരിച്ച് എൽ.ഡി.എഫ്.-ന്റെ കൂടെ വന്നിട്ടില്ലേ;

ഭരിച്ചിട്ടില്ലേ? അന്ന് മുഖ്യ ശത്രു കെ. കരുണാകരൻ ആയിരുന്നില്ലേ; അതിന് ശേഷം എ–കോൺഗ്രസ്സിന് എതിരായി കെ. കരുണാകരൻ എൽ.ഡി.എഫ്.–ന്റെ കൂടെ വന്നിട്ടില്ലേ; അതിന്റെ ഭാഗമല്ലേ ഡി.ഐ.സി. എന്ന രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ ഉത്ഭവം? എ.കെ.ജി. സെന്ററിന്റെ പടിവാതിൽക്കൽ വരാത്ത ഏതെങ്കിലും ഒരു ഗ്രൂപ്പോ വ്യക്തിയോ അപ്പുറത്തുണ്ടോ; ഇന്ദിരാ ഗന്ധിയുടെ ഉപ്പും ചോറും തിന്നുവളർന്ന പി. സി. അലക്സാണ്ടർ, ഉദ്ദേശിച്ച അധികാരസ്ഥാനത്ത് എത്താൻ സാധിക്കുകയില്ലെന്ന് വന്ന ഘട്ടത്തിൽ ബി.ജെ.പി.–യുടെ സഹായത്തോടു കൂടി രാജ്യസഭയിൽ എത്തിയില്ലേ?

<u>മി. സ്പീക്കർ:</u> യെസ്.......... യെസ്..........

<u>ശ്രീ. എ. കെ. ബാലൻ:</u> സർ, അഞ്ച് മിനിട്ട് എല്ലാവരും മിനിമം എടുത്തതാണ്. ഞാൻ അവസാനിപ്പിക്കാൻ പോകുകയാണ്. പി. സി. അലക്സാണ്ടർക്ക് ഒരു ബുദ്ധിമുട്ടും ഉണ്ടായിരുന്നില്ല. ഞാൻ 1980 മുതൽ 1985 വരെ പാർലമെന്റ് മെമ്പറായിരുന്നു. ഇന്ദിരാ ഗാന്ധിയെ കാണണമെങ്കിൽ ഈ അലക്സാണ്ടറുടെ കൈയും കാലും പിടിക്കണം, എല്ലാം അദ്ദേഹത്തിന്റെ കൈയിലായിരുന്നു. ഒരു ബുദ്ധിമുട്ടും ഉണ്ടായിരുന്നില്ല. ഒരു സ്ഥാനവും കിട്ടാതിരുന്ന സമയത്ത് ആർ.എസ്.എസ്.–ന്റെ, ബി.ജെ.പി.–യുടെ കൂടെപ്പോയി രാജ്യസഭാ സ്ഥാനം വാങ്ങിയില്ലേ; കോൺഗ്രസ്സിന്റെ മറ്റൊരു ന്യൂനപക്ഷ വനിതയായ ശ്രീമതി നജ്മ ഹെപ്ത്തുള്ള, രാജ്യസഭാ ഉപാദ്ധ്യക്ഷ ആയിരുന്നു. ഉദ്ദേശിച്ച വൈസ് പ്രസിഡന്റ് സ്ഥാനം കിട്ടാതിരുന്നപ്പോൾ മോഡി ഗവൺമെന്റിന്റെകൂടെ പോയി. ഇപ്പോൾ മന്ത്രിയല്ലേ; ഉളുപ്പിന്റെ ഒരംശമുണ്ടോ നിങ്ങളുടെ

ആൾക്കാർക്ക്? എന്തെങ്കിലുമുണ്ടോ; നിങ്ങൾ പരസ്പരം പാരവച്ചിട്ടല്ലേ കോൺഗ്രസ്സിനെ നശിപ്പിച്ചത്? മഹാത്മാഗാന്ധിയുടെയും ഇന്ദിരാഗാന്ധി യുടെയും രാജീവ് ഗാന്ധിയുടെയും രക്തസാക്ഷിത്വം ഉപയോഗിക്കാൻ കഴിഞ്ഞിട്ടുണ്ടോ? രാജീവ് ഗാന്ധിയുടെ രക്തസാക്ഷിത്വം മാതൃഭൂമി പത്രത്തിൽ ഒരു സ്റ്റാമ്പ് രൂപത്തിലാണ് വന്നിരിക്കുന്നത്. 'രാജീവ് ഗാന്ധിയുടെ ചരമദിനം.' രാജീവ് ഗാന്ധി വയറിളക്കം പിടിച്ചോ, ഗ്രഹണി പിടിച്ചോ മരിച്ചതാണോ? രാജീവ് ഗാന്ധി ഒരു രക്തസാക്ഷിയല്ലേ? അത് ചരമദിനമെന്ന് പറഞ്ഞിട്ടാണ് പത്രത്തിൽ കൊടുത്തിരിക്കുന്നത്. കഴിഞ്ഞ തെരഞ്ഞെടുപ്പിന് ഞാൻ പറഞ്ഞു കോൺഗ്രസ് തകരാൻ പോകുകയാണെന്ന്. നിങ്ങൾ ഇന്ദിരാ ഗാന്ധിയുടെ അവസാന നിമിഷമെങ്കിലും ഒന്ന് വിഷ്വലൈസ് ചെയ്യണമെന്ന് ഞാൻ കോൺഗ്രസ്സിന്റെ ഒരു നേതാവിനോട് പറഞ്ഞതാണ്. ഒന്നും ചെയ്തില്ല, ബി.ജെ.പി. കൊണ്ടുപോയി. ആരാണ് ഇതിനകത്ത് ഉണ്ടാ കുക? മഹാത്മാ ഗാന്ധിയെ കൊലപ്പെടുത്തി, അതിനെതിരായി ഒരു നില പാടും എടുത്തില്ല. കാരണം അത് സംഘ് പരിവാറിനും ഹിന്ദുക്കൾക്കും എതിരാകും, അതുകൊണ്ട് അനങ്ങിയില്ല. ഇന്ദിരാ ഗാന്ധിയെ കൊലപ്പെടു ത്തി, അത് സിക്കുകാർക്ക് എതിരാകും, അതുകൊണ്ട് അനങ്ങിയില്ല. രാജീവ് ഗാന്ധിയെ കൊലപ്പെടുത്തി, അത് തമിഴന് എതിരാകും, അതുകൊണ്ട് അന ങ്ങിയില്ല. അതുകൊണ്ടാണ് ഞാൻ പറയുന്നത് ഇതിന്റെ കൂടെ ആരും ഉണ്ടാ കില്ല. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഇവർക്ക് വേണ്ടി പ്രചരണത്തിന് ആരെ ങ്കിലും ഉണ്ടായിരുന്നോ; രണ്ടാം നില നേതക്കന്മാർ ആരെങ്കിലും അവിടെ പ്പോയി പ്രസംഗിച്ചോ? ആകെ ചെയ്തത് ശ്രീ. എ. കെ. ആന്റണി ഇവിടെ വന്ന് ചന്ദ്രശേഖരന്റെ കൊലപാതകവുമായി ബന്ധപ്പെട്ട് മാർക്സിസ്റ്റുകാർ കൊല

പാതകികളാണെന്ന് പറഞ്ഞതല്ലാതെ ഇൻഡ്യാ രാജ്യത്തിലെ ഏതെങ്കിലും സ്ഥലത്തുപോയി നിങ്ങൾ പ്രചരണം നടത്തിയിട്ടുണ്ടോ? ശ്രീമതി സോണിയാ ഗാന്ധിയും അവരുടെ കുടുംബവും അവിടെയും ഇവിടെയും പോയി എന്തെങ്കിലും പ്രസംഗിച്ചതല്ലാതെ എന്താണ് നിങ്ങൾ നടത്തിയത്? നിങ്ങൾ കുറുക്ക് കഷായം വച്ചതുപോലെയായി, ഇതിനേക്കാളും അപ്പുറം വളരാൻ പോകുന്നില്ല. കാരണം ബി.ജെ.പി.-ക്കും സംഘ്പരിവാറിനും എതിരായി നിങ്ങൾക്ക് ഒന്നും പറയാൻ കഴിയുകയില്ല. നിങ്ങൾ ഒളിച്ചോടും. അവരെ നേരിടാൻ നിങ്ങൾക്ക് ഈ ജന്മത്തിൽ കഴിയുകയില്ല.

മി. സ്പീക്കർ: അങ്ങ് പെട്ടെന്ന് വൈൻഡ്-അപ്പ് ചെയ്യണം.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ വൈൻഡ്-അപ്പ് ചെയ്യുകയാണ്. മുസ്ലീം സമുദായത്തിനുള്ളിൽ തീവ്രവാദം ശക്തിപ്പെടുകയാണെന്നാണ് മുസ്ലീംലീഗുകാരോട് ഞങ്ങൾക്ക് അഭ്യർത്ഥിക്കാനുള്ളത്. അത് മുസ്ലീംലീഗിന്റെ ഉള്ളിലും ശക്തിപ്പെടുകയാണ്. സ്വാഭാവികമായും അഭ്യന്തരമായി വരുന്ന ഈ ഭീഷണി നേരിടാൻ നിങ്ങൾക്ക് ബുദ്ധിമുട്ടാകും. പുറത്തുനിന്ന് വരുന്ന ഹിന്ദുത്വ ആശയത്തെ നേരിടാനും നിങ്ങൾക്ക് ബുദ്ധിമുട്ടാകും. പറ്റുമെങ്കിൽ ഇപ്പോൾ അതങ്ങ് പിരിച്ചുവിട്ടിട്ട് മതനിരപേക്ഷ പ്രസ്ഥാനങ്ങളോടൊപ്പം നിൽക്കുന്നതാണ് നല്ലത്. എന്നാൽ ഒന്നുമില്ലെങ്കിലും മഹ്ശറ വിചാരണ കഴിഞ്ഞ് നിങ്ങൾക്ക് സ്വർഗ്ഗമെങ്കിലും കിട്ടും. അല്ലെങ്കിൽ അവിടെവച്ച് ചോദിക്കും, ഈ മുസ്ലീം സമുദായത്തെ രക്ഷപ്പെടുത്താൻ നല്ല മാർഗ്ഗമായിരുന്നില്ലേ ലീഗിനെ പിരിച്ചു വിടുന്നത്, നിങ്ങൾ എന്തുകൊണ്ടാണ് പിരിച്ചുവിടാതിരുന്നതെന്ന്. ആർ.എസ്.പി.-ക്കാരോട് ഞങ്ങൾക്ക് പറയാനുള്ളത്, അവരാരും ഇവിടില്ല. അവർ ഇതൊന്ന് പുനഃപരിശോധിക്കേ

ണ്ടതായിരുന്നു. 30 കൊല്ലത്തെ ബന്ധമാണ് ഒരു രാത്രികൊണ്ട് അവർ അവസാനിപ്പിച്ചത്. ഇത് ഞങ്ങൾക്ക് ഊഹിക്കാൻ കഴിഞ്ഞിരുന്നില്ല. ഊഹിക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ അകത്തുനിന്ന് ഞങ്ങൾ വാതിൽ പൂട്ടുമായിരുന്നു. ഒരു ദിവസം പെട്ടെന്ന് പോയതാണ്. അതിനുശേഷം ശ്രീ. ടി. ജെ. ചന്ദ്രചൂഡന്റെ എന്തെല്ലാം പ്രയോഗങ്ങളാണ് ഉണ്ടായത്. ഞങ്ങൾക്ക് എതിരായി പറയുന്നത് മനസ്സിലാക്കം. ആ പാവം സി.പി.ഐ.–ക്കെതിരായി, അതിന്റെ സംസ്ഥാന സെക്രട്ടറി ശ്രീ. പന്ന്യൻ രവീന്ദ്രനെതിരായി എന്തൊക്കെയാണ് പറഞ്ഞത്. xxxxxxxxxxxxxxxxxxxxxxx [1] എന്തിനാണ് ഒരു ദേശീയ നേതാവ് ഒരു സംസ്ഥാന നേതാവിന്റെ പിൻഭാഗത്തുപോയി നോക്കു ന്നത്. അതിന്റെ ആവശ്യമെന്താണ്; എന്തെങ്കിലും ആവശ്യമുണ്ടോ? ഞങ്ങൾ കൂടുതലായി ഒന്നും പറയാൻ ആഗ്രഹിക്കുന്നില്ല. ഇടതുപക്ഷത്തിന്റെ ശക്തി കുറഞ്ഞിട്ടുണ്ട്. സി.പി.ഐ.(എം)–ന്റെ ശക്തി കുറഞ്ഞിട്ടുണ്ട്. കാരണം ഞങ്ങൾ കൈകാര്യം ചെയ്യുന്ന രാഷ്ട്രീയമെന്ന് പറയുന്നത് തൊഴിലാളി വർഗ്ഗ രാഷ്ട്രീയമാണ്. അതൊരു സാധാരണ രാഷ്ട്രീയമല്ല. മൂലധന ശക്തികൾക്കെ തിരായുള്ള അധ്വാനിക്കുന്ന വർഗ്ഗത്തിന്റെ വർഗ്ഗ പോരാട്ടത്തിന്റെ ഭാഗമാണ് ഞങ്ങളുടെ ആശയം. അത് പെട്ടെന്ന് ക്ലച്ച് പിടിക്കില്ല. ലേശം ബുദ്ധിമുട്ടുണ്ടാ കും. പക്ഷേ രാജ്യത്തെ രക്ഷിക്കാൻ, ജനതയെ രക്ഷിക്കാൻ ചരിത്രം നിയോഗിച്ച ഒരു പ്രസ്ഥാനമാണ് തൊഴിലാളിവർഗ്ഗ പ്രസ്ഥാനം, കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം. മൂലധന ശക്തികൾക്കെതിരായി ജനങ്ങൾക്ക് വിശ്വസിക്കാൻ പറ്റുന്ന ഒരേയൊരു വർഗ്ഗമാണ് തൊഴിലാളി വർഗ്ഗം, കമ്മ്യൂണിസ്റ്റ് പാർട്ടി.

ശ്രീ. സി. ദിവാകരൻ: സർ, ശ്രീ. എ. കെ. ബാലന്റെ ആവേശകരമായ പ്രസംഗത്തിനിടയിൽ ഞങ്ങളുടെ പാർട്ടി സെക്രട്ടറിയെക്കുറിച്ച് വേറെ ആരോ

[1] രേഖയിൽനിന്ന് നീക്കം ചെയ്തു

പറഞ്ഞ കാര്യത്തെ സംബന്ധിച്ച് പറഞ്ഞു, അത് സഭയുടെ രേഖയിലുണ്ടാകാൻ പാടില്ല.

ശ്രീ. എ. കെ. ബാലൻ: സർ, അത് വേറെ നേതാവ് പറഞ്ഞതാണ്. അത് മാറ്റിക്കോളൂ. ഞങ്ങൾ ഇൻഡ്യയിലെ ഇടതുപക്ഷം, കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ഒരു പ്രത്യേക വർഗ്ഗത്തിന്റെ പാർട്ടിയാണ്. തൊഴിലാളി വർഗ്ഗത്തിന്റെ അനിഷേധ്യ രാഷ്ട്രീയ പാർട്ടിയാണ്. മൂലധന ശക്തികൾക്കും വർഗ്ഗീയ ഫാസിസ്റ്റ് ശക്തികൾക്കുമെതിരെയുള്ള പോരാട്ടത്തിൽ സ്വന്തം ജീവൻ കൊടുത്തുപോലും ഈ രാജ്യത്തെയും ജനങ്ങളെയും ഞങ്ങൾ രക്ഷിക്കും. ആ പോരാട്ടത്തിൽ, വർഗ്ഗീയ ഫാസിസം ഉയർത്തുന്ന വെല്ലുവിളിക്കെതി രെയുള്ള പോരാട്ടത്തിൽ കർമ്മ ഫലത്തിലെങ്കിലും, പ്രവർത്തനത്തിലെങ്കിലും ഇടതുപക്ഷത്തോടൊപ്പം യോജിക്കാൻ നിങ്ങളുണ്ടെങ്കിൽ നിങ്ങളുടെ ഭാവി കുറച്ചുകൂടി മെച്ചപ്പെടും. മറ്റ് കാര്യങ്ങളിലേയ്ക്ക് കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഇത് കേരളത്തിലെ ദളിത് പിന്നോക്ക വിഭാഗത്തിന് എതിരായുള്ള ഡിമാന്റാണ്. അതുകൊണ്ട് ഞാൻ ഈ ഡിമാന്റിനെ എതിർക്കുന്നു.

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി): സർ, പട്ടികവർഗ്ഗ വികസനം എന്ന ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിച്ച ബഹുമാനപ്പെട്ട അംഗങ്ങൾ മുന്നോട്ടുവച്ച ക്രിയാത്മകമായ നിർദ്ദേശങ്ങളെ അംഗീകരിക്കുകയും ഗൗരവമായ വിമർശനങ്ങളെ ഉൾക്കൊള്ളുകയും ചർച്ചയിൽ പങ്കെടുത്തുകൊണ്ട് അനുകൂലിച്ചും പ്രതികൂലിച്ചും സംസാരിച്ച

ബഹുമാനപ്പെട്ട അംഗങ്ങൾക്ക് നന്ദി രേഖപ്പെടുത്തുകയും ചെയ്യുന്നു. പാർശ്വവൽക്കരിക്കപ്പെട്ടിരുന്ന പട്ടികവർഗ്ഗ വിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനുവേണ്ടിയുള്ള കർമ്മ പരിപാടികളുമായി പട്ടികവർഗ്ഗ വികസന വകുപ്പ് മുന്നോട്ടു പോവുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആസൂത്രണത്തിന്റെ ചരിത്രത്തിൽ ആദ്യമായി മൊത്തം പദ്ധതി വിഹിതത്തിന്റെ 3 ശതമാനം തുക പട്ടികവർഗ്ഗ വിഭാഗക്കാരുടെ ക്ഷേമത്തിനായി വകയിരുത്തിയിരിക്കുന്നു. മുമ്പ് ഇത് പദ്ധതി വിഹിതത്തിന്റെ 2 ശതമാനം മാത്രമായിരുന്നു. ഈ തുക വിനിയോഗിച്ച് ഒട്ടെറെ നൂതനമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. പ്രത്യേകിച്ച് വിദ്യാഭ്യാസം, പാർപ്പിടം, ആരോഗ്യം, സാമൂഹ്യ സുരക്ഷ എന്നീ മേഖലകൾക്കാണ് വളരെയധികം പ്രാധാന്യം നൽകി വരുന്നത്. സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മികച്ച വിദ്യാഭ്യാസം നൽകുന്നതിനുവേണ്ടി വകുപ്പിന്റെ കീഴിൽ 18 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിച്ചു വരുന്നു. ഈ വിദ്യാലയങ്ങളിലായി 5,500-ഓളം വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. 2013-14 അദ്ധ്യയന വർഷം എസ്.എസ്.എൽ.സി.-ക്ക് 12 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ 100 ശതമാനം വിജയം നേടിയിട്ടുണ്ട്. പ്ലസ് ടു-വിന് 391 വിദ്യാർത്ഥികൾ പരീക്ഷ എഴുതിയതിൽ 335 പേരും ഉന്നത വിദ്യാഭ്യാസത്തിന് അർഹത നേടിയിട്ടുണ്ട്. വിദ്യാർത്ഥികളുടെ സർഗ്ഗവാസനകളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സംസ്ഥാന തലത്തിൽ കലാരംഗത്ത് അഭിരുചിയുള്ള 18 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ കുട്ടികൾക്കായി സർഗ്ഗോത്സവം പരിപാടി ആദ്യമായി കഴിഞ്ഞ വർഷം നടത്തിയിട്ടുണ്ട്.

പട്ടികവർഗ്ഗ വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് ഉന്നത നിലവാരത്തിലുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് വേണ്ടി കൂടുതൽ എം.ആർ.എസ്.–കൾ ആരംഭിക്കുന്നതിന്റെ ഭാഗമായി കുറ്റിച്ചലും കണ്ണൂർ ജില്ലയിലെ ആറളത്തും ഒരോ വിദ്യാലയങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. എം.അർ.എസ്.–കളെയും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള ഹോസ്റ്റലുകളുടെയും അടിസ്ഥാന സൗകര്യ വികസനത്തിനായി 'വിദ്യോദയം പദ്ധതി' നടപ്പിലാക്കി വരുന്നു. 14 ജില്ലകളിലേയും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 15–നും 30–നും ഇടയിൽ പ്രായമുള്ള എസ്.എസ്.എൽ.സി. പാസ്സായതും തൊഴിൽ രഹിതരുമായ യുവതീ–യുവാക്കളെ കണ്ടെത്തി അവർക്ക് അഭിരുചിയുള്ള തൊഴിൽ മേഖലകളിൽ പരിശീലനം നൽകുന്നതിന്റെ ഭാഗമായി 'ഗോത്രജ്യോതി പദ്ധതി' നടപ്പിലാക്കിവരുന്നു. ഈ പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നവരുടെ ഡേറ്റബാങ്ക് തയ്യാറാക്കി ഇവർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനുള്ള സഹായം ചെയ്തു വരുന്നു. ഇതിന്റെ ഭാഗമായി നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ മുഖേന 400 പട്ടികവർഗ്ഗ യുവതീ–യുവാക്കൾക്കു വേണ്ടി പ്രത്യേക പരിശീലനവും തൊഴിൽ ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള നടപടികളും സ്വീകരിച്ചു. ദുർഘട പ്രദേശത്ത് താമസിക്കുന്നതും എന്നാൽ വന്യ മൃഗങ്ങളുടെ ഭീഷണികൊണ്ട് സ്കൂളുകളിലെത്തിച്ചേരാൻ കഴിയാത്തതുമായ വിദ്യാർത്ഥികളെ സ്കൂളിലെത്തിക്കുന്നതിനു വേണ്ടി 'ഗോത്രസാരഥി പദ്ധതി' നടപ്പിലാക്കി വരുന്നു. കഴിഞ്ഞ വർഷം ഈ പദ്ധതി വളരെ നന്നായി നടത്താൻ സാധിച്ചു. പട്ടികവർഗ്ഗ വിഭാഗത്തിലുള്ള സ്ത്രീകളുടെയും കുട്ടികളുടെയും സാമൂഹ്യ

സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നു. പട്ടികവർഗ്ഗ വിഭാഗക്കാരായ അമ്മമാരുടെയും കുട്ടികളുടെയും ആരോഗ്യ പരിപാലനത്തിനും അരോഗ്യ പരിരക്ഷ ഉറപ്പാക്കുന്നതിനും വേണ്ടി 'ജനനി ജൻമരക്ഷാ പദ്ധതി' നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം ഗർഭിണിയായതിനു ശേഷം മൂന്നാം മാസം മുതൽ പതിനെട്ട് മാസക്കാലയളവിൽ കുഞ്ഞിന് ഒരു വയസ്സ് തികയുന്നതുവരെ 1000 രൂപ പ്രതിമാസം നൽകുന്നു. ഈ തുക പോസ്റ്റ് ഓഫീസുകൾ മുഖേന മണിഓർഡറായാണ് ഉപഭോക്താവിന് നേരിട്ട് ലഭിക്കുന്നത്. ആ രീതിയിലാണ് ഈ പദ്ധതി ആവിഷ്ക്കരിച്ചത്. ഇതുവരെ അർഹരായ 6384 ഗുണഭോക്താക്കൾക്ക് ഇതിന്റെ ആനുകൂല്യം അനുവദിച്ചു നൽകിയിട്ടുണ്ട്. അതുപോലെത്തന്നെ അച്ഛനും അമ്മയുമില്ലാത്ത പട്ടികവർഗ്ഗ വിഭാഗത്തിലുള്ള കുട്ടികളെ സംരക്ഷിക്കുന്നതിനുവേണ്ടി 'കൈത്താങ്ങ് പദ്ധതി' നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം മാതാപിതാക്കളോ അല്ലെങ്കിൽ അവരിലൊരാളോ നഷ്ടപ്പെടുകയോ ക്യാൻസർ അല്ലെങ്കിൽ വിവിധ അസുഖങ്ങൾ പിടിപെടുകയോ ചെയ്താൽ കുട്ടികളെ സംരക്ഷിക്കുന്നവർക്ക് പ്രതിമാസം 1000 രൂപ വീതം നൽകുന്നതാണ്. ഈ പദ്ധതിയിലൂടെ 428 കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുകയുണ്ടായി. പട്ടികവർഗ്ഗ വിഭാഗത്തിലുള്ള സ്ത്രീകളുടെ ശാക്തീകരണം ലക്ഷ്യമാക്കി തൊഴിൽ രഹിതരായ യുവതികൾക്ക് സ്വയംതൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി സൗജന്യമായി ഓട്ടോറിക്ഷ പരിശീനലം നൽകി ഓട്ടോറിക്ഷ വാങ്ങിനൽകുന്ന പദ്ധതി നടപ്പിലാക്കി. ഇതുപ്രകാരം സംസ്ഥാനത്ത് 14 ജില്ലകളിലായി 500 പട്ടികവർഗ്ഗ യുവതികൾക്കാണ് ഓട്ടോറിക്ഷ വിതരണ

പദ്ധതി നടത്തിയിട്ടുള്ളത്. വനംവകുപ്പ് മുഖേന 700 ഫോറസ്റ്റ് വാച്ചർ നിയമനത്തിനുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റ് പ്രോസസ്സ് നടന്നുകൊണ്ടിരിക്കുകയാണ്. 700 പേർക്കാണ് ഇതിന്റെ ഭാഗമായി തൊഴിൽ ലഭിക്കുന്നത്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട നിർദ്ധനരായ യുവതികളുടെ വിവാഹ ധനസഹായമായി നൽകിവന്നിരുന്നത് 20,000 രൂപയായിരുന്നു. അത് 50,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 13–ാം ധനകാര്യ കമ്മീഷന്റെ അവാർഡ് തുകയായി ലഭിച്ച 148 കോടി രൂപ ഉപയോഗിച്ച് പ്രാക്തന ഗോത്ര–ദുർബ്ബല ഗോത്ര വിഭാഗത്തിൽപ്പെട്ടവർക്കായി പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നു. 2011-12 സാമ്പത്തിക വർഷമാണ് ഈ ഈ പദ്ധതി ആരംഭിച്ചത്. വിവിധ പദ്ധതികളാണ് ഇതിന്റെ ഭാഗമായി നടപ്പിലാക്കുന്നത്. ഭവന നിർമ്മാണം, വൈദ്യുതി, കുടിവെള്ള പദ്ധതി, റോഡ്, ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, ആരോഗ്യ വിദ്യാഭ്യാസ പരിപാടികളടക്കം നിരവധി പരിപാടികൾ ഇതിന്റെ ഭാഗമായി നടക്കുന്നുണ്ട്. ആകെ അനുവദിച്ച 148 കോടി രൂപയിൽ 2014 മെയ് മാസം വരെ 104.15 കോടി രൂപ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലഴിച്ചിട്ടുണ്ട്.

ഭൂരഹിതരായ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ഭൂമി വാങ്ങി നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം കുറഞ്ഞത് 25 സെന്റ് മുതൽ 1 ഏക്കർ വരെ ഭൂമി, ഗുണഭോക്താക്കൾ നേരിട്ട് വാങ്ങുന്നത് നടപ്പിലാക്കി. ആറളം, പേരാമ്പ്ര, വയനാട് അതുപോലെയുള്ള പല സ്ഥലങ്ങളിലും ഗവൺമെന്റ് വാങ്ങിക്കൊടുത്ത ഭൂമി വാസയോഗ്യമല്ലാത്തതാണെന്ന പരാതിയുണ്ടാകുകയും അവിടേയ്ക്ക് ആളുകൾ പോകാത്ത

സാഹചര്യം ഉണ്ടാകുകയും ചെയ്തത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടതു കൊണ്ടാണ് ഇത്തരത്തിലുള്ള ഒരു പദ്ധതി ആവിഷ്കരിച്ചത്. ഇതനുസരിച്ച് 2013-14 സാമ്പത്തിക വർഷം ഏകദേശം 160 പേർക്ക് 25 സെന്റ് മുതൽ 1 ഏക്കർ വരെ ഭൂമി വാങ്ങി നൽകിയിട്ടുണ്ട്. 777 പേർക്ക് ടി.ആർ.ഡി.എം (ട്രൈബൽ റീഹാബിലിറ്റേഷൻ ആന്റ് ഡെവലപ്മെന്റ് മിഷൻ) മുഖേന ഭൂമി നൽകിയിട്ടുണ്ട്. വനാവകാശ നിയമമനുസരിച്ച് 8223 പേർക്ക് 12652.34 ഏക്കർ ഭൂമി നൽകി. കെ.എസ്.ടി ആക്ട് അനുസരിച്ച് 120 പേർക്ക് ഭൂമി നൽകിയിട്ടുണ്ട്. 2014-15-ൽ പട്ടികവർഗ്ഗ ഉപഭോക്തൃ പദ്ധതി പ്രകാരം - 50 ശതമാനം ത്രിതല പഞ്ചായത്തും, 50 ശതമാനം ഡിപ്പാർട്ടുമെന്റും - 3 ശതമാനമായി വർദ്ധിപ്പിച്ച് അഡീഷണൽ ട്രൈബൽ സബ്പ്ലാൻ പ്രത്യേക പാക്കേജായി വകയിരുത്തിയിരിക്കുന്നു. ഏറ്റവും കൂടുതൽ പട്ടികവർഗ്ഗ വിഭാഗങ്ങൾ അധിവസിക്കുന്നതും, അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്നതുമായ പ്രദേശങ്ങളിലാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഇരിട്ടി ബ്ലോക്ക്, പരപ്പബ്ലോക്ക്, പനമരം, തിരുനെല്ലി, ചാലക്കുടി, മൂപ്പനാട്, മേപ്പാടി, നൂൽപ്പുഴ, പുൽപ്പള്ളി, ചിറ്റൂർ, അട്ടപ്പാടി, ദേവികുളം, നിലമ്പൂർ, കുറ്റിച്ചൽ എന്നീ ബ്ലോക്കുകളിലാണ് സമഗ്ര പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത്. 150 കോടി രൂപ അതിനായി വകയിരുത്തിയിട്ടുണ്ട്. തനതായ കലാരൂപങ്ങളും, സാംസ്കാരിക പ്രവർത്തനങ്ങളൊക്കെ നിലനിർത്തിക്കൊണ്ട് ഈ പദ്ധതി നടപ്പിലാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതുപോലെതന്നെ പട്ടികവർഗ്ഗ വിഭാഗക്കാരുടെ സമഗ്ര വികസനത്തിന് പ്രത്യേക പദ്ധതി - ഹാംലെറ്റ് ഡെവലപ്മെന്റ് സ്കീം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഒരു കോടി രൂപ ചെലവഴിച്ചുകൊണ്ട് തെരഞ്ഞെടുക്കപ്പെടുന്ന ഹാംലെറ്റുകളിൽ കുടിവെള്ളം, വൈദ്യുതി, റോഡുകൾ, നടപ്പാതകൾ, കമ്യൂണിറ്റി

ഹാളുകൾ തുടങ്ങിയ സമഗ്രമായ വികസനപദ്ധതിയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. 2014–15 വർഷം 25 ഹാംലെറ്റുകളാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. പ്രാക്തന–ഗോത്ര വർഗ്ഗ വിഭാഗത്തിലുള്ളവർ അധിവസിക്കുന്ന സങ്കേതങ്ങളിലും മറ്റു വിഭാഗങ്ങൾ അധിവസിക്കുന്ന മേഖലകളിലും അടിസ്ഥാനസൗകര്യങ്ങളൊരുക്കുന്നതിന് നബാർഡിന്റെ സഹായത്തോടെ ഈ വർഷം 100 കോടി രൂപയുടെ പദ്ധതി നടപ്പാക്കാൻ വകുപ്പ് ഉദ്ദേശിക്കുന്നു, അതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ മേഖലയിൽ ഇന്ന് നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി ഭവനനിർമ്മാണത്തിന്റെ അപര്യാപ്തതയാണ്. സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ഈ മേഖലയിലേക്ക് ഒരു വർഷം 1000 വീട് നിർമ്മിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. പൂർത്തീകരിക്കാത്ത വീടുകളെക്കുറിച്ചുള്ള വാർത്തകൾ പലപ്പോഴും ദൃശ്യ–മാധ്യമങ്ങളിൽകൂടി കാണാൻ കഴിയുന്നത് നമുക്ക് വളരെയേറെ ദു:ഖം ഉണ്ടാക്കുന്നുണ്ട്. അത് പരിഹരിക്കുന്നതിന്റെ ഭാഗമായി സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിയുടെ തുടക്കം ഈ വർഷമാരംഭിക്കുവാൻ പോകുകയാണ്. അടുത്ത രണ്ട് വർഷങ്ങളിലായി ഈ പദ്ധതി നടപ്പാക്കാനാണ് വകുപ്പ് ഉദ്ദേശിക്കുന്നത്. ബഹുമാനപ്പെട്ട അംഗം ശ്രീ. എ. കെ. ശശീന്ദ്രൻ ഇവിടെ സൂചിപ്പിച്ച, കേരളത്തിന്റെ സാമൂഹ്യമന:സ്സാക്ഷിയെ ഏറെ വേദനിപ്പിച്ച അട്ടപ്പാടിയിലെ ശിശുമരണവുമായി ബന്ധപ്പെട്ട വാർത്തകൾ വളരെയേറെ ദു:ഖമുള്ളതാണ്. എൻ.ആർ.എച്ച്.എം.ന്റെ പഠനവുമായി ബന്ധപ്പെട്ട് അവിടെ ഒരു സർവ്വെ നടത്തിയിട്ടുണ്ടെന്ന് ഇന്നലെ ചോദ്യോത്തര വേളയിൽ ഞാൻ പറഞ്ഞിരുന്നു. ട്രൈബൽ, സാമൂഹ്യനീതി, ഹെൽത്ത് എന്നീ മൂന്നുവകുപ്പുകളുടേയും ആഭിമുഖ്യത്തിൽ ഒരു പഠനമാണ് നടത്തിയത് അല്ലാതെ സർവ്വെ നടത്തിയിട്ടില്ലെന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അതുപോലെ

ബഹുമാനപ്പെട്ട അംഗം വി. ശശി, ആറളം ഫാമിലെ പൈനാപ്പിൾ കൃഷിയുമായി ബന്ധപ്പെട്ട വിഷയം ഇവിടെ സൂചിപ്പിച്ചു, 7000 ഏക്കറാണ് ഫാമിന്റെ സ്ഥലം 3500 ഏക്കർ ആറളം ഫാമിംഗ് കോർപ്പറേഷനും, ടി.ആർ.ഡി.എം മുഖേന 3500 ഏക്കറും വിതരണം ചെയ്തു. റീ പ്ലാന്റിംഗിന്റെ ഭാഗമായിട്ട് 175 ഹെക്ടർ സ്ഥലം റബ്ബറും, കശുവണ്ടിയും കൃഷി ചെയ്തു. ഇടവിളയായിട്ടാണ് പൈനാപ്പിൾ കൃഷി ചെയ്തിരിക്കുന്നത്. ഓരോ വർഷവും നിശ്ചിത മാനദണ്ഡത്തോടുകൂടി തന്നെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഈ ഫാമിൽ കൃഷി നടത്തിയ 2401 കിലോഗ്രാം പൈനാപ്പിളും ഫാമിനു തന്നെ കൊടുക്കണമെന്ന കണ്ടീഷനോടു കൂടിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കരാർ വ്യവസ്ഥയിൽ അങ്ങനെയാണ് വച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മുൻമന്ത്രി, അദ്ദേഹം പ്ലാൻ എക്സ്പെൻഡിച്ചറിനെക്കുറിച്ച് ഇവിടെ ഉന്നയിച്ചു. പി. ഡബ്ല്യു.ഡി ഒഴികെ 2011–12 സാമ്പത്തിക വർഷം 94.18 ശതമാനവും, 2012–13–ൽ 99.23 ശതമാനവും, 2013–14–ൽ 97.04 ശതമാനവും പ്ലാൻ എക്സ്പെൻഡിച്ചറിൽ ചെലവഴിച്ചിട്ടുണ്ട്. അട്ടപ്പാടിയിൽ കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ച പദ്ധതിയെക്കുറിച്ച് ഞാൻ ഇന്നലെ വളരെ വ്യക്തമായി സൂചിപ്പിച്ചിരുന്നു. അന്നത്തെ കേന്ദ്ര ഗ്രാമ വികസനവകുപ്പ് മന്ത്രി ബഹുമാനപ്പെട്ട ജയറാം രമേശ്, 250 കോടി രൂപ അവിടെ പ്രഖ്യാപിച്ചിരുന്നു, പക്ഷെ മഹിളാ കിസാൻ ശാക്തീകരൺ പര്യോജന പദ്ധതി, കുടുംബശ്രീയുടെ ശാക്തീകരണവുമായി ബന്ധപ്പെട്ട് 500 യുവതി–യുവാക്കൾക്ക് സ്കിൽ ഡെവലപ്മെന്റുമായി ബന്ധപ്പെട്ട പദ്ധതികൾക്ക് 96 കോടി രൂപ അനുവദിച്ചിരുന്നു, അത് റിലീസു ചെയ്ത് കിട്ടിയിട്ടില്ല. അതുപോലെ പ്രാക്തന–ഗോത്രവർഗ്ഗ വിഭാഗങ്ങളുടെ പദ്ധതി വളരെ നന്നായിട്ട് പോകുന്നുണ്ട്. ഏകദേശം 8101 കുടുംബങ്ങൾക്ക് ഫുഡ് സപ്പോർട്ട് മുഖേന ഓരോ കുടുംബത്തിനും 25 കിലോ അരി, 2 കിലോ പയർ,

2 കിലോ വൻപയർ, കടല, വെളിച്ചെണ്ണ, ചായപ്പൊടി, പഞ്ചസാരയടക്കം വിവിധ സ്കീമുകൾ വളരെ ഭംഗിയായി നടക്കുന്നുണ്ട്. 104 കോടി രൂപയോളം ഇതിനകം ചെലവഴിച്ചിട്ടുണ്ട്. ഇത്രയും കാര്യങ്ങളാണ് പട്ടികവർഗ്ഗ വകുപ്പു മായി ബന്ധപ്പെട്ട് വന്ന ചർച്ചകൾ, ഈ ചർച്ചയിൽ പങ്കെടുത്ത എല്ലാ പേർക്കും ഒരിക്കൽ കൂടി നന്ദി പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്നഭ്യർത്ഥിക്കുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, മൂന്നുവർഷം മാത്രം പ്രായമുള്ള ചെറിയൊരു വകുപ്പായതുകൊണ്ടുതന്നെ ഇതിനെപ്പറ്റി കൂടുതൽ കാര്യങ്ങളൊന്നും പറയുന്നില്ല. മാത്രമല്ല, ഇവിടെ സംസാരിച്ച അംഗങ്ങൾ ആരും തന്നെ ന്യൂനപക്ഷക്ഷേമവകുപ്പിനെപ്പറ്റി കാര്യമായൊന്നും പറഞ്ഞിട്ടുമില്ല. സംസ്ഥാനത്തെ ന്യൂനപക്ഷക്ഷേമ വകുപ്പിന് കേന്ദ്രത്തിൽനിന്നും ലഭിക്കുന്ന സഹായം മറ്റുള്ള സംസ്ഥാനങ്ങളെ അപേക്ഷിച്ച് നോക്കുമ്പോൾ വളരെ കുറവാണ്. 2013–14 സാമ്പത്തികവർഷത്തിൽ യു.പി.ക്ക് 1015 കോടി രൂപയും ആസാം–ന് 703 കോടി രൂപയും കേന്ദ്ര വിഹിതമായി ലഭിച്ചപ്പോൾ കേരളത്തിന് ലഭിച്ചത് വെറും 30 കോടി രൂപ മാത്രമാണ്. പക്ഷെ, കേരളം കിട്ടിയ തുക മുഴുവനും ചെലവഴിച്ചു. മറ്റുള്ള സംസ്ഥാനങ്ങൾക്ക് കിട്ടിയ തുകയിൽ വളരെ ചെറിയൊരു ഭാഗം മാത്രമാണ് ചെലവഴിച്ചത്. 2013-14-ൽ ഈ വകുപ്പിന്റെ പ്ലാൻ–നോൺപ്ലാൻ ഫണ്ടിൽ ആകെ 56 കോടി രൂപയാണ് ലഭിച്ചത്. ഇതിന്റെ 85 ശതമാനവും കഴിഞ്ഞവർഷം ചെലവഴിച്ചു. ഈ കഴിഞ്ഞ വർഷം വളരെ പ്രധാനപ്പെട്ട ചില നേട്ടങ്ങൾ ഉണ്ടായത്, സെക്രട്ടേറിയറ്റിൽ ഇതിനെ ഒരു സമ്പൂർണ്ണ വകുപ്പാക്കി ഉയർത്തുകയും

അവിടെ റൂൾസ് ഓഫ് ബിസിനസ്സിൽ ആവശ്യമായ ഭേദഗതി വരുത്തുകയും കൈകാര്യം ചെയ്യേണ്ട വിഷയങ്ങൾ വ്യക്തമാക്കുകയും ചെയ്തു. അതുപോലെ തന്നെ സംസ്ഥാന ന്യൂനപക്ഷ സെല്ലിനെ ഒരു ഡയറക്ടറേറ്റാക്കി ഉയർത്തുകയും ഒരു ഡയറക്ടറെ നിയമിക്കുകയും ചെയ്തു. മദ്രസ അദ്ധ്യാപക പെൻഷൻ സ്കീം പലിശ രഹിതമാക്കി. അവരുടെ എണ്ണം പതിമൂവായിരമായി വർദ്ധിപ്പിച്ചു. ഇവർക്കായി 2.5 ലക്ഷം രൂപ നൽകിക്കൊണ്ടുള്ള പലിശ രഹിത ഭവന വായ്പ പദ്ധതി ന്യൂനപക്ഷക്ഷേമ വികസന ധനകാര്യ കോർപ്പറേഷൻ വഴി നൽകാനുള്ള തീരുമാനമെടുത്തു. ഗേൾസ് സ്കോളർഷിപ്പ് വിതരണം ന്യൂനപക്ഷക്ഷേമ വകുപ്പുവഴി നൽകാൻ തീരുമാനിച്ചു. കഴിഞ്ഞവർഷം എട്ട് കോടിയോളം രൂപ ഈയിനത്തിൽ ചെലവിട്ടു. ധക്കിനി, കച്ച്മേമൻ വിഭാഗത്തിൽപ്പെട്ട മുസ്ലീം വിഭാഗത്തെ മുസ്ലീം സംവരണ വിഭാഗത്തിലുൾപ്പെടുത്തി. 2014–ൽ ജൈനർ വിഭാഗത്തെ ന്യൂനപക്ഷ മതവിഭാഗത്തിലുൾപ്പെടുത്തി. ന്യൂനപക്ഷം തിങ്ങിപ്പാർക്കുന്ന തീരദേശമുൾപ്പെടെയുള്ള പ്രദേശങ്ങളിൽ കുടിവെള്ള പദ്ധതിയാരംഭിച്ചു. അതുപോലെതന്നെ 11 സൗജന്യ കോച്ചിംഗ് സെന്ററുകൾക്ക് ഈ ഗവൺമെന്റ് അനുമതി നൽകുകയും അതിലൂടെ 10200 ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകുകയും ഇതിൽ 6000 പേർ വിവിധ പരീക്ഷകൾ എഴുതുകയും ആയിരത്തിലധികം ആളുകൾക്ക് ഉദ്യോഗം ലഭിക്കുകയും ചെയ്തു. ആകെ 16 കോച്ചിംഗ് സെന്ററുകൾക്ക് അനുമതി നൽകി. ഇതിനുപുറമേ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിത്തരുന്ന എൻ.ജി.ഒ.കൾക്ക് സബ്സെന്റർ ആരംഭിക്കാനുള്ള അനുമതി നൽകി. ന്യൂനപക്ഷവിദ്യാർത്ഥികൾക്കുള്ള കരിയർ ഗൈഡൻഡ് പദ്ധതിക്കായി 20 ലക്ഷം രൂപ അനുവദിക്കുകയും 11357

വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം നൽകുകയും ചെയ്തു. 2014-15-ൽ ഇതിനായി 50 ലക്ഷം രൂപ നീക്കിവയ്ക്കുകയും ചെയ്തിട്ടുണ്ട്. ഹൃസ്വകാല ഗവേഷണ ഫെലോഷിപ്പ് 2013-14 സാമ്പത്തികവർഷത്തിൽ 5 ലക്ഷം രൂപ നീക്കിവച്ചിരുന്നുവെങ്കിൽ 2014-15-ൽ 50 ലക്ഷം രൂപയാക്കി ഉയർത്തിയിട്ടുണ്ട്. ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ ഷെയർ ക്യാപ്പിറ്റലായി ഏകദേശം പത്ത് കോടിയോളം രൂപ സർക്കാർ അനുവദിച്ചു. 2014-15-ൽ അതിനായി 15 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ഇതുവഴി ആവശ്യമുള്ള ആളുകൾക്ക് ലോൺ കൊടുക്കുന്നുണ്ട്. പരമാവധി ഏഴ് ശതമാനം പലിശ മാത്രമേ ഇതിനായി ഈടാക്കുന്നുള്ളൂ. മറ്റൊരു പ്രധാനപ്പെട്ട കാര്യം ന്യൂനപക്ഷ കമ്മീഷനാണ്. ന്യൂനപക്ഷങ്ങളുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും പ്രത്യക്ഷമായോ പരോക്ഷമായോ കമ്മീഷൻ ഇടപെട്ട് പരിഹാരനിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. 05-03-2013-ലെ മന്ത്രിസഭാ യോഗതീരുമാനപ്രകാരം ന്യൂനപക്ഷ പ്രൊമോട്ടർമാർക്ക് ഒരു വർഷത്തേയ്ക്ക് നിയമനം നൽകിയ നടപടി സാധൂകരിക്കുകയും ഇവർക്ക് 4000 രൂപവീതം പ്രതിമാസ ഓണറേറിയം നൽകാൻ സർക്കാർ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ചുള്ള ഉത്തരവ് ഉടൻതന്നെ ഇറങ്ങുന്നതാണ്. ഈ കഴിഞ്ഞ സർക്കാർ ന്യൂനപക്ഷ ആനുകൂല്യങ്ങൾ മുസ്ലീം ന്യൂനപക്ഷ വിഭാഗങ്ങൾക്കായി മാത്രം പരിമിതപ്പെടുത്തിയപ്പോൾ ഈ സർക്കാർ നടപ്പിലാക്കിവരുന്ന മുഴുവൻ ക്ഷേമപദ്ധതികളിലും പ്രൊമോട്ടർമാരുടെ നിയമനത്തിലുൾപ്പെടെ മറ്റ് അംഗീകൃത ന്യൂനപക്ഷ മതവിഭാഗങ്ങൾക്കുകൂടി പ്രാതിനിധ്യം നൽകുന്നുണ്ട്. ഭവനപദ്ധതി, സ്കോളർഷിപ്പ്, കോച്ചിംഗ് സെന്ററുകളിലെ പ്രവേശനം മുതലായവ അതിനുദാഹരണങ്ങളാണ്. മറ്റൊരു കാര്യം, ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശത്തെ കുടിവെള്ള പദ്ധതി

കൾക്കായി 2013–14 സാമ്പത്തിക വർഷത്തിൽ 4 കോടി രൂപ നീക്കിവയ്ക്കുകയും ഇതിലൂടെ 20000 കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുകയും ചെയ്തു. 2015–ൽ ഇതിനായി 7.8 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിലൂടെ 40000 കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുമെന്നാണ് കണക്കാക്കുന്നത്. എം.എസ്.ടി.പി. പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 50 പദ്ധതികൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചെങ്കിലും 24 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചത്. സംസ്ഥാനത്തെ എല്ലാ ബ്ലോക്കുകളിലും ഈ പദ്ധതി നടപ്പിലാക്കണമെന്ന് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടിരുന്നെങ്കിലും വയനാടിലെ നാല് ബ്ലോക്കുകളിൽ നടപ്പിലാക്കുന്നതിനുള്ള അനുമതി മാത്രമേ ലഭിച്ചിട്ടുള്ളൂ. ഇവിടങ്ങളിൽ പദ്ധതിയുടെ വിനിയോഗം നടന്നുവരികയാണ്. സംസ്ഥാനത്തെ അൻപത് ബ്ലോക്കുകളിലെങ്കിലും ഈ പദ്ധതി നടപ്പിലാക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അത് കൂടാതെ കേരളത്തിലെ ക്ലസ്റ്റർ വില്ലേജ് 379 എണ്ണം തെരഞ്ഞെടുത്ത് കേന്ദ്രസർക്കാരിന്റെ വിവിധ പദ്ധതികളിലുൾപ്പെടുത്തി സാമ്പത്തികസഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്. എം.എസ്.ടി.പി. പദ്ധതി നടപ്പാക്കുന്നതിനായി നടപ്പുസാമ്പത്തികവർഷം സംസ്ഥാന ബഡ്ജറ്റിൽ 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ ഈ പദ്ധതിയുടെ 75 ശതമാനം കേന്ദ്രവിഹിതവും 25 ശതമാനം സംസ്ഥാനവിഹിതവുമെന്ന അനുപാതത്തിലാണ് നടപ്പിലാക്കുന്നത്. പുതിയ കേന്ദ്രസർക്കാരിൽ നിന്നും ഈ ആനുകൂല്യം നേടിയെടുക്കാനുള്ള ശ്രമങ്ങളാരംഭിച്ചിട്ടുണ്ട്. ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സർ, പട്ടികജാതി പിന്നോക്ക സമുദായക്ഷേമ ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ സൂചിപ്പിച്ച നിർദ്ദേശങ്ങളേയും അഭിപ്രായങ്ങളേയും ക്രിയാത്മകവിമർശനങ്ങളേയും വളരെ ഗൗരവത്തോടുകൂടി കാണുകയും സ്വാഗതം ചെയ്യുകയുമാണ്. കഴിഞ്ഞ മൂന്നുവർഷക്കാലത്തെ പ്രവർത്തനങ്ങൾ കൊണ്ട് പട്ടികജാതിക്ഷേമ വകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ വിസ്മയം സൃഷ്ടിച്ചുവെന്നൊന്നും അവകാശപ്പെടുന്നില്ല. പക്ഷെ, കുറേയേറെ കാര്യങ്ങൾ ചെയ്യുവാനുള്ള ആത്മാർത്ഥമായ ശ്രമം ഈ ഗവൺമെന്റ് നടത്തിയിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോഴുണ്ടായിരുന്ന സാഹചര്യത്തിൽ നിന്ന് വ്യത്യസ്തമായൊരു സാഹചര്യത്തിലേയ്ക്ക് ഈ വകുപ്പിനെ കൊണ്ടുവരാനുള്ള ഒരു ശ്രമമാണ് നടത്തിയിട്ടുള്ളത്. ഇന്ന് പട്ടികജാതി വിഭാഗങ്ങൾക്കായി നൽകുന്ന ഫണ്ട് വേണ്ട രീതിയിൽ താഴെത്തട്ടിലേയ്ക്ക് പോകുന്നില്ലെന്നും ഇടനിലക്കാർ കൊണ്ടുപോകുന്നെന്നുമുള്ള ആക്ഷേപമാണ് പരക്കെ ഉണ്ടായിട്ടുള്ളത്. ഇടനിലക്കാർ ഇത് എത്രമാത്രം കൊണ്ടുപോകുന്നുവെന്നതിനപ്പുറം കൊടുക്കുന്ന ഫണ്ട് പര്യാപ്തമായ രീതിയിൽ കൊടുക്കുന്നുണ്ടോ, അങ്ങനെ കൊടുക്കുന്ന ഫണ്ട് വേണ്ട രീതിയിൽ വിനിയോഗിക്കപ്പെടുന്നുണ്ടോ എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. 2006-മുതൽ ഏതാണ്ട് രണ്ട് വർഷക്കാലം ഞാൻ മന്ത്രിയായിരുന്ന സമയത്ത് ഇവർക്ക് വീട് വയ്ക്കുന്നതിനുള്ള ധനസഹായമായി 70000 രൂപയായിരുന്നു നൽകിയിരുന്നത്. അന്ന് 35,000 രൂപ എന്നുള്ളത് 70,000 രൂപയാക്കി വർദ്ധിപ്പിച്ചു. അഞ്ച് വർഷം കഴിഞ്ഞ് വീണ്ടും ഈ പദവിയിലേയ്ക്ക് വരുമ്പോൾ വെറും 30000 രൂപ വർദ്ധിപ്പിച്ച് പ്രസ്തുത ധനസഹായം 1,00,000 രൂപയാക്കി മാറ്റി. ആ അഞ്ചാറ് വർഷക്കാലംകൊണ്ട്

നമ്മുടെ ജീവിതച്ചെലവും വീട് വയ്ക്കുന്നതിനുള്ള നിർമ്മാണച്ചെലവും എന്തു മാത്രം വർദ്ധിച്ചുവെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. ഒരു ലക്ഷം രൂപ കൊടുത്താൽ ആർക്കെങ്കിലും ഒരു വീട് വയ്ക്കാൻ കഴിയുമോ; അതുകൊണ്ട് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നയുടൻതന്നെ ഒരു ലക്ഷം രൂപ എന്നുള്ളത് രണ്ട് ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചു. അത് പര്യാപ്തമാണെന്ന അഭിപ്രായമുണ്ടായിട്ടല്ല. ഗവൺമെന്റിന്റെ പരിമിതി കൊണ്ടാണ് അങ്ങനെ ചെയ്തത്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ മൂന്ന് സെന്റ് ഭൂമി വാങ്ങുന്നതിന് 75,000 രൂപ കൊടുത്തിരുന്നു. കേരളത്തിൽ എവിടെയാണ് ഒരു സെന്റ് ഭൂമി 25,000 രൂപയ്ക്ക് ലഭിക്കുന്നത്. ശ്മശാന ഭൂമിപോലും ഒരു സെന്റിന് 25,000 രൂപയ്ക്ക് ലഭിക്കുമോ? അതുകൊണ്ട് ഒരു സെന്റ് വാങ്ങുന്നതിന് 50,000 രൂപ കൊടുക്കാൻ ഈ ഗവൺമെന്റ് തീരുമാനിച്ചു. വിദ്യാഭ്യാസാനുകൂല്യവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചു. വിദ്യാഭ്യാസാനുകൂല്യങ്ങളുടെ കാര്യത്തിൽ വളരെ വലിയ വർദ്ധനവുണ്ടാക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു. ഇവിടെ സംസാരിച്ച ശ്രീ. കെ. രാധാകൃഷ്ണനും, ശ്രീ. എ. കെ. ബാലനും അഞ്ചുവർഷം വീതം ഈ സഭയിൽ മന്ത്രിമാരായിരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് രണ്ട് വർഷക്കാലം ഞാനും മന്ത്രിയായിരുന്നു. എന്നിട്ടും എസ്.സി. വിഭാഗത്തിൽ പഠിക്കുന്ന കുട്ടികൾക്ക് എന്തൊക്കെയൊ ആനുകൂല്യങ്ങൾ ലഭിക്കുന്നുവെന്ന തോന്നലുണ്ട്. എന്നാൽ, അവർക്ക് ലഭിക്കുന്ന ആനുകൂല്യമെന്ന് പറയുന്നത് 350 രൂപയായിരുന്നു. ആ 350 രൂപ 120 ശതമാനം വർദ്ധനവുണ്ടാക്കി 750 രൂപയാക്കിയത് ഈ ഗവൺമെന്റാണ്. ശ്രീ. കെ. വി. വിജയദാസ് ഇവിടെ സൂചിപ്പിച്ചതുപോലെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഹോസ്റ്റലിൽ പഠിക്കുന്ന കുട്ടികൾക്കുള്ള സ്റ്റൈപ്പന്റ്

1300 രൂപയിൽ നിന്നും 2000 രൂപയാക്കി വർദ്ധിപ്പിക്കുകയും പോസ്റ്റ് മെട്രിക് ഹോസ്റ്റലിൽ പഠിക്കുന്ന കുട്ടികളുടെ സ്റ്റൈപ്പന്റ് 1500 രൂപയിൽ നിന്നും 2300 രൂപയാക്കി വർദ്ധിപ്പിക്കുകയും ചെയ്തു. അങ്ങനെ വിദ്യാഭ്യാസ രംഗത്തും അടിസ്ഥാന സൗകര്യ വികസന കാര്യത്തിലും വർദ്ധനവുണ്ടാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. ടോയ്‌ലറ്റ് ഉണ്ടാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപ നങ്ങൾ 3000–5000 രൂപ വരെയായിരുന്നു കൊടുത്തുകൊണ്ടിരുന്നത്. എന്നാൽ ഈ ഗവൺമെന്റ് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ടോയ്‌ലറ്റ് ഉണ്ടാക്കാൻ 25,000 രൂപ കൊടുക്കുന്ന പുതിയ സ്കീം കൊണ്ടുവരികയും ഒരു വർഷം 25000 പേർക്ക് അതിന്റെ ആനുകൂല്യം ലഭിക്കുകയും ചെയ്തു. ഈ സ്കീമനുസരിച്ച് കഴിഞ്ഞരണ്ട് വർഷങ്ങളിലായി 50,000 പേർക്ക് ടോയ്‌ലറ്റ് സൗകര്യമുണ്ടാക്കിക്കൊടുക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞുവെന്ന് മാത്രമ ല്ല, ഈ വർഷം 15,000 പേർക്ക് ഈ ആനുകൂല്യം കൊടുക്കുകയും ചെയ്തു. അതുപോലെ ഒട്ടനവധി പദ്ധതികളുണ്ട്. അതൊന്നും ഓരോന്നോരോന്നായി പറയുന്നില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഈ വിഭാഗ ക്കാർക്കായി എന്തുചെയ്തുവെന്ന് ചോദിക്കുന്നവരോട് ചെയ്ത കാര്യങ്ങളിൽ ചിലതൊക്കെ സൂചിപ്പിച്ചുവെന്നുമാത്രമേയുള്ളൂ. അതുപോലെതന്നെ സ്വയംപ ര്യാപ്ത ഗ്രാമത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. അതിനെക്കുറിച്ച് ശ്രീ. വി. ശശി മാത്രമാണ് വ്യത്യസ്തമായൊരഭിപ്രായം പറഞ്ഞത്. എന്നാൽ ഭരണ–പ്രതി പക്ഷ എം.എൽ.എ.മാർ കൂടുതൽ സ്വയംപര്യാപ്ത ഗ്രാമങ്ങൾ വേണമെ ന്നാണ് ആവശ്യപ്പെട്ടത്. കഴിഞ്ഞ കാലങ്ങളിൽ ഭവന നവീകരണ പദ്ധതി ഉണ്ടായിരുന്നുവെന്നല്ലാതെ മെയിന്റനൻസിനായി ഒരു പൈസപോലും കൊടു ത്തിരുന്നില്ല. എന്നാൽ ഈ ഗവൺമെന്റ് വീട് മെയിന്റനൻസിനുവേണ്ടി മാത്രം

50,000 രൂപ കൊടുക്കുന്നൊരു പദ്ധതികൊണ്ടുവന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ചികിത്സാ ധനസഹായം 25000 രൂപയായിരുന്നു കൊടുത്തിരുന്നത്. ചികിത്സാ ചെലവ് കൂടിയ സാഹചര്യത്തിൽ ടി തുക 50,000 രൂപയാക്കി വർദ്ധിപ്പിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചുവെന്ന് മാത്രമല്ല, മാരകമായ രോഗങ്ങൾ ബാധിക്കുന്നവർക്ക് നൽകുന്ന ചികിത്സാധനസഹായം ഒരുലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചു. അതൊരു തെറ്റാണോ. ഒന്നും ചെയ്തില്ലെന്ന് പറയുന്നവരുടെ മുന്നിൽ ചില ചോദ്യങ്ങൾ വയ്ക്കുന്നുവെന്ന് മാത്രമേയുള്ളൂ. അതോടൊപ്പംതന്നെ കഴിഞ്ഞകാലഘട്ടങ്ങളിൽ വിവാഹധനസഹായമായി 20000 രൂപ മാത്രമായിരുന്നു നൽകിയിരുന്നത്. ഒരു വിവാഹത്തിന് 20000 രൂപ കൊടുത്താൽ എന്തുചെയ്യാൻ കഴിയും. അതുകൊണ്ടുതന്നെ ടി തുക 50,000 രൂപയാക്കി വർദ്ധിപ്പിച്ചു. അതൊരു തെറ്റാണെങ്കിൽ ആ തെറ്റ് ചെയ്തിട്ടുണ്ടെന്ന് പറയുവാൻ ഈ ഗവൺമെന്റിന് ചങ്കൂറ്റമുണ്ട്. ചികിത്സാ ധനസഹായത്തിന്റെ വരുമാനപരിധി 22,500 രൂപയായിരുന്നത് 50,000 രൂപയാക്കി വർദ്ധിപ്പിച്ചു. വിവാഹധനസഹായമാകട്ടെ, വീട് വയ്ക്കുന്നതിനുള്ള ധനസഹായമാകട്ടെ, ഭൂമി വാങ്ങാനുള്ള ധനസഹായമാകട്ടെ 22,500 രൂപ വരുമാനപരിധി എന്നത് ഈ ഗവൺമെന്റ് 50,000 രൂപയാക്കി വർദ്ധിപ്പിച്ചു. ഈ മൂന്ന് വർഷക്കാലത്തിലുണ്ടാക്കിയ ചെറിയ ചില മാറ്റങ്ങൾ സൂചിപ്പിച്ചുവെന്ന് മാത്രമേയുള്ളൂ. വിദ്യാഭ്യാസ രംഗത്ത് 55000 വിദ്യായാത്രയെന്ന പേരിൽ എട്ടാം ക്ലാസിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം ചെയ്തു. അതോടൊപ്പംതന്നെ എം.ബി.ബി.എസ്./എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വിതരണം ചെയ്തു. ഹയർ സെക്കണ്ടറി, എസ്.എസ്.എൽ.സി. പരീക്ഷകളിൽ എ പ്ലസ് വാങ്ങുന്ന എല്ലാ വിദ്യാർത്ഥികൾക്കും

അര പവൻ സ്വർണ്ണം വീതം പാരിതോഷികമായി നൽകുവാൻ ഈ ഗവൺമെന്റ് തീരുമാനിച്ചു. എം.ബി.ബി.എസ്./എഞ്ചിനീയറിംഗ് പരീക്ഷ യ്ക്കുള്ള എൻട്രൻസ് ഫീസിനായി ആയിരക്കണക്കിന് രൂപയാണ് ചെലവാകു ന്നത്. എല്ലാ വിഷയത്തിനും എ പ്ലസ് വാങ്ങി പാസ്സായാൽപോലും കോട്ട യത്തോ തൃശൂരോ ഉള്ള കോച്ചിംഗ് സെന്ററിൽ പഠിക്കാൻ കഴിയാത്ത പാവ പ്പെട്ട പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠിക്കാനുള്ള അവസരവും അതിനുള്ള പണവും കൊടുത്തു. അതൊരു തെറ്റാണെങ്കിൽ ആ തെറ്റും ചെയ്തുവെന്ന് അംഗീകരിക്കാൻ ഈ ഗവൺമെന്റ് തയ്യാറാണ്. വിദ്യാഭ്യാസ രംഗത്ത് അത്തരം ചില കാര്യങ്ങളൊക്കെ ചെയ്യുവാൻ കഴിഞ്ഞ കുറച്ചുകാലംകൊണ്ട് ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്.

ടൂറിസവുമായി ബന്ധപ്പെട്ട കാര്യങ്ങളൊക്കെ പറയണമെന്നുള്ളതു കൊണ്ട് കൂടുതൽ കാര്യങ്ങൾ പറയുന്നില്ല. വീടിന് ധനസഹായമായി കൊടു ത്തിരുന്ന 2 ലക്ഷം രൂപ ഈ വർഷം മുതൽ 3 ലക്ഷം രൂപയായി വർദ്ധിപ്പി ക്കും. അതുപോലെതന്നെ ഒരു സെന്റ് ഭൂമി വാങ്ങുന്നതിന് കൊടുത്തിരുന്ന 50,000 രൂപ 75,000 രൂപയാക്കി വർദ്ധിപ്പിച്ച് നൽകും. ഇവിടെ ശ്രീ. റോഷി അഗസ്റ്റിൻ സൂചിപ്പിച്ചതുപോലെ, 3 സെന്റ് ഭൂമി എന്നുള്ളത് 5 സെന്റ് ഭൂമിയാക്കാനും അത് വാങ്ങുവാനായി 3,70,000 രൂപ കൊടുക്കുവാനും ഈ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റ് സഹകരണ സ്ഥാപന ങ്ങളിലെ കടങ്ങൾ എഴുതിത്തള്ളിയതിനെക്കുറിച്ച് ശ്രീ. എ. കെ. ബാലൻ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഈ ഗവൺമെന്റ് വന്നതിനുശേഷം 2006

വരെയുള്ള 50,000 രൂപവരെയുള്ള കടങ്ങൾ എഴുതിത്തള്ളി. ഇനി ഈ ഗവൺമെന്റ് 'മിഷൻ 676'-ൽ ഉൾപ്പെടുത്തി 2010 മാർച്ച് 31 വരെയുള്ള 1 ലക്ഷം രൂപവരെയുള്ള കടങ്ങൾ കൂടി എഴുതിത്തള്ളുമെന്ന് ഈ സഭയെ അറിയിക്കുകയാണ്.

ശ്രീ. എ. കെ. ബാലൻ: സർ, നിലവിലുള്ള ബെനിഫിഷ്യറീസിന്റെ എണ്ണം കുറച്ചിട്ട് ക്വാണ്ടം കൂട്ടുന്നത് ഒരു നയമാണെങ്കിൽ പ്രശ്നമില്ല. സംസ്ഥാന ഗവൺമെന്റിന്റെ ബഡ്ജറ്ററി സപ്പോർട്ട്, നിലവിലുള്ള ഫണ്ടിനപ്പുറം കിട്ടുമെങ്കിൽ മാത്രമെ ഇത് നടപ്പിലാക്കാൻ സാധിക്കൂ. അതി നെസംബന്ധിച്ച് ഒരു വ്യക്തതയുണ്ടാക്കണം.

ശ്രീ. എ. പി. അനിൽകുമാർ: സർ, അങ്ങനെയല്ല. ഒരു ലക്ഷം രൂപ കൊടുത്തുകൊണ്ട് പതിനായരം വീടുകളുണ്ടാക്കി, ആ പതിനായിരം വീടു കളും അപൂർണ്ണമായി കിടക്കുന്നതിലും നല്ലതല്ലേ രണ്ടായിരം വീടുകൾ പൂർത്തീകരിക്കാൻ സാധിക്കുന്നത്?. ആവശ്യത്തിന് വീട് കൊടുക്കുക, നമ്മൾ ഭിക്ഷ കൊടുക്കുന്നതുപോലെ കൊടുക്കേണ്ടതാണോ ഇത്? അതുകൊണ്ട് വീടുകളുടെ എണ്ണം പരിമിതപ്പെടുത്തിക്കൊണ്ട് ഒരു വീടിന് 3 ലക്ഷം രൂപ വച്ച് കൊടുക്കും.

ശ്രീമതി കെ. കെ. ലതിക: അപ്പോൾ പഞ്ചായത്തുകൾ നല്കുന്ന തുകയും ഗവൺമെന്റ് കൊടുക്കുന്ന തുകയും വ്യത്യസ്തമായി വരികയില്ലേ?

ശ്രീ. എ. പി. അനിൽകുമാർ: സർ, അക്കാര്യം തദ്ദേശസ്വയംഭരണ വകു പ്പുമന്ത്രിയുമായി സംസാരിച്ചിട്ടുണ്ട്. തീർച്ചയായും അതിനുള്ള നടപടി അദ്ദേ ഹത്തിന്റെ ഭാഗത്തുനിന്നുമുണ്ടാകും.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഐ.എ.വൈ. പദ്ധതിയിലുള്ള ഭൂരിപക്ഷം വീടുകളും എസ്.സി./എസ്.റ്റി.യുടെതാണ്. അതിന് മുഴുവൻ 3 ലക്ഷം രൂപ വച്ച് കൊടുക്കുമെന്നുപറഞ്ഞാൽ എവിടെ നിന്നാണ് ഇതിനുള്ള ഫണ്ട് കണ്ടെത്തുന്നത്? ഇപ്പോൾത്തന്നെ ഐ.എ.വൈ. പദ്ധതിയിലൂടെ 2 ലക്ഷം രൂപ വച്ച് കൊടുത്തതിന്റെ വൈഷമ്യം തീർന്നിട്ടില്ല. ഇവിടെ നമുക്ക് പ്രശ്നമൊന്നുമില്ല. നിങ്ങൾ പദ്ധതി വിജയകരമായി നടത്തിയാൽ മതി.

ശ്രീ. എ. പി. അനിൽകുമാർ: സർ, ഞാൻ ശ്രീ. എ. കെ. ബാലന് കൊടുത്ത മറുപടി തന്നെയാണ് അങ്ങയോടും പറയാനുള്ളത്. എസ്.സി. വിഭാഗങ്ങൾക്ക് കൊടുക്കുന്ന വീടിന്റെ പണികൾ എന്തുമാത്രം പൂർത്തിയാകുന്നുണ്ടെന്നതറിയാനായി അങ്ങയുടെ മറ്റ് പഠനങ്ങളൊടൊപ്പം ഇതിലും ഒരു പഠനം നടത്തിക്കഴിഞ്ഞാൽ അങ്ങ് എന്നോട് വീടൊന്നിന് 3 ലക്ഷം രൂപയല്ല 4 ലക്ഷം രൂപ വച്ച് കൊടുക്കാനായി പറയും. ഇവിടെ ശ്രീ. വി.പി. സജീന്ദ്രൻ ചികിത്സാ ധനസഹായത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. എസ്.സി. വിഭാഗങ്ങളുടെ വരുമാനപരിധി 50,000 രൂപയായും എസ്.റ്റി വിഭാഗങ്ങളുടെ വരുമാനപരിധി 1 ലക്ഷം രൂപയായും ജനറൽ വിഭാഗങ്ങളുടെ വരുമാനപരിധി 1 ലക്ഷം രൂപയുമായാണ് നിശ്ചയിച്ചിരിക്കുന്നത്. എസ്.സി.-യുടെ 50,000 രൂപയെന്ന വരുമാനപരിധി 1 ലക്ഷം രൂപയായി വർദ്ധിപ്പിക്കും. ഈ ഗവൺമെന്റ് 'മിഷൻ 676'-ൽ ഏറ്റവും പ്രധാനമായി പറയുന്നത് 'വാൽസല്യനിധി' പദ്ധതിയാണ്. കേരളത്തിലും ഇന്ത്യയിലുമുള്ള പെൺകുട്ടികൾ അല്ലെങ്കിൽ സ്ത്രീകൾ ഇന്ന് വളരെയധികം പ്രയാസങ്ങൾ നേരിടുന്ന ഒരു കാലഘട്ടത്തിൽ അവർക്ക് സുരക്ഷ വേണമെന്ന് വാക്കുകൾ കൊണ്ടല്ല പറയേണ്ടത്.

മറിച്ച്, അവരുടെ മനസ്സിന് കരുത്ത് നൽകുന്ന രീതിയിൽ സാമ്പത്തികമായി അവരുടെ ഭാവി പ്രവർത്തനങ്ങൾക്ക്, വളർച്ചയ്ക്ക്, വിദ്യാഭ്യാസത്തിന് മറ്റ് കാര്യങ്ങൾക്കൊക്കെ സഹായം നൽകുന്ന ഒരു പദ്ധതിയാണ് 'വാത്സല്യനിധി' പദ്ധതി. പട്ടികജാതി വിഭാഗത്തിൽപ്പെട്ട, 1 ലക്ഷം രൂപയ്ക്ക് താഴെ വരുമാന പരിധിയുള്ള രക്ഷിതാക്കളുടെ പെൺകുട്ടികൾക്ക്, പ്രസവിച്ച് 6 മാസത്തിനകം രജിസ്റ്റർ ചെയ്തുകഴിഞ്ഞാൽ, ആ കുട്ടികളുടെ പേരിൽ ട്രഷറിയിൽ 50,000 രൂപ നിക്ഷേപിക്കുന്ന പദ്ധതിയാണ് 'വാത്സല്യനിധി' പദ്ധതി. ആ പെൺകുട്ടിക്ക് 18 വയസ്സ് കഴിഞ്ഞാൽ പൂർണ്ണമായും അവർക്കുതന്നെ ലഭിക്കുന്ന രീതിയിലാണ് ഇത് രൂപകൽപ്പന ചെയ്തിട്ടുള്ളത്. അവർ വളരുന്നതിനോടൊപ്പം അവരുടെ മനസ്സിനും ശക്തിപകരുന്ന രീതിയിൽ, അവരുടെ വിദ്യാഭ്യാസാവശ്യത്തിനും വിവാഹാവശ്യത്തിനുമൊക്കെ ചെലവഴിക്കാൻ സാധിക്കുന്ന രീതിയിലുള്ള ഒരു പദ്ധതിയാണ് ഇവിടെ ആവിഷ്ക്കരിച്ചിട്ടുള്ളത്. ശ്രീമതി മമതാ ബാനർജി ഇതുപോലൊരു പദ്ധതി ഇക്കഴിഞ്ഞ ദിവസം ബംഗാളിൽ നടത്തിയിരുന്നു. 25,000 രൂപയാണ് അവിടെ കൊടുത്തത്. പക്ഷേ നമ്മൾ 50,000 രൂപ വച്ച് ഈ രീതിയിലുള്ള പദ്ധതി പ്രഖ്യാപിക്കുന്നു. അത് പെൺകുട്ടികളെ സംബന്ധിച്ചിടത്തോളം ഏറ്റവും നല്ലൊരു പദ്ധതിയായി മാറുമെന്നുള്ള കാര്യത്തിൽ സംശയമില്ല.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഞാൻ വീണ്ടും ഇത് ചോദിക്കുന്നതിൽ എന്നോട് ക്ഷമിക്കണം. ഇപ്പോൾ ഏതാണ്ട് 30,000 ഐ.എ.വൈ. വീടുകളാണ് എസ്.സി./എസ്.റ്റി. ക്കുള്ളത്. ഇവയ്ക്ക് 3 ലക്ഷം രൂപ വച്ച്

കൊടുക്കുകയാണെങ്കിൽ ഏതാണ്ട് 800 കോടി രൂപ വേണം,. നിങ്ങളുടെ എസ്.സി./എസ്.റ്റി. അലോക്കേഷൻ മൊത്തമെടുത്താലും അത്രയും വരി ല്ലല്ലോ; എങ്ങനെയാണ് ഇത് മാനേജ് ചെയ്യുക? ഐ.എ.വൈ. പ്രകാരമുള്ള വീടുകൾക്ക് 2 ലക്ഷം രൂപ വച്ചുപോലും കൊടുക്കാൻ സാധിക്കാതെ ദിവ സവും കെ.എം. മാണി സാർ ഇവിടെ കിടന്ന് ബഹളം കൂട്ടിക്കൊണ്ടിരിക്കുന്ന ത് നിങ്ങൾക്കറിഞ്ഞുകൂടേ? നമ്മൾ ഇതിന്റെ മൊത്തം ചിത്രം നോക്കിയിട്ട് വേണം ഇങ്ങനെയൊരു തീരുമാനമെടുക്കാൻ.

ശ്രീ. എ. പി. അനിൽകുമാർ: സർ, എസ്.സി. ഫണ്ട് വിനിയോഗിക്കു ന്നത് രണ്ട് തരത്തിലാണെന്നുള്ള കാര്യം സ്വാഭാവികമായും അങ്ങേയ്ക്ക് അറിയാമല്ലോ? ഒന്ന്, ടോട്ടൽ അലോക്കേഷന്റെ ഏതാണ്ട് 60 ശതമാനത്തിന ടുത്ത് എസ്.സി. ഡിപ്പാർട്ടുമെന്റ് ചെലവഴിക്കുകയും ഏതാണ്ട് 40 ശതമാന ത്തിനകത്ത് ത്രിതല പഞ്ചായത്തുകൾക്ക് കൊടുക്കുകയും ചെയ്യും. ത്രിതല പഞ്ചായത്തുകൾക്ക് കൊടുക്കുന്ന ഫണ്ടിലാണ് ബ്ലോക്ക് പഞ്ചായത്ത് ഐ.എ. വൈ.-യിലൂടെ ഈ പണം കൊടുത്തുകൊണ്ടിരിക്കുന്നത്. അവിടെ ഒരു ക്രമീകരണം വരുത്തേണ്ടിവരും. ഞാൻ വെറുതെ തുകകൾ വർദ്ധിപ്പിച്ച് പറ ഞ്ഞതല്ല. പലരും 5 ലക്ഷം രൂപയാണാവശ്യപ്പെട്ടത്. ഒന്നോ രണ്ടോ ലക്ഷം രൂപ കൊണ്ട് ഒരു വീടിന്റെ ഫൗണ്ടേഷനുണ്ടാക്കാൻ സാധിക്കുമോ; അപ്പോൾ നമുക്ക് അതിനൊരു പരിഹാരം കാണണ്ടേ; വെറുതെ നമ്പർ കൂട്ടിക്കൊടുത്ത തുകൊണ്ട് കാര്യമുണ്ടോ? നിലവിലുള്ള ഫണ്ടിനകത്ത് ക്രമീകരണം നടത്തി യെങ്കിൽ മാത്രമേ വീട് പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ. ബഹുമാനപ്പെട്ട ശ്രീ. എ. കെ. ബാലൻ, അങ്ങയുടെ കാലത്ത് കൊടുത്ത വീടുകൾ പോലും

ഇന്ന് പൂർത്തീകരിക്കാത്ത സാഹചര്യത്തിലാണ്. എന്തുകൊണ്ടാണ്? അങ്ങ യുടെ കുഴപ്പംകൊണ്ടല്ല. 1 ലക്ഷം രൂപകൊണ്ട് എന്ത് ചെയ്യാൻ സാധിക്കും; 1 ലക്ഷം രൂപ വച്ച്, വീടുണ്ടാക്കാനായി മാജിക് കാണിക്കാൻ സാധിക്കുമോ? അതുകൊണ്ട് ഇത് വർദ്ധിപ്പിച്ച് നൽകിയേ പറ്റൂ. വർദ്ധിപ്പിക്കാതിരിക്കാൻ നിർവ്വാഹമില്ല. എങ്കിലേ വീട് പണി നടക്കൂ. നമ്മൾ കൊടുക്കുന്ന പണം അവർക്ക് ഉപകരിക്കണ്ടേ? നമ്മൾ പണം കൊടുത്തുവെന്ന് എണ്ണം പറഞ്ഞിട്ട് കാര്യമുണ്ടോ? വീട് നിർമ്മാണത്തിനായി 3 ലക്ഷം രൂപ കൊടുക്കുകയെന്നു ള്ളത് ഫിനാൻസ് ഡിപ്പാർട്ടുമെന്റ് തന്നെ അംഗീകരിച്ചുകഴിഞ്ഞ കാര്യമാണ്. അത് ഉടൻതന്നെ വിതരണം ചെയ്യും. അതൊടൊപ്പംതന്നെ ഭൂമി വാങ്ങുന്ന കാര്യവും ഇവിടെ സൂചിപ്പിച്ചു.

<u>മി. സ്പീക്കർ</u>: ഇനി ടൂറിസത്തിലേയ്ക്ക് വരിക.

<u>ശ്രീ. എ. പി. അനിൽകുമാർ</u>: സർ, ഒന്നുരണ്ട് കാര്യങ്ങൾ കൂടി പറയാ നുണ്ട്. ഇക്കഴിഞ്ഞ ദിവസം, ദേശീയതലത്തിൽ, ഇന്ത്യയിലെതന്നെ ഏറ്റവും നല്ല കോർപ്പറേഷനായി എസ്.സി./എസ്.റ്റി. കോർപ്പറേഷനെ തെരഞ്ഞെടുത്തി രിക്കുന്നുവെന്നുള്ളത് ഏറ്റവും സന്തോഷകരമായ കാര്യമാണ്. കേന്ദ്ര ഗവൺമെന്റ് 7 ലക്ഷം രൂപയുടെ പ്രത്യേക പാരിതോഷികം എസ്.സി./എസ്. റ്റി. കോർപ്പറേഷന് നൽകുവാനായി തീരുമാനിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം, ശ്രീ. എ. കെ. ബാലൻ പാലക്കാട് മെഡിക്കൽ കോളേജ് ആരംഭിക്കു ന്നതിനെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പാലക്കാട് മെഡിക്കൽ കോളേജ് ആരംഭിക്കാനുള്ള തീരുമാനത്തെ തത്വത്തിൽ അദ്ദേഹം സ്വാഗതം ചെയ്തു. പക്ഷേ അദ്ദേഹം ഒരുപാട് ആശങ്കകൾ പങ്കുവച്ചു. ഒരു മെഡിക്കൽ കോളേജ് ഒരു പ്രയാസവുമില്ലാതെ മുന്നോട്ടുപോകണമെന്നുള്ള രീതിയിലുള്ള

താണ് അദ്ദേഹത്തിന്റെ ആശങ്കയെങ്കിൽ ഞാൻ അതിനെ സ്വാഗതം ചെയ്യുകയാണ്. സംസ്ഥാനത്ത് സർക്കാർ മേഖലയിൽ 7 മെഡിക്കൽ കോളേജുകളും സ്വാശ്രയ മേഖലയിൽ 17 മെഡിക്കൽ കോളേജുകളും സഹകരണ മേഖലയിൽ ഒരു മെഡിക്കൽ കോളേജുമുണ്ട്. അങ്ങനെ ആകെ ഇന്ന് 25 മെഡിക്കൽ കോളേജുകളുണ്ട്. ഈ 25 മെഡിക്കൽ കോളേജിൽ നിന്നുമായി ഒരു വർഷം എം.ബി.ബി.എസ്. പഠിച്ച് ഡോക്ടർമാരായി പുറത്തിറങ്ങുന്നവരുടെ എണ്ണം 2950 ആണ്. കേരളത്തിൽ നിന്ന് പുറത്തുപോയി പഠിക്കുന്ന ആയിരത്തിലധികം കുട്ടികൾ ഒരു വർഷം മലയാളി ഡോക്ടർമാരായി പുറത്തിറങ്ങുന്നുവെന്നാണ് പറയുന്നത്. അങ്ങനെ വരുമ്പോൾ ഇന്ന് 4,000 വിദ്യാർത്ഥികളാണ് കേരളത്തിൽ ഒരു വർഷം ഡോക്ടർമാരായി വരുന്നത്. പട്ടികജാതി വിഭാഗങ്ങളോടുള്ള താൽപ്പര്യവും സ്നേഹവും കണക്കിലെടുത്ത് അവർക്ക് ധാരാളം കാര്യങ്ങൾ ചെയ്തുകൊടുക്കണമെന്നാണ് നിങ്ങളൊക്കെ ഇവിടെ പ്രസംഗിച്ചത്. ഇക്കാര്യം വളരെയധികം യാഥാർത്ഥ്യബോധത്തോടുകൂടി നമ്മൾ കാണണം. ഒരു വർഷം എത്ര കുട്ടികളാണ് ഡോക്ടർമാരായി വരുന്നത്? മൊത്തം 4,000. 4,000-ത്തിൽ 2011-ൽ 110, 2012-ൽ 115, 2013-ൽ 125 കുട്ടികൾ. ഈ 3 വർഷവുമായി ഇത്രയും കുട്ടികളാണ് എസ്.സി. വിഭാഗത്തിൽ നിന്നും വരുന്നത്. ഇവിടെ പല സമുദായങ്ങൾക്കും മെഡിക്കൽ കോളേജുകളുണ്ട്, വളരെ നല്ല കാര്യമാണ്. പക്ഷേ എസ്.സി. വിഭാഗത്തിൽപ്പെട്ട ഒരു വിഭാഗം ആളുകൾ അല്ലെങ്കിൽ ഒരു സംഘടന, കേരളത്തിൽ ഒരു മെഡിക്കൽ കോളേജ് എന്ന് ഉണ്ടാക്കും; അങ്ങനെ ഒരു മെഡിക്കൽ കോളേജുണ്ടാക്കി പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠിക്കാനായി എന്ന് അവ

സരം കൊടുക്കും; ഇതിനൊക്കെയുള്ള ഉത്തരം കാണണ്ടേ? അതിനുള്ള ഉത്തരമെന്നുള്ള നിലയ്ക്കാണ് മെഡിക്കൽ കോളേജ് ആരംഭിക്കുവാനുള്ള തീരുമാനമെടുത്തത്.

അങ്ങ് പറഞ്ഞത് ശരിയാണ്, ഒരുപാട് ചലഞ്ചുണ്ട്. ചലഞ്ചുണ്ടെന്ന് പറഞ്ഞ് പുറംതിരിഞ്ഞ് നിൽക്കാനല്ല, അത് ഏറ്റെടുത്തുകൊണ്ട് മുന്നോട്ടു പോകാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതുകൊണ്ടാണ് പാലക്കാട് മെഡിക്കൽ കോളേജ് ആരംഭിക്കാൻ തീരുമാനിച്ചത്. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരം ലഭിച്ചതിനുശേഷം മെഡിക്കൽ കോളേജിൽ ആളെ പോസ്റ്റ് ചെയ്താൽ പോരായിരുന്നോ എന്നാണ് അങ്ങ് ചോദിച്ചത്. ഇക്കാര്യം അങ്ങേയ്ക്ക് അറിയാമെന്ന് എനിക്കറിയാം. ഇല്ലെങ്കിൽ കേരള ത്തിലെ ഡി.എം.ഇ.-യോടോ ഡി.എച്ച്.എസ്.-നോടോ ഒന്നുചോദിച്ചാൽ അവർ പറഞ്ഞുതരും. മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിക്കണമെ ങ്കിൽ, നിയമനം നടത്തി പേ റോൾ കാണിക്കണം. മാത്രമല്ല അവർ ഇൻസ്പെ ക്ഷന് വരുന്ന സമയത്ത് നിയമനം ലഭിച്ചവർ ഉണ്ടെങ്കിൽ മാത്രമേ അംഗീ കാരം നൽകുകയുള്ളൂ. മഞ്ചേരി മെഡിക്കൽ കോളേജിൽ എം.സി.ഐ. വന്ന പ്പോൾ ഡോക്ടർമാർ വരാൻ കുറച്ച് വൈകിയെന്നുപറഞ്ഞ് അവർ ഡെഫിഷ്യൻസി റിപ്പോർട്ട് ചെയ്തു. നിയമനം നടത്താതെ എം.സി.ഐ.-യുടെ അംഗീകാരം അങ്ങ് വാങ്ങിത്തരികയാണെങ്കിൽ ഈ നിയമനങ്ങളൊക്കെ റദ്ദ് ചെയ്യാൻ ഞങ്ങൾ ഒരുക്കമാണ്. എം.സി.ഐ.-യുടെ റെഗുലേഷൻസ് എന്റെ കൈവശമുണ്ട്. Minimum standard requirements for the Medical College എന്നതിൽ ധാരാളം കാര്യങ്ങൾ പറയുന്നുണ്ട്. പേജ് 30 മുതൽ 44 വരെ

അതിന്റെ നിയമങ്ങളാണ് പറയുന്നത്. അത് പൂർണ്ണമായി അംഗീകരിക്കാതെ നമുക്ക് എങ്ങനെയാണ് അപേക്ഷ കൊടുക്കാൻ കഴിയുന്നത്?

ഡോ. ടി. എം. തോമസ് ഐസക്: സർ, എസ്.സി. ഫണ്ടുപയോഗിക്കുന്നതിന് കൃത്യമായ മാനദണ്ഡങ്ങളുണ്ട്. അത് പൊതുസ്ഥാപനങ്ങളുണ്ടാക്കാൻവേണ്ടി ഉപയോഗിക്കുന്നത് ദുർവിനിയോഗമാണ്. എസ്.സി. കുട്ടികൾ പഠിച്ച് ഡോക്ടർമാരും എഞ്ചിനീയർമാരുമാകണം. അതിനായി സ്വാശ്രയ കോളേജ് അടക്കമുള്ള കോളേജുകളിലെ മാനേജുമെന്റുകൾ കൃത്യമായി ആ സീറ്റുകൾ എസ്.സി. സംവരണത്തിനുവേണ്ടി മാറ്റിവയ്ക്കണമെന്ന് നിർബന്ധിക്കുകയാണ് വേണ്ടത്.

ശ്രീ. എ. പി. അനിൽകുമാർ: സർ, 2011 വരെ അങ്ങ് കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്നു. ഏതെങ്കിലും ഒരു സ്വാശ്രയ കോളേജിൽ ഈ നിയമം നടപ്പാക്കാൻ അങ്ങേയ്ക്ക് കഴിഞ്ഞോ? വാക്കുകൾകൊണ്ട് എന്തും പറയാം. നിങ്ങൾ ഭരണത്തിൽനിന്നും മാറിയിട്ട് മൂന്നുവർഷമല്ലേ ആയിട്ടുള്ളൂ.

ഡോ. ടി. എം. തോമസ് ഐസക്: സർ, സ്വാശ്രയ കോളേജുകളിലടക്കം പഠിക്കുന്ന മുഴുവൻ എസ്.സി./എസ്.റ്റി. കുട്ടികൾക്കും കേരള സർക്കാരാണ് ഫീസ് കൊടുക്കുന്നത്. ഈ വർഷമാണ് സ്വാശ്രയ കോളേജുകളിലെ മാനേജുമെന്റ് തന്നിഷ്ടപ്രകാരം സംവരണമില്ലാതെ അഡ്മിഷൻ നടത്തുന്ന സ്ഥിതി വന്നത്.

ശ്രീ. എ. പി. അനിൽകുമാർ: സർ, അങ്ങ് മന്ത്രിയായിരിക്കുമ്പോഴും ഈ ഗവൺമെന്റ് വന്നപ്പോഴും 100 സീറ്റുണ്ടെങ്കിൽ 5 സീറ്റ് മാത്രമാണ് എസ്.സി. -ക്ക് കൊടുക്കുന്നത്. ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലെയും 17 സെൽഫ് ഫൈനാൻസിംഗ് കോളേജുകളിലെയും അഞ്ചുവീതം സീറ്റ് വച്ചിട്ടാണ് ഞാൻ 125 എന്ന കണക്ക് പറഞ്ഞത്. എസ്.സി. വിഭാഗത്തിന് ഇത് മതി

യെന്നാണെങ്കിൽ നമുക്ക് അവസാനിപ്പിക്കാം. ബഹുമാനപ്പെട്ട കെ. രാധാകൃഷ്ണൻ വകുപ്പുമന്ത്രിയായിരിക്കുമ്പോൾ പട്ടികവർഗ്ഗ വകുപ്പിന്റെ ഫണ്ടുപയോഗിച്ചാണ് അദ്ദേഹം അട്ടപ്പാടിയിൽ ആശുപത്രി ആരംഭിച്ചത്. ഞാൻ സദുദ്ദേശത്തോടുകൂടിയാണ് പറയുന്നത്. ഞാൻ അതിനെ സ്വാഗതം ചെയ്യുകയാണ്. അദ്ദേഹം പട്ടികവർഗ്ഗ വകുപ്പിന്റെ മന്ത്രിയായിരുന്നപ്പോൾ അട്ടപ്പാടിയിൽ ആശുപത്രിയുണ്ടാക്കി. ഞാൻ ആ ആശുപത്രിയിൽ പോയതാണ്. പട്ടികവർഗ്ഗ വകുപ്പിനുകീഴിലാണ് അവിടെ ആശുപത്രി ആരംഭിച്ചതെന്നാണ് ഞാൻ കരുതിയിരുന്നത്. പക്ഷേ അങ്ങനെയായിരുന്നില്ല, ഇത്രയും വലിയ ഫണ്ട് ഹെൽത്ത് ഡിപ്പാർട്ടുമെന്റിന് കൈമാറി. അത് എന്തിനാണ് ചെലവഴിച്ചത്? ഈ വർഷം പട്ടികവർഗ്ഗ വകുപ്പിന്റെ ഫണ്ടിൽനിന്നും അഞ്ചുകോടി രൂപ അതിന്റെ മെയിന്റനൻസിനുവേണ്ടി കൊടുത്തു. എന്തിനുവേണ്ടിയാണ് അത്; നിങ്ങൾക്ക് ഒരു നിയമവും ഞങ്ങൾക്ക് വേറെ നിയമവുമാണോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, അട്ടപ്പാടിയിൽ 1996–2001 കാലഘട്ടത്തിലാണ് 100 കിടക്കകളുള്ള ആശുപത്രി ആദിവാസികൾക്കുവേണ്ടി മാത്രമായി ആരംഭിക്കാൻ തീരുമാനിച്ചത്. അതിന്റെ മുഴുവൻ തുകയും സെൻട്രൽ ഗവൺമെന്റിൽനിന്ന് കിട്ടുന്നതിനുവേണ്ടിയാണ് ശ്രമിച്ചത്. 25 കിടക്കകളുള്ള ആശുപത്രി തുടങ്ങാൻ സെൻട്രൽ ഗവൺമെന്റിൽനിന്ന് തുക ലഭിച്ചതുകൊണ്ടാണ് അത് ആരംഭിച്ചത്. അത് ട്രൈബൽ വിഭാഗത്തിനുവേണ്ടി പ്രത്യേകമായി കേന്ദ്ര ഗവൺമെന്റിൽനിന്ന് ഫണ്ട് വാങ്ങി ചെയ്ത ഒരു പദ്ധതിയാണ്.

ശ്രീ. എ. പി. അനിൽകുമാർ: സർ, ഇതിന് പ്രത്യേക ഫണ്ടുവേണമെന്ന് ഞങ്ങൾ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അത് കിട്ടുമെന്ന പ്രതീക്ഷയിലാണ്. പക്ഷേ എന്നെങ്കിലും കേന്ദ്ര ഗവൺമെന്റ് ഫണ്ടുതരുമെന്ന് പ്രതീക്ഷിച്ച് ഇത് തുടങ്ങാതിരിക്കാൻ പറ്റുമോ? അതുകൊണ്ട് നമ്മുടെ ഫണ്ടുപയോ

ഗിച്ച് തുടങ്ങി. ഒരുപാട് സ്ഥാപനങ്ങൾ എസ്.സി. വിഭാഗത്തിനുകീഴിലുണ്ട്. എസ്.സി. വിഭാഗത്തിനുകീഴിൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകളും ഐ.റ്റി.ഐ–കളുമുണ്ട്. ശ്രീ. എ. കെ. ബാലന്റെ മണ്ഡലത്തിൽ പ്രീ–എക്സാമിനേഷൻ സെന്ററുകളുണ്ട്, കമ്മ്യൂണിറ്റി കോളേജുകളുണ്ട്. ഇതൊന്നും ജനറൽ ഫണ്ടല്ല, ഇതൊക്കെ എസ്.സി. ഫണ്ടുപയോഗിച്ചാണ് ചെയ്തത്. ഇതെല്ലാം ചെയ്യാം പക്ഷെ മെഡിക്കൽ കോളേജിനുവേണ്ടി ഉപയോഗിക്കാൻ പാടില്ലായെന്ന് പറയുമ്പോൾ അതിനകത്തൊരു രാഷ്ട്രീയം കാണുകയാണ്, അങ്ങനെ കാണരുത്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മിനിസ്റ്റർ, രണ്ടുപേരും തമ്മിൽ തർക്കിച്ച് ഇത് നീട്ടിക്കൊണ്ടുപോകേണ്ട കാര്യമില്ല. അടുത്തതിലേയ്ക്ക് കടക്കൂ.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, മെഡിക്കൽ കോളേജ് അവിടെ വരുന്നതിനെ ഞങ്ങളാരും എതിർത്തിട്ടില്ല. അത് ഞാൻ ആദ്യം പറഞ്ഞതാണ്. .........(ബഹളം)........ ബഹുമാനപ്പെട്ട മന്ത്രി ഒരു ട്രാപ്പിലാകാൻ പോകുന്നുവെന്ന് ഞാൻ ഇവിടെ പറഞ്ഞു. നിങ്ങൾ ഇപ്പോൾ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരത്തിനുവേണ്ടി അയച്ചു. ഏത് ബൈ ലായാണ് നിങ്ങൾ അയച്ചത്? എം.ആർ.എസ്. തുടങ്ങുന്നതിനുവേണ്ടി തയ്യാറാക്കിയിട്ടുള്ള ബൈലാ അയയ്ക്കുകയും ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യണമെന്ന് പട്ടികജാതി/പട്ടികവർഗ വകുപ്പ് തീരുമാനിക്കുകയുമാണ്. നിങ്ങൾക്കെങ്ങനെയാണ് മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം കിട്ടുന്നത്? കാരണം, നിങ്ങൾ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരമാണ് രജിസ്റ്റർ ചെയ്യാൻ തീരുമാനിച്ചിട്ടുള്ളത്.

<u>ശ്രീ. എ. പി. അനിൽകുമാർ</u>: സർ, ഞാൻ ആ പോയിന്റ് ക്ലിയർ ചെയ്ത് അവസാനിപ്പിക്കുകയാണ്. എം.സി.ഐ. വന്ന് ഇൻസ്പെക്ഷൻ നടത്തി

ഡെഫിഷ്യൻസികൾ പോയിന്റൗട്ട് ചെയ്തതിൽ, അപേക്ഷ കൊടുത്തത് ചാരിറ്റബിൾ സൊസൈറ്റിയുടെ പേരിലായതുകൊണ്ട് രജിസ്ട്രേഷൻ തരില്ലായെന്ന് പറഞ്ഞിട്ടില്ല. അതുകൊണ്ട് അതിൽ ആശങ്കപ്പെടാനില്ല. മറ്റുള്ള ഒരുപാട് കാര്യങ്ങളുണ്ട്. സദുദ്ദേശത്തോടുകൂടിയാണ് പറയുന്നതെന്നും നല്ല രീതിയിൽ കൊണ്ടുപോകണമെന്നാണ് അങ്ങയുടെ ആഗ്രഹമെന്നതും അങ്ങ് ആദ്യം പറഞ്ഞു, അത് ഞങ്ങൾ ഉൾക്കൊള്ളുന്നു. പൊതുവായി പറഞ്ഞാൽ എസ്.സി. വിഭാഗവുമായി ബന്ധപ്പെട്ട ഒരുപാട് കാര്യങ്ങളുണ്ട്. ഞാൻ അതിനെക്കുറിച്ചൊന്നും പറയുന്നില്ല. ശ്രീമതി ഊർമ്മിളാ ദേവിയുടെ അനുഭവവും മറ്റ് പല കാര്യങ്ങളും പറഞ്ഞുകൊണ്ട് അങ്ങ് ഇവിടെ ജാതീയമായ പല കാര്യങ്ങളും സൂചിപ്പിച്ചു.

എനിക്ക് പ്രതിപക്ഷത്തോട് പറയാനുള്ളത്, നമുക്ക് രാഷ്ട്രീയമായ അഭിപ്രായ വ്യത്യാസങ്ങളുണ്ടെങ്കിൽ രാഷ്ട്രീയമായിത്തന്നെ കാര്യങ്ങൾ പറയുന്നതാണ് നല്ലത്. കഴിഞ്ഞ മൂന്നുവർഷമായി പ്രതിപക്ഷംചെയ്യുന്നത് എല്ലാ കാര്യങ്ങളെയും ജാതീയവൽക്കരിക്കുകയും ന്യൂനപക്ഷവൽക്കരിക്കുകയുമാണ് ചെയ്യുന്നത്. ഇങ്ങനെയൊരു സമീപനമെടുക്കുന്നത് ഗുണകരമാണോയെന്ന് നിങ്ങൾ ചിന്തിക്കേണ്ടതാണ്. പൊതു സമൂഹത്തിലുണ്ടാക്കുന്ന ആ മുറിവ് എത്ര വലുതാണെന്ന് ആലോചിക്കണം. കഴിഞ്ഞ മൂന്നു വർഷമായി ഇവർ പറയുന്നത് കേരളത്തിന്റെ ഭരണം ഏതെങ്കിലും പക്ഷത്തിനുവേണ്ടിയാണെന്നാണ്. കേരളത്തിലെ സാധാരണക്കാരന്റെ പക്ഷത്തുനിന്നുകൊണ്ടാണ് ഈ ഗവൺമെന്റ് ഭരിക്കുന്നത്. പക്ഷേ, നിങ്ങൾ അത് കൂടുതലായി പറഞ്ഞാൽ അതിന്റെ ഗുണം കിട്ടുന്നത് കോൺഗ്രസ്സിനോ മാർക്സിസ്റ്റ് പാർട്ടിക്കോ അല്ല, ബി.ജെ.പി.-ക്കാണ്. നിങ്ങളുടെ ഈ

പ്രസ്താവനയുടെ ആത്യന്തിക ഫലമായാണ് കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ നിങ്ങൾക്ക് മൂന്നാം സ്ഥാനത്തേയ്ക്ക് പോകേണ്ടിവന്നതും ബി.ജെ. പി. വിജയിച്ചതും. അതുകൊണ്ട്, രാഷ്ട്രീയമായി എതിർക്കാമെങ്കിലും ജാതീയമായും മതപരമായും ഒരു ഗവൺമെന്റിനെ എതിർക്കുന്നത് വലിയ ദോഷങ്ങളുണ്ടാക്കുമെന്ന് സൂചിപ്പിക്കുകയാണ്. ടൂറിസവുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ സൂചിപ്പിക്കുന്നതിനുമുമ്പ് പിന്നോക്കക്ഷേമ വകുപ്പുമായി ബന്ധപ്പെട്ട് ഒരുകാര്യം സൂചിപ്പിക്കുവാനുണ്ട്. പിന്നോക്ക ക്ഷേമ വകുപ്പ് രൂപീകരിച്ചതുതന്നെ ഈ ഗവൺമെന്റാണ്. വകുപ്പ് രൂപീകരിക്കുക മാത്രമല്ല മൂന്നു വർഷക്കാലത്തിനിടയിൽ ഈ വകുപ്പുമായി ബന്ധപ്പെട്ട് ഒട്ടനവധി കാര്യങ്ങൾ ചെയ്തു. പത്തുലക്ഷത്തിലധികം കുട്ടികൾക്ക് സ്കോളർഷിപ്പ് കൊടുക്കാൻ കഴിഞ്ഞു. സമൂഹത്തിലെ ഏറ്റവും ദുർബലരായ പിന്നോക്ക സമുദായ വിഭാഗത്തിൽ 10,000 മുതൽ അഞ്ചുലക്ഷംവരെയുള്ള അംഗസംഖ്യ വരുന്ന ഒട്ടനവധി സമുദായങ്ങളുണ്ട്. ആ സമുദായങ്ങളുടെ പ്രശ്നങ്ങൾ പഠിക്കുവാനും പരിഹരിക്കുവാനും താല്പര്യമെടുത്ത ഗവൺമെന്റാണ് ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഗവൺമെന്റ്. പിന്നോക്ഷേമ വകുപ്പ് ഇന്ന് വളരെയേറെ കാര്യങ്ങൾ ചെയ്തുകഴിഞ്ഞു. മൺപാത്ര നിർമ്മാണരംഗത്ത് നിൽക്കുന്ന ആളുകൾ അനുഭവിക്കുന്ന പ്രയാസം ആരും ശ്രദ്ധിക്കാറില്ല. പക്ഷേ, ഈ ഗവൺമെന്റ് വന്നതിനുശേഷം മൺപാത്രനിർമ്മാണവുമായി ബന്ധപ്പെട്ട ആളുകൾക്ക് 25,000 രൂപ ഗ്രാന്റ് കൊടുക്കുവാൻ തീരുമാനിച്ചു. വക്കീലന്മാരായി തുടരാൻ ആഗ്രഹിക്കുന്ന പിന്നോക്കവിഭാഗങ്ങളിൽപ്പെട്ടവർക്ക് മൂന്നുവർഷം തുടർച്ചയായി സാമ്പത്തിക സഹായം നൽകുവാൻ ഈ ഗവൺമെന്റ് തീരുമാനിച്ചു. അതോടൊപ്പം പ്രീമെട്രിക് സ്കോളർഷിപ്പ്, പോസ്റ്റ് – മെട്രിക് സ്കോളർഷിപ്പ് തുട

ങ്ങിയ ഒട്ടനവധി കാര്യങ്ങൾ ഈ മൂന്നുവർഷക്കാലംകൊണ്ട് പിന്നോക്ക ക്ഷേമ വകുപ്പിന് നടത്തുവാൻ കഴിഞ്ഞു. നിതാഖാത്ത് നിയമം നടപ്പിലാക്കിയതിനാൽ സൗദിഅറേബ്യയിൽനിന്ന് മടങ്ങിവരേണ്ടിവന്ന ആളു കൾക്ക് വകുപ്പിന്റെ കീഴിലുള്ള പിന്നോക്കക്ഷേമ കോർപ്പറേഷൻവഴി പത്തു ലക്ഷംരൂപ ധനസഹായം നൽകുവാൻ തീരുമാനമെടുത്തതും ഈ ഗവൺമെന്റാണ് എന്ന് സൂചിപ്പിക്കുവാൻകൂടി ഈ സന്ദർഭം വിനിയോഗി ക്കുന്നു. ടൂറിസം മേഖലയുടെ കാര്യമെടുത്താൽ, ആഗോളരംഗത്ത് വലിയ തിരിച്ചടികളും സാമ്പത്തികമാന്ദ്യവും അനുഭവപ്പെട്ട സമയത്തുപോലും വിദേശ സഞ്ചാരികളുടെയും ആഭ്യന്തര സഞ്ചാരികളുടെയും വരവിൽ കഴിഞ്ഞ മൂന്നുവർഷവും ക്രമാനുഗതമായ വളർച്ച കേരളത്തിലുണ്ടായി. വിദേശനാണ്യ വരുമാനത്തിന്റെ കാര്യത്തിലും വളരെ വലിയ വർദ്ധനവ് കേര ളത്തിലുണ്ടായി. ഇവിടെ സൂചിപ്പിച്ചതുപോലെ, 1986–ൽ ടൂറിസം മേഖലയെ ഒരു വ്യവസായമായി പ്രഖ്യാപിക്കുകയും ഗോഡ്സ് ഓൺ കൺട്രി എന്ന പരസ്യവാചകം ലോകത്തിനു മുന്നിൽ മാർക്കറ്റ് ചെയ്ത് വലിയ വളർച്ച കൈവരിച്ച് മുന്നോട്ടുപോവുകയും ചെയ്യുമ്പോൾ, ഈ ഗവൺമെന്റിന്റെ മിഷൻ 676 –ൽ ഏറ്റവും പ്രധാനമായും പറഞ്ഞിട്ടുള്ള ഒരു പദ്ധതിയെന്നു പറയുന്നത് 'ഗോഡ്സ് ഓൺ കൺട്രി പീപ്പിൾസ് ഓൺ ടൂറിസ'മാണ് കാർഷിക മേഖലപോലെ, വ്യവസായ മേഖലപോലെ നമുക്ക് പൂർണ്ണമായി വിനിയോഗിക്കാവുന്ന ഒന്നാണ് കേരളത്തിലെ ടൂറിസം. കോവളത്തും ആലപ്പു ഴയിലും എറണാകുളത്തും മാത്രമേ നമ്മൾ ഫോക്കസ് ചെയ്യുന്നുള്ളൂവെന്ന് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഈ പദ്ധതിയിലൂടെ കേരളത്തിലെ ഓരോ ഇഞ്ച് ഭൂമിയിലും ടൂറിസം സാധ്യതകൾ വിനിയോഗിക്കുവാനുള്ള ശ്രമമാണ്

നടത്തുന്നത്. 114 പഞ്ചായത്തുകളെ തെരഞ്ഞെടുത്ത് പഞ്ചായത്ത് ഭരണസമിതിയുമായി കൂടിച്ചേർന്നുകൊണ്ട് ടൂറിസം പദ്ധതികൾ ആവിഷ്ക്കരിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. ആലപ്പുഴ ബാക്ക്വാട്ടർ കാണുന്നതുപോലെ തൃശ്ശൂരിലെ പൂരം കാണുവാനും കണ്ണൂരിലെ തെയ്യം കാണുവാനും ആളുകളെ കൊണ്ടുവരാൻ കഴിയുന്ന സാഹചര്യമുണ്ടാകത്തക്ക വിധത്തിൽ അതാത് പ്രദേശത്തുള്ള ആളുകൾതന്നെ നേതൃത്വം നൽകിക്കൊണ്ട് ടൂറിസം രംഗത്ത് കേരളത്തെ മുഴുവൻ മാർക്കറ്റ് ചെയ്യാൻ കഴിയുന്ന, ഗോഡ്സ് ഓൺ കൺട്രി പീപ്പിൾസ് ഓൺ ടൂറിസം എന്ന പദ്ധതിയാണ് ഈ ഗവൺമെന്റ് ആവിഷ്ക്കരിച്ചിട്ടുള്ളത്. മറ്റനേകം പദ്ധതികളും ഈ ഗവൺമെന്റ് നടപ്പിലാക്കിയിട്ടുണ്ട്. എമർജിംഗ് കേരളയിലൂടെ കൊണ്ടുവന്ന സീ-പ്ലെയിൻ പ്രോജക്ടിന്റെ ആദ്യഘട്ടം നടപ്പിലാക്കി, അതിൽ ചില പ്രയാസങ്ങളുണ്ടായിരുന്നു. എങ്കിലും അതുമായി ഗവൺമെന്റ് മുന്നോട്ടുപോകും. ഈ വരുന്ന സെപ്റ്റംബർ മാസത്തോടെ അത് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കുകയാണ്. ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗങ്ങൾ XXV-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ

കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2014-15 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.......

ശ്രീ. സി. ദിവാകരൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ: 68

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. എ. പി. അനിൽകുമാർ
8. ശ്രീ. അനൂപ് ജേക്കബ്
9. ശ്രീ. അൻവർ സാദത്ത്
10. ശ്രീ. എ. എ. അസീസ്
11. ശ്രീ. കെ. ബാബു
12. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
13. ശ്രീ. വി. റ്റി. ബൽറാം
14. ശ്രീ. ബെന്നി ബെഹനാൻ
15. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
16. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
17. ശ്രീ. കെ. ബി. ഗണേഷ് കുമാർ

18. ശ്രീ. എ. റ്റി. ജോർജ്
19. ശ്രീ. പി. സി. ജോർജ്
20. ശ്രീ. ഹൈബി ഈഡൻ
21. കുമാരി പി. കെ. ജയലക്ഷ്മി
22. ഡോ. എൻ. ജയരാജ്
23. ശ്രീ. പി. ജെ. ജോസഫ്
24. ശ്രീ. വർക്കല കഹാർ
25. ശ്രീ. കെ. എൻ. എ. ഖാദർ
26. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
27. ശ്രീ. കോവൂർ കുഞ്ഞുമോൻ
28. ശ്രീ. റ്റി. യു. കുരുവിള
29. ശ്രീ. ലൂഡി ലൂയിസ്
30. ശ്രീ. പി. എ. മാധവൻ
31. ശ്രീ. സി. മമ്മൂട്ടി
32. ശ്രീ. കെ. എം. മാണി
33. ശ്രീ. കെ. പി. മോഹനൻ
34. ശ്രീ. സി. മോയിൻകുട്ടി
35. ശ്രീ. മോൻസ് ജോസഫ്
36. ശ്രീ. സി. പി. മുഹമ്മദ്
37. ശ്രീ. ആര്യാടൻ മുഹമ്മദ്
38. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
39. ഡോ. എം. കെ. മുനീർ
40. ശ്രീ. കെ. മുരളീധരൻ
41. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
42. ശ്രീ. ഉമ്മൻ ചാണ്ടി
43. ശ്രീ. അടൂർ പ്രകാശ്
44. ശ്രീ. റ്റി. എൻ. പ്രതാപൻ
45. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
46. ശ്രീ. രമേശ് ചെന്നിത്തല

47. ശ്രീ. പാലോട് രവി
48. ശ്രീ. റോഷി അഗസ്റ്റിൻ
49. ശ്രീ. വി. പി. സജീന്ദ്രൻ
50. ശ്രീ. എൻ. ശക്തൻ
51. ശ്രീ. വി. ഡി സതീശൻ
52. ശ്രീ. ഷാഫി പറമ്പിൽ
53. ശ്രീ. കെ. എം. ഷാജി
54. ശ്രീ. എൻ. ഷംസുദ്ദീൻ
55. ശ്രീ. ആർ. സെൽവരാജ്
56. ശ്രീ. ഷിബു ബേബി ജോൺ
57. ശ്രീ. കെ. ശിവദാസൻ നായർ
58. ശ്രീ. വി. എസ്. ശിവകുമാർ
59. ശ്രീ. എം. വി. ശ്രേയാംസ്കുമാർ
60. ശ്രീ. സണ്ണി ജോസഫ്
61. ശ്രീ. സി. എഫ്. തോമസ്
62. ശ്രീ. തോമസ് ഉണ്ണിയാടൻ
63. ശ്രീ. പി. ഉബൈദുള്ള
64. ശ്രീ. എം. ഉമ്മർ
65. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
66. ശ്രീ. എം. എ. വാഹീദ്
67. ശ്രീ. എം. പി. വിൻസെന്റ്
68. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>പ്രതികൂലിക്കുന്നവർ: </u>52

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. അജിത്
5. ശ്രീ. ബാബു എം. പാലിശ്ശേരി

6. ശ്രീ. എ. കെ. ബാലൻ
7. ശ്രീമതി ഇ. എസ്. ബിജിമോൾ
8. ശ്രീ. എം. ചന്ദ്രൻ
9. ശ്രീ. ഇ. ചന്ദ്രശേഖരൻ
10. ശ്രീ. വി. ചെന്താമരാക്ഷൻ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. ബി. ഡി. ദേവസ്സി
13. ശ്രീ. സി. ദിവാകരൻ
14. ശ്രീമതി ഗീതാ ഗോപി
15. ശ്രീ. ചിറ്റയം ഗോപകുമാർ
16. ശ്രീ. എം. ഹംസ
17. ശ്രീമതി ജമീലാ പ്രകാശം
18. ശ്രീ. ജെയിംസ് മാത്യു
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. ജി. എസ്. ജയലാൽ
21. ശ്രീ. എളമരം കരീം
22. ശ്രീ. സി. കൃഷ്ണൻ
23. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
24. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
25. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
26. ശ്രീമതി കെ. കെ. ലതിക
27. ശ്രീ. മാത്യു റ്റി. തോമസ്
28. ശ്രീ. സി. കെ. നാണു
29. ശ്രീ. കെ. കെ. നാരായണൻ
30. ശ്രീ. എ. പ്രദീപ്കുമാർ
31. ശ്രീ. പുരുഷൻ കടലുണ്ടി
32. ശ്രീ. കെ. രാധാകൃഷ്ണൻ
33. ശ്രീ. പി. റ്റി. എ. റഹീം
34. ശ്രീ. ആർ. രാജേഷ്
35. ശ്രീ. റ്റി. വി. രാജേഷ്

36. ശ്രീ. കെ. രാജു
37. ശ്രീ. രാജു എബ്രഹാം
38. ശ്രീ. മുല്ലക്കര രത്നാകരൻ
39. പ്രൊഫ. സി. രവീന്ദ്രനാഥ്
40. ശ്രീ. സി. കെ. സദാശിവൻ
41. ശ്രീ. സാജു പോൾ
42. ശ്രീമതി കെ. എസ്. സലീഖ
43. ശ്രീ. എസ്. ശർമ്മ
44. ശ്രീ. വി. ശശി
45. ശ്രീ. എ. കെ. ശശീന്ദ്രൻ
46. ശ്രീ. ബി. സത്യൻ
47. ശ്രീ. വി. ശിവൻകുട്ടി
48. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
49. ശ്രീ. കെ. സുരേഷ് കുറുപ്പ്
50. ഡോ. ടി. എം. തോമസ് ഐസക്
51. ശ്രീ. ഇ. കെ. വിജയൻ
52. ശ്രീ. കെ. വി. വിജയദാസ്

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | : | 68 |
| പ്രതികൂലിക്കുന്നവർ | : | 52 |
| നിഷ്പക്ഷത പാലിക്കുന്നവർ | : | ആരുമില്ല. |

പ്രമേയം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ബഹുമാനപ്പെട്ട അംഗങ്ങൾ XLII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥ നയ്ക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2014-15 സാമ്പ ത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണ മെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.......

ശ്രീ. സി. ദിവാകരൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ: 68

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. എ. പി. അനിൽകുമാർ
8. ശ്രീ. അനൂപ് ജേക്കബ്
9. ശ്രീ. അൻവർ സാദത്ത്
10. ശ്രീ. എ. എ. അസീസ്
11. ശ്രീ. കെ. ബാബു
12. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

13. ശ്രീ. വി. റ്റി. ബൽറാം
14. ശ്രീ. ബെന്നി ബെഹനാൻ
15. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
16. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
17. ശ്രീ. കെ. ബി. ഗണേഷ് കുമാർ
18. ശ്രീ. എ. റ്റി. ജോർജ്
19. ശ്രീ. പി. സി. ജോർജ്
20. ശ്രീ. ഹൈബി ഈഡൻ
21. കുമാരി പി. കെ. ജയലക്ഷ്മി
22. ഡോ. എൻ. ജയരാജ്
23. ശ്രീ. പി. ജെ. ജോസഫ്
24. ശ്രീ. വർക്കല കഹാർ
25. ശ്രീ. കെ. എൻ. എ. ഖാദർ
26. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
27. ശ്രീ. കോവൂർ കുഞ്ഞുമോൻ
28. ശ്രീ. റ്റി. യു. കുരുവിള
29. ശ്രീ. ലൂഡി ലൂയിസ്
30. ശ്രീ. പി. എ. മാധവൻ
31. ശ്രീ. സി. മമ്മൂട്ടി
32. ശ്രീ. കെ. എം. മാണി
33. ശ്രീ. കെ. പി. മോഹനൻ
34. ശ്രീ. സി. മോയിൻകുട്ടി
35. ശ്രീ. മോൻസ് ജോസഫ്
36. ശ്രീ. സി. പി. മുഹമ്മദ്
37. ശ്രീ. ആര്യാടൻ മുഹമ്മദ്
38. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
39. ഡോ. എം. കെ. മുനീർ
40. ശ്രീ. കെ. മുരളീധരൻ
41. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

42. ശ്രീ. ഉമ്മൻ ചാണ്ടി
43. ശ്രീ. അടൂർ പ്രകാശ്
44. ശ്രീ. റ്റി. എൻ. പ്രതാപൻ
45. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
46. ശ്രീ. രമേശ് ചെന്നിത്തല
47. ശ്രീ. പാലോട് രവി
48. ശ്രീ. റോഷി അഗസ്റ്റിൻ
49. ശ്രീ. വി. പി. സജീന്ദ്രൻ
50. ശ്രീ. എൻ. ശക്തൻ
51. ശ്രീ. വി. ഡി സതീശൻ
52. ശ്രീ. ഷാഫി പറമ്പിൽ
53. ശ്രീ. കെ. എം. ഷാജി
54. ശ്രീ. എൻ. ഷംസുദ്ദീൻ
55. ശ്രീ. ആർ. സെൽവരാജ്
56. ശ്രീ. ഷിബു ബേബി ജോൺ
57. ശ്രീ. കെ. ശിവദാസൻ നായർ
58. ശ്രീ. വി. എസ്. ശിവകുമാർ
59. ശ്രീ. എം. വി. ശ്രേയാംസ്കുമാർ
60. ശ്രീ. സണ്ണി ജോസഫ്
61. ശ്രീ. സി. എഫ്. തോമസ്
62. ശ്രീ. തോമസ് ഉണ്ണിയാടൻ
63. ശ്രീ. പി. ഉബൈദുള്ള
64. ശ്രീ. എം. ഉമ്മർ
65. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
66. ശ്രീ. എം. എ. വാഹീദ്
67. ശ്രീ. എം. പി. വിൻസെന്റ്
68. ശ്രീ. പി. സി. വിഷ്ണുനാഥ്

പ്രതികൂലിക്കുന്നവർ: 52

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. അജിത്
5. ശ്രീ. ബാബു എം. പാലിശ്ശേരി
6. ശ്രീ. എ. കെ. ബാലൻ
7. ശ്രീമതി ഇ. എസ്. ബിജിമോൾ
8. ശ്രീ. എം. ചന്ദ്രൻ
9. ശ്രീ. ഇ. ചന്ദ്രശേഖരൻ
10. ശ്രീ. വി. ചെന്താമരാക്ഷൻ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. ബി. ഡി. ദേവസ്സി
13. ശ്രീ. സി. ദിവാകരൻ
14. ശ്രീമതി ഗീതാ ഗോപി
15. ശ്രീ. ചിറ്റയം ഗോപകുമാർ
16. ശ്രീ. എം. ഹംസ
17. ശ്രീമതി ജമീലാ പ്രകാശം
18. ശ്രീ. ജെയിംസ് മാത്യു
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. ജി. എസ്. ജയലാൽ
21. ശ്രീ. എളമരം കരീം
22. ശ്രീ. സി. കൃഷ്ണൻ
23. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
24. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
25. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
26. ശ്രീമതി കെ. കെ. ലതിക
27. ശ്രീ. മാത്യു റ്റി. തോമസ്
28. ശ്രീ. സി. കെ. നാണു
29. ശ്രീ. കെ. കെ. നാരായണൻ
30. ശ്രീ. എ. പ്രദീപ്കുമാർ

31. ശ്രീ. പുരുഷൻ കടലുണ്ടി
32. ശ്രീ. കെ. രാധാകൃഷ്ണൻ
33. ശ്രീ. പി. റ്റി. എ. റഹീം
34. ശ്രീ. ആർ. രാജേഷ്
35. ശ്രീ. റ്റി. വി. രാജേഷ്
36. ശ്രീ. കെ. രാജു
37. ശ്രീ. രാജു എബ്രഹാം
38. ശ്രീ. മുല്ലക്കര രത്നാകരൻ
39. പ്രൊഫ. സി. രവീന്ദ്രനാഥ്
40. ശ്രീ. സി. കെ. സദാശിവൻ
41. ശ്രീ. സാജു പോൾ
42. ശ്രീമതി കെ. എസ്. സലീഖ
43. ശ്രീ. എസ്. ശർമ്മ
44. ശ്രീ. വി. ശശി
45. ശ്രീ. എ. കെ. ശശീന്ദ്രൻ
46. ശ്രീ. ബി. സത്യൻ
47. ശ്രീ. വി. ശിവൻകുട്ടി
48. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
49. ശ്രീ. കെ. സുരേഷ് കുറുപ്പ്
50. ഡോ. ടി. എം. തോമസ് ഐസക്
51. ശ്രീ. ഇ. കെ. വിജയൻ
52. ശ്രീ. കെ. വി. വിജയദാസ്

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | : | 68 |
| പ്രതികൂലിക്കുന്നവർ | : | 52 |
| നിഷ്പക്ഷത പാലിക്കുന്നവർ | : | ആരുമില്ല. |

പ്രമേയം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.